

GOVERNMENT OF TAMILNADU

പത്താം തരം

മലയാള

പാഠപുസ്തകം

STANDARD TEN
MALAYALAM READER

Department of School Education

Untouchability is Inhuman and a Crime

X Std Malayalam Reader.indb 1 5/22/2019 9:47:55 AM

Government of Tamil Nadu

First Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

Content Creation

State Council of Educational Research and Training

© SCERT 2019

Printing & Publishing

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 02-01-2024 10:50:50

ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

X Std Malayalam Reader.indb 3 5/22/2019 9:47:56 AM

ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

X Std Malayalam Reader.indb 5 5/22/2019 9:47:56 AM



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



X Std Malayalam Reader.indb 6 5/22/2019 9:47:57 AM

ഉള്ളടക്കം

		പുറം നമ്പർ
	ഭാഗം 1	
	എന്റെ ഭാഷ എന്റെ സംസ്കാരം	1
പദ്യം	അഭ്യാസപരീക്ഷ - എഴുത്തച്ഛൻ	2
ഗദ്യം	ഗ്രന്ഥവും സംസ്കാരവും - സുകുമാർ അഴീക്കോട്	6
ഉപപാഠം	തത്തകൾ -എം. മുകുന്ദൻ	10
	ഭാഗം 2	
	അറിവും തിരിച്ചറിവും	17
പദ്യം	ശിഷ്യനും മകനും - വള്ളത്തോൾ നാരായണ മേനോൻ	18
ഗദ്യം	ആശാൻ എന്ന മാനി - എം.ആർ. ബി	23
ഉപപാഠം	ഉമ്മിണി വല്യ ഒന്ന് - വൈക്കം മുഹമ്മദ് ബഷീർ	28
	ഭാഗം 3	
	കർമ്മവും ജീവിത മൂല്യങ്ങളും	31
കവിത	നാഴികക്കല്ലുകൾ - വെണ്ണിക്കുളം ഗോപാലക്കുറുപ്പ്	32
ഗദ്യം	എഞ്ചുവടിയും മനക്കണക്കും - ഡോ വി. പി ഗംഗാധരൻ	38
ഉപപാഠം	പ്രാതൽ -വി. കെ. എൻ	43
	ഭാഗം 4	
	ചരിത്രവും സമൂഹവും	48
കവിത	ഗൃഹാലങ്കാരം - ബാലാമണി അമ്മ	49
ഗദ്യം	തലക്കൽ ചന്തു - ഒ.കെ.ജോണി	54
ഉപപാഠം	പ്രാന്തൻ - സേതു	59
	ഭാഗം 5	
	ഹരിതസംസ്കാരം	63
കവിത	ഭൂമി - ഒ.എൻ.വി കുറുപ്പ്	64
ഗദ്യം	കാട് - സുഗതകുമാരി	69
ഉപപാഠം	തേൻവരിക്ക - നാരായൻ	73

X Std Malayalam Reader.indb 7 5/22/2019 9:47:57 AM

പുറം നമ്പർ

ഭാഗം 6
ജീവിതം — 79

കവിത — പണ്ടത്തെ മേശാന്തി — 80
- അക്കിത്തം

ഗദ്യം — ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം — 85
- ജോൺപോൾ

ഉപപാഠം — ഇരട്ടകൾ — 93
- അയ്മനം ജോൺ

ഭാഗം 7
പ്രകൃതി — 96

കവിത — കുരങ്ങു പറഞ്ഞത് — 97
- മേലൂർ ദാമോദരൻ

ഗദ്യം — വേനൽപ്പാടത്തെ പച്ചത്തുരുത്തുകൾ — 101
- സി. രാജഗോപാലൻ

ഉപപാഠം — അജഗജാന്തരം — 105
- എസ്. വി വേണുഗോപൻ നായർ

ഭാഗം 8
യാത്ര — 111

കവിത — പൈതലേ പതുക്കനെ — 112
- പുതുശ്ശേരി രാമചന്ദ്രൻ

ഗദ്യം — മാനയിൽ, അവസാന ഗ്രാമത്തിന്റെ മടിയിൽ — 116
-കെ.ആർ.അജയൻ

ഉപപാഠം — അഭയം — 121
-എം. ഡി. രാധിക.

ഭാഗം 9
സർഗ്ഗാത്മകത — 124

കവിത — പാഠശാല — 125
- വി.എം. ഗിരിജ

ഗദ്യം — പലതരം പ്രേക്ഷകർ — 129
- വിജയകൃഷ്ണൻ

ഉപപാഠം — രൂപാന്തരം — 135
- ധന്യാരാജ്

ഭാഗം 10
സ്വാതന്ത്ര്യവും സംസ്കാരവും — 143

കവിത — പാഠം ഒന്ന് - സ്വാതന്ത്ര്യം — 144
- വീരാൻകുട്ടി

ഗദ്യം — സാംസ്കാരികലയം സംഗീതത്തിൽ — 149
- പെരുമ്പുഴ ഗോപാലകൃഷ്ണൻ

ഉപപാഠം — ആടുജീവിതം — 155
- ബെന്യാമിൻ

X Std Malayalam Reader.indb 8 5/22/2019 9:47:57 AM

ഭാഗം 1

എന്റെ ഭാഷ
എന്റെ സംസ്കാരം



പഠനലക്ഷ്യങ്ങൾ

- ലക്ഷ്യബോധത്തിന്റെ ഭാഷാവിഷ്കാരം കണ്ടെത്തൽ
- വായന നൽകുന്ന സംസ്കാരം മനസ്സിലാക്കൽ
- സ്വാതന്ത്ര്യത്തിന്റെ ലോകം കഥയിലാവിഷ്കൃതമാവുന്നതെങ്ങനെയെന്നറിയൽ

പാഠഭാഗങ്ങൾ

പദ്യം	:	അഭ്യാസപരീക്ഷ	- എഴുത്തച്ഛൻ
ഗദ്യം	:	ഗ്രന്ഥവും സംസ്കാരവും	- സുകുമാർ അഴീക്കോട്
ഉപപാഠം	:	തത്തകൾ	-എം. മുകുന്ദൻ

X Std Malayalam Reader.indb 1 5/22/2019 9:47:57 AM

പദ്യം

അഭ്യാസപരീക്ഷ

– എഴുത്തച്ഛൻ



തുഞ്ചത്തെഴുത്തച്ഛൻ: തിരൂർ തൃക്കണ്ടിയൂരിലെ തുഞ്ചൻപറമ്പിൽ ജനിച്ചു. പതിനാറാം നൂറ്റാണ്ടാണ് എഴുത്തച്ഛന്റെ ജീവിതകാലമെന്ന് കരുതപ്പെടുന്നു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് എഴുത്തച്ഛൻ നൽകിയ സംഭാവനകളെ അടിസ്ഥാനമാക്കി മലയാള ഭാഷയുടെ പിതാവെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. രാമായണവും മഹാഭാരതവുമാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.

കൗരവരുടെയും പാണ്ഡവരുടെയും ഗുരുവായ ദ്രോണർ ഒരിക്കൽ ശിഷ്യരുടെ ധനുർവിദ്യയിലെ സാമർത്ഥ്യം പരീക്ഷിക്കാനായി മരത്തിനുമുകളിൽ കൃത്രിമമായൊരു പക്ഷിരൂപമുണ്ടാക്കി വെച്ചു. അതിന്റെ കഴുത്തിനു അമ്പെയ്യുകയായിരുന്നു പരീക്ഷണം. ധർമപുത്രർ മുതൽ ഒട്ടേറെപേർ പരീക്ഷണത്തിൽ പങ്കെടുത്തെങ്കിലും വിജയിച്ചില്ല. അർജുനൻ മാത്രമായിരുന്നു ലക്ഷ്യത്തെ ഭേദിച്ചത്. ഇതു കണ്ട് ദ്രോണർ ലോകത്തിൽവെച്ച് ഒരേയൊരു വില്ലാളിയായിത്തീരുകയെന്ന് അർജുനനെ ആശിർവദിച്ചു.

ലക്ഷ്യത്തിലെത്താനുള്ള ഏകാഗ്രതയുടെ സൂക്ഷ്മതയെ ചിത്രീകരിക്കുന്ന ഈ കാവ്യഭാഗം മഹാഭാരതം സംഭവപർവ്വത്തിലുള്ളതാണ്.

ആർക്കുവാസനയേറും ധനുസിങ്കലേയ്ക്കെന്നു
പാർക്കേണമെന്നു കല്പിച്ചൊരുനാൾ ദ്രോണാചാര്യൻ
വൃക്ഷാഗ്രത്തിങ്കലൊരു കൃത്രിമഭാസം തീർത്തു
നിക്ഷേപിച്ചാചാര്യനും ശിഷ്യരോടൊക്കച്ചൊന്നാൻ
ലക്ഷണസ്ഥിതി പ്രയോഗങ്ങൾ ഞാൻ ചെന്നവണ്ണം
ലക്ഷ്യത്തെബ്ഭേദിയ്ക്കേണം നിങ്ങളിന്നെല്ലാവരും
ലക്ഷ്യത്തെപ്പാർത്തു വലികൂട്ടി നിർത്തിനാനല്ലോ
ശിക്ഷിച്ചുയുധിഷ്ഠിരൻ തന്നെ മുമ്പിനാലവൻ

X Std Malayalam Reader.indb 2 5/22/2019 9:47:57 AM

വൃക്ഷവും ലക്ഷ്യവുമിന്നിൽക്കുന്ന ജനങ്ങളു-
മക്ഷിഗോചരമോ ഞാൻ താനുമെന്നതു ചൊൽ നീ.
ദക്ഷനാം ഗുരുവരനിങ്ങനെ ചോദിച്ചപ്പോ-
ളൊക്കവേ കാണാമെന്നു ധർമ്മജൻ ചൊല്ലീടിനാൻ.
എങ്കിൽ നീ വാങ്ങിനിന്നീടമ്പയയ്ക്കേണ്ടയെന്നാ-
നങ്ങനെ നിർത്തി മറ്റെല്ലാരോടും ചോദ്യം ചെയ്താൻ
ഓരോരോ തരമീഷദ്ഭേദേന ചൊന്നാരവ-
രാരുമേ സൂക്ഷ്മലക്ഷ്യം മാത്രം കണ്ടീലയല്ലോ.
പിന്നെ ഫൽഗുനൻതന്നോടവണ്ണം ചോദിച്ചപ്പോ-
ളൊന്നുമേ കണ്ടുകൂടാ ലക്ഷ്യമെന്നിയേയെന്നാൻ.
ലക്ഷ്യമാം പക്ഷിരൂപമൊക്കവേ കണ്ടായോ നീ?
ഒക്കവേ കണ്ടുകൂടാ തൽക്കണ്ഠം കാണാമെന്നാൻ.
എങ്കിലെയ്തീടെന്നപ്പോൾ പാർത്ഥനും പ്രയോഗിച്ചാൻ
ഭങ്ഗം വന്നിതുഗള, മതുകണ്ടാചാര്യനും
വിശൈകധനുർദ്ധരനായ്വരികെന്നു ചൊന്നാൻ,
വിശ്വാസംവന്നുകൂടി മറ്റുള്ള ജനങ്ങൾക്കും.



X Std Malayalam Reader.indb 3 5/22/2019 9:47:58 AM

അഭ്യാസം

I. പദപരിചയം

ധനുസ്സ്, കൃത്രിമഭാസം, ഭേദിക്കുക, അക്ഷിഗോചരം, വാങ്ങിനിൽക്കുക, ഈഷദ്ഭേദേന, ഫൽഗുനൻ, പാർത്ഥൻ, ഗളം, വിശ്വൈകധനുർദ്ധരൻ

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ധനുർവിദ്യയിലെ സാമർത്ഥ്യം പരീക്ഷിക്കണമെന്ന് കല്പിച്ചതാര്?

   അ. ഭീഷ്മർ

   ആ. ദ്രോണർ

   ഇ. വിദുരർ

   ഈ. ധൃതരാഷ്ട്രർ

2. ദ്രോണർ വൃക്ഷാഗ്രത്തിൽ ഉണ്ടാക്കിവെച്ചതെന്തായിരുന്നു?

   അ. പാവ

   ആ. പട്ടം

   ഇ. കൃത്രിമപ്പക്ഷി

   ഈ. കുരങ്ങൻ

3. എന്തു ഭേദിക്കാനാണ് ദ്രോണർ ശിഷ്യരോട് ആവശ്യപ്പെട്ടത്?

   അ. ലക്ഷ്യം

   ആ. മരക്കൊമ്പ്

   ഇ. പൂക്കൾ

   ഈ. പഴങ്ങൾ

4. വാങ്ങിനിൽക്കണമെന്ന് ദ്രോണർ ആവശ്യപ്പെട്ടത് ആരോടാണ്?

   അ. അർജുനൻ

   ആ. ധർമ്മജൻ

   ഇ. ദുര്യോധനൻ

   ഈ. കർണ്ണൻ

X Std Malayalam Reader.indb 4 5/22/2019 9:47:58 AM

5. ലക്ഷ്യം മാത്രം കാണുകയും ഭേദിക്കുകയും ചെയ്തതാര്?

അ. ധർമ്മജൻ

ആ. അർജുനൻ

ഇ. കർണ്ണൻ

ഈ. ദുര്യോധനൻ

6. വിശ്വൈകധനുർദ്ധരനായ് വരിക എന്ന് ദ്രോണർ ആശംസിച്ചത് ആരെ?

അ. കർണൻ

ആ. ദുര്യോധനൻ

ഇ. ധർമ്മപുത്രൻ

ഈ. അർജുനൻ

III. ഉത്തരമെഴുതുക

1. ദ്രോണാചാര്യർ ശിഷ്യരോട് ആവശ്യപ്പെട്ടതെന്ത്?
2. ധർമ്മജൻ ഗുരുവിനോട് പറഞ്ഞതെന്ത്?
3. ദ്രോണരുടെ ചോദ്യത്തിന് അർജുനൻ പറഞ്ഞ മറുപടി എന്ത്?
4. അഭ്യാസപരീക്ഷ എന്ന പദ്യത്തിലെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

IV. മനഃപാഠമാക്കാനുള്ള വരികൾ

എങ്കിൽ നീ .....

.....മറ്റുള്ള ജനങ്ങൾക്കും.

X Std Malayalam Reader.indb 5 5/22/2019 9:47:58 AM

ഗദ്യം

ഗ്രന്ഥവും സംസ്കാരവും

-സുകുമാർ അഴീക്കോട്



സുകുമാർ അഴീക്കോട് [1926 - 2012]: കണ്ണൂർ ജില്ലയിലെ അഴീക്കോട് ജനിച്ചു. വിവിധ കോളേജുകളിൽ അധ്യാപകനായിരുന്നു. ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, തത്വമസി, മലയാള സാഹിത്യവിമർശനം, വായനയുടെ സ്വർഗ്ഗത്തിൽ, മഹാത്മാവിന്റെ മാർഗ്ഗം, ഒരു മനസ്സാവുക എന്നിവയാണ് പ്രധാനകൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് എന്നിവ നേടി.

വായനയുടെ സാംസ്കകാരികമഹിമയെ പ്രതിപാദിക്കുന്ന ഈ ലേഖനം 'ഒരു മനസ്സാവുക' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

പുസ്തകത്തിന്റെ മുൻപിൽ കൂപ്പിത്തൊഴാത്ത ഒരു ജനതയും ലോക ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടില്ല. അതിനെ നമസ്കരിക്കാതിരിക്കത്തക്കവണ്ണം ഉയർന്ന പാണ്ഡിത്യമോ താണ വങ്കത്തമോ ഒരു മനുഷ്യനും ഇന്നേവരെ പ്രകടിപ്പിച്ചു കണ്ടിട്ടില്ലതാനും. ഒറ്റനോട്ടത്തിന് വെറും കടലാസായിരിക്കുന്ന പുസ്തകം ചിന്തിക്കുന്തോറും മനുഷ്യനെക്കാൾ മഹനീയവും, ജനതകളുടെ സ്രഷ്ടാവും സമൂഹങ്ങളെക്കാൾ അനശ്വരവും. ഇതുകൊണ്ടെല്ലാംതന്നെ ഇവയെക്കാളൊക്കെ അഭൗമമെന്നോ ദിവ്യമെന്നോ വിളിക്കാവുന്നതും ആണെന്നു തെളിഞ്ഞു വരും. പുസ്തകത്തിന്റെ സ്രഷ്ടാവ് മനുഷ്യനാണെന്ന് ആർക്കും പറയാം. കൂടുതൽ ആലോചിക്കുന്നവർ പറഞ്ഞേക്കും, ആളല്ല ജനതയാണ് യഥാർത്ഥത്തിൽ പുസ്തകം രചിക്കുന്നതെന്ന്.



X Std Malayalam Reader.indb 6 5/22/2019 9:48:00 AM

ലോകത്തിലെ ചില മഹാഗ്രന്ഥങ്ങൾ ജനതകളെ സൃഷ്ടിച്ചുവത്രേ. രാമായണം ഉദാഹരണം. അതാണല്ലോ കവീശ്വരനായ ടാഗോർ എഴുതിയത്. രാമായണത്തിലെ ഇരുപത്തിനാലായിരം അനുഷ്ഠുഭച്ഛന്ദസ്സുകളിലൂടെ ഇന്ത്യ യുഗങ്ങളിലൂടെ കേട്ടുകൊണ്ടേയിരിക്കുന്നത് അതിന്റെ സംസ്കാരത്തിന്റെ നാഡീസ്പന്ദനങ്ങൾ ആണെന്ന്.

പതിനഞ്ചാംനൂറ്റാണ്ടിൽ അച്ചടി പ്രചാരത്തിൽ വന്നതോടെ ചിന്തയുടെയും വിജ്ഞാനത്തിന്റെയും സത്യതൃഷ്ണയുടെയും പുതിയൊരു പ്രകാശ സാമ്രാജ്യത്തിന്റെ അധിപതിയായി ദിഗ്വിജയംനടത്തിയ മനുഷ്യമനസ്സിന്റെ അപൂർവ്വ രഥമായി വെന്നിക്കൊടി പറത്തിക്കൊണ്ട് പുസ്തകം നാടെങ്ങും വിളയാടി. വിജ്ഞാനം വിലസുന്ന വിശിഷ്ടഗ്രന്ഥങ്ങളെ മറ്റേതു നിധിയേക്കാളും മനുഷ്യൻ അന്നു വിലമതിച്ചു. ബാസ്റ്റിൽ കോട്ടയിൽ ബന്ദിയായി കഴിയുമ്പോഴും വോൾട്ടയർ കിട്ടണമെന്ന് ആശിച്ചത് ഹോമറിന്റെ കൃതികളായിരുന്നുപോൽ. ഫ്രാൻസിസ് ബേക്കൺ മാനസിക ഭോജ്യങ്ങളിൽവെച്ച് അത്യുന്നതസ്ഥാനം പുസ്തകത്തിനു നൽകി.

പുസ്തകം ഏതായാലും ഭുജിക്കേണ്ടതാണ്. ചിലത് നുണച്ചിറക്കേണ്ടതാണെങ്കിൽ മറ്റുചിലത് വിഴുങ്ങേണ്ടതും വേറെ ചിലത് ചവച്ചരച്ചു കഴിക്കേണ്ടതുമാണ്. മനുഷ്യ സംസ്കാരത്തിലെ ഒരേയൊരു ശാശ്വതവസ്തു പുസ്തകമാണെന്ന് അന്നു മനുഷ്യൻ വിശ്വസിച്ചുപോന്നു. നിയമങ്ങൾ നശിക്കുമ്പോൾ ഗ്രന്ഥങ്ങൾ നിലനിൽക്കുന്നു എന്ന് ബെൻജോൺസൺ പറഞ്ഞു. 'ഒരു പ്രഭുവിന്റെ രക്തത്തെക്കാൾ വില കൂടിയതാണ് ഒരു പിച്ചക്കാരന്റെ പുസ്തകം' എന്നു വില്യംഷേക്സ്പിയർ, ഹെൻട്രിഎട്ടാമൻ എന്ന നാടകത്തിലൂടെ പറഞ്ഞു. ടെംപസ്റ്റിലെ നായകനായ പ്രഭുവിനെ നിരന്തരം ഗ്രന്ഥപാരായണം ചെയ്യുന്ന ഒരു വിജ്ഞാനദാസനായിട്ടാണ് ഷേക്സ് പിയർ ചിത്രീകരിച്ചിട്ടുള്ളത്. 'എന്റെ ഗ്രന്ഥാലയം മതി എനിക്ക് പ്രഭുത്വമായിട്ട്' എന്ന് ആപ്രോസ്പരോ പ്രഖ്യാപിക്കുന്നുണ്ട്. നവോത്ഥാനകാലഘട്ടത്തിന്റെ നിസ്തുലമായ വിജ്ഞാനപ്രശ്രയത്തിന്റെ പ്രതിനിധികളാണ് ഇവയെല്ലാം.



X Std Malayalam Reader.indb 7 5/22/2019 9:48:00 AM

പുസ്തകത്തിനുവേണ്ടി പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കാൻ മടിക്കാത്തവരും ഉണ്ടായിട്ടുണ്ട്. ചാൾസ്ലാംബ് പട്ടിണികിടന്നു പുസ്തകം വായിച്ച ആളാണത്രേ. ഇറാസ്മസ് എന്ന വിശ്രുതനായ ഡച്ചുപണ്ഡിതൻ അഭിപ്രായപ്പെട്ടത് പണംകൊണ്ട് വല്ലതും വാങ്ങുന്നുണ്ടെങ്കിൽ പുസ്തകങ്ങളായിരിക്കണമെന്നും, ബാക്കി വന്നാൽ അതുകൊണ്ടും പുസ്തകം വാങ്ങണമെന്നുമാണ്. എമേഴ്സൺ പറയുന്നത്, ഒരു വലിയ മനുഷ്യനായിത്തീരണമോ വലിയ ഒരു വായനക്കാരൻ കൂടി ആയിരിക്കണമെന്നാണ്. മഹാന്മാരായ മഹാന്മാരെല്ലാം വീഴ്ചകൂടാതെ ഇറങ്ങിക്കുളിച്ച ഒരേയൊരു പുണ്യതീർത്ഥമാണ് പുസ്തകം.

എല്ലാ പുസ്തകങ്ങളും ഭോജ്യങ്ങളല്ല. പലതും അഭക്ഷ്യങ്ങളാണ്.വായനയുടെ ലോകത്തിലാണ് ഇന്ന് ഏറ്റവുമധികം ഭക്ഷ്യവിഷബാധ നടമാടുന്നത്. വിഷം, ചെളി, കല്ല്, മരപ്പൊടി ഇവയ്ക്കൊക്കെ തുല്യങ്ങളായ ഗ്രന്ഥങ്ങളുണ്ട്. മികച്ച കൃതികൾക്കു വായനക്കാർ ഇല്ലാതിരിക്കുകയും പൊട്ട കൃതികൾക്ക് കണക്കില്ലാതെ വായനക്കാർ ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ദുരവസ്ഥയിലാണ് നമ്മുടെ ഇന്നത്തെ കിടപ്പ്. വായിക്കാൻ പാടില്ലാത്തവ വായിക്കാൻ ആൾകൂടുമ്പോൾ വായന സാമൂഹികമായ ഒരു വൻവിനയായിത്തീരുന്നു.

എങ്കിലും ആകെ കണക്കെടുത്താൽ പുസ്തകം വെളിച്ചത്തിന്റെ നാളമാണെന്നും ഇരുട്ടിന്റെ പുകയല്ലെന്നും സമ്മതിക്കുക തന്നെ വേണ്ടിവരും. ദണ്ഡി ശബ്ദത്തെപ്പറ്റി പാടിയതുപോലെ പുസ്തകം എന്നൊന്നില്ലായിരുന്നെങ്കിൽ ഈ ഭുവനമത്രയും അന്ധതമസ്സിൽ അകപ്പെട്ടുപോയേനെ. ഏതു പുസ്തകം കിട്ടിയാലും ഉടനെ വായിച്ചുതീർക്കുന്ന പ്രകൃതക്കാരനാണ് ഞാൻ. കവിതയും സാഹിത്യവിമർശനവും തത്വചിന്തയും രാഷ്ട്രീമാംസയും അതുപോലെയുള്ള ഗഹനവിഷയങ്ങളും വായിക്കുന്ന അതേ രസോത്സാഹങ്ങളോടെ കുറ്റാന്വേഷണകഥകളും അത്ഭുതേതിഹാസങ്ങളും തമാശക്കഥകളും ബാലസാഹിത്യവും ഒക്കെത്തന്നെ ഞാൻ ഇപ്പോഴും വായിച്ചു വരുന്നുണ്ട്. ഇയാൻ ഫ്ളെമിങ്ങിന്റെ ജയിംസ്ബോണ്ട് നോവലുകളിൽ നിന്ന് രത്നങ്ങൾ തുടങ്ങിയവയെപ്പറ്റി എൻസൈക്ലോപീഡിയകളിൽനിന്നു കിട്ടുന്നതിൽ കൂടുതൽ അറിവ് നേടാൻ കഴിയും.

ഉത്തമമായ ഒരു ഗ്രന്ഥവും ഉത്തമനായ ഒരു സഹൃദയനും തമ്മിലുള്ള ആത്മീയ പരിണയമാണ് ഉത്തമമായ വായന. അത് വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും കർമ്മശക്തിയുടെയും ഉത്തമഭാവങ്ങളെ മനുഷ്യമനസ്സിൽ ഉത്പാദിപ്പിക്കുന്നു. വ്യക്തിയുടെ അന്തർഭാഗങ്ങളിൽ അത് ഉയർത്തുന്ന സൂക്ഷ്മ തരംഗങ്ങൾ സമുദായത്തിന്റെ ബാഹ്യതലത്തിൽ സ്ഫുരിക്കുന്ന മഹാക്ഷോഭങ്ങൾ വരെ ആയിത്തീരാറുണ്ട്. പുസ്തകത്തിന്റെ ഏടുകൾ മറിക്കുമ്പോഴുണ്ടാകുന്ന നേരിയ ഒച്ച ഒരു സമൂഹമോ രാഷ്ട്രമോ സ്വന്തം ചരിത്രത്തിന്റെ ഒരു നവാധ്യായംതുടങ്ങുന്നതിന്റെ ഭേരിനാദമായി പ്രതിധ്വനിച്ചിട്ടുണ്ട്.

മനുഷ്യന്റെ സംസ്കാരമഹിമയുടെ പ്രതിരൂപമായിട്ടാണ് പുസ്തകം സാഹിത്യകാരന്മാരാൽ എന്നും വാഴ്ത്തപ്പെട്ടുപോന്നത് .

X Std Malayalam Reader.indb 8 5/22/2019 9:48:00 AM

അഭ്യാസം

I. പദപരിചയം

മഹനീയം, സ്രഷ്ടാവ്, അനശ്വരം, അഭൗമം, സത്യതൃഷ്ണ, ദിഗ്‌വിജയം, നവോത്ഥാനം, ഭക്ഷ്യവിഷബാധ, രാഷ്ട്രമീമാംസ

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. നിയമങ്ങൾ നശിക്കുമ്പോൾ ഗ്രന്ഥങ്ങൾ നിലനിൽക്കുന്നു എന്ന് പറഞ്ഞതാരാണ്?

   അ. ബെൻജോൺസൻ ആ. ഇറാസ്മസ്

   ഇ. ടാഗോർ ഈ. വോൾട്ടയർ

2. അച്ചടി പ്രചാരത്തിൽ വന്നത് എപ്പോഴാണ്?

   അ. പതിനാറാം നൂറ്റാണ്ട് ആ. പതിനഞ്ചാം നൂറ്റാണ്ട്

   ഇ. പതിനേഴാം നൂറ്റാണ്ട് ഈ. പതിനാലാം നൂറ്റാണ്ട്

3. തത്വമസി എന്ന കൃതിയുടെ രചയിതാവ് ആരാണ്?

   അ. എഴുത്തച്ഛൻ ആ. കേരളവർമ്മ

   ഇ. എം.എൻ വിജയൻ ഈ. സുകുമാർ അഴീക്കോട്

II. ഉത്തരമെഴുതുക

1. പുസ്തകത്തെക്കുറിച്ച് ഇറാസ്മസ് അഭിപ്രായപ്പെടുന്നതെന്ത്?

2. എല്ലാ പുസ്തകങ്ങളും ഭോജ്യങ്ങളല്ല പലതും അഭക്ഷ്യങ്ങളാണ്. ലേഖകൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

3. എന്താണ് ഉത്തമമായ വായന?

4. വായനയുടെ ലോകത്താണ് ഇന്ന് ഏറ്റവുമധികം ഭക്ഷ്യവിഷബാധ നടമാടുന്നത്. വിശദീകരിക്കുക?

5. ജനതയാണ് യഥാർത്ഥത്തിൽ പുസ്തകം രചിക്കുന്നതെന്ന് ലേഖകൻ പറയാൻ കാരണമെന്ത്?

6. മനുഷ്യന്റെ സംസ്കാര മഹിമയുടെ പ്രതിരൂപമായിട്ടാണ് പുസ്തകം നിലകൊള്ളുന്നത് വ്യക്തമാക്കുക?

X Std Malayalam Reader.indb 9 5/22/2019 9:48:00 AM

ഉപപാഠം

തത്തകൾ

-എം. മുകുന്ദൻ



എം. മുകുന്ദൻ 1942 ൽ മയ്യഴിയിൽ ജനിച്ചു. ഫ്രഞ്ച് നയതന്ത്ര ഉദ്യോഗസ്ഥനായിരുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ, ഹരിദ്വാരിൽ മണിമുഴങ്ങുന്നു, ആവിലായിലെ സൂര്യോദയം, ഡൽഹി, നദിയും തോണിയും, കള്ളനുംപോലീസും, കണ്ണാടിക്കാഴ്ച, അഞ്ചര വയസ്സുള്ള കുട്ടി തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ. കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സ്വാതന്ത്ര്യബോധത്തെ ഉദ്ബോധിപ്പിക്കുന്ന തത്ത കൾ എന്ന കഥ മുകുന്ദന്റെ കഥകൾ എന്ന സമാഹാരത്തിലേതാണ്.

നാപ്കിൻ എടുത്ത് ചിറിതുടച്ചിട്ട് അദ്ദേഹം ഊൺമേശയ്ക്കരികിൽ നിന്ന് എഴുന്നേറ്റു. കസാലയിൽ ചാരിവെച്ചിരുന്ന ഊന്നുവടിയെടുത്തു. ചന്ദനം കൊണ്ടു പണിത വെള്ളികൊണ്ടുള്ള കൈപ്പിടിയുള്ള അപൂർവ്വവസ്തുവാണ് അദ്ദേഹത്തിന്റെ ഊന്നുവടി. നിലത്തു വിരിച്ച കാർപ്പെറ്റിനു മുകളിലൂടെ വടിയൂന്നിക്കൊണ്ട് അദ്ദേഹം നടന്നു. അദ്ദേഹത്തിന്റെ കാലടികൾ ബലഹീനങ്ങളാണ്. ചുക്കിച്ചുളിഞ്ഞവയാണ്. ജോർബാഗിലെ തിബത്ത് ഹൗസിൽനിന്ന് അയ്യായിരം കൊടുത്തു വാങ്ങിയതാണ് മൃദുവായ കാർപ്പെറ്റ്. ചുവരിലെ ഘടികാരം മധുരമായി ശബ്ദിച്ചു. കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യശതകത്തിൽ ഇംഗ്ളണ്ടിൽ പണിത പുരാതനമായ ഘടികാരമാണിത്. ചുവന്ന കാർപ്പെറ്റിനു മുകളിലൂടെ അദ്ദേഹം നടന്നു. ധരിച്ചിരുന്ന ഗൗൺ നിലത്തിഴഞ്ഞു. ചിത്രങ്ങൾ തുന്നിപ്പിടിപ്പിച്ച നീലഗൗൺ എപ്പോഴും ഊഷ്മളമാണ്. അദ്ദേഹം ബംഗ്ളാവിന്റെ മാർബിൾ പടികൾ ഇറങ്ങി. അപ്പോൾ കിതച്ചു. അദ്ദേഹം ഉദ്യാനത്തിലേക്ക് നടന്നു. ഹരിതനിറം പൂണ്ട പുൽത്തകിടിയിൽ ഇളവെയിൽ പരന്നുകിടക്കുന്നു. പൂക്കൾ കാറ്റിലാടുന്നു. അദ്ദേഹം തന്റെ ഈസിച്ചെയറിനെ ലക്ഷ്യമാക്കി നടന്നു. പിറകെ വെളുത്ത ഉടുപ്പിട്ട പരിചാരകൻ ദിനപത്രവുമായി നടന്നു. അദ്ദേഹം കസാലയിൽ ചാരിക്കിടന്നു. പത്രം വാങ്ങി നിവർത്തി. പരിചാരകൻ പുല്ലിൽ ഇരുന്ന് അദ്ദേഹത്തിന്റെ കാലുകൾ തിരുമ്മി.

അദ്ദേഹം പത്രം വായനനിർത്തി. ഹുക്കയുടെ കുഴൽ വായിൽ വെച്ചുകൊണ്ട് കസാലയിൽ ചാരിയിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ചുറ്റുപാടും അലഞ്ഞുനടന്നു. നരച്ച, ചുരുങ്ങിയവയാണ് അദ്ദേഹത്തിന്റെ കണ്ണുകൾ. പറവകൾ പാറിക്കളിക്കുന്ന

X Std Malayalam Reader.indb 10 5/22/2019 9:48:00 AM

ആകാശത്തിൽനിന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ താണു. വെയിലിൽ കുളിച്ചു നില്ക്കുന്ന ബംഗ്ളാവിനു മുകളിൽ തങ്ങിനിന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ വീണ്ടും സഞ്ചരിച്ചു. കാർഷെഡ്ഡിൽ പതിഞ്ഞു. അവിടെനിന്ന് സെർവന്റ്സ് ക്വാർട്ടേഴ്സിന്മേൽ ഇഴഞ്ഞുചെന്നു ഇറയത്തു തൂങ്ങിക്കിടക്കുന്ന ഒരു തത്തക്കൂട് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. കണ്ണുകൾ പിന്നെയും സഞ്ചരിച്ചു. വാഹനങ്ങൾ ഒഴുകുന്ന നിരത്തിൽ, കെട്ടുപിണഞ്ഞു കിടക്കുന്ന വേപ്പു മരങ്ങളിൽ ... അദ്ദേഹത്തിന്റെ കണ്ണുകൾ പിന്നേയും തത്തക്കുടിലിൽ തിരിച്ചുവന്നു. കൂട്ടിൽ തത്തയില്ല. കാൽ തിരുമ്മുന്ന

രാമകൃഷ്ണനോടു ചോദിക്കുന്നു:

"കൂട്ടിൽ തത്തയില്ലേ രാമകൃഷ്ണൻ?'

'ഉണ്ടല്ലോ.' ഭവ്യതയോടെ പരിചാരകൻ പറഞ്ഞു.

അദ്ദേഹം സൂക്ഷിച്ചുനോക്കി. തത്തയെ കണ്ടില്ല. രാമകൃഷ്ണനും നോക്കി. തത്തയില്ല കൂട്ടിൽ എന്നവനും തോന്നി. അദ്ദേഹം കസാലയിൽ നിന്നെഴുന്നേറ്റു. രാമകൃഷ്ണനും എഴുന്നേറ്റു. അദ്ദേഹം തത്തക്കൂടിനെ ലക്ഷ്യമാക്കി നടന്നു. പിറകെ പരിചാരകനും നടന്നു. അദ്ദേഹം കൂടിനു മുമ്പിൽ നിന്നു. തത്ത കൂട്ടിൽ ഒരു വശം ചരിഞ്ഞു കിടക്കുകയാണ്. കണ്ണുകൾ പകുതിയടഞ്ഞിരിക്കുന്നു. കാലുകൾ വിറങ്ങലിച്ചിരിക്കുന്നു. തത്ത മരിച്ചിരിക്കുന്നു.

'രാമകൃഷ്ണൻ. അദ്ദേഹം വിളിച്ചു: 'തത്ത എങ്ങനെയാണു മരിച്ചത്?'

"അറീല്ല.' സവിനയം പരിചാരകനറിയിച്ചു.

'സുഖക്കേടായിരുന്നോ? തീറ്റ കൊടുക്കാറില്ലേ?'

'സുഖക്കേടൊന്നുമില്ലായിരുന്നു.' രാമകൃഷ്ണൻ വിശദീകരിച്ചു. 'തത്ത സദാ കൂടുപൊളിച്ചു വെളിയിൽ ചാടാൻ ശ്രമിച്ചുകൊണ്ടിരുന്നു. അഴികൾ



X Std Malayalam Reader.indb 11 5/22/2019 9:48:01 AM

കൊത്തിപ്പറിക്കുമായിരുന്നു. ചിറകടിച്ചു 'ബഹളം വെയ്ക്കുമായിരുന്നു. ഏതാനും ദിവസങ്ങൾ മാത്രം. പിന്നീടു തത്ത അനങ്ങാതെയായി. ശബ്ദിക്കാതായി. തിന്നില്ല. കുടിക്കില്ല. ദിവസം മുഴുവനും തരിച്ചിരിക്കും.'

അദ്ദേഹം ഒരിക്കൽകൂടി തത്തയെ നോക്കി. പകുതി പിളർന്ന കൊക്കുകൾ. പകുതി തുറന്ന കണ്ണുകൾ.

'തത്തയെ എന്തുചെയ്യാൻ പോകുന്നു. രാമകൃഷ്ണൻ?' അദ്ദേഹം ചോദിച്ചു.

'ഫെർനാണ്ടസ്സിന്റെ പുച്ഛയ്ക്കു കൊടുക്കട്ടെ?'

'ഫെർണാണ്ടസ് ഡ്രൈവറാണ്.'

'സംസ്കരിക്കൂ.' അദ്ദേഹം കല്പിച്ചു. രാമകൃഷ്ണൻ കൂടു തുറന്നു; തത്തയെ എടുത്തു നിലംകുഴിച്ച് ഇളംചൂടുള്ള മണ്ണിൽ സംസ്കരിച്ചു.

അദ്ദേഹം ഉദ്യാനത്തിലേക്ക് മടങ്ങി. ചാരുകസാലയിൽ കിടന്നു. ഹുക്കയുടെ കുഴൽ എടുത്തു വായിൽ വെച്ചു. പരിചാരകൻ കാൽ തിരുമ്മാൻ തുടങ്ങി.

'മതി.'അദ്ദേഹം കല്പ്പിച്ചു. പരിചാരകൻ എഴുന്നേറ്റുപോയി.

ഹുക്ക വലിക്കാൻ തോന്നിയില്ല. കുഴൽ താഴെയിട്ടു. ദിനപത്രം തുറന്നു. വായിക്കാൻ കഴിഞ്ഞില്ല. പത്രം മടക്കിവെച്ചു. കസാലയിൽ കണ്ണടച്ചു ചാരിക്കിടന്നു. അപ്പോൾ സുന്ദരനഗർ മാർക്കറ്റിൽ ഒരിടത്തു തൂങ്ങിക്കിടക്കുന്ന ഒരു തത്തക്കൂട് അദ്ദേഹത്തിന് ഓർമ്മവന്നു. അതിൽ ഒരു തത്തയിരുന്നു സദാ ഉറക്കം തൂങ്ങുന്നു. അദ്ദേഹം എഴുന്നേറ്റു. കാർഷെഡ്ഡിലേക്കു നടന്നു. ഷെഡ്ഡിന്റെ ഒരു മൂലയിൽ ഫെർനാണ്ടസ് കിടന്ന് ഉറങ്ങുന്നു. അദ്ദേഹം കാർ തുറന്നു. കയറി, കാർ വെളിയിലിറക്കി. ഫെർനാണ്ടസ് ചാടിയെഴുന്നേറ്റു. അദ്ദേഹം മാർക്കറ്റിലേക്കു കാർ ഓടിച്ചു. സ്വീറ്റ് കോർണറിന്നരികിൽ തൂങ്ങിക്കിടക്കുന്ന തത്തക്കൂടു കണ്ടു. കാർ നിർത്തി. അദ്ദേഹം വെളിയിലിറങ്ങി.

"ഈ തത്തയെ എനിക്കു തരുമോ?'

തത്ത മുറുക്കാൻകടക്കാരന്റേതാണ്. കടക്കാരൻ സാത്ഭുതം അദ്ദേഹത്തിന്റെ മുഖത്തു നോക്കി.

'അഞ്ചുറുപ്പിക തരാം. തത്തയെ എനിക്കുതരൂ.' അദ്ദേഹം അഞ്ചുറുപ്പികയെടുത്തു നീട്ടി. കടക്കാരൻ ആർത്തിയോടെ പണം വാങ്ങി. തത്തയെ കൂടോടെ എടുത്തു നീട്ടി. അദ്ദേഹം കൂടു വാങ്ങി തുറന്നു. തത്തയെ വാരിയെടുത്തു മുകളിലേക്കെറിഞ്ഞു. സന്തോഷസൂചകമായ ശബ്ദത്തോടെ തത്ത പറന്നു. പറന്നുയർന്നു, അദ്ദേഹത്തിന്റെ കണ്ണുകൾ മിന്നിത്തിളങ്ങി. നനയുകയും ചെയ്തോ?

'ഇനിയെവിടെ കിട്ടും തത്ത?' അദ്ദേഹം ചോദിച്ചു.

കടക്കാരൻ ആലോചിച്ചു.

'ജംഗ്പുരയിലോ നൈസാമുദ്ദീനിലോ കിട്ടിയേക്കും.'

അദ്ദേഹം കാറിലേക്കു തിരിച്ചുനടന്നു. നൈസാമുദ്ദീനിലേക്കു കാറോടിച്ചു. ഫറീദാബാദിലേക്കു പോകുന്ന പത്തേമാരികൾ, ബസ്സുകൾ, ഡിപ്ലോമാറ്റുകളുടെ

X Std Malayalam Reader.indb 12 5/22/2019 9:48:01 AM

കാഡില്ലാക്കുകൾ, കുതിരപ്പുറത്തു കാറ്റുകൊള്ളാനിറങ്ങിയ മദാമ്മകൾ. ഇടുങ്ങിയ ഒരു നിരത്തിലേക്കു കാർ തിരിച്ചു. ദ്രവിച്ച കെട്ടിടങ്ങൾ. ഓവുകളിൽ വിസർജ്ജനം ചെയ്യുന്ന മനുഷ്യർ. ആണും പെണ്ണും, കുഞ്ഞുങ്ങളും, കിഴവന്മാരും. തകർന്ന ഒരു ശവകുടീരം. അതിന്റെ നിഴലിൽ ഒരു ചൂടിക്കട്ടിൽ. വെള്ളത്തൊപ്പിവെച്ച ഒരു മുസൽമാൻ വൃദ്ധൻ അതിൽ ഇരിക്കുന്നു. ഹൂക്കവലിക്കുന്നു. കാർ നിർത്തി. ഭവ്യതയോടെ എഴുന്നേറ്റു.

'ഇവിടെ ആരെങ്കിലും തത്തയെ വളർത്തുന്നുണ്ടോ?'

വൃദ്ധൻ അന്വേഷിച്ചു. നരച്ച താടിയിൽ തലോടി.

'ഉണ്ട്. എ ബ്ലോക്കിൽ രാം കുമാർലുഗ്ഗാനിസാബ്ജിന്റെ വീട്ടിൽ.'

അദ്ദേഹം നന്ദി പറഞ്ഞു കാറിൽ കയറി. എ ബ്ലോക്ക് അന്വേഷിച്ചു. ലുഗ്ഗാനിയുടെ വീടു കണ്ടുപിടിച്ചു. കൂറ്റൻ ബംഗ്ലാവ് ഷെഡ്ഡിൽ കാറ്, ഗെയിറ്റിൽ നായ്ക്കൾ. അദ്ദേഹം കാറിൽ നിന്നിറങ്ങി, ബംഗ്ലാവിലേക്കു നടന്നു. അദ്ദേഹത്തിന്റെ ഗൗൺ നിലത്തിഴഞ്ഞു. രാജകീയമായ സ്വർണ്ണമുഖത്തിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞു. നായ്ക്കൾ കുരച്ചില്ല. ബഹുമാനപൂർവ്വം വഴി മാറിനിന്നു. പൂന്തോട്ടത്തിലിരിക്കുന്ന ലുഗ്ഗാനി എഴുന്നേറ്റു വന്നു.

"താങ്കൾ തത്തയെ വളർത്തുന്നുണ്ടോ?'

ലുഗ്ഗാനിയുടെ പുറകെ അയാൾ നടന്നു. ലുഗ്ഗാനി കാണിച്ചു കൊടുത്തു. ഒരു വലിയ സ്വർണ്ണാഭമായ കൂട്. കടും പച്ചനിറമുള്ള ഒരു തത്ത. മുന്നിൽ പഴം, പാൽ, പക്ഷേ, തത്ത തരിച്ചിരിക്കുന്നു.

ഈ തത്തയെ എനിക്കു തരാമോ?'

'ഞാനിതിനെ പൊന്നുപോലെ സൂക്ഷിക്കുന്നതാണ്.'

'ദയവുചെയ്ത് എനിക്ക് തരിക.'

ലുഗ്ഗാനി അദ്ദേഹത്തിൻറ ഗൗണിലും വടിയിലും കാറിലും നോക്കി. വേലക്കാരനെ വിളിച്ചു:

തത്തക്കൂട് എടുത്തു ഇദ്ദേഹത്തിന് കൊടുക്ക്.

വേലക്കാരൻ കൂടെടുത്തു.

'കാറിൽ വെയ്ക്കട്ടെ?'

'ഇങ്ങോട്ടു തരൂ.'

അദ്ദേഹം കൂടു തട്ടിപ്പറിച്ചു. തുറന്ന് തത്തയെ വാരിയെടുത്തു. ഇരു കൈകളിൽ പൊക്കി മുകളിലേക്ക് പറപ്പിച്ചു. നീലാകാശത്തെ ലക്ഷ്യമാക്കി. തത്ത പറന്നുയർന്നു. അദ്ദേഹം, തത്ത കണ്ണിൽ നിന്നു മായുന്നതുവരെ നോക്കിനിന്നു. ലുഗ്ഗാനിയുടെ കൈപിടിച്ച് അമർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

'മെനി തേങ്ക്സ് .'

അദ്ദേഹം കാറിലേക്കു നടന്നു. ചെന്നിയിലൂടെ വിയർപ്പു ചാലുകൾ ഒഴുകി. അദ്ദേഹം കാർ ഓടിച്ചു. ഇടുങ്ങിയ നിരത്തുകൾ. ഇരുവശത്തും ഞെരുങ്ങിക്കിടക്കുന്ന

X Std Malayalam Reader.indb 13 5/22/2019 9:48:01 AM

പീടികകൾ. ഓവുകളിൽ പന്നികൾ. നിരത്തിൽ മന്ത്രവാദികൾ, ദ്രവിച്ച കെട്ടിടങ്ങളിൽ പർദകൾക്കപ്പുറം അഭിസാരികകൾ. ജംഗ്പുരം. അദ്ദേഹം കാർ നിർത്തി. തൊട്ടടുത്ത് ഒരറവുപുരയാണ്. ചുവന്ന താടിയുള്ള അറവുകാരൻ അരികിൽ ചെന്നു.

'എനിക്കു കുറച്ചു തത്തകളെ വേണം.'

'തത്തയോ ?'

"എവിടെ കിട്ടും?'

"ഒരെണ്ണം മതിയോ?'

അദ്ദേഹം തലയാട്ടി.

"കാസീം .'

അറവുകാരൻ വിളിച്ചു. കാസീം എന്ന ചെക്കൻ വന്നു.

"അബ്ദുല്ലാമിർസായുടെ കുടില് കാണിച്ചുകൊടുക്ക്. സാബ്വിന്.'

കാസിം നടന്നു. അദ്ദേഹം പിറകെ നടന്നു. ഇടുങ്ങിയ ഗലിയിലിറങ്ങി. തറയിലൂടെ അഴുക്കുജലം ഒഴുകുന്നു. അദ്ദേഹത്തിൻറ ഗൗണിൻറ അറ്റം ചെളിയിൽ ഇഴഞ്ഞു. കാസിം നടന്നു. പുളഞ്ഞു പോകുന്ന ഗലികൾ പലതും കടന്നു. അദ്ദേഹം കിതച്ചു. കൈയിലിരുന്ന വടി നിലത്തൂന്നി നടന്നു. കുടിലാക്കിമാറ്റിയ ശവകുടീരത്തിനു മുമ്പിൽ നിന്നു.

"അബ്ദുല്ലാകാക്കയുടെ വീട്.'

കാസിം തിരിച്ചുനടന്നു. അദ്ദേഹം ഗൗണിന്റെ പോക്കറ്റിൽ നിന്ന് ഒരുറുപ്പിക എടുത്ത് അവന് കൊടുത്തു. മറ്റൊരു വലിയ നോട്ടെടുത്തു ശവകുടീരത്തിനുള്ളിൽ കയറി. തത്തക്കൂട് തൂങ്ങിക്കിടക്കുന്നു. ഒരു കിളവനിരുന്നു താടിയിൽ മൈലാഞ്ചി തേക്കുന്നു.

'ഈ തത്തയെ എനിക്കു തരിക.' അദ്ദേഹം തത്തക്കൂടിനെ ചൂണ്ടിക്കാട്ടി. അദ്ദേഹം നോട്ടെടുത്തു വൃദ്ധന്റെ കൈയിൽവെച്ചുകൊടുത്തു. വൃദ്ധൻ കൂടെടുത്ത് അദ്ദേഹത്തിനു കൊടുത്തു. കൂടു തുറന്ന് ഇരുകൈകളാൽ അദ്ദേഹം തത്തയെ വാരിയെടുത്ത് മുകളിലേക്ക് പറപ്പിച്ചു. തത്ത പറന്നുയർന്നു. അദ്ദേഹം നിരവധി ഇടവഴികൾ പിന്നിട്ട് നിരത്തിലെത്തി. കാറിൽ കയറുന്നതിനുമുമ്പ് അറവുകാരനോടു ചോദിച്ചു.

'എനിക്ക് കുറെ തത്തകളെ വേണം; എവിടെ കിട്ടുമെന്നറിയാമോ?'

"സർദാർ ബസാറിലൊ ചാന്ദ്നി ചൗക്കിലോ കിട്ടും.' കിഴവൻ പറഞ്ഞു. അദ്ദേഹം കാറിൽ കയറി. ആറു നാഴിക ദൂരമുള്ള ചാന്ദ്നി ചൗക്കിലേക്ക് കാർ വിട്ടു.

വെയിൽ കത്തിയെരിയുന്നു. താർ ഉരുകുന്നു നിരത്തിൽ. ഭാരം വലിക്കുന്ന കുതിരകൾ ക്ഷീണിച്ചു കിതയ്ക്കുന്നു. പന്നികൾ നിഴലുകൾ അന്വേഷിച്ചു മേയുന്നു. ജനം ഒഴുകുന്നു. ചാന്ദ്നി ചൗക്ക് എന്ന പൂരമ്പറമ്പിന് വെളിയിൽ കാർ നിർത്തി. അദ്ദേഹം തത്തകളെ അന്വേഷിച്ചു അലഞ്ഞു. മോത്തി സിനിമയുടെ മുമ്പിൽ ഒരു തത്തക്കട കണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ മിന്നിത്തിളങ്ങി. ഇടുങ്ങിയ കട

X Std Malayalam Reader.indb 14 5/22/2019 9:48:01 AM



നിറയെ കൂടുകൾ. കൂടുകളിൽ എണ്ണമറ്റ തത്തകൾ.

'തത്തയ്ക്കെന്താണ് വില?'

'ഒന്നിനു മൂന്നുറുപ്പിക. മൂന്നിന് എട്ടുറുപ്പിക.'

"നിന്റെ തത്തകളെ മുഴുവൻ എനിക്കു തരിക. എത്ര പണം വേണം?'

അവൻ തത്തകളെ എണ്ണി. നൂറിലധികമുണ്ട്.

അദ്ദേഹം കീശയിൽ കൈയിട്ടു. ഏതാനും ഒറ്റനോട്ടുകൾ മാത്രം. കാറിൽ ചെന്നു ചെക്കുബുക്കെടുത്തു എഴുതിക്കൊടുത്തു.

തുറിച്ച കണ്ണുകളോടെ തത്തയുടമസ്ഥൻ നോക്കിനില്ക്കവേ അദ്ദേഹം കൂടുകൾ ഒന്നൊന്നായി തുറന്ന് തത്തകളെ മോചിപ്പിച്ചു. കൂടുകൾ തുറന്നു തത്തകളെ വാരിയെടുത്ത് മുകളിലേക്കെറിഞ്ഞു. കൂടുകൾ തുറന്നുതുറന്നു കമ്പികൾ തറച്ച് കൈകൾ മുറിഞ്ഞ് ചോരയൊഴുകി. സ്വാതന്ത്ര്യം കിട്ടിയ നിരവധി തത്തകൾ ചാന്ദ്നി ചൗക്കിനു മുകളിൽ പറന്നു കളിച്ചു. കിതച്ചു കൊണ്ടു ചോരയൊഴുകുന്ന കൈകളോടെ അദ്ദേഹം വീണ്ടും അലഞ്ഞുനടന്നു. തത്തകളെ അന്വേഷിച്ചുകൊണ്ട്.

X Std Malayalam Reader.indb 15 5/22/2019 9:48:02 AM

ദരിയാഗഞ്ചിലും അജ്മീരി ഗെയിറ്റിലും സബ്ജിമണ്ടിയിലും അദ്ദേഹമലഞ്ഞു. സൂര്യൻ മറഞ്ഞു. ഇരുട്ടുവീണു. ബ്രിഡ്ജിനരികിൽ എവിടെയോ നിർത്തിയിരുന്ന കാറന്വേഷിച്ച് അദ്ദേഹം നടന്നു. ഗൗണിൽ ചോരക്കട്ട പറ്റിയിരുന്നു. ഒരു കാലിലേ ചെരുപ്പുള്ളു. നടക്കുമ്പോൾ ഒരു കുതിരയെപ്പോലെ കിതച്ചിരുന്നു. കാലുകൾ കുഴഞ്ഞു. കത്താത്ത ഒരു വിളക്കുകാലിനു ചുവട്ടിൽ കാർ കണ്ടുപിടിച്ചു. അദ്ദേഹം ഡോർ തുറന്ന് അതിനുള്ളിൽ വീണു. സ്റ്റിയറിംഗിൽ മുഖം ചേർത്തു കിടന്നു. കാറിനെ ഇരുട്ടുമൂടി. ഒരു ചെറിയ ശബ്ദത്തോടെ അദ്ദേഹം രക്തം ഛർദ്ദിച്ചു. അദ്ദേഹം കാറിൽ മരിച്ചുവീണു.

അദ്ദേഹം സ്വാതന്ത്ര്യം നൽകിയ എണ്ണമറ്റ തത്തകൾ നക്ഷത്രവെളിച്ചത്തിൽ നഗരത്തിനുമുകളിൽ പറന്നു കളിച്ചു.

X Std Malayalam Reader.indb 16 5/22/2019 9:48:02 AM

ഭാഗം 2

അറിവും തിരിച്ചറിവും



പഠനലക്ഷ്യങ്ങൾ

- കാരുണ്യവാത്സല്യമേളനത്തിന്റെ കാവ്യചാരുത തിരിച്ചറിയൽ
- യുക്തിക്കതീതമായ വിചാരങ്ങളുടെ കഥാവിഷ്കാരഭംഗി അറിയൽ

പാഠഭാഗങ്ങൾ

പദ്യം	:	ശിഷ്യനും മകനും	- വള്ളത്തോൾ നാരായണ മേനോൻ
ഗദ്യം	:	ആശാൻ എന്ന മാനി	- എം.ആർ. ബി
ഉപപാഠം	:	ഉമ്മിണി വല്യ ഒന്ന്	- വൈക്കം മുഹമ്മദ് ബഷീർ

X Std Malayalam Reader.indb 17 5/22/2019 9:48:03 AM

പദ്യം

ശിഷ്യനും മകനും

-വള്ളത്തോൾ നാരായണ മേനോൻ



വള്ളത്തോൾ നാരായണ മേനോൻ [1878-1958]: പൊന്നാനി താലൂക്കിൽ വള്ളത്തോൾ തറവാട്ടിൽ ജനിച്ചു. ആധുനിക മലയാളകവിത്രയത്തിൽപ്പെട്ട വള്ളത്തോൾ കേരളത്തിന്റെ ദേശീയകവിയുമാണ്. ഭാവനയെയും യാഥാർത്ഥ്യത്തെയും സമന്വയിപ്പിച്ചു കൊണ്ട് കാവ്യരചന നടത്തി. ചിത്രയോഗമാണ് അദ്ദേഹത്തിന്റെ മഹാകാവ്യം. മഗ്ദല നമറിയം, അച്ഛനും മകളും, ശിഷ്യനും മകനും, കൊച്ചുസീത, ബന്ധനസ്ഥനായ അനിരുദ്ധൻ തുടങ്ങിയ ഖണ്ഡകാവ്യങ്ങളും പതിനൊന്ന് ഭാഗമുള്ള സാഹിത്യമഞ്ജരിയും പ്രധാന കൃതികളാണ്.

ശിവന്റെ പ്രിയശിഷ്യനായ പരശുരാമൻ ഒരു ദിവസം അദ്ദേഹത്തെ കാണാനായി കൈലാസത്തിലെത്തുന്നു. എന്നാൽ അച്ഛൻ വിശ്രമിക്കുകയാണെന്നും അൽപം കഴിഞ്ഞേ കാണാനാവൂ എന്നും പറഞ്ഞ് ഗണപതി പരശുരാമനെ തടഞ്ഞു. തുടർന്നുണ്ടായ വഴക്കിൽ പരശുരാമൻ ഗണപതിയുടെ ഒരു കൊമ്പ് മുറിച്ചു കളഞ്ഞു. ശിവന്റെ പരിവാരങ്ങളുടെ ആർത്തശബ്ദം കേട്ട് ശിവനും പാർവതിയും അങ്ങോട്ടെത്തി. ചോരയിൽ കുളിച്ചു നിൽക്കുന്ന മകനെ കണ്ടപ്പോൾ പാർവതിക്ക് കോപമടക്കാനായില്ല. വികാരധീനയായി പാർവതി ശിവനുനേരെ നടത്തുന്ന വിമർശനമുൾക്കൊള്ളുന്ന പദ്യഭാഗം ശിഷ്യനും മകനും എന്ന ഖണ്ഡകാവ്യത്തിൽ നിന്നെടുത്തതാണ്.

കൊമ്പൊന്നു പോയ്ച്ചോരയിലാണ്ടു നിൽക്കും
ഗജാസ്യനെക്കണ്ടതിസംഭ്രമത്താൽ,
'എന്തെ, ന്തിതെ'ന്നീശ്വരപത്നിപാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽവെച്ചു.

X Std Malayalam Reader.indb 18 5/22/2019 9:48:03 AM

തൃക്കാൽക്കൽ വീണിടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീർന്ന തനൂജനേയും,
കാരുണ്യവാത്സല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ.

ആൾക്കാരുമായ്ഗ്ഗൗരി പരിക്കുപെട്ട
പുത്രന്നു വേണ്ടും പരിചര്യചെയ്കെ,
അഭിജ്ഞനാം ഷൺമുഖനച്ഛനമ്മ-
മാരെഗ്രഹിപ്പിച്ചു നടന്നതെല്ലാം.

ഉടൻ മഹാദേവി, യിടത്തുകൈയാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,-
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി,-
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു:-



X Std Malayalam Reader.indb 19 5/22/2019 9:48:04 AM

“കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം;
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി-
യെന്നാലതും നൽകിയനുഗ്രഹിയ്ക്കാം!

മകൻ പരിക്കേറ്റു മരിയ്ക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ!
‘രാമൻ ജഗൽസത്തമനാണു’ പോലും
വിദ്യാർപണം പാത്രമറിഞ്ഞുവേണം!

“തായ്തീർക്കുവാൻ തക്കൊരു നല്ലകൊമ്പു
യാതൊന്നിൽനിന്നോ മഴുവിന്നുകിട്ടീ,
അശ്ശാഖിയെത്തന്നെയതാശുവെട്ടി
വീഴ്ത്തുന്നു കാർത്തജ്ഞ വിജൃംഭിതത്താൽ:-”

എന്തൊക്കെയോ ഹന്ത, കഥിച്ചു വീണ്ടും
സുതാംഗഭംഗാർദ്ദിതയായ ദേവി;
ഭർത്താവതിന്നുത്തരമൊന്നുമോതീ-
ലു;ൽക്കണ്ഠ പാർശ്വസ്ഥിതർ പാഴിലേന്തി!

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം,
സുതാംഗവൈകല്യമൊരുഗ്രശല്യം-
സർവ്വജ്ഞനെന്നാലുമതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

X Std Malayalam Reader.indb 20 5/22/2019 9:48:04 AM

അഭ്യാസം

I. പദപരിചയം

ഗജാസ്യൻ, സംഭ്രമം, അങ്കതലം, കൃത്താംഗൻ, തനൂജൻ, കലേശചൂഡൻ, ഗൗരി, പരിചര്യ, അഭിജ്ഞൻ, ഷൺമുഖൻ, പാർശ്വസ്ഥൻ, ഇദാനീം, ജഗൽസത്തമൻ, അർപണം, തായ്, ശാഖി, കർത്തജ്ഞവിജ്രംഭിതം, കഥിക്കുക, സുതൻ, സർവജ്ഞൻ, ചിന്താവശൻ, മഹേശൻ

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വള്ളത്തോളിന്റെ മഹാകാവ്യമാണ്

   അ. ശിഷ്യനും മകനും

   ആ. അച്ഛനും മകളും

   ഇ. ചിത്രയോഗം

   ഈ. കൊച്ചുസീത

2. ആരാണ് ശിവനെ കാണാൻ കൈലാസത്തിലേക്ക് പോയത്?

   അ. ശ്രീരാമൻ

   ആ. പരശുരാമൻ

   ഇ. ശ്രീകൃഷ്ണൻ

   ഈ. നാരദൻ

3. കൊമ്പൊടിഞ്ഞ് ചോരയിലാണ്ടു നിന്നത് ആര്?

   അ. ഗണപതി

   ആ. സുബ്രഹ്മണ്യൻ

   ഇ. വിരഭദ്രൻ

   ഈ. രാമൻ

4. ശിവനോട് കയർത്ത് സംസാരിച്ചത് ആര്?

   അ. പാർവതി

   ആ. സുബ്രഹ്മണ്യൻ

   ഇ. ഗണപതി

   ഈ. പരശുരാമൻ

X Std Malayalam Reader.indb 21 5/22/2019 9:48:04 AM

III. ഉത്തരമെഴുതുക

1. എന്ത് കണ്ടാണ് പാർവതി അതിസംഭ്രമയാർന്നത്?
2. ശിവൻ എങ്ങനെയാണ് ശിഷ്യനേയും മകനേയും നിരീക്ഷിച്ചത്?
3. പാർവതി എന്തൊക്കെയാണ് ശിവനോട് പറഞ്ഞത്?
4. ശിവൻ ചിന്താവശനാവാൻ കാരണമെന്ത്?
5. ശിഷ്യനും മകനും എന്ന കാവ്യഭാഗത്തെ ആശയം സ്വന്തം വാക്യത്തിലെഴുതുക

X Std Malayalam Reader.indb 22 5/22/2019 9:48:04 AM

ഗദ്യം

ആശാൻ എന്ന മാനി

-എം.ആർ. ബി

എം ആർ ഭട്ടതിരിപ്പാട് [1908 - 2001]: മലപ്പുറം ജില്ലയിൽ വന്നേരിമുല്ലമംഗലത്ത് ജനിച്ചു. സാഹിത്യ സാമൂഹികരംഗത്ത് സജീവസാന്നിദ്ധ്യമായിരുന്നു. മറക്കുടക്കുള്ളിലെ മഹാനരകം, വാൽക്കണ്ണാടി, എം.ആർ.ബി. യുടെ കഥകൾ, ഉപന്യാസങ്ങൾ, എന്നിവയാണ് പ്രധാന കൃതികൾ. നമ്പൂതിരി സമുദായത്തിലനുമായിരുന്ന വിധവാവിവാഹം സ്വജീവിതത്തിൽ നടപ്പിലാക്കിയ സാമൂഹ്യപരിഷ്കർത്താവാണ് എം. ആർ. ബി. 'എം. ആർ ബിയുടെ ഉപന്യാസങ്ങൾ' എന്ന കൃതിയിൽ നിന്നെടുത്തതാണ് ആശാൻ എന്ന മാനി. ഈ ലേഖനത്തിൽ മഹാകവി കുമാരനാശാന്റെ സ്വാതന്ത്ര്യബോധത്തെയും മനുഷ്യാവസ്ഥയുടെ നശ്വരതയെക്കുറിച്ചുള്ള കാവ്യവിചാരത്തെയും മനസ്സാ പ്രണമിക്കുകയാണ് ലേഖകൻ.



ഒറ്റക്കണ്ണനായ പകലവൻ അസ്തമിച്ചു. സഹസ്രാക്ഷനായ രാത്രി വന്നു. ഞാൻ തേക്കിൻകാട്ടിലൂടെ പടിഞ്ഞാട്ടു നടന്നു. വാദ്യങ്ങളോടും വെടിക്കെട്ടുകളോടും കൂടി മെല്ലെമെല്ലെ വിദ്യാർഥി കോർണറിലെ ബഹുജനസമുദ്രത്തിൽ ഒലിച്ചുവന്നുവിലയിച്ച ഘോഷയാത്രയിൽ ഉയർന്നു നിൽക്കുന്ന രൂപത്തിന്മേൽ എന്റെ കണ്ണുകൾ ചെന്നുപതിഞ്ഞു. അദ്ദേഹം മന്ത്രിക്കുന്നുണ്ടോ?

"ഒരു നിശ്ചയമില്ലയൊന്നിനും

വരുമോരോ ദശ, വന്ന പോലെ പോം

വിരയുന്നു മനുഷ്യനേതിനോ

തിരിയാ ലോകരഹസ്യമാർക്കുമേ."

ഇത്ര വിപുലവും ആർഭാടപൂർണവുമായ രീതിയിൽ ഒരു കവിയുടെ ലോഹപ്രതിമയെ എന്നെങ്കിലും ഇവിടെ സ്വാഗതം ചെയ്തിട്ടുണ്ടോ? ഇല്ലെന്നു തീർച്ചയാണ്. യു.എൻ.ഒ. പോലും ഈ കേരളീയകവിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്നുവെന്നത് ടാഗോറിന്റെ 'ഗീതാഞ്ജലി'ക്ക് നോബൽപ്രൈസ് കിട്ടിയ ശേഷം നമുക്കുണ്ടായ ഏറ്റവും വലിയ രോമഹർഷമല്ലയോ? ബംഗാളികവിതയെന്നപോലെ മലയാള കവിതയും ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചുനിൽക്കുന്ന ഈ സന്ധ്യാമുഹൂർത്തത്തിൽ ഞാൻ ഒന്നു മേലോട്ടു നോക്കി. സഹസ്രാക്ഷനായ ആകാശം ശാശ്വതികത്വത്തിന്റെ കിരണങ്ങൾകൊണ്ട് കൊരുത്തെടുത്ത കോമളഹാരങ്ങൾ അർപ്പിക്കുകയാണ് ആശാൻപ്രതിമയുടെ കഴുത്തിൽ! ഗ്രാമീണവൃക്ഷത്തിന്മേലിരുന്നു കൂവിയ കുയിലിന്റെ വിഷാദമധുരമായ സംഗീതം എന്റെ ഹൃദയത്തിൽ ഉറന്നുപൊന്തി. ആയിരമായിരം

X Std Malayalam Reader.indb 23 5/22/2019 9:48:04 AM



വീണപൂക്കൾ സൗരഭ്യം വീണ്ടെടുത്തു കൂട്ടം കൂട്ടമായി പറന്നു വന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ നമസ്ക്കരിക്കുന്നുണ്ടോ?

അല്ല! വിദ്യാർഥികോർണറിൽ കവിസമ്മേളനം തുടങ്ങുകയാണ്. നമ്മുടെ പ്രിയപ്പെട്ട ജീവൽക്കവികളായ കുഞ്ഞിരാമൻനായർ, ഇടശ്ശേരി, വൈലോപ്പിള്ളി, അക്കിത്തം മുതലായവരെല്ലാം അക്കൂട്ടത്തിലുണ്ട്. അവരിൽനിന്നുതിർന്നുവീണ പൂക്കളുടെ സൗരഭ്യമാണ് എന്റെ ഉള്ളിൽ സ്വാദിഷ്ടങ്ങളായി തത്തിക്കളിക്കുന്നത്.

"കാണാതെ പോയ് പല്ലനയാറ്റിൽ മുങ്ങി-

മരിച്ച നാളോളമിവൻ സുഖത്തെ;

അദ്ദാരുണാന്തർഗതപീഡയാൽ കൈ-

വരിച്ചതാണീയമരത്വസൗഖ്യം"

ആശാൻകവിതയിൽ ഓളംവെട്ടുന്ന, സ്വന്തം ഹൃദയത്തിലെ ദാരുണസംഘർഷങ്ങളുടെ സത്യസന്ധമായ ബഹിഃസ്ഫുരണങ്ങളാണ് ആ മഹാകവിക്ക് ഇന്നു ലഭിക്കുന്ന ഈ അചോദ്യമായ ആദരാതിരേകത്തിന്റെ കാരണമെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ എതിരാളികൾക്കുപോലും സംശയമുണ്ടാവില്ല- അങ്ങനെ ആരാനുമുണ്ടെങ്കിൽ.

X Std Malayalam Reader.indb 24 5/22/2019 9:48:04 AM



മടങ്ങിപ്പോരുമ്പോൾ എന്റെ മനസ്സ് ആശാൻകവിതയുടെ അഭൗമലോ കത്തിലൂടെ പറക്കുകയായിരുന്നു.

“സ്ഫുടതാരകൾ കൂരിരുട്ടിലു-

ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ

ഇടർ തീർപ്പതിനേകഹേതുവ-

ന്നിടയാമേതു മഹാവിപത്തിലും.”

ജീവിതം ഒരു കൂരിരുട്ടാണ്, സമുദ്രമാണ്. എങ്കിലും ഇരുട്ടിൽ നക്ഷത്രങ്ങളും സമുദ്രത്തിൽ ദ്വീപുകളുമുണ്ട്. ഇതെല്ലാം നമുക്കറിയാം. പക്ഷേ, ഈ പച്ചപ്പരമാർഥം പറയുമ്പോൾ അതിൽ കവിതയുടെ നന്തുണിനാദം കലർത്തുന്നതെങ്ങനെ? ആശാനെപ്പോലെ രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യാനാഗ്രഹിച്ച ഒരാത്മാവിനേ അതറിയൂ. ‘ചിന്താവിഷ്ടയായ സീത’യിൽ അദ്ദേഹം ദുഃഖിച്ചത് ധർമ്മഭ്രംശത്തെച്ചൊല്ലിയാണ്:

“ഒരുവേള പഴക്കമേറിയാ-

ലിരുളും മെല്ലെ വെളിച്ചമായ് വരാം

ശരിയായ് മധുരിച്ചിടാം സ്വയം

പരിശീലിപ്പൊരു കയ്പുതാനുമേ.”

X Std Malayalam Reader.indb 25 5/22/2019 9:48:05 AM

സുഖം എന്നത് അസുഖകരമായതിനെ മെരുക്കുന്നതിൽനിന്നു മാത്രമേ ലഭിക്കൂ എന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു. 'നളിനി'യെടുത്തു മലർത്തി നോക്കൂ, 'ലീല'യെടുത്തു മലർത്തിനോക്കൂ. സുഖത്തെക്കുറിച്ച് ആശയേയുള്ളൂ, സുഖം ഒരിടത്തുമില്ല. സ്നേഹമുണ്ട്, അതു മനോഹരവുമാണ്. പക്ഷേ, നിഷ്ഫലം. ആശാന്റെ വലത്തേ കണ്ണിലെ അശ്രുബിന്ദുവാണ് 'നളിനി'യെങ്കിൽ മറ്റേതിലെ അശ്രു ബിന്ദുവാണ് 'ലീല'. അതുരണ്ടും തുടച്ചു മാറ്റിക്കൊണ്ടാണ് അദ്ദേഹം ഗുരുനിർവിശേഷ നായ രാജരാജവർമ്മയുടെ ശ്മശാനത്തിലെത്തിച്ചേർന്നത്. കരയരുതെന്നു വിചാരിച്ചു. എന്നിട്ടും കണ്ണീർ വീണ്ടും ഉറന്നുവന്നു. ആ കണ്ണീർ അദ്ദേഹം തുടച്ചതിങ്ങനെയാണ്: 'ഇവിടമാണധ്യാത്മവിദ്യാലയം'. കരുണയുടെ അന്ത്യത്തിൽ ആ കണ്ണീർ വീണ്ടും ഉതിർന്നു. അതു വറ്റുകയുണ്ടായില്ല.

ആശാൻ തുടച്ചുകളഞ്ഞിട്ടും വറ്റാത്ത കണ്ണുനീർത്തുള്ളി മലയാളസാഹിത്യത്തിൽ നൽകിയ ആർദ്രത ഇന്നും അവശേഷിക്കുന്നു. ഒരുപക്ഷേ, പതിന്മടങ്ങു പ്രകാശത്തോടുകൂടി നാലപ്പാടനിലൂടെ സ്ഫുടീഭവിച്ച ആ പ്രകാശം വിലയേറിയ ഒരു രത്നമായി മാറി. ഇന്നത്തെ ശ്രദ്ധേയരായ കവികളിൽ എല്ലാവരിലും ആ പ്രകാശം തനതായ വ്യക്തിത്വത്തോടുകൂടി പൊട്ടിത്തഴച്ചുനിൽക്കുന്നത് നമുക്കു കാണാം.

അപ്പോൾ "മാറ്റുവിൻ ചട്ടങ്ങളെ' എന്നനുശാസിച്ച ആശാൻ ആദ്യം ചെയ്തത് മലയാള കവിതയിലെ അന്തസ്സാരശൂന്യത എന്ന ചട്ടം മാറ്റുകയാണ്. ഒരു പുതിയ സംവേദനപാരമ്പര്യം ഒരു ഭാഷയിൽ മുഴുവൻ വിതച്ചു വിളയിക്കുക എന്നതു ചില്ലറക്കാര്യമല്ല. തിരുവനന്തപുരം സർവകലാശാലാ ഗേറ്റിൽ സ്ഥാപിക്കപ്പെടുന്നതിന്നു മുമ്പുതന്നെ മനുഷ്യഹൃദയങ്ങളിൽ ഈ ലോഹപ്രതിമ സ്ഥാപിതമായിത്തീരാൻ കാരണം അതാണ്.

"സ്വാതന്ത്ര്യംതന്നെയമൃതം

സ്വാതന്ത്ര്യംതന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്ക്

മൃതിയേക്കാൾ ഭയാനകം."

ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിക്കുന്ന ആ വരികളിലെ മാനി എന്ന വാക്കിനുമുമ്പിൽ ഞാൻ ചിന്താമൂകനായി നിൽക്കുന്നു. അപ്പോഴാണ് ആ വാക്കിനു നേരെ വലതുകൈയിലെ ചൂണ്ടാണിവിരൽ ഉയർത്തിപ്പിടിച്ച പ്രതിമ വീണ്ടും എന്റെ മനക്കണ്ണിൽ തെളിയുന്നത്.

X Std Malayalam Reader.indb 26 5/22/2019 9:48:05 AM

അഭ്യാസം

I. പദപരിചയം

സഹസ്രാക്ഷൻ, പകലവൻ, ശാശ്വതികത്വം, പാദാരവിന്ദം, അമരത്വം, ആദരാതിരേകം, ധർമ്മഭ്രംശം,അശ്രുബിന്ദു, അന്തസ്സാരശ്ശൂന്യത, നന്തുണിനാദം, പച്ചപ്പരമാർഥം, സംവേദനം

II. വാക്യത്തിൽ പ്രയോഗിക്കുക.

ബഹുജനം, അർപ്പിക്കുക, ചിന്താമൂകൻ

III. വിപരീതപദമെഴുതുക.

പൂർണ്ണം, അഭൗമം, സുഖം, ഫലം, സ്വാതന്ത്ര്യം,

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഏതു കവിയുടെ ജന്മശതാബ്ദി ആഘോഷമാണ് യു.എൻ.ഒ നടത്തിയത്?

   അ കുമാരനാശാൻ

   ആ. കേരളവർമ്മ

   ഇ. ജി. കുമാരപിള്ള

   ഈ. വെണ്ണിക്കുളം

2. ടാഗൂറിന്റെ ഏത് കൃതിക്കാണ് നോബൽപ്രൈസ് ലഭിച്ചത്?

   അ. ഗീതാഞ്ജലി

   ആ. കാബൂളിവാല

   ഇ. അതിഥി

   ഈ. മാനസി

V. ഉത്തരമെഴുതുക.

1. ആശാന്റെ ഏതെല്ലാം കൃതികളാണ് എം. ആർ. ബി പരാമർശിക്കുന്നത്?
2. കുമാരനാശാനെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക?

X Std Malayalam Reader.indb 27 5/22/2019 9:48:05 AM

ഉപപാഠം

ഉമ്മിണി വല്യ ഒന്ന്

– വൈക്കം മുഹമ്മദ് ബഷീർ

വൈക്കം മുഹമ്മദ് ബഷീർ [1908 – 1994]: തലയോലപ്പറമ്പിൽ ജനിച്ചു. ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് എന്നിവയാണ് പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമിയുടെ ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ബഷീറിന്റെ ബാല്യകാലസഖി നോവലിലെ ഒരു ഭാഗമാണ് ഉമ്മിണി വല്യ ഒന്ന്. മജീദിന്റെയും സുഹറയുടെയും ബാല്യകാല അനുഭവങ്ങളിലൂടെയുള്ള സഞ്ചാരമാണ് ഈ കൃതി.



സുഹ്റാ കണക്കിൽ മിടുക്കിയായിരുന്നു. വാധ്യാർ അവളെ പുകഴ്ത്തുകയും മജീദിനെ അടിക്കുകയുമായിരുന്നു പതിവ്. കണക്കുകളെ സംബന്ധിച്ചിടത്തോളം മജീദിന് ആകപ്പാടെ ഒരു അങ്കലാപ്പാണ്. എത്ര ശ്രമിച്ചാലും ഒന്നും ശരിയാകുകയില്ല.

'മണ്ടശ്ശിരോമണി' എന്നാണ് മജീദിനെ വാധ്യാർ വിളിക്കുക. ഹാജർ വിളിക്കുന്നതും അങ്ങനെയാണ്. അതിൽ ആർക്കും ഒരു പരാതിയുമില്ല. മജീദ് മണ്ട നാണ്. അതുകൊണ്ട് അവൻ കുട്ടികളുടെ ഇടയ്ക്കിരുന്ന് ഉച്ചത്തിൽ വിളി കേൾക്കും :

"ഹാജേ.....ർ."

"ഒന്നും ഒന്നും എത്രയാണെടാ?"

ഗുരുനാഥൻ ഒരിക്കൽ മജീദിനോടു ചോദിച്ചു. ഒന്നും ഒന്നും രണ്ടാണെന്നുള്ളതു ലോകപ്രസിദ്ധമാണല്ലോ. പക്ഷേ, അതിന് മജീദ് പറഞ്ഞ അത്ഭുതകരമായ സമാധാനം കേട്ട് ഗുരുനാഥൻ പൊട്ടിച്ചിരിച്ചുപോയി. ക്ലാസ് ആകെ ചിരിച്ചു. മജീദ് പറഞ്ഞ സമാധാനം പിന്നീട് അവന്റെ പരിഹാസപ്പേരുമായിത്തീർന്നു. ആ ഉത്തരം പറയുന്നതിനു മുമ്പ് മജീദ് ആലോചിച്ചു: രണ്ടു നദികൾ സമ്മേളിച്ചു കുറച്ചുകൂടി തടിച്ച ഒരു നദിയായി ഒഴുകുന്നതുപോലെ, രണ്ട് ഒന്നുകൾ ഒരുമിച്ചു ചേരുമ്പോൾ കുറച്ചുകൂടി വണ്ണം വച്ച ഒരു വലിയ ഒന്ന് ആയിത്തീരുന്നു. അങ്ങനെ കണക്കു കൂട്ടി സാഭിമാനം മജീദ് പ്രസ്താവിച്ചു:

"ഉമ്മിണി വല്യ ഒന്ന്!"

X Std Malayalam Reader.indb 28 5/22/2019 9:48:05 AM



അങ്ങനെ കണക്കുശാസ്ത്രത്തിൽ ഒരു പുതിയ തത്ത്വം കണ്ടുപിടിച്ചതിന് മജീദിനെ അന്നു ബഞ്ചിൽ കയറ്റി നിർത്തി.

"ഉമ്മിണി വല്യ ഒന്ന്!" എല്ലാവരും അവനെ നോക്കി ചിരിച്ചു. എന്നിട്ടും മജീദ് സമ്മതിച്ചില്ല, ഒന്നും ഒന്നും രണ്ടാണെന്ന്. ആയതിനാൽ അത്ഭുതകരമായ ആ ഉത്തരത്തിന്റെ പ്രതിഫലമെന്നോണം ആറു ചുട്ട അടി മജീദിന്റെ കൈവെള്ളയിൽ വച്ചു കൊടുത്തിട്ട് എല്ലാംകൂടി സാമാന്യം ഭേദപ്പെട്ട ഒരു വലിയ അടിയായി വിചാരിച്ചുകൊള്ളാൻ അധ്യാപകൻ മജീദിനോട് പറയുകയും ചെയ്തു.

അതിനുശേഷം സഹപാഠികൾ അവനെ കാണുമ്പോൾ തമ്മിൽത്തമ്മിൽ പറയും:

"ഉമ്മിണി വല്യ ഒന്ന്"

ആ പരിഹാസവും അതിനു കാരണമായ സംഗതിയും മജീദിനെ വളരെ വേദനപ്പെടുത്തി. അവൻ പറഞ്ഞത് പരമസത്യമാണ്. പക്ഷേ, ആരും അത് വിശ്വസിക്കാത്തതെന്ത്? ഒരുപക്ഷേ, തെറ്റായിരിക്കാം. മജീദ് തനിമണ്ടനായിരിക്കാം. സഹിക്കവയ്യാത്ത സങ്കടത്തോടെ മജീദ് ചെന്ന് ഉമ്മയോട് ആവലാതി പറഞ്ഞു.മാതാവ് കനിവോടെ ഉപദേശിച്ചു, സങ്കടമെല്ലാം പടച്ചവനെ അറിയിക്കുവാൻ.

'റബ്ബുൽ ആലമീൻ, ഒർത്തർടെം അപേക്ഷ തള്ളിക്കളകേല മോനേ!" അതനുസരിച്ച് ആ പിഞ്ചുഹൃദയം പ്രപഞ്ചസ്രഷ്ടാവായ ജഗന്നിയന്താവിനോടു ഹൃദയപൂർവം അപേക്ഷിച്ചു: "

"എന്റെ റബ്ബേ, എന്റെ കണക്കുകളെല്ലാം ശരിയാക്കിത്തരണേ!"

അതായിരുന്നു മജീദിന്റെ ആദ്യത്തെ പ്രാർഥന. രാവും പകലും മജീദ് പ്രാർഥിക്കും. എന്നിട്ടും കണക്കുകൾ എല്ലാം തെറ്റുകയാണു ചെയ്തത്. മജീദ് വളരെ അടിയും കൊണ്ടു. കൈവെള്ള എപ്പോഴും വിങ്ങും. അവനു സഹിക്കാൻ കഴിയുന്നില്ല. സംഗതികളൊക്കെ മജീദ് സുഹ്റായോടു പറഞ്ഞു. അതു വളരെ പിണക്കങ്ങൾക്കു ശേഷമാണ്. 'ഉമ്മിണി വല്യ ഒന്ന്' ആയതിനു ശേഷം മജീദ് ആരോടും മിണ്ടുകയില്ലായിരുന്നു. അടുത്ത ബെഞ്ചിൽ ഇരുന്ന് സുഹ്റാ നോക്കും. മജീദ് മുഖം തിരിച്ചുകളയും. ഒടുവിൽ മജീദ് മിണ്ടി. സുഹ്റാ ചിരിച്ചു. അവൾ സ്ഥലം മാറി ഇരുന്നു. മജീദിന്റെ തൊട്ടടുത്ത് ബെഞ്ചിന്റെ അറ്റത്തായി അവളുടെ ഇരുപ്പ്. അതോടെ മജീദ് അടികൊള്ളാതായി. അത്ഭുതകരമായി അവന്റെ കണക്കുകൾ ഒക്കെ ശരി!

X Std Malayalam Reader.indb 29 5/22/2019 9:48:07 AM

"അമ്പടാ?' അധ്യാപകൻ അത്ഭുതപ്പെട്ടു. "ഞാൻ വിചാരിച്ചതുപോലെ നിന്റെ തലയ്ക്കുള്ളിൽ മുഴുവനും കളിമണ്ണല്ല!"

അങ്ങനെ ഗുരുനാഥന്റെ സ്തുതിവചനങ്ങൾ മജീദിന്റെ പരിഹാസപ്പേരിനെ മാച്ചു കളഞ്ഞു. കുട്ടികൾ അസൂയയോടെ പറയും:

"മജീദാണു ക്ലാസ്സിലെ ഒന്നാമൻ!"

അതു കേൾക്കുമ്പോൾ സുഹ്റാ പുഞ്ചിരിതൂകും. അതിന്റെ പൊരുൾ മറ്റാർക്കും മനസ്സിലായിരുന്നില്ല. മജീദിന്റെ കണക്കുകൾ ശരിയാകുന്നതിന്റെ രഹസ്യം സുഹ്റായുടെ മന്ദഹാസത്തിൽ ഒളിഞ്ഞുകിടന്നിരുന്നു.

കണക്കുകൾ ചെയ്യാൻ കുട്ടികളൊക്കെ എണീറ്റു മുഖത്തോടുമുഖം നോക്കി നിൽക്കുമ്പോൾ മജീദിന്റെ ഇടത്തെ കണ്ണ് സുഹ്റായുടെ സ്ലേറ്റിൽ ആയിരിക്കും. അവളുടേത് മജീദും പകർത്തും. കണക്കു ചെയ്തു തീർന്നാലും അവൾ ഇരിക്കുകയില്ല. ആദ്യം മജീദ് ഇരിക്കണം!

പള്ളിക്കൂടത്തിൽനിന്ന് അവർ ഒരുമിച്ചു വീടുകളിലേക്കു വരുന്ന സമയത്തു മറ്റാരും കേൾക്കാതെ മജീദിനെ സുഹ്റാ കളിയാക്കും. പലതും ഓർത്ത് സുഹ്റാ മന്ദഹസിക്കും. എന്നിട്ടു മന്ത്രിക്കും

"ഉമ്മിണി വല്യ ഒന്ന്." അപ്പോൾ മജീദിന്റെ ദേഷ്യം മുഴുവനും ഒറ്റ വാക്കിൽ ഉൾക്കൊള്ളിച്ചു കൊണ്ട് അവൻ പറയും: 'രാജകുമാരി!'

അതുകേട്ട് വെള്ളിമണിയുടെ മന്ത്രധ്വനിപോലെ ശോകമധുരമാംവണ്ണം ചിരിച്ചുകൊണ്ട് അവൾ വിരലുകളിലേക്കു നോക്കും. ആ നഖങ്ങളൊക്കെ ഭംഗിയായി മുറിച്ചതാണ് . വെടിപ്പിനും വൃത്തിക്കും സ്കൂളിലെ ഉത്തമമാതൃകയാണ് അവൾ. മജീദിന്റെ വസ്ത്രങ്ങളിൽ എന്നും മഷിയും കറയും പുരണ്ടിരിക്കും .



അവൻ നാട്ടിലുള്ള മാവുകളിലൊക്കെ വലിഞ്ഞുകയറും, അവയുടെ ഉച്ചിയിലെ ചില്ലക്കൊമ്പുകളിൽ പിടിച്ച് ഇലപ്പടർപ്പുകളുടെ മീതേക്കൂടി അനന്തമായ ലോകവിശാലതയിൽ നോക്കുക അവന് ഒരു രസമാണ്. ചക്രവാളത്തിന് അപ്പുറത്തുള്ള ലോകങ്ങൾ കാണുവാൻ അവനു കൊതിയാണ്. ഭാവനയിൽ മുഴുകി അവൻ വൃക്ഷത്തിന്റെ ഉച്ചിയിൽ നിൽക്കുമ്പോൾ അടിയിൽ നിന്ന് സുഹ്റാ വിളിച്ചുചോദിക്കും:

"മക്കം കാണാവോ ചെറ്ക്കാ?"

മജീദ് അതിനുത്തരമായി, ഉയരെ മേഘങ്ങളോടു പറ്റിച്ചേർന്നു പറക്കുന്ന പരുന്തുകളുടെ പാട്ട് എന്നു വിശ്വസിക്കുന്ന വരികൾ സ്വരമാധുര്യത്തോടെ ഉരുവിടും:

"മക്കം കാണാം, മദീനത്തേ പള്ളി കാണാം!"

X Std Malayalam Reader.indb 30 5/22/2019 9:48:08 AM

ഭാഗം 3

കർമ്മവും ജീവിത മൂല്യങ്ങളും



പഠനലക്ഷ്യങ്ങൾ

- കർമ്മനിരതമായ ജീവിതയാത്രയുടെ സൗന്ദര്യം ആസ്വദിക്കൽ
- മൂല്യാധിഷ്ഠിത ജീവിതത്തിന്റ സാമൂഹ്യ പ്രസക്തി മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	നാഴികക്കല്ലുകൾ	- വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
ഗദ്യം	:	എഞ്ചുവടിയും മനക്കണക്കും	- ഡോ വി. പി ഗംഗാധരൻ
ഉപപാഠം	:	പ്രാതൽ	- വി. കെ. എൻ

X Std Malayalam Reader.indb 31 5/22/2019 9:48:08 AM

കവിത

നാഴികക്കല്ലുകൾ

– വെണ്ണിക്കുളം ഗോപാലക്കുറുപ്പ്



വെണ്ണിക്കുളം ഗോപാലക്കുപ്പ് [1902–1980]: പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ജനിച്ചു. ലാളിത്യമാണ് കവിയുടെ കവിതകളുടെ സവിശേഷത. അമൃതാഭിഷേകം, മാണിക്യവീണ, കാമസുരഭി, സൗന്ദര്യപൂജ എന്നിവയാണ് പ്രധാന കൃതികൾ. ഓടക്കുഴൽ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

മനുഷ്യജീവിതം മുന്നോട്ടു പോകുമ്പോൾ വന്നു ചേരുന്ന ഓരോ പിറന്നാളും നാഴികക്കല്ലാണ്.അങ്ങനെ ജന്മനാളുകൾ വരുകയും പോവുകയും ചെയ്യുമ്പോഴും നിർഭയരായ് കർമം ചെയ്തുകൊണ്ടിരിക്കുകയാണ് ഉത്തമമെന്ന് പറയുന്ന 'നാഴികക്കല്ലുകൾ' എന്ന കവിത വെണ്ണിക്കുളത്തിന്റെ കൃതികളിൽ നിന്നെടുത്തതാണ്.

വയസ്സു കൂട്ടുവാൻ വേണ്ടി
വന്നെത്തും ജന്മതാരകം
വൈരിയാണോ? സുഹൃത്താണോ?
–വളരെസ്സംശയിപ്പൂ ഞാൻ

ആദ്യമാദ്യമെനിക്കുണ്ടായ്
വളരാനുള്ള കൗതുകം
അതുവേണ്ടിയിരുന്നില്ലെ–
ന്നിന്നു തോന്നുന്നിതെന്തിനോ?

X Std Malayalam Reader.indb 32 5/22/2019 9:48:08 AM

ഇച്ഛാനിച്ഛകൾകൊണ്ടെന്തു
കാര്യമില്ലെങ്കി, ലോർക്കുകിൽ?
പ്രകൃതിക്കുള്ള താളത്തി-
നൊത്തു നീങ്ങാതെ പറ്റുമോ?

പിന്തിരിഞ്ഞു നടന്നീടാ-
നാകാതുള്ളൊരു യാത്രയിൽ
പിറന്നാളുകളോരോന്നും
നാഴികക്കുറ്റിയല്ലയോ?

ഉദയാദിത്യരമ്യശ്രീ
പോക്കുവെയ്‌ലായി മാറവേ
ഉയരുന്നുണ്ടൊരാഹ്വാന-
മുള്ളിൽനിന്നുമിടയ്ക്കിടെ.

വിളിക്കേണ്ട, വിളിക്കേണ്ട;
വിണ്ണിലേക്കില്ല ഞാൻ സഖേ!
മഹിയാണെന്റെ പെറ്റമ്മ;
മറ്റെങ്ങും ബന്ധമില്ല മേ

മത്തകോകിലമെന്നോണം
പാടണം പല ഗീതകം;
മതിയാം വരെയും പോണം;
മരണം മാറി നില്ക്കണം

X Std Malayalam Reader.indb 33 5/22/2019 9:48:08 AM

ഉഷസ്സുമന്തിയും രണ്ടു
ചെന്താരായിസ്ഫുടിക്കവേ,
ചന്തമേറുന്നൊരാകാശം
ചന്ദ്രികപ്പാൽ ചുരത്തവേ,

രമ്യഹർമ്മ്യങ്ങളെപ്പോലെ
രമ്യശൈലങ്ങൾ നില്ക്കവേ,
കൂത്താടി മധുരം പാടി-
ക്കൂലംകഷകൾ നീങ്ങവേ,

മുഗ്ദ്ധരാഗവിശേഷങ്ങൾ
മുളങ്കാടുകൾ മൂളവേ,
മുത്തൊളിക്കുസുമാഢ്യങ്ങൾ
മുല്ലവല്ലികൾ നീളവേ,



X Std Malayalam Reader.indb 34 5/22/2019 9:48:43 AM

മഴയും വെയിലും മഞ്ഞും
കാറ്റും, പൈതങ്ങൾപോലവേ,
അമ്മതൻ മണിമുറ്റത്തു
മാറിമാറിക്കളിക്കവേ,

വിളിക്കേണ്ട, വിളിക്കേണ്ട;
വിണ്ണിലേക്കില്ല ഞാൻ സഖേ!
വിഹരിക്കട്ടെ നിശ്ശങ്കം;
വിശ്വമാണെന്റെ നന്ദനം.

മന്നിലെസ്സുഖദുഃഖങ്ങൾ
മനസ്സാലേ മഥിച്ചു ഞാൻ
അന്യദുർല്ലഭമായുള്ളോ-
രാനന്ദം കൈവരുത്തിടും.

മനുഷ്യസേവനത്തിന്റെ
പാതയിൽപ്പദമുന്നിയാൽ
മൃതിക്കുമപ്പുറത്തെത്തും
'മഹാപ്രസ്ഥാന'മായിടും

വന്നുചേരട്ടെ, പോകട്ടെ
വളരെജ്ജന്മനാളുകൾ;
അകുതോഭയനായ്ക്കർമ്മം
തുടരാനാണു ജീവിതം.

X Std Malayalam Reader.indb 35 5/22/2019 9:48:43 AM

അഭ്യാസം

I. പദപരിചയം

ജന്മതാരകം, വൈരി, ഇച്ഛാനിച്ഛകൾ, നാഴികക്കുറ്റി, ഉദയാദിത്യൻ, ആഹ്വാനം, വിണ്ണ്, കോകിലം, ചെന്താർ, രമ്യം, ശൈലം, കൂലംകഷ, മുഗ്ദം, നന്ദനം, മഥിക്കുക, ദുർല്ലഭം, മഹാപ്രസ്ഥാനം, അകുതോഭയം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വയസ്സുകൂട്ടുവാൻവേണ്ടി വന്നെത്തുന്നതെന്താണ്?

   അ. വർഷങ്ങൾ

   ആ. ജന്മതാരകം

   ഇ. കാലം

   ഈ യുഗം

2. കവി വൈരിയാണോ സുഹൃത്താണോ എന്നു സംശയിക്കുന്നത് എന്തിനെയാണ്?

   അ. ജന്മതാരകം

   ആ. കൂട്ടുകാർ

   ഇ. അയൽക്കാർ

   ഈ. ഒപ്പം കൂടിയവർ

3. പിന്തിരിഞ്ഞു നടക്കാനാകാത്ത യാത്ര എന്നു വിശേഷിപ്പിക്കുന്നത്?

   അ. ജീവിതം

   ആ. മരണം

   ഇ. സ്വപ്നം

   ഈ ചിന്ത

4. മത്തകോകിലമെന്നോണം പാടേണ്ടത് എന്താണ്?

   അ. പാട്ട്

   ആ. ഗീതകം

   ഇ. യുഗ്മകം

   ഈ. കീർത്തനം

X Std Malayalam Reader.indb 36 5/22/2019 9:48:43 AM

III. ഉത്തരമെഴുതുക

1. പ്രകൃതിക്കുള്ള താളത്തിനൊത്തു നീങ്ങാതെ പറ്റുമോ ? എന്നു കവി ചോദിക്കുന്നതെന്തുകൊണ്ട് ?

2. തന്നെ വിണ്ണിലേക്ക് വിളിക്കേണ്ടെന്ന് പറയുന്നതെന്തുകൊണ്ട്?

3. എന്തു ചെയ്തു കൊണ്ടിരിക്കാനാണ് ജീവിതം?

4. നാഴികക്കല്ലുകൾ എന്ന കവിതയിലെ ആശയം ചുരുക്കിയെഴുതുക?

X Std Malayalam Reader.indb 37 5/22/2019 9:48:43 AM

ഗദ്യം

എഞ്ചുവടിയും മനക്കണക്കും

-ഡോ വി. പി ഗംഗാധരൻ

ഡോ. വി. പി ഗംഗാധരൻ: 1954- ൽ തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനിച്ചു. സാമൂഹിക പ്രതിബദ്ധതയുള്ള പ്രഗൽഭകാൻസർരോഗ വിദഗ്ധനാണ്. ജീവിതമെന്ന അത്ഭുതം, ജീവിത ക്കാഴ്ചകൾ എന്നിവയാണ് കൃതികൾ.



നമ്മുടെ ജീവിതസംസ്കാരത്തിൽനിന്ന് അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങളും നാം തന്നെ മറക്കാൻ അനു വദിക്കുന്ന ഓർമ്മകളും തിരിച്ചുപിടിച്ച് മനു ഷ്യത്വം കാത്തുസൂക്ഷിക്കാൻ നമ്മെ പ്രേ രിപ്പിക്കുന്ന എഞ്ചുവടിയും മനക്കണക്കും എന്ന പാഠഭാഗം ജീവിതക്കാഴ്ചകൾ എന്ന കൃതിയിൽ നിന്നെടുത്തതാണ്.

നമ്മുടെ തലച്ചോറിന് ഒട്ടേറെ സവിശേഷസിദ്ധികളുണ്ട്. സംസാരിക്കാ നുള്ള കഴിവ്, നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവ്, മണങ്ങൾ അറിയാനുള്ള ശേഷി എന്നിങ്ങനെ നൂറുനൂറു സിദ്ധികൾ. ചെറുപ്പംമുതലേ ഈ കഴിവുകളൊക്കെ വിനി യോഗിക്കുകയും തലച്ചോറിന് അതിനാവശ്യമായ പ്രചോദനം നല്കുകയും വേണം. അല്ലെങ്കിൽ പല ശേഷികളും നശിച്ചുപോവുകയോ ദുർബലമാവുകയോ ചെയ്യാനി ടയുണ്ട്. ചെറുപ്പംമുതലേ കേൾവിക്കുറവുള്ള ഒരാൾക്ക് ശബ്ദസംവേദനങ്ങൾ ലഭിക്കില്ലല്ലോ. അതുകൊണ്ടുതന്നെ അങ്ങനെയുള്ളവർക്കു സംസാരശേഷിയും കുറവായിട്ടാണ് കാണാറുള്ളത്. നമുക്കു തന്നിട്ടുള്ള ഓരോ ശേഷിയും അങ്ങേയറ്റം മഹനീയമായവയാണ്. അവ പരിപാലിക്കേണ്ടത് നമ്മുടെ ചുമതലയാണ്.

ഇപ്പോൾ ഇതു പറയാൻ ഒരു കാരണമുണ്ട്. കഴിഞ്ഞ ദിവസം ഒരു രോഗിയോടൊപ്പം വന്ന അവരുടെ മകൻ പത്തു ചോദ്യങ്ങൾ എഴുതിക്കൊണ്ടുവന്നു. അമ്മയ്ക്ക് സാധാരണയായി ഉണ്ടാകുന്ന ചില അസ്വസ്ഥതകൾ. അതിന് എന്തു ചെയ്യണമെന്ന മറുപടിയാണ് വേണ്ടത്. അയാൾ നോട്ടുപുസ്തകം തുറന്ന് പേന എടുക്കുന്നത് കണ്ടപ്പോൾ എനിക്ക് കൗതുകം തോന്നി. ഇതെന്താ വല്ല ഇന്റർവ്യൂവുമാണോ എന്നു ചോദിച്ചുപോയി. എഴുതിയെടുത്തില്ലെങ്കിൽ മറന്നുപോകും ഡോക്ടറേ എന്നായി അയാൾ. എങ്ങനെയാണ് ചോദ്യങ്ങൾ തയ്യാറാക്കിയത് എന്ന് അയാളോടു ചോദിച്ചു. അമ്മയോടു ചോദിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കി എഴുതി ഉണ്ടാക്കിയതാണ്. അയാളുടെ രണ്ടുമൂന്നു ചോദ്യം കഴിഞ്ഞപ്പോൾ പിന്നെ ഓരോ ചോദ്യത്തിനും അമ്മ കൂടുതൽ വിശദീകരണങ്ങളും തിരുത്തലുകളും പറഞ്ഞു.

X Std Malayalam Reader.indb 38 5/22/2019 9:48:43 AM



പറയുന്ന മറുപടി എഴുതിയെടുക്കുന്നുണ്ട് മകൻ. രണ്ടു ചോദ്യം കഴിഞ്ഞപ്പോൾ ഓരോ മറുപടിക്കിടയിലും അമ്മ അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ കൂടുതൽ വിശദമായി ചോദിക്കാനും തുടങ്ങി. അപ്പോഴേക്ക് അതാ, മകൻ അയാളുടെ മൊബൈൽ ഫോണിൽ സംഭാഷണം മുഴുവൻ റെക്കോഡ് ചെയ്യാൻ തുടങ്ങി.

അസുഖവും ചികിത്സയുടെ ബുദ്ധിമുട്ടുകളും ഒക്കെയുണ്ടെങ്കിലും അമ്മയ്ക്ക് അവരുടെ ഓർമശക്തിയെക്കുറിച്ച് ഒരു സംശയവുമില്ല. മകനും ഒരു സംശയവുമില്ല മറന്നുപോകുമെന്ന കാര്യത്തിൽ. നിങ്ങളെന്താണ്ചെയ്യുന്നത്? അത്രയ്ക്കു തിരക്കുപി ടിച്ച ജോലികൾ എന്തെങ്കിലുമാണോ എന്ന് മകനോടു ചോദിച്ചു. ഇല്ല ഡോക്ടർ, അതൊന്നുമല്ല. എന്നാലും, മറക്കണ്ടല്ലോ എന്നു കരുതിയാണ്.

ഇത് ഒരാളുടെ കാര്യമല്ല. ചെറുപ്പക്കാർ പലരും സംഭാഷണം മൊബൈലിൽ റെക്കോഡു ചെയ്യുന്നതു കാണാറുണ്ട്. പക്ഷേ, വിശദീകരണങ്ങളൊന്നും ചോദിക്കാറില്ല. ആർക്കും ഒരു സംശയവുമില്ല, പറയുന്നത് അതേപടി വിഴുങ്ങാൻ റെഡി എന്ന മട്ടാണ്. പറയുമ്പോൾ വിശദീകരണങ്ങൾ ചോദിക്കുകയും കൂടുതൽ തുറന്നു പറയുകയും ചെയ്യുന്നതാണല്ലോ രണ്ടു മനുഷ്യർ തമ്മിലുള്ള സംസാരത്തിന്റെ സവിശേഷത. അതു പലർക്കും ഇല്ലാതായി വരുന്നുണ്ടോ?

ചെറിയ കാര്യങ്ങൾപോലും ഓർമിക്കാൻ കഴിയാത്തവിധം പുതുതലമുറയുടെ ഓർമശേഷി കുറയുകയാണോ? കടയിൽ പോയി രണ്ടു സാധനങ്ങൾ വാങ്ങിയാൽത്തന്നെ കാൽക്കുലേറ്റർ എടുത്ത് കണക്കുകൂട്ടുന്നത് സർവസാധാരണമാണല്ലോ. 40 രൂപ യുടെയും 45 രൂപയുടെയും സാധനങ്ങൾ വാങ്ങി 100 രൂപ കൊടുത്താൽ 25 രൂപ ബാക്കി കൊടുക്കുന്നവരും 25 രൂപ ബാക്കി ചോദിക്കുന്നവരും കുറവല്ല.

X Std Malayalam Reader.indb 39 5/22/2019 9:48:43 AM



മുൻപ് സ്കൂളിൽ പഠിക്കുമ്പോൾ വലിയൊരു ടാസ്ക് ആയിരുന്നു പട്ടിക പഠിക്കുക എന്നത്. എഞ്ചുവടിയിലെ പ്രധാന ഭാഗമാണ് പട്ടികകൾ. രണ്ടോ മൂന്നോ കൊല്ലംകൊണ്ടാണ് പട്ടിക മുഴുവൻ പഠിച്ചുതീരുന്നത്.

അതു പഠിച്ചുതീർന്നാൽ പിന്നെ കൂട്ടാനും ഗുണിക്കാനുമൊന്നും കാൽക്കുലേറ്റർ വേണ്ടിവരില്ല. സാധാരണഗതിയിൽ മനക്കണക്ക് എന്നാണ് പറഞ്ഞിരുന്നത്. മനഃപാഠമാക്കേണ്ട പദ്യഭാഗങ്ങളും ഉണ്ടാകുമായിരുന്നു.

എന്തിനാണ് ഇതൊക്കെ ഓർമയിൽ സൂക്ഷിക്കുന്നത്? സാങ്കേതികതയുടെ സൗകര്യങ്ങൾ സ്വീകരിക്കേണ്ടേ? എന്നു ചോദിക്കുന്നവർ കുറവല്ല. തീർച്ചയായും സാങ്കേതികതയുടെ സൗകര്യങ്ങൾ സ്വീകരിക്കണം. അത് സ്വീകരിക്കുമ്പോൾ പക്ഷേ, നമ്മുടെ കഴിവുകൾ ഇല്ലാതാക്കരുത്.

നിസ്സാരമെന്ന് നമുക്കു തോന്നിയേക്കാവുന്ന ഇത്തരം ചില കഴിവുകൾ നഷ്ടപ്പെടുത്തുമ്പോൾ അതിനൊപ്പം 'നിസ്സാരങ്ങളായ' മറ്റു ചില കഴിവുകൾ കൂടി ഇല്ലാതാകും. സ്നേഹിക്കാനുള്ള കഴിവ്, ക്ഷമിക്കാനുള്ള കഴിവ്, സഹതപിക്കാനുള്ള കഴിവ്, കൊച്ചുകൊച്ചു സന്തോഷങ്ങളിൽ ആഹ്ലാദിക്കാനുള്ള കഴിവ്, ചിരിക്കാനും കരയാനുമുള്ള കഴിവ് അങ്ങനെ ചില 'നിസ്സാര കാര്യങ്ങൾ.

ഒരു അമ്പതോ അറുപതോ വർഷം കഴിഞ്ഞാൽ മനുഷ്യനെന്ന ജീവിക്ക് ഇത്തരം 'നിസ്സാര'മായ കഴിവുകളൊന്നും ഇല്ലാതായേക്കാം. തലച്ചോറിന്റെ ശേഷികളെ ഉപയോഗിക്കുന്നില്ലെങ്കിൽ അവ മന്ദീഭവിച്ചുപോകാൻ സാധ്യത ഏറെയാണല്ലോ.

സാങ്കേതികവിദ്യകളുടെ യാന്ത്രികശേഷികളെ അമിതമായി ആശ്രയിച്ച് നമ്മുടെ മനുഷ്യത്വം ഇല്ലാതാകുമ്പോൾ അടുത്തതോ അതിനടുത്തതോ ആയ തലമുറ ഒരുതരം യാന്ത്രികമനുഷ്യരായിപ്പോയെന്നു വരാം. എഞ്ചുവടിയും മനക്കണക്കും മനഃപാഠവുമൊക്കെ, ചിരിയും കരച്ചിലും കൂട്ടുകൂടലും വർത്തമാനം പറച്ചിലുമൊക്കെ ആ യാന്ത്രികതയെ പ്രതിരോധിക്കാനുള്ള കൊച്ചുകൊച്ചു സൂത്രവിദ്യകളാണ്. നമ്മുടെ മനുഷ്യത്വം കാത്തുസൂക്ഷിക്കാനുള്ള നല്ല വിദ്യകൾ.

X Std Malayalam Reader.indb 40 5/22/2019 9:48:44 AM

അഭ്യാസം

I. പദപരിചയം

എഞ്ചുവടി, സിദ്ധി, വിനിയോഗിക്കുക, പ്രചോദനം, ശേഷി, ദുർബലം, ശബ്ദ സംവേദനങ്ങൾ, അസ്വസ്ഥത, മന്ദീഭവിക്കുക, സാങ്കേതികവിദ്യ, യാന്ത്രികത, പ്രതിരോധം

II. വാക്യത്തിൽ പ്രയോഗിക്കുക.

സവിശേഷസിദ്ധി, വിനിയോഗിക്കുക, പ്രചോദനം, ഓർമശേഷി

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. എഞ്ചുവടിയും മനക്കണക്കും എന്ന ലേഖനമെഴുതിയത്?

   അ. ഡോ. വി. പി ഗംഗാധരൻ

   ആ. സുകുമാർ അഴീക്കോട്

   ഇ. എം. ആർ. ബി

   ഈ. ഒ.കെ ജോണി

2. എഞ്ചുവടിയിലെ പ്രധാന ഭാഗമാണ്

   അ. അടയാളങ്ങൾ

   ആ. പട്ടികകൾ

   ഇ. ചിഹ്നങ്ങൾ

   ഈ. ചിത്രങ്ങൾ

3. ഉപയോഗിക്കുന്നില്ലെങ്കിൽ മന്ദീഭവിച്ചു പോകാൻ സാധ്യതയുള്ളത് എന്തിന്റെ ശേഷികളാണ്?

   അ. തലച്ചോറ്

   ആ. യന്ത്രം

   ഇ. ശരീരം

   ഈ. ചിന്ത

X Std Malayalam Reader.indb 41 5/22/2019 9:48:44 AM

IV. ഉത്തരമെഴുതുക.

1. തലച്ചോറിന്റെ സവിശേഷസിദ്ധികളേവ?

2. നിസ്സാരമെന്നു തോന്നിയേക്കാവുന്ന ചില കഴിവുകൾ നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്നതെന്ത്?

3. എഞ്ചുവടിയും മനക്കണക്കും എന്ന ലേഖനത്തിൽ നിന്ന് ലഭിക്കുന്ന ജീവിത പാഠങ്ങളെന്തൊക്കെയാണെന്നു വിവരിക്കുക.?

X Std Malayalam Reader.indb 42 5/22/2019 9:48:44 AM

ഉപപാഠം

പ്രാതൽ

– വി. കെ. എൻ



വി.കെ.എൻ. (വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ 1932 – 2004): തൃശ്ശൂർ തിരുവില്വാമലയിൽ ജനിച്ചു. സവിശേഷമായ രചനാശൈലികൊണ്ടും ഹാസ്യരചനകൾകൊണ്ടും മലയാളിയെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത എഴുത്തുകാരനാണദ്ദേഹം. അസുരവാണി, മഞ്ചൽ, പെൺപട, പിതാമഹൻ, അനന്തരം തുടങ്ങിയ നോവലുകളും മന്ദഹാസം, പയ്യൻ കഥകൾ, വി.കെ. എൻ കഥകൾ, ചാത്തൻസ്, ഒരാഴ്ച, കുഞ്ഞൻ മേനോൻ തുടങ്ങിയ കഥാസമാഹാരങ്ങളുമാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ. വി. കെ. എൻ കഥകൾ ഒന്നാംഭാഗത്തിലുൾപ്പെട്ടതാണ് പ്രാതൽ എന്ന കഥ. ഭക്ഷണത്തോടുള്ള ആസക്തിയെ നർമ്മമധുരമായ ഭാഷയിൽ അവതരിപ്പിച്ച് വി.കെ.എൻ സൃഷ്ടിക്കുന്ന സവിശേഷാന്തരീക്ഷമാണ് ഈ കഥയെ രസകരമാക്കുന്നത്.

സമൃദ്ധിയുടെ കാലമായിരുന്നു. കിഴക്ക് പാലക്കാട് താലൂക്കിൽ നിന്നു സംബന്ധക്കാരനായിട്ടാണ് കുഞ്ഞൻ മേനോൻ ഞങ്ങളുടെ നാട്ടിലെത്തുന്നത്. ദീർഘകായനായിരുന്നു. കറുത്തു തടിച്ച ദേഹം നിറയെ രോമം. നിറുകയിൽ ലക്ഷണമൊത്ത കുടുമ. കാതിൽ വെള്ളക്കൽകടുക്കൻ. ചന്ദ്രനിൽ സൂര്യനെ പതിച്ചമാതിരി നെറ്റിയിൽ ചന്ദനത്തിന്റെയും അതിനകത്തു സിന്ദൂരത്തിന്റെയും പൊട്ട്. മൽമൽ മുണ്ടും ടെന്നീസ് കോളർ ഷർട്ടും ക്രോസ് ബെൽറ്റ്മാതിരി നേര്യതുകൊണ്ട് ഏറാപ്പുമാണ് ഔദ്യോഗികവേഷം. അറുപതോടടുത്ത പ്രായം.

തറവാട്ടിലെ വിശ്വസ്തനായിരുന്നു മേനോൻ. ആദ്യം മുത്തച്ഛന്റെ, പിന്നെ ഏട്ടന്റെ. കുടുംബത്തിലെ ബിസിനസ്സ് പ്രശസ്തമായിനടന്നു. മൂന്നു കളങ്ങളിലായി കൃഷി. തെങ്ങും നേന്ത്രവാഴയും തോട്ടങ്ങൾ. തൊഴുത്തിൽ പന്ത്രണ്ടേറുകന്ന്. എത്രയോ പശുക്കൾ. സ്ത്രീകൾക്ക് അമ്പലത്തിൽ പോകാൻ മുത്തച്ഛൻ വാങ്ങിയിട്ടുപോയ രണ്ടു ബേബി ഓസ്റ്റിൻ കാറുകൾ. മുത്തച്ഛന്റെ ഭാഷയിൽ 2750 ക. വീതം വിലവരുന്ന രണ്ടു ഗോമാങ്ങകൾ. അതികായനു ശേഷം എല്ലാം സമർഥമായി നോക്കി ഭരിക്കുന്ന ഏട്ടൻ.

ഓർമ്മവച്ചന്നു മുതൽ മേനോൻ വീട്ടിലെ ഒരംഗത്തെപ്പോലെയായിരുന്നു. സംബന്ധകാര്യമായി നാട്ടിൽ വന്നു താമസിക്കുമ്പോൾ നിത്യവും വീട്ടിൽ വരും. ഏട്ടനുമായി ഇരുന്നു വെടിപറയും. മുറുക്കും. ഊണുകഴിക്കും. അന്തിയുറങ്ങാനേ പിന്നെ ഭാര്യവീട്ടിലേക്കു പോവൂ.

X Std Malayalam Reader.indb 43 5/22/2019 9:48:44 AM

ഒരു വെക്കേഷൻ കാലത്ത് രാവിലെ ഒൻപതുമണിയോടെ കുഞ്ഞൻമേനോൻ വീട്ടിൽ വന്നു. മൽമലും ടിൽഷർട്ടും മേൽമുണ്ടുമായി മഞ്ഞുമൂടിയ ഒരു പർവതം നീങ്ങുന്ന മാതിരി ദൂരെ പടികടന്നു വരുന്ന മേനോനെ പൂമുഖത്തുനിന്ന് ഏട്ടത്തിയമ്മയാണ് ആദ്യം കണ്ടത്. അവർ അടുക്കളയിൽ ചീഫ് പാറുക്കുട്ടിയെ വിളിച്ചു: 'ആരാ വരുന്നേന്ന് കണ്ടോടോ?'

പാറുക്കുട്ടി പറഞ്ഞു: 'നമ്മുടെ മേനോനല്ലേ? കണ്ടതു നന്നായി, ഊണിന് അരിയെടുക്കാൻ പോവ്വാണ്. മുന്നാഴീം കൂടി എടുത്തു കളയാം .'

ഏട്ടത്തിയമ്മ ചിരിച്ചു:

"ഊണിന്റെ കാര്യം ഇരിക്കട്ടെ. കാപ്പിയുടെ വട്ടം വല്ലതും ബാക്കിയുണ്ടോ?"
"വിസ്തരിച്ചപ്പോൾ, വാലിയക്കാർ കാപ്പി കഴിച്ചിട്ടില്ല. ഇഡ്ഡലി കാണണം."

"ഏട്ടത്തിയമ്മ പറഞ്ഞു: "

"എന്നാൽ നോക്കെടോ, പന്ത്രണ്ടിഡ്ഡലിയെങ്കിലുമൊപ്പിക്ക്."

"നോക്കട്ടെ."

പ്രാതലൊരുക്കാൻ പാറുക്കുട്ടി പോയി.

അച്ചടിഭാഷയിൽ ഈണത്തോടെയാണ് മേനോൻ സംസാരിക്കുക. വചനം നേരെ കമ്പോസിങ്ങിനു കൊടുക്കാം. അത്രയ്ക്ക് ക്ലീൻ. പൂമുഖത്തു കയറി അദ്ദേഹം ചോദിച്ചു:

"എന്തുണ്ടു വിശേഷം ചിന്നമ്മുവമ്മേ? മൂപ്പരെവിടെ?"

"അകത്തുണ്ട്."



X Std Malayalam Reader.indb 44 5/22/2019 9:48:45 AM

“എന്തെടുക്കുന്നു?”

“കണക്കു നോക്കുകയാണ്. വിളിക്കണോ?”

“വരട്ടെ, ധൃതിയില്ല.”

പൂമുഖത്തിട്ട കസേരയിലൊന്നും ഇരിക്കാതെ ചാരുപടിയിൽ കയറി തൂണുചാരി മേനോൻ ഇരുന്നു.

ഏട്ടത്തിയമ്മ ചോദിച്ചു:

“മേനോൻ കാപ്പി കുടിച്ചോ?”

തൊണ്ടയനക്കി ഈണം ശരിപ്പെടുത്തിയ ശേഷം മേനോൻ പറഞ്ഞു:

“കുളിയും കാപ്പികുടിയും വെളുപ്പിനു കഴിഞ്ഞു. എന്നാലും ഒരിക്കൽക്കൂടി ആവാൻ വിരോധമില്ല.”

“എന്നാൽ വരൂ.”

ഏട്ടത്തിയമ്മ മേനോനെ ഊൺതളത്തിലേക്കു നയിച്ചു. പുൽപ്പായ് വിരിച്ച് മുഖ്യാതിഥിയെ കുടിയിരുത്തി. അപ്പോഴേക്കും ഒരു താലത്തിൽ ഇഡ്ഡലിയും നാക്കിലയുമായി പാറുക്കുട്ടി വന്നു. ഏട്ടത്തിയമ്മ പറഞ്ഞതിലും ഒന്നധികമുണ്ടായിരുന്നു ഇഡ്ഡലി പതിമൂന്നെണ്ണം. ശുഭ്രമൃദുലമോഹനമായ വലിയ വലിയ ഇഡ്ഡലികൾ.

മൂന്നിഡ്ഡലികളെടുത്തു നാക്കിലയിൽ വച്ചു മേനോൻ പാറുക്കുട്ടിയോടു ചോദിച്ചു:

“എന്താണുള്ളത്, ചട്ണിയോ മുളകുപൊടിയോ?”

“രണ്ടുമുണ്ട്.”

“രണ്ടും കൊണ്ടു വാ.”

കൊണ്ടുചെന്നു വച്ചു. പച്ചമുളകും നാളികേരവും ചേർത്തരച്ച ചട്ണി തവിയെടുത്തു മേനോൻ ഇഡ്ഡലിക്കു മുകളിൽ അഭിഷേകം ചെയ്തു. നെടുകേ പൊട്ടിച്ചു രണ്ടു തവണയായി ഓരോ വ്യത്തത്തെയും ആഹൂതി നടത്തി. അതുകഴിഞ്ഞപ്പോൾ പൊടിയുടെ ഊഴമായി.

പാറുക്കുട്ടി ചോദിച്ചു:

“വെളിച്ചെണ്ണയോ നല്ലെണ്ണയോ?”

മേനോൻ പറഞ്ഞു:

“പപ്പടം കാച്ചിയ എണ്ണയുണ്ടെങ്കിൽ അത്. ഇല്ലെങ്കിൽ നല്ലെണ്ണ.”

X Std Malayalam Reader.indb 45 5/22/2019 9:48:45 AM

കറുത്തനിറത്തിൽ കൊഴുത്ത, പപ്പടം കാച്ചിയ എണ്ണ പ്രത്യക്ഷപ്പെട്ടു. അതു മുളകുപൊടിയിലൊഴിച്ചാണ് അടുത്ത മൂന്നിഡ്ഡലികളെ വധിച്ചത്. അപ്പോഴേക്കും മുളകുപൊടി തീർന്നു. ചട്ണിയിലേക്കു തിരിച്ചു പോയി, ഒൻപതാമത്തെ ഇഡ്ഡലിയോടെ ചട്ണിയും തീർന്നു. ഇനിയെന്തു ചെയ്യും? പ്രതിസന്ധി. ഏട്ടത്തിയമ്മ ചോദിച്ചു:

"ചമ്മന്തിയരയ്ക്കണോ ?"

മേനോൻ വിലക്കി;

"വേണ്ട, പഞ്ചസാര മതി."

ഡപ്പിയോടെ പഞ്ചസാര മുന്നിൽ കൊണ്ടുവച്ചു. അതു ചേർത്തു സമസ്ത ഇഡ്ഡലികളെയും വധിച്ചുകഴിഞ്ഞപ്പോൾ മേനോൻ വേറൊരു അച്ചടിവാചകം ചോദിച്ചു:

"ഇനി മധുരമായ വസ്തു വല്ലതുമുണ്ടോ ചിന്നമ്മുവമ്മേ?"

തീറ്റ പോരാഞ്ഞാണ് സാഹിത്യം പറയുന്നത് എന്ന് ഏട്ടത്തിയമ്മയ്ക്കു മനസ്സിലായി.

അവർ പാറുക്കുട്ടിയോടു പറഞ്ഞു:

"കലവറയിൽ വല്ലതും ഉണ്ടോന്നു നോക്കെടോ."

മുക്കാലും പഴുത്ത ഒരു പടൽ നേന്ത്രനുമായി പാറുക്കുട്ടി വന്നു. ഏഴു പഴമുണ്ടായിരുന്നു.

തൃപ്തിയോടെ മേനോൻ പറഞ്ഞു:

"കൊണ്ടു വാ."

നിശ്ശബ്ദമായി അവ സംഹരിക്കപ്പെട്ടപ്പോൾ ഏട്ടത്തിയമ്മ ചോദിച്ചു:

"ചായയോ കാപ്പിയോ?"

"കാപ്പി മതി."

മുന്നാഴി കൊള്ളുന്ന ഒരു കൂജ നിറയെ കാപ്പി കൊണ്ടുവച്ചു. ക്ഷേത്രപാലന്യായേന, പാത്രത്തോടെ കൂസലെന്യേ അതും അകത്തു ചെന്നു. ഇപ്പോൾ മേനോൻ പതുക്കെ ഒന്നു തേട്ടി. എഴുന്നേറ്റു കൈ കഴുകുവാൻ പുറത്തു പോയി.

പാറുക്കുട്ടി പതുക്കെ പറഞ്ഞു:

"ആനപ്രാതലെന്നെ."

അപ്പോൾ ഏട്ടത്തിയമ്മ പറഞ്ഞു:

"ആനയെ തളച്ചവന് ആനപ്രാതൽ."

X Std Malayalam Reader.indb 46 5/22/2019 9:48:45 AM

മേനോൻ കൈ കഴുകി തിരിച്ചു വന്നു. പാറുക്കുട്ടി നീട്ടിയ തോർത്തു വാങ്ങി കൈ തുടച്ചു. എന്നിട്ട് ഏട്ടത്തിയമ്മയോട് കുശലം പറഞ്ഞു:

"ഇപ്പോൾ ഇതുമതി. ഇനി മൂപ്പരുടെകൂടെ നേരത്തേ ഉണ്ടുകളയാം."

X Std Malayalam Reader.indb 47 5/22/2019 9:48:45 AM

ഭാഗം
4

ചരിത്രവും സമൂഹവും



പഠനലക്ഷ്യങ്ങൾ

- ശൈശവ നിഷ്ളങ്കതയിലുൾച്ചേർന്നിരിക്കുന്ന ദർശനഭാവം തിരിച്ചറിയൽ
- സമരചരിത്രത്തിന്റെ പശ്ചാത്തലവും സാമൂഹികമാനവും മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	ഗൃഹാലങ്കാരം	- ബാലാമണി അമ്മ
ഗദ്യം	:	തലക്കൽ ചന്തു	- ഒ.കെ.ജോണി
ഉപപാഠം	:	പ്രാന്തൻ	- സേതു

X Std Malayalam Reader.indb 48 5/22/2019 9:48:45 AM

കവിത

ഗൃഹാലങ്കാരം

– ബാലാമണി അമ്മ



ബാലാമണി അമ്മ [1909 – 2004]: പൊന്നാനിയിൽ പുന്നയൂർക്കുളത്ത് ജനിച്ചു. ചെറുപ്പം തൊട്ടേ കവിതകളെഴുതിത്തുടങ്ങി. മാതൃഭാവത്തെയും ശൈശവനിഷ്കളങ്കതയെയും തന്മയീഭാവത്തോടെ ആവിഷ്കരിക്കുന്നതാണ് അവരുടെ കവിതകൾ. കൂപ്പുകൈ, അമ്മ, സ്ത്രീഹൃദയം, കുടുംബിനി, സോപാനം, മുത്തശ്ശി, തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മഭൂഷൻ ബഹുമതി, എഴുത്തച്ഛൻപുരസ്കാരം, സരസ്വതി സമ്മാനം എന്നിവ ലഭിച്ചു.

വിദ്യാലയത്തിന് അവധിയായതുകൊണ്ട് വീട് അലങ്കരിച്ച ഉണ്ണിയോട് കയർത്ത അമ്മ വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കൾ നോക്കിയിരിക്കെ, ഉണ്ണിയുടെ കോപ്പുകളെക്കാൾ എന്ത് മേന്മയാണ് ഇവയ്ക്കുള്ളത് എന്ന തിരിച്ചറിവിലെത്തുന്നു. പിഞ്ചുഹൃദയത്തിന്റെ നിഷ്കളങ്കത അടയാളപ്പെടുത്തുന്ന ഈ കവിത നിവേദ്യം എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

‘പാഠശാലയ്ക്കൊഴിവാണതു;കൊണ്ടീ

വീടിനിന്നേയഴകുവരുത്തണം

പാഴിലായ്കൂടാ തഞ്ചമിതെ’ന്നുണ്ണി

തോഴരേ വിട്ടകത്തേക്കു പാഞ്ഞെത്തീ.

കാൽക്ഷണം കൊണ്ടു മിന്നും നിലത്തെങ്ങും

കൽപ്പൊടിച്ചാർത്തുതിർത്താ, മഹോദ്യമൻ

X Std Malayalam Reader.indb 49 5/22/2019 9:48:45 AM



തണ്ടറുത്തിളം പൂച്ചെടിച്ചില്ലകൾ

കൊണ്ടു വെച്ചു കിടപ്പറയേതിലും.

വാതിലിന്നുമേൽ വർണപ്പകിട്ടേറ്റീ

പാതി മാത്രം വരച്ചിട്ട ചിത്രങ്ങൾ .

നീളെനിൽപ്പായെഴുത്തുമേശയ്ക്കുമേൽ

നൂലിനാൽത്തീർത്ത ജന്തുവിശേഷങ്ങൾ.

ജാലകത്തിണ്ണ തോറുമിടതിങ്ങീ

ചേലെഴുന്ന വടികൾ, കുഴൽകളും,

നീരൊഴുക്കിലുരുണ്ടുരുണ്ടേറെനാൾ

നീങ്ങുകയാൽ മിനുത്ത ശിലകളും.

കാൺകയായ് മച്ചിലർച്ചനാബിംബത്തിൻ

X Std Malayalam Reader.indb 50 5/22/2019 9:48:46 AM

കൈത്തലത്തിലും കുഞ്ഞിക്കവിടികൾ!

കുട്ടിയോടു കയർത്തു ഞാൻ: 'എന്തിനി-

ക്കൂട്ടമൊക്കെ നീ വീട്ടിൽക്കടത്തുന്നു?'

കണ്ണമർത്തിത്തുടച്ചവൻ പോകവേ

ചെന്നു ഞാൻ കട്ടിലേറിയിരിക്കവേ

അന്തികേ നിലക്കൊണ്ടു പലവിധം

ദന്തലോഹവിശിഷ്ട പ്രതിമകൾ;

തൂവിരിപ്പിൽക്കരിവീട്ടിമേശമേൽ

മേവിയാകാശവാണിതൻ പേടകം;

മുക്കിൽ മിന്നലിൻ സ്ഫാടികപഞ്ജരം

പൊക്കി നിന്നുകടഞ്ഞ വിളക്കുകാൽ;

ചില്ലുമാറയ്ക്കുള്ളിലൊളി വീശീ

വെള്ളിയാൽ, പ്പൊന്നാൽ വാർത്ത സാമഗ്രികൾ,

നോക്കി നോക്കിയിരിക്കെയുണരുമുൾ-

നോവിനെബ്ബലാൽ മൂടി ചിരിയിൽ ഞാൻ.

എൻ മകന്റെയാക്കോപ്പുകളെക്കാളു-

മെന്തു മേന്മയിസ്സമ്പത്തുകൾക്കുള്ളു?

കൂട്ടിവെയ്ക്കുന്നു പാഴ്പ്പദാർത്ഥങ്ങൾ ഞാൻ

കൂട്ടിയെപ്പോലെ, നാളെ മറക്കുവാൻ!

X Std Malayalam Reader.indb 51 5/22/2019 9:48:46 AM

അഭ്യാസം

I. പദപരിചയം

പാഠശാല, അഴക്, പാഴിലാവുക, തഞ്ചം, മഹോദ്യമൻ, വർണപ്പകിട്ട്, ജാലകത്തിണ്ണ, അന്തികേ, ദന്തം, പേടകം, സ്ഫാടികപഞ്ജരം, ഒളി, നോവ്

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ആരെവിട്ടാണ് ഉണ്ണി അകത്തേക്ക് പാഞ്ഞു പോയത്?

   അ. അമ്മയെ

   ആ. തോഴരെ

   ഇ. അച്ഛനെ

   ഈ. ചേച്ചിയെ

2. മഹോദ്യമൻ എന്നു വിശേഷിപ്പിക്കുന്നതാരെ?

   അ. ഉണ്ണിയെ

   ആ. തോഴരെ

   ഇ. അമ്മയെ

   ഈ. അച്ഛനെ

3. കുട്ടിയോട് കയർത്തതാര്?

   അ. കൂട്ടുകാർ

   ആ. അമ്മ

   ഇ. അച്ഛൻ

   ഈ. ചേച്ചി

4. നാളെ മറക്കുവാനായ് കൂട്ടിവക്കുന്നതെന്താണ്?

   അ. പാഴ്പദാർത്ഥങ്ങൾ

   ആ. ജന്തുവിശേഷങ്ങൾ

   ഇ. ശിലകൾ

   ഈ. പ്രതിമകൾ

X Std Malayalam Reader.indb 52 5/22/2019 9:48:46 AM

III. ഉത്തരമെഴുതുക

1. പാഠശാലയ്ക്ക് ഒഴിവായതു കൊണ്ട് എന്തുചെയ്യണമെന്നാണ് ഉണ്ണി കരുതിയത്?
2. ഉണ്ണി വീടിന് അഴക് വരുത്തിയതെങ്ങനെ?
3. എന്തു പറഞ്ഞാണ് അമ്മ ഉണ്ണിയോട് കയർത്തത്?
4. കട്ടിലിലിരുന്ന് അമ്മ കണ്ട കാഴ്ചകൾ എന്തൊക്കെയാണ്?
5. കാഴ്ചകൾ കണ്ട അമ്മയുടെ മനസ്സിലുണ്ടായ ചിന്ത എന്തായിരുന്നു?
6. ഗൃഹാലങ്കാരം എന്ന കവിതയിലെ ആശയം സ്വന്തം വാക്യത്തിലെഴുതുക

X Std Malayalam Reader.indb 53 5/22/2019 9:48:46 AM

ഗദ്യം

തലക്കൽ ചന്തു

-ഒ.കെ.ജോണി

ഒ.കെ.ജോണി 1957-ൽ വയനാട്ടിൽ ജനിച്ചു. പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനും ഡോക്യുമെന്ററി സംവിധായകനുമാണ്. ഭൂട്ടാൻദിനങ്ങൾ എന്ന യാത്രാവിവരണഗ്രന്ഥത്തിന് 2015-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. നിശബ്ദ നിലവിളികൾ, ഒരു ഗ്രാമ പുരാവൃത്തം, ദ ട്രാപ്സ്, വയനാട് രേഖകൾ എന്നിവയാണ് പ്രധാന കൃതികൾ.



വയനാട് രേഖകൾ എന്ന കൃതിയിൽ നിന്നെടുത്തതാണ് തലക്കൽ ചന്തു എന്ന ലേഖനം. തലക്കൽ ചന്തുവിന്റെ നേതൃത്വപാടവവും യുദ്ധമുറയും ബ്രിട്ടീഷ് സൈന്യത്തോടുള്ള അമർഷവും രേഖപ്പെടുത്തുന്നതാണ് ഈ പാഠഭാഗം.

ശിപായിലഹളയെന്ന് ഇംഗ്ലീഷുകാർ വിശേഷിപ്പിച്ച ആദ്യത്തെ സ്വാതന്ത്ര്യ സമരത്തിനും (1857) അരനൂറ്റാണ്ടുമുമ്പാണ് വയനാട്ടിലെ ആദിവാസികൾ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്കെതിരെ ധീരമായ പോരാട്ടം നടത്തിയത്. ആധുനിക സൈനിക സജ്ജീകരണങ്ങളുണ്ടായിരുന്ന ഇംഗ്ലീഷ് സേനയ്ക്കെതിരെ ഗറില്ലാസമരം നയിച്ച് രക്തസാക്ഷിത്വം വരിച്ച കുറിച്യനേതാവായ തലക്കൽ ചന്തുവിനെക്കുറിച്ച് ഇന്ത്യയുടെ കൊളോണിയൽ വിരുദ്ധ കലാപചരിത്രത്തിൽ പരാമർശംപോലുമില്ല. പഴശ്ശിക്കലാപം എന്നു ചരിത്രകാരൻമാർ വിളിക്കുന്ന ഇംഗ്ലീഷ്വിരുദ്ധകലാപം നയിച്ച കണ്ണവംകാട്ടിലെയും വയനാട്ടിലെയും കുറിച്യക്കലാപകാരികളെക്കുറിച്ചും ആ കലാപങ്ങളുടെ വിപ്ലവമൂല്യത്തെക്കുറിച്ചും വസ്തുനിഷ്ഠപഠനങ്ങളും ഉണ്ടായിട്ടില്ല.

തലക്കൽ ചന്തുവിന്റെ തറവാടും പിന്മുറക്കാരും ഇപ്പോഴും വയനാട്ടിലുണ്ടെങ്കിലും ചന്തുവിന്റെ ജീവചരിത്രം അജ്ഞാതമാണ്. തലക്കര ചന്തുവെന്നും തലക്കൽ ചന്തുവെന്നും ഇംഗ്ലീഷ് രേഖകളിൽ പരാമർശിക്കുന്ന കുറിച്യപ്പടയാളിയായ ചന്തുവിന്റെ നേതൃത്വത്തിൽ 1802-ൽ നടന്ന പനമരം കോട്ട ആക്രമണം ഈസ്റ്റിന്ത്യാ കമ്പനിക്ക് മലബാറിലുണ്ടായ ഏറ്റവും വലിയ തിരിച്ചടികളിലൊന്നായിരുന്നു.

രണ്ടു ഭാര്യമാരിൽ ഒരാളാണ് ചന്തുവിനെ ഇംഗ്ലീഷുകാർക്ക് ഒറ്റു കൊടുത്തത്. അത്ഭുതസിദ്ധികളുണ്ടായിരുന്ന ചന്തു ഒളിപ്പോരിൽ അദ്വിതീയനായിരുന്നു. കെണിയമ്പുകൊണ്ട് ശത്രുക്കളെ അപായപ്പെടുത്തുന്നതിൽ വിരുതനായിരുന്ന ചന്തുവിന്റെ തറവാട് മാനന്തവാടി താലൂക്കിലെ കുഞ്ഞാം ഗ്രാമത്തിലാണ്. ചന്തുവിന്റെ ഭാര്യ (കരിമ്പിലിച്ചിപെണ്ണ്) ബ്രിട്ടീഷുകാരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി അയാളെ

X Std Malayalam Reader.indb 54 5/22/2019 9:48:46 AM



ഒറ്റുകൊടുത്തുവെന്നാണ് പിന്മുറക്കാർ പറയുന്നത്. ഒരു മുറം നിറയെ സ്വർണ്ണവും വെള്ളിയും നൽകിയാണത്രെ കരിമ്പിലിച്ചിപെണ്ണിനെ കമ്പനി ഉദ്യോഗസ്ഥൻമാർ വശത്താക്കിയത്.

1805-ൽ പഴശ്ശിക്കലാപം അടിച്ചമർത്തപ്പെട്ടതോടെ വയനാട്ടിൽ കൈവന്ന 'സമാധാനം' താൽക്കാലികമായിരുന്നു. ഏഴുവർഷത്തിനു ശേഷം 1812-ൽ കുറിച്യരും കുറുമരും മറ്റൊരു കലാപത്തിനു തുടക്കം കുറിച്ചു. അപ്രതീക്ഷിതമായുണ്ടായ ഈ കലാപമൊതുക്കാൻ കമ്പനി പട്ടാളത്തിന് ആറുമാസം പ്രയത്നിക്കേണ്ടിവന്നു. പഴശ്ശിരാജാവിന്റെ അന്ത്യത്തോടെ കലാപകാരികളുടെ ഭൂമിയും സ്വത്തും കമ്പനി ഗവൺമെന്റിന്റെ അധീനതയിലായി. കാർഷിക വൃത്തിക്കാരായ കുറിച്യരും കുറുമരും ഭൂരഹിതരായി. കാടുതെളിച്ച് പുനം കൃഷി നടത്താനുള്ള അവരുടെ പരമ്പരാഗതമായ അവകാശവും നിഷേധിക്കപ്പെട്ടു.

വധിക്കപ്പെട്ട പഴശ്ശിരാജാവിന്റെ ബന്ധുക്കളുടെയും ആശ്രിതരുടെയും രഹസ്യപിന്തുണയോടെ നടന്ന കലാപത്തിൽ കുറിച്യരും കുറുമരുമാണ് നേതൃസ്ഥാനത്തുണ്ടായിരുന്നത്. കമ്പനി സൈന്യത്തിലുണ്ടായിരുന്ന ആദിവാസിപ്പടയാളികളും ഇവരോടൊപ്പം ചേർന്നു. 1812-മാർച്ച് 25നു വയനാട്ടിൽ തമ്പടിച്ചിരുന്ന കമ്പനി സൈന്യത്തെ കുറിച്യകലാപകാരികൾ നിരായുധരാക്കി. വയനാട്ടിലേക്കുള്ള ചുരങ്ങളുടെ നിയന്ത്രണം അവർ ഏറ്റെടുത്തു.

മലബാർ കലക്ടറായിരുന്ന വാർഡന്റെ അന്യായമായ ഭരണനയങ്ങളും പാട്ടസമ്പ്രദായവും ആദിവാസികളെ മനുഷ്യരായി കാണാൻ വിസമ്മതിക്കുന്ന യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടെ ചെയ്തികളുമാണ് ഈ പ്രക്ഷോഭത്തിന്റെ പ്രത്യക്ഷകാരണങ്ങളെന്ന് സാമാന്യമായിപ്പറയാം. ഡോ. കെ. കെ. എൻ. കുറുപ്പ് എഴുതുന്നു: "തങ്ങളുടെ പരമ്പരാഗതമായ വിശ്വാസപ്രമാണങ്ങൾക്ക് ഹാനി സംഭവിക്കുമെന്നു മനസ്സിലാക്കിക്കൊണ്ടും നാടുവാഴിത്തശക്തികളോടുള്ള അളവറ്റ കൂറുകൊണ്ടും ആയിരുന്നു മുരിക്കൻമാരുടെ പേരിൽ ഗിരിവർഗ്ഗക്കാർ സമരത്തി നിറങ്ങിയത്".

X Std Malayalam Reader.indb 55 5/22/2019 9:48:46 AM



തോക്കും പീരങ്കിയും മറ്റുമായെത്തിയ ബ്രിട്ടീഷ് സൈന്യത്തെ വെറും അമ്പും വില്ലുമായി ആറുമാസത്തോളം നേരിട്ടുനിന്ന കുറിച്യരുടെയും കുറുമരുടെയും ഈ പ്രക്ഷോഭം കേരളത്തിലെ ആദിവാസികളുടെ സമരവീര്യത്തിന്റെ ഏറ്റവും മികച്ച പ്രകടനമായിരുന്നു.

ഫ്യൂഡൽ ശക്തികൾക്കുവേണ്ടി ആയുധമെടുത്ത ആദിവാസിക്കലാപ കാരികൾ 1812-ലാണ് തങ്ങൾക്കുവേണ്ടി ആദ്യമായി കലാപത്തിനൊരുങ്ങിയത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ വയനാട്ടിലെ ആദിവാസികൾ നടത്തിയ ഈ ഐതിഹാസികമായ കലാപം സൂക്ഷ്മനിരീക്ഷണത്തിൽ പഴശ്ശിക്കലാപത്തിന്റെ ഒരു തുടർച്ചയായിരുന്നു. എങ്കിലും അതിന്റെ നേതൃത്വം ആദിവാസികൾക്കു തന്നെയായിരുന്നുവെന്നതു ശ്രദ്ധേയമാണ്. നാടുവാഴിത്തത്തിന്റെ താൽപ ര്യങ്ങൾക്കുനേരെയുള്ള ബ്രിട്ടീഷ് നിലപാടിനോടുള്ള രോഷത്തിന്റെ ഒരു പ്രതിഫലന മായിരുന്നുവെങ്കിലും ഈ കലാപം ആദിവാസികളുടെ സ്വത്വബോധത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും ജ്വലനം കൂടിയായിരുന്നു.

കൊളോണിയൽ ചൂഷണത്തിനെതിരെ കേരളത്തിലുണ്ടായ അപൂർവം കർഷക കലാപങ്ങളിലൊന്ന് എന്നതു മാത്രമല്ല 1812-ലെ വയനാടൻ കലാപത്തിന്റെ പ്രാധാന്യം. ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ കൊളോണിയൽ വിരുദ്ധ ഗിരിവർഗ്ഗകലാപം കൂടിയാണിത്. ഈ കലാപം അടിച്ചമർത്തപ്പെട്ടതോടെ വയനാട്ടിൽ കൊളോണിയലിസം അതിന്റെ സമ്പൂർണാധിപത്യം സ്ഥാപിക്കുകയും ചെയ്തു.

X Std Malayalam Reader.indb 56 5/22/2019 9:48:46 AM

അഭ്യാസം

I. പദപരിചയം

അജ്ഞാതം, പ്രലോഭനം, പരമ്പരാഗതം, ഭൂരഹിതർ, തമ്പടിക്കുക, പ്രക്ഷോഭം
ഐതിഹാസികം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഇംഗ്ലീഷ് സേനക്കെതിരെ ഗറില്ലാ സമരം നയിച്ച് രക്തസാക്ഷിത്വം വരിച്ച നേതാവാണ്?

   അ. തലക്കര കേളു

   ആ. തലക്കൽ ചന്തു

   ഇ. കിട്ടപ്പൻ

   ഈ. ആയിര വീട്ടിൽ കോന്തപ്പൻ

2. ഇംഗ്ലീഷ് കമ്പനി സൈന്യത്തെ നിരായുധരാക്കിയത്?

   അ. ആദിവാസിപ്പടകൾ

   ആ. കുറുമർ

   ഇ. കുറിച്യ കലാപകാരികൾ

   ഈ. ഭൂരഹിതർ

3. ആദിവാസികൾക്കെതിരെ അന്യായമായ ഭരണ നയവും പാട്ട സമ്പ്രദായവും കൊണ്ടുവന്ന ഭരണാധികാരി

   അ. മലബാർ കലക്ടർ വാർഡൻ

   ആ. ജനറൽ ഡയർ

   ഇ. കേണൽ ജയിംസ്

   ഈ. വയനാടൻ ചെട്ടി

4. പഴശ്ശി കലാപം അമർത്തപ്പെട്ട വർഷം

   അ. 1812

   ആ. 1805

   ഇ. 1800

   ഈ. 1857

X Std Malayalam Reader.indb 57 5/22/2019 9:48:46 AM

III. വാക്യത്തിൽ പ്രയോഗിക്കുക.

പോരാടുക

അധീനത

അപ്രതീക്ഷിതം

നിരായുധർ.

IV. ഉത്തരമെഴുതുക.

1. തലക്കൽ ചന്തുവിന്റെ വ്യക്തിത്വസവിശേഷതയെന്ത്?

2. പഴശ്ശികലാപത്തിനുശേഷം വയനാട്ടിൽ വന്ന മാറ്റങ്ങളെന്തെല്ലാം?

3. കേരള ആദിവാസി സമരത്തിന്റെ മികച്ച പ്രകടനം എന്തായിരുന്നു?

4. കുറിച്യ നേതാവായ തലക്കൽ ചന്തുവിനേയും അദ്ദേഹത്തിന്റെ യുദ്ധ മുറകളെയും കുറിച്ച് ലഘുവിവരണമെഴുതുക?

X Std Malayalam Reader.indb 58 5/22/2019 9:48:46 AM

ഉപപാഠം

പ്രാന്തൻ

-സേതു

എ.സേതുമാധവൻ എന്ന സേതു 1942 ൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തു ജനിച്ചു. പ്രകാശത്തിന്റെ ഉറവിടം, പാമ്പും കോണിയും അശ്വിനത്തിലെ പൂക്കൾ (കഥാസമാഹാരങ്ങൾ) പാണ്ഡവപുരം, കൈമുദ്രകൾ, താളിയോല (നോവലുകൾ) എന്നിവയാണ് പ്രധാനകൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ് എന്നിവ നേടിയിട്ടുണ്ട്. 'സേതുവിന്റെ കഥകൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് പ്രാന്തൻ.



മുത്തശ്ശി വെറ്റില വാങ്ങാൻ തന്ന കാലണയുമായി അമ്പലപ്പറമ്പിൽ ചുറ്റിത്തിരിയുമ്പോഴാണ് പ്രാന്തനെ കണ്ടത്.

വേരുകൾ പടർന്നു പൊട്ടിപ്പൊളിഞ്ഞ ആൽത്തറയിൽ ചമ്രം പടിഞ്ഞിരിക്കുകയായിരുന്നു. ജടകൾക്കിടയിൽ ക്ലാവുപിടിച്ച കണ്ണുകൾ.ഏറെ നരച്ച താടിരോമങ്ങളിൽ ഉണങ്ങി പറ്റിപ്പിടിച്ചിരിക്കുന്ന വറ്റുകൾ. കീറിപ്പറിഞ്ഞ കുപ്പായവും മടക്കിവച്ച കാക്കിക്കാലുറയും. പുകയിലയുടെ തുളച്ചുകയറുന്ന നാറ്റം!പ്രാന്തൻ മഞ്ഞപ്പല്ലുകൾ കാട്ടി എന്നെ നോക്കി ച്ചിരിച്ചു തലകുടഞ്ഞ്, കൈവീശി ഈച്ചയാട്ടിക്കൊണ്ട് അയാൾ എന്നെ കൈകാട്ടി വിളിച്ചു. കുപ്പായക്കീശയിൽ നിന്നു പഴകി മഞ്ഞനിറമായ ഒരു കടലാസു തുണ്ടെടുത്തു നിവർത്തി, അതിലൂടെ അലസമായി കണ്ണോടിച്ചിട്ടു ചോദിച്ചു:

'കൈസറ് ജയിക്ക്യോ'

'നിക്കറിയില്യാ'

'സിങ്കപ്പൂര് വീഴ്യോ?'

'നിക്കറിയില്യാ'

'വീഴുംന്നാപറയണത്'

ഞാൻ തിരിഞ്ഞുനടക്കാൻ തുടങ്ങുകയായിരുന്നു.

X Std Malayalam Reader.indb 59 5/22/2019 9:48:47 AM



പ്രാന്തൻ എഴുന്നേറ്റു. ആൽത്തറയിൽ നിന്നു വഴുതിയിറങ്ങി

'കുട്ടീ, നിക്കൂ ഒന്ന് ചോദിച്ചോട്ടെ'

ഞാൻ തിടുക്കം പിടിച്ചു അരയിൽ കറുത്ത ചരടിൽ അമ്മകോർത്തിട്ട പൊന്നേലസ്സുണ്ട്. നടക്കാൻ തുടങ്ങി. എന്റെ കൈയിൽ മുത്തശ്ശി വെറ്റില വാങ്ങാൻ തന്ന കാലണയുണ്ട്. നിക്കറിന്റെ കീശയിൽ ഏട്ടത്തി ചുട്ടുതന്ന പുളിങ്കുരുവുണ്ട്.

അമ്പലപ്പറമ്പു കടന്നപ്പോൾ തിരിഞ്ഞു നോക്കി. പ്രാന്തൻ പുറകിൽ തന്നെയുണ്ട്. ഒറ്റക്കാലിന്റെ ബലത്തിൽ ചാടിച്ചാടി നടക്കുന്നു. എന്റെ മുഖത്തേക്കുതന്നെ തുറിച്ചുനോക്കിക്കൊണ്ട്. എനിക്കു പേടിയായി. പെട്ടെന്ന് എന്റെ കാലുകളനങ്ങി. അറിയാതെ ഞാൻ ഓടാൻ തുടങ്ങി. പ്രാന്തനാകട്ടെ കൈവീശി ഒച്ചയുണ്ടാക്കിക്കൊണ്ട് പുറകെ ഓടി വരികയായിരുന്നു. അയാളുടെ ഒന്നരക്കാലുകൾക്ക് എന്റെ രണ്ടുകാലുകളെക്കാൾ കരുത്തുണ്ടായിരുന്നു.

'കുട്ടീ നിക്കൂ, ഒന്ന് ചോയിച്ചോട്ടെ'

ഞാൻ കാലുകൾ നീട്ടിവെച്ച് ആകാവുന്നത്ര വേഗത്തിൽ ഓടി. എന്റെ നെഞ്ചിടിക്കുന്നുണ്ടായിരുന്നു. നെഞ്ചിൻ കൂട്ടിനകത്തുനിന്ന് എന്തൊക്കെയോ ഇളകിപ്പറിഞ്ഞു വായിലേക്കു പൊങ്ങിവരുന്നതായി എനിക്കു തോന്നി. കാറിത്തുപ്പിക്കൊണ്ട് ഞാൻ വച്ചുപിടിച്ചു. ഉറക്കെ 'പ്രാന്തൻ, പ്രാന്തൻ' എന്നു വിളിച്ചു കൂവണമെന്നുണ്ടായിരുന്നു. പക്ഷേ എന്റെ തൊണ്ടയടഞ്ഞിരുന്നു. കളരിക്കപ്പുറത്ത് മാഞ്ചുവട്ടിൽ ചീട്ടുകളിച്ചു കൊണ്ടിരുന്ന തടിയന്മാർ എന്നെ ശ്രദ്ധിച്ചില്ല.കൊപ്രാച്ചാക്കുകളും കയറ്റി, തേങ്ങിത്തേങ്ങി കിഴക്കോട്ടു പോകുകയായിരുന്ന കാളവണ്ടിക്കാരനും, രണ്ടുകൈയും വിട്ട് സൈക്കിളോടിക്കാൻ പഠിക്കുന്ന കറുത്ത ചെക്കനും നിരത്തുവക്കിലിരുന്ന് ഒരു മാപ്പിളയുടെ തലവടിക്കുകയായിരുന്ന അമ്പട്ടനും ഞങ്ങളെ ശ്രദ്ധിച്ചില്ല.

കിതപ്പൊതുക്കി ഞാൻ പായുകയായിരുന്നു, പുറകിൽ തൊട്ടുപുറകിൽ പ്രാന്തന്റെ ലക്കില്ലാത്ത ചിരി!

പെട്ടെന്ന് ഒരുപായം തോന്നി. കൈയിലിരുന്ന കാലണത്തുട്ട് അയാളുടെ നേർക്ക് വലിച്ചെറിഞ്ഞിട്ട് ഞാൻ ഒരു ഊടുവഴിയിലേക്ക് ഓടിക്കയറി. തിരിഞ്ഞുനോക്കിയപ്പോൾ അയാൾ തുട്ടുപെറുക്കിയെടുക്കാതെ ചാടിച്ചാടി വരുന്നതുകണ്ടു.

X Std Malayalam Reader.indb 60 5/22/2019 9:48:47 AM

ഉച്ചവെയിൽ തളർന്നുകിടക്കുന്ന വഴി. കരിയിലകളെ, നിഴലുകളെ, ചവിട്ടി ഞെരിച്ചുകൊണ്ട് ഞാൻ ഓടി. വീട്ടിലേക്ക് ഇനി അധികം ദൂരമില്ല. ജൂതപ്പള്ളി കഴിഞ്ഞ്, കൊങ്ങിണിയമ്പലം കഴിഞ്ഞ്, പാടം മുറിച്ചു കടന്നാൽ വീടായി. അല്ലെങ്കിലും പാടം വരെയെത്തിയാൽ മതി. അവിടെ പണിക്കാർ കാണും

'അങ്ങനെയങ്ട് ഓടാതെ കുട്ട്യേ, നെന്നെ ഞാൻ വിടോ..'

പുറകിൽ പ്രാന്തന്റെ ഹരം പിടിച്ച അലർച്ച. അയാൾ പൊട്ടിപ്പൊട്ടി ചിരിക്കുന്നുണ്ടായിരുന്നു.

ഞാൻ ആ പുളിങ്കുരുക്കളും അയാൾക്കെറിഞ്ഞുകൊടുത്തു. പക്ഷേ അയാൾ പെറുക്കിയെടുക്കാൻ തുനിഞ്ഞില്ല.

മീനക്കാറ്റ് എന്റെ മുഖത്ത് തല്ലിക്കീറിക്കൊണ്ടിരുന്നു. കണ്ണിലേക്ക് ഊതിക്കേറിയ പൊടി തിരുമ്മിക്കളയാൻ നിൽക്കാതെ ഞാൻ കാലുകളെ അയച്ചുവിട്ടു.

ഇതാ, അയാൾ അടുത്തെത്തിപ്പോയി. പുകയിലയുടെ നാറ്റം എന്നെ പൊതിയുന്നു. അയാൾ കൈവീശിയെറിഞ്ഞാൽ എന്റെ തോളിൽ വീഴും. അയാൾ കാലുവീശി തൊഴിച്ചാൽ ഞാൻ തെറിച്ചുപോകും.

'ഹെന്റമ്മേ!' എന്റെ കരച്ചിൽ കിതപ്പിൽ ഒതുങ്ങിപ്പോയി. ബാക്കിയുള്ള കരുത്തും മാടിയൊതുക്കി ഞാൻ ഒരു അവസാനപ്പാച്ചിൽ പായുകയായിരുന്നു.

പ്രാന്തന് ഹരം കയറിയിരിക്കണം. അയാളുടെ ആർപ്പുവിളിയുടെ ചീളുകൾ എനിക്കു മീതെ ചീറിപ്പാഞ്ഞുപോയി.



X Std Malayalam Reader.indb 61 5/22/2019 9:48:47 AM

ഇല്ല ഞാൻ പിടികൊടുക്കില്ല. വേണ്ടിവന്നാൽ അരയിലെ പൊന്നേലസ്സും ഞാൻ അയാൾക്കെറിഞ്ഞുകൊടുക്കും.

ജൂതപ്പള്ളികഴിഞ്ഞു, കൊങ്ങിണിയമ്പലം കഴിഞ്ഞു പാടത്തിന്റെ പച്ചപ്പ് ദൂരെകണ്ടുതുടങ്ങി. എത്തിപ്പോയി...

അപ്പോഴേക്കും എന്റെ എല്ലാകരുത്തും അലിഞ്ഞുകഴിഞ്ഞിരുന്നു. നിക്കറിനുള്ളിൽ കൈയിട്ട് അരയിൽ നിന്ന് ഏലസ്സുകെട്ടിയ ചരട് അഴിച്ചെടുക്കാൻ കഴിഞ്ഞില്ല. വിരലുകൾ മരവിച്ചിരുന്നു. കിതപ്പു പെരുകി. ഉടൽ വിറച്ചു.തൊണ്ട വരണ്ടു. തല പെരുത്തു. ചെവിയടഞ്ഞു. കണ്ണുകളടഞ്ഞു. ഞാൻ പൂഴിമണ്ണിൽ കുഴഞ്ഞുവീണു.

ഇത്തിരികഴിഞ്ഞ്, കിതപ്പൊന്നൊടുങ്ങിയപ്പോൾ മെല്ലെ കണ്ണുതുറന്നുനോക്കി.

തൊട്ടുമുമ്പിൽ, എന്റെ മുഖത്തുതന്നെ ഉറ്റു നോക്കിക്കൊണ്ട് പ്രാന്തൻ ഇളിക്കുന്നു. അയാളുടെ കുപ്പായം നനഞ്ഞൊട്ടിയിരിക്കുന്നു. മുടിയിൽ നിന്ന് വിയർപ്പു തുള്ളികൾ ഇറ്റിറ്റു വീണു.

പ്രാന്തൻ എന്റെ അടുത്തേക്ക് പതുക്കെ രണ്ടു ചുവടുവെച്ചു. ചൂണ്ടുവിരൽ നീട്ടിക്കൊണ്ടടുത്തു. ഞാൻ ചുരുളുകയായിരുന്നു. ഇനിയൊന്നും ചെയ്യാനില്ല. ഓടാനോ, ഇഴയാനോ, ഉരുളാനോ വയ്യ. മുമ്പിൽ അയാൾ, പ്രാന്തൻ!

പ്രാന്തൻ ചൂണ്ടുവിരൽ നീട്ടിക്കൊണ്ടടുക്കുകയായിരുന്നു. പൊടുന്നനെ, ഒറ്റച്ചാട്ടത്തിന് എന്റെ തോളിൽ ഒന്നു തൊട്ടുകൊണ്ട് അയാൾ തിരിഞ്ഞു നിന്നു. ഉറക്കെ അലറിച്ചിരിച്ചുകൊണ്ട് അയാൾ കൂവി:

“തൊട്ടേ, തൊട്ടേ.. ഇനി നീ പ്രാന്തൻ.എന്നെ തൊടാൻ നോക്ക്.” എന്നിട്ട് അയാൾ ഓടാൻ തുടങ്ങി.

X Std Malayalam Reader.indb 62 5/22/2019 9:48:47 AM

ഭാഗം 5

ഹരിത സംസ്കാരം



പഠനലക്ഷ്യങ്ങൾ

- ഭൂമിയുടെ നിത്യഹരിത സർഗശോഭ ആസ്വദിക്കൽ
- കാടിന്റെ സൂക്ഷ്മ സ്പന്ദനങ്ങൾ മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	ഭൂമി	- ഒ.എൻ.വി കുറുപ്പ്
ഗദ്യം	:	കാട്	- സുഗതകുമാരി
ഉപപാഠം	:	തേൻവരിക്ക	- നാരായൻ

X Std Malayalam Reader.indb 63 5/22/2019 9:48:47 AM

കവിത

ഭൂമി

– ഒ.എൻ.വി കുറുപ്പ്



ഒ.എൻ.വി കുറുപ്പ് [1931 - 2016]: കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ, കോഴിക്കോട് സർവകലാശാലയിൽ മലയാളം വകുപ്പിൽ വിസിറ്റിങ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കവിതാരചനയിലൂടെ മലയാളത്തിന് അമൂല്യമായ സംഭാവനകൾ നൽകി. ജ്ഞാനപീഠ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഗാന രചനയ്ക്ക് ദേശീയ-സംസ്ഥാന അവാർഡുകൾ എന്നിവ ലഭിച്ചു.

അക്ഷരം, ഉപ്പ്, കറുത്ത പക്ഷിയുടെ പാട്ട്, ഒരു തുള്ളി വെളിച്ചം, ഭൂമിക്കൊരു ചരമഗീതം, ശാർങ്ഗകപ്പക്ഷികൾ തുടങ്ങി നിരവധി കൃതികളിലൂടെ മലയാള കവിതാസാഹിത്യത്തിന് ഒരു ബൃഹത്സമാഹാരം തന്നെ നൽകി കാവ്യകലയെ സമ്പുഷ്ടമാക്കി

ഭൂമിയെയും സർഗലാവണ്യത്തെയും വർണിക്കുന്ന ഈ കവിത ഒരു തുള്ളി വെളിച്ചം എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

കാണെക്കാണെ വയസ്സാവുന്നു
മക്കൾക്കെല്ലാ; മെന്നാലമ്മേ!
വീണക്കമ്പികൾമീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ?

ഇന്നലെയിവിടെക്കുഞ്ഞിക്കാലടി-
യടയാളത്താൽ പൂക്കളമെഴുതി;-
യിന്നവർ വാഴ്വിൻ വൻചുമടേറ്റി-
നടന്നീടുന്നു പാഴ്ച്ചുവടുന്നി!

X Std Malayalam Reader.indb 64 5/22/2019 9:48:47 AM

ഓരോ വട്ടവുമോണക്കളിയുടെ
താളമയഞ്ഞീടുന്നു ഞങ്ങളിൽ;
ഓണനിലാവിൻ പുടവയുടുത്താ-
ലമ്മയ്ക്കിന്നും പുതുലാവണ്യം!

സർഗലയങ്ങളിലൊരുപോൽ പുളകം-
കൊൾവൂനീ; പുതുനാമ്പുകളുണരൂ;-
ന്നൊപ്പമതിന്റെ ഞരമ്പുകളിൽ പുഴു-
പോലെയരിച്ചു നടപ്പൂ ജീർണത!



X Std Malayalam Reader.indb 65 5/22/2019 9:48:48 AM

പൂവിന്നൊരു പകൽ; പൂർണേന്ദുവിനൊരു
രാ;വൊരുഷസ്സിനു തിരുനെറ്റിയിലെ-
പ്പൂവിരിയുംവരെ; യൊരു പുരുഷായു-
സ്സൊരുപിടി നീർപ്പോളകൾ പൊലിയും വരെ!

പൂവുമുഷസ്സും ഞാനും നിമിഷ-
ത്തിരകളിലൊഴുകിപ്പോകേ, മറ്റൊരു
പൂവും മറ്റൊരുഷസ്സും മറ്റൊരു
ഞാനും കനകക്കണ്ണികൾ കോർക്കെ,

നശ്വരനാദകണങ്ങൾ ഞങ്ങ,-
ളനശ്വരതേ! നിൻ സംഗീതത്തിൻ-
നിശ്ചിതമാം സ്വരവിന്യാസത്തിനു
പൂർണത ചേർത്തമൃതം നുകരുന്നൂ!

X Std Malayalam Reader.indb 66 5/22/2019 9:48:48 AM

അഭ്യാസം

I. പദപരിചയം

നവം, താരുണ്യം, വാഴ്‌വ്, ലാവണ്യം, സർഗലയം, നാമ്പ്, ജീർണത, പൂർണേന്ദു, പുരുഷായുസ്, നശ്വരം, സ്വരവിന്യാസം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കാണെക്കാണെ വയസ്സാവുന്നത് ആർക്ക്?

   അ. ഭൂമി

   ആ. മക്കൾ

   ഇ. പൂക്കൾ

   ഈ. അമ്മ

2. അമ്മയ്ക്ക് പുതുലാവണ്യം നൽകുന്ന പുടവയാണ്

   അ. ഓണനിലാവ്

   ആ. ആതിരനിലാവ്

   ഇ. സർഗലയം

   ഈ. താളം

3. പൂവും ഉഷസ്സും താനും ഒഴുകിപ്പോകുന്നത് എന്തിലാണെന്നാണ് കവി സങ്കല്പിക്കുന്നത്?

   അ. ആഴിത്തിരമാലകളിൽ

   ആ. നിമിഷത്തിരകളിൽ

   ഇ. സമയവേഗങ്ങളിൽ

   ഈ. നിലാവിൽ

X Std Malayalam Reader.indb 67 5/22/2019 9:48:48 AM

III. ഉത്തരമെഴുതുക

1. പാഴ്ച്ചുവടൂന്നി നടക്കുന്നത് ആരാണ്?

2. ഭൂമി സർഗലയങ്ങളിൽ പുളകം കൊള്ളുന്നതോടൊപ്പം സംഭവിക്കുന്നതെന്തെല്ലാം?

3. നശ്വരത അനശ്വരതയ്ക്ക് പൂർണത നൽകുന്നതെങ്ങനെ?

4. ഭൂമിയെ നവതാരുണ്യത്തോടെയും പുതുലാവണ്യത്തോടെയും നിലനിർത്തുന്നത് പ്രകൃതിവിശേഷങ്ങളാണ്.കവിയും അതിന്റെ ഭാഗമായിത്തീരുന്നു-ഭൂമി എന്ന കവിതയെ ആസ്പദമാക്കി വിശദീകരിക്കുക.

IV. മനഃപാഠമാക്കാനുള്ള വരികൾ

കാണെക്കാണെ .....

..... പുതുലാവണ്യം!

X Std Malayalam Reader.indb 68 5/22/2019 9:48:48 AM

ഗദ്യം

കാട്

– സുഗതകുമാരി



സുഗതകുമാരി: 1934-ൽ തിരുവനന്തപുരത്ത് ജനിച്ചു. കവി എന്നതിലുപരി സാമൂഹിക പാരിസ്ഥിതിക വിഷയം കൈകാര്യം ചെയ്യുന്ന വ്യക്തിയുമാണ് സുഗതകുമാരി. കാവുതീണ്ടല്ലേ, മേഘം വന്നു തൊട്ടപ്പോൾ, മലമുകളിലിരിക്കെ, സൈലൻറ് വാലി (നിശ്ശബ്ദവനം), രാത്രിമഴ, അമ്പലമണി, പാവം മാനവഹൃദയം എന്നിവയാണ് പ്രധാന കൃതികൾ. എഴുത്തച്ഛൻപുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യഅക്കാദമി അവാർഡ്, വയലാർ അവാർഡ് എന്നിവ നേടിയിട്ടുണ്ട്, കാടിൻെറ ഹൃദയതാളം തേടിയുള്ള യാത്രയാണ് സുഗതകുമാരിയുടേത്.

കാടിന്റെ നിഗൂഢതയെക്കുറിച്ചും കാട് പോറ്റുന്ന ജീവജാലങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ ലേഖനം 'കാടിനു കാവൽ' എന്ന കൃതിയിൽ നിന്നെടുത്തതാണ്

കാട് അടുത്തെത്തുന്നതിനു മുമ്പുതന്നെ നമ്മെ എതിരേല്ക്കുന്നു. നഗരം ദുഷിപ്പിച്ച ശ്വാസകോശങ്ങളിൽ ശുദ്ധവായു പെട്ടെന്ന് ഊതി നിറച്ച് ജീവസ്സുറ്റതാക്കുന്നു. കാട്ടിൽ എത്തിക്കഴിഞ്ഞാൽ ഒന്നു നിൽക്കുക. ആ മണ്ണിൽ തൊട്ടുവന്ദിച്ചിട്ടുവേണം ഉള്ളിലേക്കു കടക്കാൻ. ഇരുണ്ടു കറുത്ത കാട് അവളുടെ ശ്യാമാംബരം വിതിർത്തു നിങ്ങളെ പുതപ്പിച്ചു മാറോടു ചേർത്തണയ്ക്കുമ്പോൾ ആഹ്ലാദംകൊണ്ടു ശ്വാസം മുട്ടിപ്പോകും.

ഉച്ചത്തിൽ വിളിക്കണമെന്നും ഉറക്കെ പാട്ടുപാടണമെന്നും കൈകൾ വീശി പാഞ്ഞുപോകണമെന്നുമൊക്കെ തോന്നിപ്പോകും. പക്ഷേ, മിണ്ടരുത്, ശബ്ദം ഉയർത്തരുത്, ലഹള കൂട്ടരുത്. ഈ പവിത്രസ്ഥലി നിങ്ങളുടേതല്ല. മറ്റാത്മാക്കളുടേതാണ്. നാം ഇവിടെ അന്യരാണ്. ഒരായിരം കണ്ണുകൾ ഭയത്തോടെ, സംശയത്തോടെ നമ്മെ വീക്ഷിക്കുന്നുണ്ട്. കാരണം നമ്മെ ചോര മണക്കുന്നുണ്ട്. മാപ്പു ചോദിച്ച് ഉള്ളിലേക്കു നീങ്ങുക.

പാദങ്ങൾക്കിടയിൽ നനഞ്ഞുപതുത്ത ഭൂമി. ആയിരമായിരം വർഷങ്ങളായി പൊഴിയുന്ന ഇലകൾ വീണുവീണു ദ്രവിച്ച കനത്തുകിടക്കുന്ന കട്ടിപ്പരവതാനി. അതിൽ കോടിക്കണക്കിനു ചെറുജീവികളുണ്ട്. അതിസൂക്ഷ്മസസ്യങ്ങളും പൂവുകൊണ്ടു കുറിതൊട്ട കുഞ്ഞുചെടികളും പുൽത്തരങ്ങളും കൂണുകളും പൊന്തകളും വള്ളികളും ചെറുമരങ്ങളും മരങ്ങളിൽ പറ്റിപ്പിടിച്ചു വളരുന്ന ഒരായിരം സസ്യങ്ങളും മരക്കൂണുകളും പന്നൽച്ചെടികളും ഓർക്കിഡുകളും മഹാവൃക്ഷങ്ങളും വൃക്ഷപ്പന്തലുകളും എല്ലാമെല്ലാം ചേർന്നതാണു കാട്.

X Std Malayalam Reader.indb 69 5/22/2019 9:48:48 AM

പല തലങ്ങളിലായി കാട് ഇരുണ്ടുയരുന്നു. അദൃശ്യങ്ങളും ദൃശ്യങ്ങളുമായ സൂക്ഷ്മജീവികൾ മുതൽ കാട്ടുറുമ്പും മൺചിലന്തിയും ചീവീടും മണ്ണിരയും ഒച്ചും ചോരകുടിയൻ അട്ടയും അരണയും തവളയും പാമ്പും കീരിയും മുള്ളൻപന്നിയും മറ്റും താഴത്തെ നിലയിലെ താമസക്കാരാണ്. ഓരോ നിലയിലുമുണ്ട് ആയിരമായിരം താമസക്കാർ. തേനീച്ചകൾ, വണ്ടുകൾ, വിട്ടിലുകൾ, ശലഭങ്ങൾ, തുമ്പികൾ, മിന്നാമിനുങ്ങുകൾ, പച്ചക്കുതിരകൾ, പ്രാർത്ഥനപ്പക്കികൾ തുടങ്ങിയവരെക്കൂടാതെ അണ്ണാൻ, മലയണ്ണാൻ, കുരങ്ങൻമാർ, വവ്വാലുകൾ ഇങ്ങനെ ഏറെപ്പേരുണ്ട്. മേൽത്തട്ടുകളിൽ ഒരായിരം കിളികൾ ചില്ലകൾക്കിടയിലൂടെ ചിലച്ചു പറക്കുന്നു. താഴെ വമ്പൻമാരുണ്ട്. പുലിയും കടുവയും കാട്ടുപന്നിയും കുറുക്കനും ചെന്നായും കരടിയുമൊക്കെയുണ്ട്. മാനും മ്ലാവും കാട്ടുപോത്തും ആനക്കൂട്ടവുമുണ്ട്. കാട് അവരുടെയെല്ലാം വീടാണ്. അവരൊക്കെ അവിടെ എവിടെയോ ഒക്കെയുണ്ട്.

പതുക്കെ സൂക്ഷിച്ചു പാദങ്ങൾ വയ്ക്കുക. കാലടിച്ചോട്ടിലെല്ലാം ജീവ ലക്ഷങ്ങളുണ്ടെന്ന് ഓർമിക്കുക. കുനിഞ്ഞുനോക്കി കാണുക. എത്രതരം ചെടികളാണ്, പടർപ്പുകളാണ്, തറപറ്റിക്കിടക്കുന്നവയാണ്, ചെറുപൂക്കൾ കുളുർക്കെ വിടർത്തി നിൽക്കുന്നവയാണ് നിങ്ങൾക്കു താഴെയും ചുറ്റിലും. വള്ളികളെ നോക്കൂ, ഇരുണ്ടു പച്ചച്ച കാട്ടുവള്ളികൾ. കറുത്ത തണ്ടോടു കൂടിയവ, മുള്ളുള്ളവ, മെലിഞ്ഞുനീണ്ടവ, നനുത്ത രോമങ്ങളുള്ളവ, തടിച്ചുരുണ്ടു ചുറ്റിപ്പിണഞ്ഞു കയറുന്നവ, ഭാരംകൊണ്ടു താങ്ങുമരങ്ങളെ താഴോട്ടമർത്തുന്നവ, പൂങ്കുലകൾ നീട്ടുന്നവ, കായ്കനികൾ ചാർത്തി



X Std Malayalam Reader.indb 70 5/22/2019 9:48:50 AM



നിൽക്കുന്നവ, തേനീച്ചകൾ ചുഴന്നു മുരളുന്നവ താഴെയോ കാട്ടുസൂര്യകാന്തികൾ, പുള്ളിക്കുത്തണിഞ്ഞ ഇലകളുള്ള കാട്ടുചേമ്പുകൾ, കരിങ്കദളികൾ, നീലനക്ഷത്രപൂക്കൾ, കാക്കപ്പൂക്കൾ, നൂറുപേരറിയാപ്പൂക്കൾ. വള്ളികളാൽ ആശ്ലേഷിതരായ മഹാവൃക്ഷങ്ങൾ സൂര്യന്റെ നേർക്കു വിസ്തൃതഹസ്തങ്ങൾ വിടർത്തി നീട്ടി ഉയർന്നുയർന്നു പോകുന്നു. ഗംഭീരസ്തൂപങ്ങൾ നിരന്ന, തട്ടുതട്ടായി ഉയരുന്ന മേല്ക്കൂരകളുള്ള ഒരു പടുകൂറ്റൻ പഴയ പള്ളിയുടെ പ്രാചീന ഗാംഭീര്യത്തിലേക്കു കയറിച്ചെല്ലുമ്പോലെ ഇവിടെ നമ്മുടെ ശിരസ്സു കുനിയുന്നു.

ഓരോ മരത്തിനും അതിന്റേതായ പ്രത്യേക വ്യക്തിപ്രഭാവമുണ്ട്. കാട്ടിലെ ആലിനും കാട്ടുമരുതിനും തേക്കിനും കരിവീട്ടിക്കും കാഞ്ഞിരത്തിനും പുന്നയ്ക്കും മലവേപ്പിനും മുള്ളൻപനയ്ക്കും കാട്ടയണിക്കും ഞാവലിനും പേരറിയാ നൂറുമരങ്ങൾക്കുമെല്ലാം വ്യത്യസ്ത ഛായയാണ്, ഭാവമാണ്, സൗന്ദര്യമാണ്. ഓരോ വള്ളിക്കും ചെടിക്കും അതിന്റേതായ ചാരുതയാണ്.

X Std Malayalam Reader.indb 71 5/22/2019 9:48:52 AM

അഭ്യാസം

I. പദപരിചയം.

ശ്യാമാംബരം, പവിത്രസ്ഥലി, വൃക്ഷപ്പന്തൽ, ജീവസ്സുറ്റ, ഹസ്തം, പ്രഭാവം

II. വാക്യത്തിൽ പ്രയോഗിക്കുക.

ദൃശ്യം, ഗംഭീരം, പ്രഭാവം

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'കാടിനു കാവൽ' ആരെഴുതിയ കൃതിയാണ്?

   അ. സുജാതാദേവി

   ആ. ജീവൻ ജോബ് തോമസ്

   ഇ. സുഗതകുമാരി

   ഈ. എൻ.എ. നസീർ

2. 'ഈ പവിത്ര സ്ഥലി നിങ്ങളുടേതല്ല മറ്റാത്മാക്കളുടേതാണ്. നാം ഇവിടെ അന്യരാണ്' ഏതാണീ പവിത്രസ്ഥലി?

   അ. കാട്

   ആ. വീട്

   ഇ. നഗരം

   ഈ. വൃക്ഷം

3. മഹാവൃക്ഷങ്ങൾ ആരുടെ നേർക്കാണ് തങ്ങളുടെ വിസ്തൃതഹസ്തങ്ങൾ നീട്ടിയത്?

   അ. സൂര്യന്റെ

   ആ. ചന്ദ്രന്റെ

   ഇ. മണ്ണിന്റെ

   ഈ. കാടിന്റെ

IV. ഉത്തരമെഴുതുക.

1. 'ആഹ്ലാദം കൊണ്ട് ശ്വാസം മുട്ടി പോകും' എന്ന് ലേഖിക പറയുന്ന അനുഭവമെന്താണ്?

2. 'എല്ലാമെല്ലാം ചേർന്നതാണ് കാട്' എന്തൊക്കെയാണവ?

X Std Malayalam Reader.indb 72 5/22/2019 9:48:52 AM

ഉപപാഠം

തേൻവരിക്ക

– നാരായൻ



നാരായൻ: 1940-ൽ ഇടുക്കി ജില്ലയിലെ കുടയത്തൂരിൽ ജനിച്ചു. സമൂഹത്തിന്റെ അടിത്തട്ടിലെ സാധാരണ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ ചിത്രീകരിക്കുന്ന കൃതികളാണ് അദ്ദേഹത്തിന്റെ സാഹിത്യ സംഭാവന. കേരള സാഹിത്യ അക്കാദമി അവാർഡ്, അബുദാബി ശക്തി അവാർഡ്, തോപ്പിൽ രവി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൊച്ചരേത്തി, ഊരാളിക്കുടി, വന്നല (നോവൽ) നിസ്സഹായന്റെ നിലവിളി (കഥാസമാഹാരം) തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ.

നിസ്സഹായന്റെ നിലവിളി എന്ന കഥാസമാഹാരത്തിലെ ഒരു കഥയാണ് തേൻവരിക്ക. ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി നാണ്യവിള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുമ്പോൾ അതിനു പിന്നിൽ പതിയിരിക്കുന്ന ദുരന്തങ്ങളെന്താണെന്ന് വെളിപ്പെടുത്തുന്ന കഥയാണിത്.

പ്ലാവിലകൾ കൊഴിഞ്ഞു വീഴുന്നത് കരച്ചിലോടെയല്ലേ?, മുറ്റത്തുനിന്ന അയ്യപ്പൻ പ്ലാവിനെ സൂക്ഷിച്ചുനോക്കി. വീടിനും പരിസരത്തിനും തണലും കാറ്റും നൽകി രക്ഷകനായി പടർന്നുനിൽക്കുന്ന തേൻവരിക്ക വളവും പുളവുമില്ലാതെ നല്ല വണ്ണവും ഉയരവുമുള്ള തടിയിൽ ചാരിവെച്ച മുളയേണി.ചെറിയ കൊമ്പുകളിലൊക്കെ ഒടുവിലുണ്ടായ ചക്കകൾ, അതൊക്കെ ഇനിയും വിളഞ്ഞിട്ടില്ല.

മകൻ സുരേന്ദ്രനോടൊപ്പം രണ്ടുപേർ, തടിയുടെ വണ്ണമളക്കുന്നു. അതെന്തിനെന്നോർക്കുമ്പോൾ വെള്ളം നിറച്ച കുടവും ചുമന്ന് സുരേന്ദ്രന്റെ ഭാര്യ ലീല വന്നു. ഒന്നു തിരിഞ്ഞു നോക്കിയിട്ട്, അവൾ പറഞ്ഞു: തടി കച്ചോടക്കാരാ അച്ഛാ കൂടെയൊള്ളത്.

“ങ്ഹേ”? അയ്യപ്പൻ നടുങ്ങിപ്പോയി. ലീലയെ തുറിച്ചൊന്നുനോക്കി.

“വിൽക്കണ്ടെന്നു പറഞ്ഞില്ലേ?”

“ഓ, ഞാൻ പറഞ്ഞാലുണ്ടോ കേൾക്കുന്നു!”.

“ങും, ഷാപ്പിലെ പറ്റു തീർക്കാനായിരിക്കും”

X Std Malayalam Reader.indb 73 5/22/2019 9:48:52 AM



സുരേന്ദ്രന്റെ മക്കൾ രണ്ടുപേരും മുറ്റത്തിറങ്ങി. അവർ പറഞ്ഞു:
“തേൻവരിക്ക വിക്കണ്ട മുത്തച്ഛാ”

“വിക്കണ്ടെന്നു മക്കള് അച്ഛനോട് പറ”.

മനസ്സിലൊരു നീറ്റലോടെ, അയ്യപ്പൻ പിന്നെയും പ്ലാവിലേക്ക് നോക്കി. ചില്ലകളിലൊക്കെ, ഏതെല്ലാം പക്ഷികളാണ് വന്നിരിക്കുന്നത്! മുമ്പൊക്കെ പക്ഷികളുടെ കൂട്ടമായിരുന്നു. ഇപ്പോൾ രണ്ടും നാലുമൊക്കേയേയുള്ളൂ.

ആ തടിക്കു പലകാലത്തും ആവശ്യക്കാരുണ്ടായിരുന്നു. പക്ഷേ നാളിതുവരെ വിറ്റുതുലയ്ക്കാൻ ആർക്കും തോന്നിയില്ല. എന്നാലിപ്പോൾ തന്റെ മകൻ? ദാരിദ്ര്യം എന്തെന്നറിയാതെയാണ്, കുടുംബത്തിൽ മക്കൾ വളർന്നതും വളരുന്നതും. അക്കാര്യത്തിൽ ഈ പ്ലാവിന് വലിയ പങ്ക് എന്നുമുണ്ടായിരുന്നു.

തുലാമാസമാകുമ്പോൾ, ചുവടുമുതൽ മുകൾ വരെ ചവുണ്ട കായ്കൾവിരിഞ്ഞു തുടങ്ങും. ഒരു ഞെട്ടിൽ രണ്ടും മൂന്നും വീതം.ചിലത് കൊഴിഞ്ഞുപോകും. ബാക്കിയുള്ളവ മകരത്തിലെ തണുപ്പാകുമ്പോൾ, പകുതി വിളവാകും. തടിയിലും കൊമ്പുകളിലുമെല്ലാം രണ്ടാം തവണക്കാർ വിരിയുന്നതും മകരത്തിലാണ്.

X Std Malayalam Reader.indb 74 5/22/2019 9:48:53 AM

കുംഭമാസത്തിലെ ശിവരാത്രിക്ക് നൊയമ്പും ഉറക്കമൊഴിക്കലും പതിവുണ്ട്. അന്നു ചോറും കറികളുമില്ല.ഒരുനേരത്തെ അരിയേതര ഭക്ഷണം. പുഴുങ്ങാൻ പാകമായ ചക്ക തേൻവരിക്കയിലുണ്ടാകും .രാവിലെ കുളിച്ച് ഭസ്മക്കുറിയും തൊട്ട് അയ്യപ്പൻ പ്ലാവിൻ ചുവട്ടിലെത്തും. എടുക്കാനുള്ള ചക്ക നേരത്തെ നോക്കിവച്ചതാണ്. എന്നാലും വീണ്ടുമൊരു നോട്ടം, ഒന്നു കുറയുകയാണല്ലോ. ചക്കയുടെ പുറത്തെ മുള്ളിന്റെ കറുപ്പ് വിളഞ്ഞതിന്റെ തെളിവ്. ആരോടോ അനുവാദം ചോദിക്കുംപോലെ, ഒരു നിമിഷത്തെ മൗനപ്രാർത്ഥന. ഇതെല്ലാം നിങ്ങൾക്കുള്ള തല്ലേ ഇഷ്ടമുള്ളതു മുറിച്ചെടുക്ക് അങ്ങനെ പറഞ്ഞെന്ന തോന്നലോടെ. മുകളിലെങ്ങാനുമിരിക്കുന്നതാണെങ്കിൽ ഏണി ചാരി കയറി കയറുകെട്ടി ഇറക്കും. ചുവട്ടിലാണെങ്കിൽ ചക്കയോടു ചേർത്തു ഞെട്ടു മുറിക്കും.തടിയിൽ നിന്നു വേർപെടാത്ത ഞെട്ടിന്റെ മുറിവിലൂടെ രണ്ടു നാളേക്കു തേനൂറിവരും. ഇലക്കുമ്പിളിൽ ശേഖരിച്ചെടുക്കാം. ചെറുപ്പത്തിൽ അയ്യപ്പനങ്ങനെ ചെയ്യുമായിരുന്നു. ഇപ്പോൾ മുത്തച്ഛനാണല്ലോ.

കൈകാലുകൾക്കും കണ്ണിനുമൊക്കെ പ്രായത്തിന്റെ ക്ഷീണമുള്ള അയ്യപ്പന് തേൻവരിക്കയുടെ കാര്യം നല്ല ഓർമ്മയുണ്ട്. സമൃദ്ധിയുടെ ആ കാലം കുംഭത്തിൽ തുടങ്ങി മിഥുനമാദ്യം വരെയാണ്. അതിനിടയിൽ പഴുത്തതും പച്ചയുമായി നൂറു നൂറ്റമ്പതു വരിക്കച്ചക്കകൾ കിട്ടിയിരിക്കും.

കാലത്തു കാപ്പിക്കും വൈകുന്നേരം പുഴുങ്ങാനുമുള്ള ചക്ക വെട്ടിപ്പിളർന്ന് കഷണങ്ങളാക്കി ചുളയടർത്തും. ചകിണി കളഞ്ഞ് ചുളയുടെ ഒരുവശം കീറി പാട പൊട്ടിക്കാതെ കുരുവെടുക്കും. ചുള പിന്നെ നീളത്തിൽ കനം കുറച്ചു കീന്തി ചുരണ്ടിയ തേങ്ങ, വേപ്പില, പാകത്തിന് ഉപ്പും മുളകും മഞ്ഞളും ചേർത്തിളക്കി വേവിച്ചാൽ ചക്കപ്പുഴുക്ക്. കുരുവിനു പുറമെയുള്ള പാട ഒന്നു ഞെക്കിയാൽ പൊട്ടി വേർപെടും. ഞെട്ടു കളഞ്ഞു അരിഞ്ഞു തോരനുണ്ടാക്കാം. കുരു ചുരണ്ടി കനംകുറച്ചരിഞ്ഞാൽ തോരനോ മെഴുക്കുപുരട്ടിയോ. മുരിങ്ങക്കായ്, മാങ്ങ, ചെമ്മീൻ ഏതെങ്കിലും ചേർത്ത് ചാറുകറി.

മീനം - മേടം മാസങ്ങളിൽ ചക്ക കൂട്ടമായി വിളയും.നോക്കിയും കണ്ടും എടുത്തില്ലെങ്കിൽ ഒന്നിച്ചു പഴുത്തു ചീഞ്ഞളിയും. അതിനാൽ മൂപ്പായത് മൂപ്പായത് ഇറക്കികൊണ്ടുവരും. മുറിച്ചു ചുളകളെടുത്തു നാലായിപ്പിളർന്ന് തിളക്കുന്ന വെള്ളത്തിലിട്ടു വാട്ടി, വെയിലിലുണക്കി സൂക്ഷിച്ചുവെക്കാം, പഞ്ഞക്കാലത്ത് പുഴുക്കിന്. മടലും ചകിണിയുമെല്ലാം വളർത്തുമൃഗങ്ങൾക്ക് തീറ്റിയും.

കയറിപ്പറ്റാനാവാത്തതോ തോട്ടി എത്താത്തതോ ആയ ചില്ലയിലെങ്ങാനും ചക്ക പഴുത്താൽ അണ്ണാൻ, വവ്വാൽ, കാക്ക, കിളികൾ... എല്ലാവരുമെത്തും. ചുളകൾ തിന്ന് കുരു താഴെ വീഴ്ത്തും. മണ്ണിൽ കിടന്നു മുളച്ച് വംശവർദ്ധനവിന്. പക്ഷേ, സ്വാർത്ഥനായ മനുഷ്യൻ സമ്മതിക്കില്ല. ഒന്നില്ലാതെ പെറുക്കിയെടുക്കും മനുഷ്യന് എത്ര തിന്നാലും തികയുകയില്ലല്ലോ!

നല്ല കുരു ധാരാളമുണ്ടെങ്കിൽ കഴുകി തോരാനിടും., മൂടയ്ക്കിടാൻ. അടുക്കള വശത്തെ തിണ്ണയുടെ കോണിൽ കല്ലും മണ്ണും ചേർത്തു കെട്ടിയ ചതിക്കുഴിയിൽ ഉണങ്ങിയ മണൽ കുറച്ചു നിരത്തണം. അതിനു മുകളിൽ കുരു. വീണ്ടും മണലോ ഉണങ്ങിപ്പൊടിഞ്ഞ മണ്ണോ വിതറും. ചില കാലം കുഴി നിറച്ചുണ്ടാകും. മഴയും തണുപ്പും കൂട്ടിനു പഞ്ഞവുമുള്ള മിഥുനവും കർക്കടകവും തള്ളിയാൽ നീങ്ങുകയില്ല. മൂടിപ്പുതച്ചിരിക്കാം. പിള്ളേരുള്ള വീടുകളിൽ ദാരിദ്ര്യം കൂട്ടിനു വരും. പിന്നത്തെ

X Std Malayalam Reader.indb 75 5/22/2019 9:48:53 AM

കാര്യം കഠിനമാണ്. എരിപൊരികൊള്ളുന്ന കൊച്ചുവയറുകൾ കടന്നലുകൾ പോലെ മൂളി നടക്കും. എങ്ങുമൊരു കാട്ടുതാൾ പോലുമില്ലാത്ത കാലം. മൂടക്കുരുവും വാട്ടു കപ്പയുമുള്ള വീട്ടമ്മയ്ക്ക് തലവേദനയില്ല. അത്താഴം കഴിഞ്ഞ് രാവിലെ പുഴുങ്ങാൻ വേണ്ടത്ര കപ്പയും ഓരോ പാത്രത്തിൽ വെള്ളമൊഴിച്ചിടും.രാവിലെ, കുതിർന്ന കപ്പ കഴുകിയെടുത്ത് ചുരണ്ടിപ്പിളർന്ന കുരുവും ഒന്നിച്ചൊരു പുഴുക്ക്. കൂട്ടാൻ, കറിയോ ചമ്മന്തിയോ ഉണക്കമീൻ ചുട്ടതോ.

പിള്ളേർക്കിഷ്ടം പുഴുക്കും കൂട്ടാനുമല്ല. പൊട്ടക്കലമോ ചീനച്ചട്ടിയോ അടുപ്പിൽവെച്ച് ചൂടാകുമ്പോൾ മൂടക്കുരു വാരിയിട്ട് ഇളക്കി വറുക്കണം പാകമായാൽ മുറത്തിൽ ചൊരിഞ്ഞിട്ട് ചിരട്ട കൊണ്ട് അമർത്തി തേച്ചാൽ തൊലിയും ചവരും പോയിക്കിട്ടും. കടിച്ചു തിന്നാം. തേങ്ങാപ്പൂളുമുണ്ടെങ്കിൽ രസം പരിപാടി. കുരു അടുപ്പിലിട്ട് ചുട്ടു തിന്നാം.

സന്ധ്യാനേരത്ത് അയ്യപ്പൻ തേൻവരിക്കയിൽ ചാരിനിന്നു. ആരുടെയോ ഗദ്ഗദം പോലെ ചെറിയൊരു ചൂടുകാറ്റ്. 'ഇനിയിങ്ങനെ എത്രനാൾ'? പ്ലാവിനു മറഞ്ഞു നിന്നു ആരോ അങ്ങനെ ചോദിച്ചില്ലേ? തടിയുടെ മറുവശം ഒരാൾ നിന്നാൽ ഇപ്പുറം കാണാനാവില്ല. അയ്യപ്പൻ ഓർത്തു പിറുപിറുത്തു. "പ്ലാവേ, നിന്റെ ഈ ദുരന്തം ഈ പൊണ്ണത്തടിയല്ലേ? നീയൊരെലിമ്പനോ പൊത്തനോ ആയിരുന്നെങ്കിൽ"!

"അല്ല, അയ്യപ്പനും അതറിയില്ലെന്നുണ്ടോ? മണ്ണുതരുന്നതെല്ലാം മരങ്ങൾ സ്വീകരിക്കും. പിന്നെ, നിന്റെ മുത്തച്ഛൻ അല്ലേ എന്റെയരികിൽ വീടുവെച്ചത്. എന്നെ വെട്ടിക്കളയാൻ കുറെ ആളുണ്ടോയെന്നും അയാൾ നോക്കിയല്ലോ. എലുമ്പനും പോത്തനും ഒക്കെ പോട്ടെ, രുചിയില്ലാത്ത കായ്ക്കളായിരുന്നു എന്റേതെങ്കിൽ, എന്നെ എന്നേ അഗ്നിക്കിരയാക്കുമായിരുന്നു. മുതുമുത്തച്ഛൻ മുതൽ ഇളംമുറയിലെ കുഞ്ഞുങ്ങൾ വരെ എന്റെ മധുരക്കനികൾ തിന്നു. എന്റെ തണലിൽ തന്നെ ഓടിയുമൊളിച്ചും കളിച്ചും വളർന്നു. ആനന്ദമായിരുന്നു അന്നൊക്കെ. നിങ്ങളിൽ പലരും എന്നെ വിൽക്കാൻ വിചാരിച്ചില്ലേ?. എന്തേ ചെയ്തില്ല? നിന്റെ മകൻ തീർച്ചയായും അത് ചെയ്യും".

"ഇല്ല, ഇല്ല. അവനെന്റെ മകനാണ്, ഞാനതനുവദിക്കില്ല".

"ങുഹും, ഒരു വൃദ്ധന്റെ വ്യാമോഹം! അച്ഛന്റെ വാക്കുകൾക്ക് മകൻ ചെവിതരുമെന്നോ?" ഇല്ലേ? നിശ്വാസം പോലെ പിന്നെയുമൊരിളംകാറ്റ്. കടുപ്പമുള്ള തടിയിൽ ഒരു കോടാലി ആഞ്ഞു പതിക്കുന്നില്ലേ? മഞ്ഞനിറമുള്ള ചീളുകൾ ചിതറുന്നു. മുറിപ്പാടിൽ ഒഴുകുന്ന വെളുത്ത ചറത്തിനു ചോര നിറം. വേദനകൊണ്ട് തേൻവരിക്കയുടെ കൊമ്പുകൾ വിറക്കുന്നു. "അയ്യോ പ്ലാവേ, ദേവവൃക്ഷങ്ങളിൽ നീ ഉത്തമനും പുണ്യവാനുമല്ലേ! എന്തു കുറ്റത്തിനാണ് നിന്നെ വെട്ടി വീഴ്ത്തുന്നത്?"

"പലകാലം ഒരു കുടുംബത്തിന്റെ വിശപ്പടക്കി, തണലേകി, ജീവജലം വറ്റിപ്പോകാതെ കാത്തു. ചുറ്റുവട്ടത്തിലുള്ള മണ്ണ് വളക്കൂറുള്ളതാക്കി നിലനിർത്തി. പുതിയനിയമത്തിൽ ഇതെല്ലാം കുറ്റങ്ങളില്ലേ? റബ്ബറിന് പ്ലാവൊരു തടസ്സമാണെന്ന് നിന്റെ മകൻ വിചാരിക്കുന്നു. എന്നെ വിൽക്കാൻ അവൻ പണം വാങ്ങിയല്ലോ."

"തലയിൽ ഒരു കൊമ്പൊടിച്ചിട്ടെങ്കിലും ആ ദുഷ്ടനെ..."

"കൊല്ലണം അല്ലേ? എന്തൊരു കഷ്ടമാണിത്?. വൃക്ഷങ്ങൾക്ക് പകയില്ലന്ന കാര്യവുമറിയില്ല. വെട്ടിമുറിക്കുമ്പോഴുണ്ടാകുന്ന വേദന പൊറുക്കണമെന്ന് വീട്ടുകാരന

X Std Malayalam Reader.indb 76 5/22/2019 9:48:53 AM

പേക്ഷിച്ചാൽ നിരസിക്കുന്നതെങ്ങനെ? വൃക്ഷങ്ങൾ നശിക്കുമ്പോൾ പ്രകൃതിയിൽ മാറ്റങ്ങളുണ്ടാകും. അതിനൊന്നും ഞങ്ങൾ ബാധ്യസ്ഥരല്ല. അതുമോർക്കുക."

മടിച്ചാണെങ്കിലും അയ്യപ്പൻ മകനെ ഉപദേശിച്ചു. "തേൻവരിക്ക വിൽക്കരുത്. അത് മക്കളെ പോറ്റിയതല്ലേ?"

സുരേന്ദ്രൻ മുഖമുയർത്താതെ ചുറ്റിലും നോക്കി. അച്ഛൻ മാത്രമല്ല ഭാര്യയും മക്കളും കൂടി തന്റെ മറുപടിക്ക് കാതോർക്കുന്നു. തീരെ ഇഷ്ടപ്പെടാതെ അയാൾ പിറുപിറുത്തു. "ഒരു പ്ലാവല്ലേ ... പോട്ടെ."

"ങേഹ്?" നിരാശയോടെ അയ്യപ്പൻ കണ്ണുകൾ പിൻവലിച്ചു.

"ആ പ്ലാവൊള്ളതുകൊണ്ട് മക്കൾ പഞ്ഞമറിഞ്ഞിട്ടില്ല." ലീലയുടെ ശബ്ദം.

"നിന്റെ മക്കളേടീ, കുറച്ചു പഞ്ഞംകൊള്ളട്ടെ."

"ങും, കണ്ണിക്കടിയുള്ളോരു ചിരിക്കും."

"ചിരിച്ചോട്ടെ."

"ഇതുപോലൊന്ന് വേറെയാർക്കുമില്ലെന്നോർക്കണം."

"നിനക്ക് സ്ത്രീധനം കിട്ടിയതല്ലല്ലോ? എരമ്പുപോയാൽ അവിടെ അമ്പതറുപതു റബർവയ്ക്കാം. നല്ല പാലുള്ളതാണെങ്കിൽ ദിവസവും മൂന്നുനാലു കിലോ പോരായിരിക്കും."

ലീലയ്ക്ക് അനുഭവങ്ങളുടെ സംശയമാണ്. "അതിന് തൈവെച്ച് ആറേഴു കൊല്ലം കഴിയണ്ടേ? അന്ന് റബ്ബറിനു വില കിട്ടുമെന്നാരറിഞ്ഞു?."

അയ്യപ്പൻ കൂട്ടിച്ചേർത്തു: "അതെ, ഒന്നാന്തരം വരിക്കപ്ലാവ് വെട്ടി വിറ്റേച്ച്."

സുരേന്ദ്രന് കോപം വന്നു. "കടം വീട്ടണ്ടേ? നിങ്ങൾക്കൊക്കെ തിന്നാനും തരണം."

"ഉവ്വെടാ ആയ കാലത്ത് രാപകലില്ലാതെ കഷ്ടപ്പെട്ടിട്ടാ മൊതലൊണ്ടായത്. വിറ്റുതിന്നാനല്ലാതെ കാൽക്കാശിന് നീയുണ്ടാക്കിയോ?

"അച്ഛനൊന്നു മിണ്ടാതിരിക്ക്-" മരുമകൾ വിലക്കി.

"സുരേന്ദ്രനില്ലേ? പൂയ്..."

"ആരാ?"

വാതുക്കൽ വന്നുനോക്കിയത് അയ്യപ്പനാണ്. തേച്ചുമിനുക്കി മൂർച്ചകൂട്ടിയ മഴുവും വളയമാക്കി തോളിലേറ്റിയ വടവുമായി മൂന്നുപേർ മുറ്റത്ത്.

"ഞങ്ങളേ, പ്ലാവ് വെട്ടാൻ വന്നതാ."

അയ്യപ്പനു ശബ്ദം ഇല്ലാതായി. കാലിലൂടെ ഒരു വിറയൽ മേല്പോട്ടു കയറി. അതു നെഞ്ചിലുടക്കി വിങ്ങുമ്പോൾ തൊണ്ട വരണ്ടു. കാഴ്ച മങ്ങി. തേൻവരിക്കയുടെ ഒരു കൊമ്പ് വെട്ടുന്നത് പോലും നോക്കിനിൽക്കാൻ തനിക്കാവില്ല.

X Std Malayalam Reader.indb 77 5/22/2019 9:48:53 AM

വെട്ടി വീഴ്ത്തുമ്പോൾ ഒരുപക്ഷേ... വേണ്ട... വേച്ചുവേച്ച് അയ്യപ്പനിറങ്ങി നടന്നു. മനസ്സിൽ തടിവീണ് മണ്ണു കുലുങ്ങുന്ന പ്രകടനത്തോടെ.

മുറ്റത്ത് പ്ലാസ്റ്റിക് കൂടുകളിൽ റബ്ബർതൈകൾ. തണൽപോയി നഗ്നമായി ഉണങ്ങിവരണ്ട മണ്ണിൽ വായ തുറന്ന് കുഴികൾ. കുടിക്കാനും കുളിക്കാനും ഉള്ള വെള്ളം തേൻവരിക്കയുടെ തണലിലായിരുന്നു. ചെറിയൊരു പാറവിടവിലൂടെ ഊറിവന്ന് ഓലി നിറയും. അത് വറ്റുമായിരുന്നില്ല. അതിനാൽ വേറൊന്ന് അന്വേഷിച്ചുമില്ല.

ഓലിയിലെ വെള്ളം ചൂടായിക്കിടന്നു. നിമിഷംതോറും വറ്റിക്കൊണ്ട്.

ചപ്പുംചവറും മേൽമണ്ണും നിറച്ചിട്ടരുന്ന കുഴികളിൽ മഴപെയ്ത ശേഷം നട്ട റബ്ബർതൈകൾ, വേനലാരംഭത്തിൽ വാടിത്തളർന്നു തലകുനിച്ചുനിന്നു. ലീല അതിനൊക്കെ ഓലമെടഞ്ഞു തണൽ കുത്തി. മണ്ണു വരണ്ടുപൊടിഞ്ഞ തക്കത്തിന് കാറ്റുവന്ന് ഊതിപ്പറത്തി.

ഓലിയിലെ നീരുറവ നിശ്ശേഷം വറ്റിപ്പോയി. അലുമിനിയക്കുടങ്ങളുമായി താഴെഭാഗത്തെ കിണറ്റുകരയിൽ വെള്ളമെടുക്കാൻ നിന്ന ലീലയോട് വീട്ടമ്മ പറഞ്ഞു: "എങ്ങനെയാ പറയുന്നത്, എന്നുമിങ്ങനെ വെള്ളം തരാൻ പറ്റുകയില്ല കേട്ടോ."

"കുടിക്കാൻ ഒരുകുടം."

"ഇന്നുകൂടി തരാം."

"ചൂടുകൊണ്ട് ഒരു രക്ഷയുമില്ല. ഒന്നു കുളിക്കാതെങ്ങനെ കിടന്നുറങ്ങാനാണ്?" സുരേന്ദ്രൻ പാത്രങ്ങളിൽ നോക്കി. എല്ലാം കാലി.

"മേലൊന്നു നനയ്ക്കാൻ പോലും വെള്ളമില്ലേടീ."

"ഞാനെവിടുന്നു കൊണ്ടുവരാനാ?"

വറുതിക്കൊരവസാനം പോലെ മഴ ചിതറിവീണു. ആശ്വാസം. അങ്ങനെയിരിക്കുമ്പോൾ മുറ്റത്തിന്റെ കോണിടിഞ്ഞത് കണ്ടു, സുരേന്ദ്രൻ നടുങ്ങി. ചാറ്റൽ മഴയത്ത് തലയിൽ തുണിയുമിട്ട് നോക്കിനിൽക്കുന്ന ഭാര്യയുടെ അടുത്ത് ചെന്ന് അയാളും നോക്കി. മൂന്നുകൊല്ലം മുമ്പ് നട്ട റബ്ബർതൈകൾ കൈവണ്ണമാകേണ്ടതായിരുന്നു, ആയില്ല. മണ്ണെല്ലാമൊഴുകിപ്പോയതിനാൽ മിക്കതും കടപുഴകി വീണു. ഇതൊന്നുമല്ല പ്രതീക്ഷിച്ചത്. ഉരുൾപൊട്ടലുണ്ടായതുപോലെ എവിടെയും എഴുന്നുനിൽക്കുന്ന കല്ലുകളേ കാണാനുള്ളൂ. പിറകിൽ വന്നു നിന്ന് അച്ഛൻ പരിഹസിച്ചോ? "സുരേന്ദ്രാ, മണ്ണും മരവും തമ്മിലുള്ള ബന്ധം നിനക്കറിഞ്ഞൂകൂടാ. മരം വെട്ടിയാൽ വേരുണങ്ങും, മണ്ണുണങ്ങും, കാറ്റത്തും മഴയത്തും പറന്നും ഒലിച്ചു പോകും. കുടിനീർ ചുരത്താത്ത കല്ലുകൾ തെളിഞ്ഞുവരും. ഇവിടം വിട്ട് എവിടെയെങ്കിലും പോയ്ക്കൂടേ?"

"എങ്ങോട്ടാണച്ഛാ...?"

X Std Malayalam Reader.indb 78 5/22/2019 9:48:53 AM

ഭാഗം 6

ജീവിതം



പഠനലക്ഷ്യങ്ങൾ

- ജീവിത പ്രേമത്തിന്റെ ലാളിത്യം തിരിച്ചറിയൽ
- അനിവാര്യമായ ജീവിതയാഥാർത്ഥ്യം ഉൾക്കൊള്ളൽ

പാഠഭാഗങ്ങൾ

കവിത	:	പണ്ടത്തെ മേശാന്തി	- അക്കിത്തം
ഗദ്യം	:	ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം	- ജോൺപോൾ
ഉപപാഠം	:	ഇരട്ടകൾ	- അയ്മനം ജോൺ

X Std Malayalam Reader.indb 79 5/22/2019 9:48:54 AM

കവിത

പണ്ടത്തെ മേശാന്തി

– അക്കിത്തം



അക്കിത്തം അച്യുതൻ നമ്പൂതിരി: 1926 ൽ പാലക്കാട് ജില്ലയിലെ കുമാരനല്ലൂരിൽജനിച്ചു. തന്റെകാലഘട്ടത്തിലെ ജീവിതത്തോട് സൂക്ഷമ തയോടെയും സത്യസന്ധതയോടെയും പ്രതിക രിച്ച കവിയാണ് അക്കിത്തം. ഇരുപതാം നൂറ്റാണ്ടി ന്റെ ഇതിഹാസം, വെണ്ണക്കല്ലിന്റെ കഥ, പണ്ടത്തെ മേശാന്തി തുടങ്ങിയവയെല്ലാം ശ്രദ്ധേയമായ കവി തകളാണ്. കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ്, കേരള സാഹിത്യഅക്കാദമി അവാർഡ്, ഓടക്കു ഴൽഅവാർഡ്, വയലാർഅവാർഡ്, കേരളസർ ക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ എഴു ത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്,

ഒരു നേരത്തെ അന്നത്തിനുപോലും കഷ്ട പ്പെടുന്ന മേശാന്തി ആനപ്പുറത്ത് തിടമ്പിനൊപ്പമിരിക്കുമ്പോൾ, തങ്ങളെ ആനപ്പുറ ത്തു കയറ്റണമെന്ന ഉണ്ണികളുടെ ആവശ്യത്തിനു മുമ്പിൽ നിസ്സഹായനാകുന്നു. ഈ കൊമ്പനാനകളും ക്ഷേത്രവും തന്റേതല്ലെന്നും കുട്ടികളുടെ സങ്കടത്തിൽ ദുഖമു ണ്ടെന്നും എന്നാലും വിധിയെ നിന്ദിക്കുന്നില്ലെന്നും തന്റേതായി ഒരാള് ശ്രീകോവി ലിലുണ്ടെന്നും മേശാന്തി സമാധാനിക്കുന്നു.പണ്ടത്തെ മേശാന്തി എന്ന കവിതയിൽ നിന്നെടുത്ത ഒരു ഭാഗമാണിത്.

അന്നാണൊരുത്സവക്കാലത്തു ലോകർ വ-

ന്നമ്പലമുറ്റത്തു തിക്കിത്തിരക്കവേ,

നൃത്തമാടും ദീപനാളങ്ങൾ മാനവ-

ചിത്തമാലിന്യം കഴുകിക്കളയവേ,

ദീപങ്ങളോടൊത്തു ചന്ദനലേപവും

ധൂപവും നൈവേദ്യപുഷ്പഭേദങ്ങളും

ഒന്നിച്ചുയർത്തുമനന്യസാധാരണ-

X Std Malayalam Reader.indb 80 5/22/2019 9:48:54 AM

പുണ്യസൗരഭ്യം വിടർന്നു പരക്കവേ
കൊട്ടിമുറുകുന്നു പഞ്ചാരി; നീൾമുടി-
ക്കെട്ടിനാൽത്താളംപിടിപ്പൂ മഹാജനം;
ഇത്തിരിക്കണ്ണിമവെട്ടാതെ വീശുന്നു
മത്തേഭവൃന്ദം പെരുംമുറക്കാതുകൾ.
കഷ്ടിച്ചഹസ്സു പകർന്നവാറേ കുളി -
ച്ചുഷ്ണിച്ചതുമിതും ജോലികൾ ചെയ്കയാൽ
ആകെശ്ശുവികെട്ടിരുന്നു ഞാനെങ്കിലെ-
ന്താ, ളുകൾക്കുത്സവമുത്സവമല്ലയോ?
****
ആനക്കഴുത്തിലെത്തൂശിരോമങ്ങളെ-
ന്നാടുന്ന കാൽവണ്ണയിങ്കലിടയ്ക്കിടെ
കുത്തിത്തറയ്ക്കയാലല്ലീ തിടമ്പൊത്തു
ഞെട്ടിത്തെറിച്ചു നിലംപതിക്കാത്തു ഞാൻ!
കൊട്ടും പ്രദക്ഷിണംവെപ്പും കഴിയവേ
പെട്ടെന്നുണർന്നൊരു കോട്ടുവാവിട്ടു ഞാൻ
അത്രയും പാപമൊടുങ്ങി നമുക്കെന്നു
ഹൃത്തിൽക്കൊടിവിളക്കിൻ തിരി നീട്ടവേ
കൂടൻ കവച്ചുകാട്ടീടുന്ന കാൽമുട്ടി-
ലൂടെച്ചവുട്ടിയിറങ്ങിത്തിടമ്പുമായ്
ശ്രീകോവിലിൻനേർക്കു നീങ്ങവേ മന്ത്രിപ്പൂ
ശീവേലി കാണുവാൻ വന്ന രണ്ടുണ്ണികൾ,
"മേശാന്തിയല്ലയോ പോകുന്നു? മൂപ്പർതാൻ

X Std Malayalam Reader.indb 81 5/22/2019 9:48:54 AM

മേലാളിവിടെസ്സകലകാര്യത്തിനും
ആയാളോടൊന്നു പറഞ്ഞുനോക്കാം നമു-
ക്കാനപ്പുറത്തു കയറണമെന്നുടൻ.”
ഉള്ള കാര്യം ഞാൻ തുറന്നുപറകയാ-
ണു,ള്ളിലുറക്കെച്ചിരിച്ചുപോയെങ്കിലും
കേട്ടിതസ്സല്ലാപമെന്നു പുറത്തേയ്ക്കു
കാട്ടീല, മേശാന്തി പാലിച്ചു ഗൗരവം!
ഉണ്ണികളുണ്ടോ വിടുന്നു? നടയട-
ച്ചുണ്ണാനലച്ചപിടിച്ചു ഞാൻ പോരവേ
ഒന്നല്ല രണ്ടല്ലൊരുപരപ്പുണ്ണിക-
ളെന്നെത്തടുത്തുനിറുത്തുകയല്ലയോ?-
“എന്നെയുമാനപ്പുറത്തു കയറ്റണം,
എന്നെയുമെന്നെയുമെന്നെയുമെന്നെയും!”
കാണും മഹാന്മാർ ചിരിപ്പൂ ; കുനിക്കുന്നു
ഞാനപമാനച്ചുമടുപോലെന്മുഖം:
“എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും, മക്കളേ!
നിങ്ങൾതൻ കുണ്ഠിതം കാൺമതിൽ ഖേദമു-
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ
ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ-
നിർഭരനായൊരാളെന്റെയായെന്റെയായ്!”

X Std Malayalam Reader.indb 82 5/22/2019 9:48:54 AM

അഭ്യാസം

I. പദപരിചയം

അഹസ്, ശവികെടുക, മാനവർ, ചിത്തം, ധൂപം, സൗരഭ്യം, മത്തേഭം, വൃന്ദം, തൂശി രോമങ്ങൾ, തിടമ്പ്, പ്രദക്ഷിണം, ഹൃത്ത്, ഗർഭഗൃഹം, നിർഭരം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഏത്കാലത്താണ് ലോകർ വന്ന് അമ്പലമുറ്റത്ത് തിക്കിത്തിരക്കിയത്?

   അ. വേനൽക്കാലത്ത്

   ആ. മഴക്കാലത്ത്

   ഇ. ഉത്സവക്കാലത്ത്

   ഈ. മഞ്ഞുക്കാലത്ത്

2. മനുഷ്യമനസ്സിലെ മാലിന്യം കഴുകിക്കളഞ്ഞതെന്ത്?

   അ. ദീപനാളങ്ങൾ

   ആ. ചന്ദനം

   ഇ. നൈവേദ്യം

   ഈ. പുഷ്പങ്ങൾ

3. "എന്നെയുമാനപ്പുറത്തുകയറ്റണം" എന്നാവശ്യപ്പെട്ടതാര്?

   അ. പൂജാരിമാർ

   ആ. ഉണ്ണികൾ

   ഇ. നാട്ടുകാർ

   ഈ. കാഴ്ചക്കാർ

4. എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ എന്നു പറഞ്ഞതാര്?

   അ. മേശാന്തി

   ആ. പൂജാരി

   ഇ. കുട്ടികൾ

   ഈ. കാഴ്ചക്കാർ

X Std Malayalam Reader.indb 83 5/22/2019 9:48:54 AM

III. സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക

1. "മേശാന്തിയല്ലയോ പോകുന്നു? മൂപ്പർതാൻ
   മേലാളിവിടെസ്സകലകാര്യത്തിനും
   അയാളോടൊന്നു പറഞ്ഞുനോക്കാം നമു
   ക്കാനപ്പുറത്തുകയറണമെന്നുടൻ"
2. "എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ
   എന്റെയല്ലീമഹാക്ഷേത്രവും, മക്കളേ!"

IV. ഉത്തരമെഴുതുക

1. മേശാന്തി ശവികെടാൻ കാരണമെന്തായിരുന്നു?
2. അമ്പലമുറ്റത്തെ ഉത്സവാന്തരീക്ഷത്തെക്കുറിച്ചെഴുതുക
3. മേശാന്തി ആനപ്പുറത്തുനിന്ന് താഴെ വീഴാതിരുന്നത് എന്തുകൊണ്ട്?
4. പണ്ടത്തെ മേശാന്തി എന്ന കവിതയിലെ ആശയം ചുരുക്കിയെഴുതുക.

V. മനഃപാഠമാക്കാനുള്ള വരികൾ

"മേശാന്തിയല്ലയോ .....
.....യൊരാളെന്റെയായെന്റെയായ്!"

X Std Malayalam Reader.indb 84 5/22/2019 9:48:54 AM

ഗദ്യം

ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം

– ജോൺപോൾ

ജോൺപോൾ 1950-ൽ എറണാകുളത്ത് ജനിച്ചു. ധാരാളം സിനിമകൾക്ക് കഥയും തിരക്കഥയും എഴുതി. ചാമരം, യാത്ര, ഉത്സവപ്പിറ്റേന്ന്, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, സവിധം എന്നീ സിനിമകൾ അവയിൽ ചിലതാണ്. മികച്ച തിരക്കഥാകൃത്തിനുള്ള നാനാ ഗാലപ്പ്പോൾ, കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവ നേടി.

ജോൺപോൾ തിരക്കഥയും ഭരതൻ സംവിധാനവും നിർവഹിച്ച 'ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം' എന്ന സിനിമയിലെ അവസാന ഭാഗമാണിത്.



ടീച്ചർ വീടിനകത്തേക്ക് പ്രവേശിക്കുന്നു. ദുഃഖിച്ചിരിക്കുന്ന മാഷ്.

ടീച്ചർ: കേട്ടോ മാഷേ. സ്കൂളിലോട്ടു ഞാൻ ചെന്നതും എല്ലാവരും എന്നെയങ്ങു പൊതിഞ്ഞു. ഉണ്ണികൃഷ്ണനെ ഒന്നാംക്ലാസ്സിൽ ചേർക്കാനാണ് വന്നതെന്ന് പറഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ ചോദിക്ക്യാ ഏതാ കുട്ടീന്ന്. ഞാൻ പറഞ്ഞു എന്റെ കുട്ടിയാന്ന്. അപ്പോഴുണ്ടല്ലോ ആ ഭാസ്കരൻ മാസ്റ്റർ ചോദിക്ക്യാ ഈ പ്രായത്തിലോന്ന്. (ചിരിക്കുന്നു) എല്ലാവരും കൂടെ ചിരിച്ചു ചിരിച്ചെന്റെ മാഷേ.. ഞാനും ഒരുപാട് ചിരിച്ചു. പക്ഷേ വിട്ടുകൊടുക്കോ.... നല്ല കാര്യായി. ഓരോന്നു കിള്ളിക്കിള്ളി ചോദിക്കാൻ ആ സുമതിക്കാ ധൃതി. അസൂയതന്നെ. രണ്ടു പെൺമക്കളുണ്ട് അവർക്ക്. രണ്ടിനുമില്ല. കുട്ടികള്. (ടീച്ചർ ഉണ്ണിക്കുട്ടനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുന്നു) പിന്നേയ് മൂന്ന് ഡിവിഷനാണല്ലോ ഒന്നാം ക്ലാസ്സില്. മാലതീടെ ഡിവിഷനില് ഉണ്ണിയെ ചേർത്താ മതീന്ന് ഞാൻ പറഞ്ഞു. സരോജിനീം സുമതീം നന്നായിട്ട് പഠിപ്പിക്കും. പക്ഷേ രണ്ടാളുമതെ കുട്ടികളെ തല്ലും. ങ്ഹാ.. എന്റെ ഉണ്ണിക്കുട്ടനെ തല്ലാൻ ആരേയും ഞാൻ സമ്മതിക്കില്ല. അല്ലേ മോനേ.

രാത്രി

കിടപ്പുമുറി

മാഷ് കട്ടിലിൽ കിടക്കുന്നു. കട്ടിലിലിരുന്ന് സംസാരിക്കുന്ന ഉണ്ണിയും ടീച്ചറും.

X Std Malayalam Reader.indb 85 5/22/2019 9:48:54 AM

ടീച്ചർ: മോൻ പഠിച്ച് പഠിച്ച് വലുതാകുമ്പോ ആരാവാന ആശ?

ഉണ്ണി: എനിക്കോ?

ടീച്ചർ: ഉം. ഡോക്ടറാവണോ ?

ഉണ്ണി: ഉം ഉം.

ടീച്ചർ: പിന്നെ എഞ്ചിനീയറാവണോ?

ഉണ്ണി: ഉം ഉം.

ടീച്ചർ: പിന്നെ ആരാവാനാ?

ഉണ്ണി: എനിക്കൊരു മാഷായാൽ മതി. മുത്തശ്ശനെപ്പോലെയൊരു വലിയമാഷ്!

ടീച്ചർ: (ചിരിച്ചുകൊണ്ട്) എന്നിട്ടോ?

ഉണ്ണി: എന്നിട്ട് മുത്തശ്ശനേം മുത്തശ്ശിയേം ഞാൻ പഠിപ്പിക്കും.

ടീച്ചർ: പഠിച്ചില്ലേലോ?

ഉണ്ണി: പഠിച്ചില്ലേല് നല്ല അടി തരും.

ടീച്ചർ: (ചിരിച്ചുകൊണ്ട്) കേട്ടോ മാഷേ, മോൻ പറയണത്. മാഷേ, മാഷേ,

എന്താ സുഖമില്ലേ?

മുഖംകൊടുക്കാണ്ടെ വികാരഭാവം അറിയിക്കാണ്ടെ തിരിഞ്ഞു കിടക്കുകയാണ് മാഷ്.

ഉണ്ണി: മുത്തശ്ശാ മുത്തശ്ശാ പനീണ്ടോ?

മാഷ്: (സംയമനത്തോടെ) ഒന്നൂല്ല. (ഉണ്ണിക്കുട്ടന്റെ കൈയിൽ ഉമ്മവയ്ക്കുന്നു) മുത്തശ്ശന് ഉറക്കം വരുന്നു.

ഉണ്ണി: മുത്തശ്ശന് ഉറക്കം വരുന്നൂന്ന്.

ടീച്ചർ: വാ മോൻ ഉറങ്ങ്.

പകൽ

വീട്.

വീടിന്റെ മുൻവശം. മാഷും ടീച്ചറും. താഴെ മുറ്റത്ത് കളിക്കുന്ന ഉണ്ണിക്കുട്ടൻ. ടീച്ചറാകെ ക്ഷുഭിതയാണ്.

ടീച്ചർ: പെറ്റുവീണ കുഞ്ഞിനെ തള്ള കണ്ടിട്ടുകൂടിയില്ല. എന്റെ നെഞ്ചിലെ ചൂടുപറ്റിയാ അവൻ വളർന്നത്.

(കരയുന്നു) കൈ വളരുന്നോ കാൽ വളരുന്നോന്നു നോക്കി. മാഷ്ക്ക് അറിഞ്ഞുകൂടേ

ഞാനിത്രയുംകാലം ശരിക്കൊന്നു ഉറങ്ങീട്ടുകൂടിയില്ല. (കരയുന്നു)

X Std Malayalam Reader.indb 86 5/22/2019 9:48:54 AM



വിഷമിച്ചുനിൽക്കുന്ന മാഷ്. ഉണ്ണിക്കുട്ടൻ മുറ്റത്ത് കളിക്കുന്നു.

ടീച്ചർ: അച്ഛനാണെന്നുള്ള അവകാശണ്ടാവും രവിക്ക്. ചെല്ലട്ടെ, ചെന്ന് കോടതിയിൽ പോയി സ്ഥാപിക്കട്ടെ.

എന്റെ കുഞ്ഞിനെ ഞാൻ വിട്ടുകൊടുക്കില്ല. അവൻ പോയാപ്പിന്നെ എനിക്ക്.... നമുക്ക്. (കരയുന്നു)

ഉണ്ണി: (താഴെനിന്നും) മുത്തശ്ശാ വാ.

മാഷ്: മുത്തശ്ശൻ വരണു. മോൻ കളിച്ചോളൂ.

ടീച്ചർ: അവൻ ഇവിടെ വളർന്നാ മതി. എന്താ ഇവനിവിടൊരു കുറവ്. (കരയുന്നു)

മാഷ്: ടീച്ചറ് പറയുന്നതൊക്കെ ശരിയാ. രവീടെ കത്തു കിട്ടിയപ്പോൾ തൊട്ട്

എന്റെ മനസ്സും ഇതുതന്നെയാ പറഞ്ഞോണ്ടിരുന്നേ. പക്ഷേ ടീച്ചറെ, ഇതിന്റെയൊക്കെ അപ്പുറത്ത് രവി.... അവനൊരു മനസ്സില്ലേ. ആ മനസ്സ് നമ്മള് കാണണ്ടേ?

ടീച്ചർ കരയുന്നു. മാഷ് ആശ്വസിപ്പിക്കുന്നു. ഇതുകണ്ട് വിഷമിച്ചു നിൽക്കുന്ന ഉണ്ണിക്കുട്ടൻ.

86

പകൽ

വീട്.

മാഷും ടീച്ചറും രവിയും വീടിന്റെ മുൻവശത്ത്.

X Std Malayalam Reader.indb 87 5/22/2019 9:48:55 AM

രവി: എന്നെക്കുറിച്ച് നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ. മായയുടെ ഓർമകൾ മാത്രമായിട്ട് ജീവിക്കുകയാണ് ഞാൻ. ഇനി വേറൊരു സ്ത്രീ എന്റെ ജീവിതത്തിലുണ്ടാവില്ല എന്നറിയാലോ. സ്വന്തമെന്നു പറയാൻ ആകെക്കൂടി ഉണ്ണിയല്ലാതെ മറ്റാരുമില്ല. മായ മരിച്ചതിൽപ്പിന്നെ ഇതുവരെ ലീവിൽ പോലും ഞാൻ വന്നില്ല. ഓരോ തവണയും ടിക്കറ്റെടുക്കും. പിന്നെ ക്യാൻസൽ ചെയ്യും. വന്നാൽ ഒരു രാത്രിയിവിടെ ഉണ്ണീടെകൂടെ കഴിഞ്ഞാൽപ്പിന്നെ എന്റെ മകനെ കൂട്ടാണ്ട് മടങ്ങാൻ എനിക്ക് പറ്റില്ലെന്നറിയാമായിരുന്നു. മാഷ് എഴുന്നേറ്റ് രവിയുടെ അടുത്തെത്തുന്നു.

രവി: മാഷും ടീച്ചറും.... നിങ്ങടെ കാര്യമോർക്കുമ്പോൾ മടിച്ചു. പക്ഷേ എത്ര കാലംന്ന് വച്ചിട്ടാ? നിങ്ങൾക്ക് പ്രായമായി വരുന്നു. ഇപ്പോഴാണെന്നുവച്ചാൽ ഉണ്ണിയെ സ്കൂളിൽ ചേർക്കേണ്ട സമയമാണ്. എന്നായാലും എന്റെകൂടെ വരണം. തുടക്കംതൊട്ട് അവിടെയാണേൽ അതല്ലേ നല്ലത്.

മാഷിന്റെയും ടീച്ചറിന്റെയും കണ്ണുകൾ നിറയുന്നു.

രവി: ഈ ജന്മത്ത് തീരില്ല എനിക്കുള്ള കടപ്പാട്. എന്നാലും (മാഷിന്റെകൈ പിടിച്ചുകൊണ്ട്)

എതിരു പറയരുത്. ഉണ്ണിയെ എന്റെ കൂടെ അയയ്ക്കണം. എനിക്ക് മറ്റാരുമില്ല.

രവിയുടെ ശബ്ദമിടറി കണ്ണുകൾ നിറയുന്നു. ടീച്ചറും കരയുന്നു.

മാഷ്: എന്തെങ്കിലും ഒരു പഴുതുണ്ടായിരുന്നെങ്കിൽ മുഖത്തുനോക്കി പറ്റില്ല

എന്ന് പറഞ്ഞേനെ. പക്ഷേ രവി പറയുന്നത് മുഴുവൻ ന്യായാ. മുഴുവൻ സത്യാ. പിന്നെ ഞങ്ങളെന്ത് പറയാനാ അല്ലേ ടീച്ചറേ. (ടീച്ചർകരയുന്നു) ഉണ്ണിയെ കൊണ്ടുപൊയ്ക്കോളു. എന്താ ഏർപ്പാട്ന്വെച്ചാ ചെയ്തോളു.

ടീച്ചർ കരഞ്ഞുകൊണ്ട് അകത്തേക്ക് ഓടിപ്പോകുന്നു.

87

സന്ധ്യ

ഉണ്ണിമായയുടെ അസ്ഥിത്തറയിൽ വിളക്കുവയ്ക്കുന്ന ഉണ്ണിക്കുട്ടൻ. ടീച്ചറും മാഷും കൂടെയുണ്ട്. വിളക്കുവച്ചതിനുശേഷം പൂക്കളർപ്പിക്കുന്നു.

മാഷ്: നന്മ വരുത്തണേന്ന് അമ്മയോട് പ്രാർത്ഥിച്ചോളു.

ഉണ്ണിക്കുട്ടൻ പ്രാർത്ഥിക്കുന്നു : അമ്മേ രക്ഷിക്കണേ...

88

പകൽ

വീട്ടുമുറ്റം.

ടാക്സികാർ തയ്യാറായി കിടക്കുന്നു. കാറിന്റെ മുകളിൽ പെട്ടികൾ അടുക്കി വച്ചിട്ടുണ്ട്. വരാന്തയിൽ തൂണിൽ ചാരി വിഷമിച്ചുനിൽക്കുന്ന രവി.

X Std Malayalam Reader.indb 88 5/22/2019 9:48:55 AM

ഉണ്ണിക്കുട്ടന്റെ വസ്ത്രങ്ങൾ എടുത്ത് ബാഗിൽ വയ്ക്കുന്ന ടീച്ചർ. ടീച്ചർ കരയുന്നുണ്ട്. ഉണ്ണിയെ ഒരുക്കുന്ന മാഷ്.

ഉണ്ണി: ഇല്ല കരകര, പല്ലി കരകര പിന്നെന്താ ഇല്ലിന്മേൽ ആയിരം പല്ലിമുട്ട എന്നുവച്ചാ എന്താ മുത്തശ്ശാ.... മുത്തശ്ശാ....

മാഷ്: (ശ്രമപ്പെട്ട് സംയമനം ഭാവിച്ച്, മനസ്സിലെ തകർച്ച മറച്ചുവെച്ച്) ഉം.... അത് പിന്നെ ഉണ്ണിക്കുട്ടൻ അച്ഛന്റെ കൂടെ പോയാല് വലിയ ആളാവണംട്ടോ.

ഉണ്ണി: ശരി. നമ്മളെല്ലാവരുംകൂടി ഏറോപ്ലെയിനിലാ പോവ്വാ.

മാഷ്: ഉം.

ഉണ്ണി: മുത്തശ്ശാ മുത്തശ്ശാ, മുത്തശ്ശന് പ്ലേനിൽ കേറാൻ പേടീംണ്ടോ?

മാഷ്: ഉണ്ണിക്കുട്ടൻ കൂടെയുള്ളപ്പോ പിന്നെ മുത്തശ്ശനെന്തിനാ പേടിക്കണ്.

ഉണ്ണി: അതുശരിയാ.

മാഷ്: മോന് പേടീണ്ടോ പ്ലെയിനിൽ പോവാൻ.

ഉണ്ണി: ഉണ്ണിക്കുട്ടൻ മുത്തശ്ശീടെ മടീൽ കേറി ഇരിക്കൂലോ. അപ്പപ്പിന്നെ പേടി വരില്ല. ഈ മുത്തശ്ശന് ഒന്നും അറിഞ്ഞുകൂടാ. അതാ.

മാഷ് ദുഃഖത്തോടെ ടീച്ചറെ നോക്കുന്നു.



X Std Malayalam Reader.indb 89 5/22/2019 9:48:55 AM

ഉണ്ണി: (മാഷിന്റെ കൈയിൽ പിടിച്ചുകൊണ്ട്) അപ്പോം ചുട്ട് അടയും ചുട്ട്

ഇലേം വാട്ടി പൊതിയും കെട്ടി മുത്തശ്ശന്റെ വീട്ടിലേക്ക് അതിലെ വന്ന് ഇതിലെ വന്ന്.....

മാഷിനെ ഉണ്ണിക്കുട്ടൻ ഇക്കിളികൂട്ടുന്നു. ഉണ്ണിക്കുട്ടൻ ചിരിക്കുന്നു. മാഷ് ഉണ്ണിയെ കെട്ടിപ്പിടിച്ച് കരയുന്നു, ടീച്ചറും.

90

ഉണ്ണിക്കുട്ടനെ എടുത്തുകൊണ്ട് ടീച്ചർ മുൻവശത്തേക്ക് വരുന്നു. ബാഗുകൾ തൂക്കി മാഷും. രവി തൂണിന്മേൽ ചാരി നിൽക്കുന്നു. ഉണ്ണി ടീച്ചർക്ക് ഉമ്മകൊടുക്കുന്നു. ടീച്ചർ കരയുന്നു.

ഉണ്ണി: മുത്തശ്ശിയെന്തിനാ കരയണത്?

മാഷ് രവിയെ മാറ്റിനിർത്തി.

മാഷ്: ഉണ്ണിക്കുട്ടൻ ഇറങ്ങിപ്പോകുന്നത് കണ്ടുനിൽക്കാൻ വയ്യ. ഞങ്ങള് മാറി നിൽക്കാം. എന്തെങ്കിലും ഉപായത്തില് മോനേം കൂട്ടി പുറപ്പെട്ടുകൊള്ളൂ. ഇനി എപ്പഴാ വരാ. വരുമ്പോൾ ഞങ്ങള് ഉണ്ടാവോ ഒരു നിശ്ചയോംല്ല്യ. എന്നാലും വരണം. മായമ്മ ഇവിടെയാ ഉള്ളത്. ഈ വീടും ഇതെല്ലാം ഉണ്ണിക്കുള്ളതാ. അതു മറക്കണ്ട. ഞങ്ങടെ ബലിയിടാൻ ഇനി അവനേയുള്ളൂ.

മാഷ് കരയുന്നു. രവിയും. ടീച്ചർ ഉണ്ണിക്കുട്ടനെ രവിയെ ഏൽപ്പിക്കുന്നു.

ഉണ്ണി: മുത്തശ്ശീ... മുത്തശ്ശീ....

ഉണ്ണി ടീച്ചറിന്റെ സാരിത്തുമ്പിൽ പിടിച്ച് വലിക്കുന്നു. മാഷ് പുറംതിരിഞ്ഞു നിന്ന് കരയുന്നു. മാഷും ടീച്ചറും കരഞ്ഞുകൊണ്ട് വീടിനുള്ളിൽ കയറി വാതിലടയ്ക്കുന്നു. മുത്തശ്ശനേം മുത്തശ്ശിയേം വിളിച്ച് കരയുന്ന ഉണ്ണിക്കുട്ടൻ.

ഉണ്ണി: എനിക്ക് മുത്തശ്ശന്റെ അടുത്തുപോണം. മുത്തശ്ശീ....

രവി: കരയാതെ മോനേ. മോനെ പ്ലെയിനിൽ കൊണ്ടുപോകാം.

ഉണ്ണി: എനിക്ക് പ്ലെയിനിൽ പോവണ്ടാ. എനിക്ക് മുത്തശ്ശനെ കണ്ടാമതി.

രവി: മോനിങ്ങനെ ശാഠ്യം പിടിക്കാതെ.

ഉണ്ണിക്കുട്ടൻ കരയുന്നു. ഇതുകേട്ട് വീടിനുള്ളിൽ തൊട്ടിലിൽ പിടിച്ചു തൂങ്ങി ദുഃഖിച്ചുനിൽക്കുന്ന മാഷും ടീച്ചറും. അലമുറയിട്ടു കരയുന്ന ഉണ്ണിക്കുട്ടനെ കാറിൽ കയറ്റി യാത്രയാകുന്ന രവി.

91

പകൽ

വീട്.

X Std Malayalam Reader.indb 90 5/22/2019 9:48:55 AM



അകത്തുനിന്നും വാതിൽ തുറന്ന് പുറത്തെത്തി അകന്നുപോകുന്ന കാർ നോക്കി ഹൃദയം തകർന്നു നിൽക്കുന്ന മാഷും ടീച്ചറും.

പകൽ

വീട്.

കൂട്ടിലിട്ട പക്ഷികളെ തുറന്നുവിടുന്ന മാഷ്. കൂടുകൾ തല്ലിപ്പൊളിക്കുന്നു. പറന്നകലുന്ന കിളികൾ.

93

പകൽ

വീട്.

മാഷും ടീച്ചറും കരഞ്ഞ് തളർന്നിരിക്കുന്നു, രണ്ട് ശിലകളെപ്പോലെ.

94

പകൽ

മണൽത്തിട്ട

മണൽത്തിട്ടയിലൂടെ നടന്നുനീങ്ങുന്ന മാഷും ടീച്ചറും. നടന്ന് അനന്തതയിലേക്ക്..... ദൂരെ അവരൊരു നിഴലായി, പൊട്ടായി..... പിന്നെപ്പിന്നെ ഒരു നിശ്വാസംപോലെ.... അന്തരീക്ഷത്തിൽ ലയിക്കുന്നു.

X Std Malayalam Reader.indb 91 5/22/2019 9:48:56 AM

അഭ്യാസം

I. പദപരിചയം

ഉപായം, സംയമനം, ശാഠ്യം, അനന്തത, വികാരഭാവം, നിശ്വാസം, ക്ഷുഭിത

II. വിപരീതപദമെഴുതുക

സുഖം, ന്യായം, നിശ്വാസം

III. വാക്യത്തിൽ പ്രയോഗിക്കുക.

അവകാശം, കടപ്പാട്

IV. ഉത്തരമെഴുതുക.

1. ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടത്തിലെ ടീച്ചർ മാഷുമായി പങ്കുവച്ച സ്കൂൾ വിശേഷങ്ങൾ എന്തൊക്കെ?

2. ടീച്ചറും മാഷും ഉണ്ണിയും രവിയും അനുഭവിക്കുന്നത് ദുഃഖമെന്ന വികാരമാണ് - പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

X Std Malayalam Reader.indb 92 5/22/2019 9:48:56 AM

ഉപപാഠം

ഇരട്ടകൾ

– അയ്മനം ജോൺ



അയ്മനം ജോൺ: 1953-ൽ കോട്ടയം ജില്ലയിലെ അയ്മനത്ത് ജനിച്ചു.ലളിതമായ ആഖ്യാനത്തിലൂടെ മനുഷ്യന്റെയും പ്രകൃതിയുടെയും വീര്യത്തിലേക്ക് വായനക്കാരെ നയിക്കുന്നവയാണ് അയ്മനത്തിന്റെ കഥകൾ. ക്രിസ്മസ്മരത്തിന്റെ വേര്, ഒന്നാം പാഠം ബഹിരാകാശം, ഇതര ചരാചരങ്ങളുടെ ചരിത്ര പുസ്തകം, അയ്മനം ജോണിന്റെ കഥകൾ എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

സുഖദുഃഖ സമ്മിശ്രമായ ജീവിതത്തിന്റെ ദ്വൈതഭാവങ്ങളെ പ്രതിനിധാനം ചെയ്യുന്ന കഥയാണ് ഇരട്ടകൾ. ഈ രണ്ട് അവസ്ഥകളും സർവ്വവ്യാപിയാണെങ്കിലും അവയുടെ വൈജാത്യങ്ങൾ തിരിച്ചറിയാൻ മനുഷ്യർക്ക് കഴിയുന്നില്ല. അവ പരസ്പര ബന്ധിതമാണ്. ഒന്നിൽ നിന്ന് പിരിഞ്ഞ് മറ്റൊന്ന് സ്വതന്ത്രമാവുന്നില്ല. ജീവിതത്തിന്റെ നാനാ തലങ്ങളെ സ്പർശിക്കുന്ന ഈ കഥ അയ്മനം ജോണിന്റെ കഥകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

ഞങ്ങളുടെ നാട്ടിൽ കുഞ്ഞുപിള്ള എന്നും കൊച്ചുപിള്ള എന്നും പേരുകളുള്ള ഇരട്ടസഹോദരന്മാരുണ്ടായിരുന്നു.

ഒറ്റനോട്ടത്തിൽ രണ്ടുപേരും ഒരുപോലെയിരുന്നു. ഞങ്ങളുടെ സന്തോഷങ്ങളിലെല്ലാം പങ്കുചേരുന്ന ആളായിരുന്നു കുഞ്ഞുപിള്ളച്ചേട്ടൻ. കല്യാണങ്ങളിലും പിറന്നാൾ സദ്യകളിലും മറ്റാഘോഷങ്ങളിലും ഒരു കുടുംബാംഗത്തെപ്പോലെ പങ്കെടുക്കുന്ന സഹായിയായിരുന്നു ചേട്ടൻ. പന്തലിടുന്നവരെ സഹായിച്ച്, പാചകക്കാരെ ഉത്തേജിപ്പിച്ച്, വിളമ്പുകാരെ നിയന്ത്രിച്ച്, ഇടയ്ക്കു തമാശകളും പൊട്ടിച്ച് ചേട്ടൻ അവിടെയെല്ലാം ഓടിനടക്കും. നാട്ടിലെ ഉത്സവങ്ങൾക്കു കൊടികയറ്റാൻ പോകുന്ന ആൾക്കൂട്ടങ്ങളിൽ, കമുകിൻതലപ്പ് ചുമലിലേറ്റി ചേട്ടൻ മുന്നിൽ നടന്നിരുന്നു. പിന്നണികൾക്ക് ഇട്ടു തട്ടാൻ ഒരു പന്തുപോലെ 'ആർപ്പോ' വിളികൾ പിന്നിലേക്കെറിഞ്ഞു കൊടുക്കുന്നതും ചേട്ടൻ. എല്ലാ വള്ളംകളികളിലും അമരക്കാരിലൊരാളായി ചേട്ടനുണ്ടായിരിക്കും. ഫിനിഷിങ് പോയിന്റടുക്കുമ്പോഴുള്ള ചേട്ടന്റെ അവസാന തുഴയെറിയൽ പലപ്പോഴും ഞങ്ങളുടെ കരയുടെ വള്ളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചിട്ടുണ്ട്.

X Std Malayalam Reader.indb 93 5/22/2019 9:48:56 AM



എന്നാൽ കൊച്ചുപിള്ളച്ചേട്ടനാകട്ടെ, ആ ഭാഗത്തേക്കൊന്നും തിരിഞ്ഞു നോക്കാറേയില്ല.

എവിടെ ദുഃഖങ്ങളും ദുരന്തങ്ങളുമുണ്ടോ, അവിടെയെല്ലാം സമാശ്വാസവുമായി പോകുമായിരുന്നു കൊച്ചുപിള്ളച്ചേട്ടൻ. രോഗക്കിടക്കയ്ക്കരികിലെയും മരണവീടുകളിലെയും സങ്കടങ്ങൾക്കിടയിൽ, ചേട്ടൻ സ്നേഹത്തോടെയുള്ള ആ തോളത്തുതട്ടലുകളും പതിഞ്ഞ ശബ്ദത്തിലെ സാന്ത്വനവാക്കുകളുമായി ഞങ്ങൾക്കു സമാധാനം തന്നിരുന്നു. ഉൽസവങ്ങളുടെ കൊടിയിറക്കുന്നതും തോറ്റ വള്ളക്കാർ തളർച്ചകളോടെ തിരിച്ചു തുഴഞ്ഞുപോകുന്നതും ചേട്ടൻ അകലെ മാറി നോക്കി നിൽക്കുമായിരുന്നു.

പക്ഷേ, കുഞ്ഞുപിള്ളച്ചേട്ടനെ അവിടെയെങ്ങാനും കാണാനേ കിട്ടില്ല.

ഇവർ തമ്മിലുള്ള ഈ വ്യത്യാസമാകട്ടെ അധികമാരും ശ്രദ്ധിച്ചിട്ടുമില്ല.

ഒരു കല്യാണവീട്ടിലോ ഉൽസവപ്പറമ്പിലോ വള്ളത്തിന്റെ അറ്റത്തോ കുഞ്ഞു പിള്ളച്ചേട്ടനെ കണ്ടവർ പലരും മറ്റൊരു വീട്ടിൽ മറ്റൊരുത്സവപ്പറമ്പിൽ, മറ്റൊരമരത്ത് ചേട്ടനെ കാണുമ്പോൾ അതു കൊച്ചുപിള്ളച്ചേട്ടനാണെന്നു തെറ്റിദ്ധരിച്ചിരുന്നു. മരണവീടുകളിലും ദുരന്തങ്ങൾക്കിടയിലും കൊച്ചു പിള്ളച്ചേട്ടനെ കാണുമ്പോൾ, മറിച്ചും. അങ്ങനെ മറിച്ചും തിരിച്ചും തിരിച്ചും മറിച്ചും ആളുകൾ അവരെ കണ്ടിരുന്നതി നാൽ അവരുടെ പെരുമാറ്റങ്ങളിലെ ആ വൈജാത്യങ്ങൾ തിരിച്ചറിയപ്പെടാതെ പോയി.

ഒരു ദിവസം, ഞാൻ യദൃച്ഛയാ, അവരുടെ വീടിന്റെ വഴിയേ പോകാനിടയായി.

ഉച്ച മയങ്ങിയ നേരമായിരുന്നു. ഉറക്കം വരുത്തുന്ന ഒരുച്ചക്കാറ്റ് വീശിയിരുന്നു.

X Std Malayalam Reader.indb 94 5/22/2019 9:48:57 AM

ചേട്ടന്മാരുടെ ഭാര്യമാർ തിണ്ണയിൽ വെറ്റിലമുറുക്കി, നാട്ടുവിശേഷങ്ങളും പറഞ്ഞ് രസിച്ചിരിക്കുകയായിരുന്നു.

മുറ്റത്തുനിന്നു ഞാൻ കുഞ്ഞുപിള്ള-കൊച്ചുപിള്ളച്ചേട്ടന്മാരെ അന്വേഷിച്ചു. ഇരുവരും ഉച്ചയുറക്കത്തിലാണെന്ന് ഭാര്യമാർ പറഞ്ഞു.

'ഉണർത്തണോ' എന്നു ചോദിച്ചു തുറന്നുകിടന്ന തെക്കിനി വാതിലിലൂടെ അവർ കണ്ണയച്ചു. അവരുടെ കണ്ണുകളെ പിൻതുടർന്നുപോയ എന്റെ കണ്ണുകൾ കണ്ടകാഴ്ച-

കുഞ്ഞുപിള്ളച്ചേട്ടൻ കൊച്ചുപിള്ളച്ചേട്ടനെ കെട്ടിപ്പിടിച്ചുറങ്ങുന്നു.

കൊച്ചുപിള്ളച്ചേട്ടൻ കുഞ്ഞുപിള്ളച്ചേട്ടനെ കെട്ടിപ്പിടിച്ചുറങ്ങുന്നു.

'ഉണർത്തേണ്ട' എന്നു പറഞ്ഞ് ഞാൻ തിരിഞ്ഞുനടന്നു.

X Std Malayalam Reader.indb 95 5/22/2019 9:48:57 AM

ഭാഗം 7

പ്രകൃതി



പഠനലക്ഷ്യങ്ങൾ

- പ്രകൃതിയും സംസ്കൃതിയും തമ്മിലുള്ള ഭേദം തിരിച്ചറിയൽ
- പ്രകൃതിയും ജൈവകൃഷിയും പുലർത്തുന്ന പാരസ്പര്യം മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	കുരങ്ങു പറഞ്ഞത്	– മേലൂർ ദാമോദരൻ
ഗദ്യം	:	വേനൽപ്പാടത്തെ പച്ചത്തുരുത്തുകൾ	– സി. രാജഗോപാലൻ
ഉപപാഠം	:	അജഗജാന്തരം	– എസ്.വി. വേണുഗോപൻ നായർ

X Std Malayalam Reader.indb 96 5/22/2019 9:48:58 AM

കവിത

കുരങ്ങു പറഞ്ഞത്

– മേലൂർ ദാമോദരൻ



മേലൂർ ദാമോദരൻ [1934-2006] കോഴിക്കോട് ജില്ലയിലെ മേലൂരിൽ ജനിച്ചു. തമിഴ്നാട് സർക്കാരിന്റെ ട്രഷറിയിൽ ഉദ്യോഗസ്ഥനായിരുന്നു. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിൽ പ്രാവിണ്യം നേടി. മലയാളത്തിനു പുറമേ തമിഴിലും ഇംഗ്ലീഷിലും ലേഖനങ്ങളും കവിതകളും എഴുതിയിട്ടുണ്ട്. ഏത് പ്രമേയവും സ്വന്തം കവിത്വത്തിന്റേതായ വ്യത്യസ്ത കാന്തിയോടെ അവതരിപ്പിക്കുന്ന കവിയാണദ്ദേഹം. ശ്രീരാമരാമപോറ്റി, ശ്ലഥകേകകൾ, ധ്യാനമണികൾ, നാദബ്രഹ്മം തേടി, ജ്വാലയും വെളിച്ചവും, കവിതയ്ക്കൊരു ചരമക്കുറിപ്പ് എന്നിവയാണ് പ്രധാന കൃതികൾ.

സംസ്കാരസമ്പന്നരെന്ന് സ്വയം അഭിമാനിക്കുന്ന മനുഷ്യനെ രൂപപരമായി സാദൃശ്യമുള്ള വാനരൻ താരതമ്യത്തിലൂടെ നിസ്സാരമാക്കുന്നു.

മനുഷ്യസവിശേഷതകൾ വാനരനോളം കേമമല്ലെന്നും അവർ തങ്ങളുടെ പൂർവികരാണെന്നും ഹാസ്യാത്മകമായി പറയുന്ന ഈ കവിത ധ്യാനമണികൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്

നമ്മളെപ്പോലെ മുഖച്ഛായയുള്ളവർ
നമ്മളെക്കാളുമൊരംഗം കുറഞ്ഞവർ
ആരീയിരുകാലിജീവികൾ, അമ്മയോ-
ടാരാഞ്ഞു കൊമ്പത്തു കൈശോരമർക്കടം!
അള്ളിപ്പിടിച്ചതാമോമനക്കുഞ്ഞിന്നു
തള്ളക്കുരങ്ങന്റെ വിജ്ഞാനവിസ്മയം:-
വാനരൻ നമ്മ, ളിവരോവെറും നരർ
വാലെന്ന സിദ്ധിയിലെത്താതെ പോയവർ

X Std Malayalam Reader.indb 97 5/22/2019 9:48:58 AM

മണ്ണിൽ നിന്നീക്കൂട്ടർ മേലോട്ടുനോക്കവെ
വിണ്ണിൻമടിയിൽ വിലാസം നടത്തിനാം
എന്നോ പരിണമിച്ചുന്നതിപൂകിനാ,-
മിന്നുമധോതലവാസികൾ മാനവർ.
വായയ്ക്കുപണ്ടേ രുചിപോയകാരണം
കായും കനികളും വേവിച്ചുതിന്നുവോർ
കാറ്റിനെ, കാലഭേദങ്ങളെ, പേടിച്ചു
വീട്ടിന്റെ കൂട്ടിലഭയം തിരയുവോർ
വാസ്തവഭാവം പ്രകടനമാക്കുവാൻ
വാക്കെന്ന വിദ്യയെക്കൊണ്ടു നടപ്പവർ
മേനിതന്നാപാദ വൈകൃതം മൂടുവാൻ
മാനം മറയ്ക്കാനുടുതുണി ചുറ്റുവോർ
ജീവന്റെ നഗ്നതയെന്തെന്നറിയാത്ത
പാവങ്ങൾ, നമ്മുടെ പൂർവികരാണിവർ.



X Std Malayalam Reader.indb 98 5/22/2019 9:48:59 AM

അഭ്യാസം

I. പദപരിചയം

മുഖച്ഛായ,അംഗം, കൈശോരൻ, മർക്കടം, വിജ്ഞാനം, വിസ്മയം, വാനരൻ, നരർ, വിണ്ണ്, പരിണമിക്കുക, ഉന്നതി, പൂകുക, അധോതലം, മാനവർ, കാലഭേദങ്ങൾ, മേനി, ആപാദം, വൈകൃതം, പൂർവികർ

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 'നമ്മളെപ്പോലെ മുഖച്ഛായയുള്ളവർ'—ആരാണ് നമ്മൾ?

   അ. മനുഷ്യൻ

   ആ. കുരങ്ങ്

   ഇ. കിളികൾ

   ഈ. മാർജാരൻ

2. ആരീയിരുകാലിജീവികൾ എന്ന് ആരാഞ്ഞത് ആരോടാണ്?

   അ. അമ്മയോട്

   ആ. മരത്തോട്

   ഇ. പക്ഷിയോട്

   ഈ. വാനരനോട്

3. വാലെന്ന സിദ്ധിയിലെത്താതെ പോയവർ ആര്?

   അ. വാനരൻ

   ആ. നരർ

   ഇ. മാർജാരൻ

   ഈ. കുറുക്കൻ

4. വാസ്തവഭാവം പ്രകടമാക്കുവാൻ മനുഷ്യർ കൊണ്ടു നടക്കുന്നതെന്ത്?

   അ. പുഞ്ചിരി

   ആ. കോപം

   ഇ. വാക്ക്

   ഈ. ഭയം

X Std Malayalam Reader.indb 99 5/22/2019 9:48:59 AM

III. ഉത്തരമെഴുതുക

1. മരക്കൊമ്പത്തിരുന്ന് കുട്ടിക്കുരങ്ങ് അമ്മയോട് ചോദിച്ചതെന്ത്?

2. തള്ളക്കുരങ്ങ് കുട്ടിക്കുരങ്ങിനു നൽകിയ വിജ്ഞാനവിസ്മയമെന്ത്?

3. നമ്മുടെ പതിവുസങ്കല്പത്തെ അട്ടിമറിച്ച് കവി സൃഷ്ടിക്കുന്ന ഹാസ്യത്തിന്റെ ചാരുതയാണ് ഈ കവിതയ്ക്ക് ആസ്വാദ്യത നൽകുന്നത്—വിശദീകരിക്കുക.

X Std Malayalam Reader.indb 100 5/22/2019 9:49:00 AM

ഗദ്യം

വേനൽപ്പാടത്തെ പച്ചത്തുരുത്തുകൾ

-സി. രാജഗോപാലൻ

സി. രാജഗോപാലൻ: കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ ഓഡിറ്റ് വിഭാഗം മേധാവിയാണ്. പരിസ്ഥിതി സാംസ്കാരിക പ്രവർത്തകനായ രാജഗോപാലന്റെ 'നിലാവ് കൊണ്ട് മേഞ്ഞ വീട്' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് വേനൽപ്പാടത്തെ പച്ചത്തുരുത്തുകൾ.



സമീപഭൂതകാലത്ത് കുട്ടികളുടെ ഒഴിവുസമയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു കാർഷിക സാംസ്കാരിക വൃത്തിയായിരുന്നു വേനൽപ്പാടത്തെ പച്ചക്കറി കൃഷി. അവരുടെ ആലോചനകളിൽ നന്മയുടെ ഹൃദ്യത പുലർത്തി നിന്ന അക്കാലം ഇന്നത്തെ തലമുറയ്ക്ക് ഏറെക്കുറെ അന്യമായിക്കൊണ്ടിരിക്കുകയാണ്. ആ കാർഷികസംസ്കൃതിയെ ഓർത്തെടുക്കുകയാണ് ലേഖകൻ.

മകരത്തിലെ കൊയ്ത്തുകഴിഞ്ഞാൽ പാടത്ത് പച്ചക്കറികൃഷി ചെയ്യുക പതിവായിരുന്നു. അയൽക്കാർ ഒരുമിച്ചു ചേർന്നാണ് കൃഷി. ഒരാഘോഷം തന്നെയായിരുന്നു അത്. മുതിർന്നവർ ഉണ്ടാകുമെങ്കിലും കുട്ടികൾക്കാണ് ഏറെ ഉത്സാഹം.

സ്കൂളിലേക്ക് പോകുന്ന നേരത്തും മടങ്ങുമ്പോഴും പുഴയിൽ നീന്താൻ പോകുമ്പോഴുമൊക്കെയാണ് കായ്കറി കൃഷിയെക്കുറിച്ചുള്ള കൂടിയാലോചനകൾ.

സ്ഥലം തെരഞ്ഞെടുക്കലാണ് ആദ്യം. ഒഴിഞ്ഞ പാടം ആയതുകൊണ്ട് വെയിൽ ധാരാളമുണ്ട്. പിന്നെ വേണ്ടത് വെള്ളം. പല കണ്ടങ്ങളുടെയും ഒരു മൂലയ്ക്ക് ചെറിയ കിണർ ഉണ്ടാകും. കിണറ്റുവക്കത്ത് പച്ചയായി നിൽക്കുന്ന രണ്ട് ഏത്തക്കാലുകളും. ഏത്തം പൂട്ടി തേവി നനയ്ക്കാം. പച്ചക്കറിയുണ്ടാക്കി വിളവെടുത്ത് ഇടവപ്പാതിക്ക് മുൻപേ കണ്ടം വിട്ടുകൊടുക്കും.

കുഴിയെടുക്കലാണ് ആദ്യം. സ്കൂൾ വിട്ടുവന്നാലുടൻ പുസ്തകക്കെട്ടു താഴെവച്ച് വേഗം കുപ്പായംഊരിയിടും. കനംകുറഞ്ഞ കൈക്കോട്ടെടുക്കും. തോർത്തും തോളിലിട്ട് കൂക്കിയാണ് പാടത്തേക്ക് പായുക. തടമെടുക്കേണ്ടത് എങ്ങനെയെന്നെല്ലാം മൂത്തവർ കാണിച്ചുതരും. അതുപോലെ ചെയ്യും. പിന്നെ പറമ്പിലെ മരച്ചുവടുകളിൽ നിന്നും ഉണങ്ങിയ ഇലകൾ അടിച്ചു കൂട്ടും. ചിലപ്പോൾ അമ്മമ്മ അതിനു സഹായിക്കും. അതെല്ലാം വാരി ചവറ്റുകുട്ടയിൽ നിറയ്ക്കും. തയ്യാറാക്കിയ തടങ്ങളിൽ കൊണ്ടു പോയി ചിന്നും. അടുത്തത് കരിയിലയ്ക്ക് കൊള്ളിവയ്ക്കലാണ്. സൂര്യൻ അസ്തമിക്കുന്ന

X Std Malayalam Reader.indb 101 5/22/2019 9:49:04 AM

നേരത്താണ് അത്. ഇരുൾ പരക്കുന്നേരത്ത് വരിവരിയായി തീയാളുമ്പോൾ പോക്കറ്റിലിട്ടു കൊണ്ടുവന്ന പുളിങ്കുരുവും പറങ്കിയണ്ടിയും അതിലിട്ട് ചുട്ടു തിന്നുവാൻ നല്ല രസമാണ്. തീ കെട്ടു തുടങ്ങിയാൽ ഞങ്ങൾ പുഴയിലേക്ക് ഓടും. കുളിച്ചു വന്ന് ഭസ്മം തൊട്ട് നാമം ചെല്ലാൻ ഇരിക്കും. പിറ്റേന്ന് തീ കാഞ്ഞ മൺകട്ടകൾ ഉടച്ചു പൊടിച്ച് വെണ്ണീറുമായി കലർത്തി ഇടും. ചാണകപ്പൊടിയും ചേർക്കും. വീടുകളിലെല്ലാം കന്നുകളുണ്ടായിരുന്നു. ചാണകത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല.

മണ്ണൊരുക്കിക്കഴിഞ്ഞാൽ വിത്തുകൾ കിഴികെട്ടി കണ്ണൻ ചിരട്ടക്ക്യകത്ത് നന വെക്കും. പോയവർഷത്തെ കായ്കറിയിൽ നിന്നും ശേഖരിച്ച നല്ല വിത്തുകൾ ചാണക ഉരുളയാക്കി മൺചുവരിൽ പതിച്ചു വെച്ചിട്ടുണ്ടാകും. (ഒരു കൊല്ലത്തോളം അത് അവിടെ കേടുകൂടാതെ ഇരിക്കും) നന വെച്ച വിത്തുകിഴി രണ്ടു നേരം വെള്ളത്തിൽ മുക്കി വയ്ക്കണം. രണ്ടുമൂന്ന് നാൾക്കകം അവ മുളച്ചു തുടങ്ങും. കാലു നീളും മുമ്പേ നടണം. പിന്നെ മുക്കി നനയ്ക്കണം. ഏത്തം കൊണ്ട് കോരിയെടുക്കുന്ന വെള്ളം ഒരു കുഴിയിൽ നിറയ്ക്കും. അതിൽനിന്ന് കുടം കൊണ്ട് മുക്കിയെടുത്താണ് നന.

തൈകൾ നാല്, ആറ് ഇല പ്രായമായാൽ തുരന്ന് പൊടിയിടും. (ഉണങ്ങിയ ചാണകം, ആട്ടിൻകാഷ്ഠം, കോഴിക്കാഷ്ഠം എന്നിവ പൊടിച്ചത്.) അതിനും മുതിർന്നവർ സഹായിക്കും.

പിന്നെ ചാലുകീറി തിരികൂട്ടി നനയ്ക്കും. തുടർന്ന് ഒന്നിടവിട്ട ദിനങ്ങളിൽ തിരിച്ചു നനയുണ്ട്. ഏത്തം കൊണ്ടു തേവിയാണ് നനയ്ക്കുന്നത്. ഏത്തം കൊണ്ട് തേവാൻ നല്ല ആരോഗ്യം വേണം. പതിനാറു തികഞ്ഞാലെ തേവാറാകൂ. ഏത്തം പൂട്ടുക വലിയവരാണ്. അത് നല്ല ഭാരമുള്ള പണിയാണ്.

വെള്ളം തേവിക്കൊണ്ടുള്ള തിരിച്ചു നന രസമാണ്. ചൂടുകാലമായതിനാൽ മരക്കൊട്ടയിലെ തണുത്ത വെള്ളം തലയിലൂടെ കമഴ്ത്തുന്നത് വളരെ സുഖകരമാണ്.

ചാലിട്ടു തിരിച്ചു നന തുടങ്ങിയാൽ പച്ചക്കറിച്ചെടികൾ വളരെ വേഗത്തിൽ തഴച്ചുവളരും. അപ്പോൾ ആരുടെയും കണ്ണ് പെടാതിരിക്കാൻ നടുക്ക് ഒരു നോക്കുകുത്തി നാട്ടി നിർത്തും.കയ്പ്പ, പടവലം, വെള്ളരി, കുമ്പളൻ, മത്തൻ, ചിരങ്ങ എന്നിവ വള്ളിയിട്ട് പടരും. കയ്പ്പക്കും പടവലത്തിനും പന്തലിട്ടു കൊടുക്കും. ബാക്കിയുള്ളവ നിലത്ത് പുതയിട്ടു പടർത്തും. ഉണങ്ങിയ ഓല കൊണ്ടും കരിയില കൊണ്ടുമാണ് പുതയിടുക. ദിവസങ്ങൾ കഴിയുമ്പോഴേയക്കും വള്ളികളിൽ പൂവിടരും. പൂഞെട്ടുകളിൽ ഉണ്ണിക്കായകൾ മുഴയ്ക്കും. അത് കാണുമ്പോൾ മനസ്സിൽ സന്തോഷം നിറയും.

അതിനിടയ്ക്ക് കായ്കറി കണ്ടത്തിനു ചുറ്റും ഒരു കട്ടച്ചുമരു പണിതിട്ടുണ്ടാകും ഞങ്ങൾ. ഉണങ്ങി വിണ്ടു കിടക്കുന്ന പാടത്തുനിന്നും കട്ടകൾ പുഴക്കിയെടുത്തു ചേർത്തുവച്ചാണ് ചുമർ പണിയുക. മണ്ണു കുഴച്ച് പൂശി അത് ബലപ്പെടുത്തും. മേൽഭാഗത്ത് മുള്ളു ചെടിയുടെ കമ്പുകൾ നിരക്കെ കുത്തും. മേയുന്ന കന്നുകാലികൾ അകത്തു കയറാതിരിക്കാനാണ് കട്ടച്ചുമർ.

കായ്കറി കായ കൂടിയാൽപ്പിന്നെ പച്ചക്കറിയുടെ സമൃദ്ധിയാണ്. ആവശ്യമുള്ളപ്പോഴൊക്കെ ഒരു വള്ളിക്കുട്ടയും പീശ്ശാങ്കത്തിയുമായി പോകും. വേണ്ടത്ര പറിച്ചെടുത്തു കൊണ്ടുവരും. രാസവളമോ കീടനാശിനിയോ തൊട്ടിട്ടില്ലാത്ത ജീവൻ തുളുമ്പുന്ന പച്ചക്കറികൾ. പറിച്ചെടുക്കുമ്പോഴും മുറിക്കുമ്പോഴും അടുപ്പിൽ വേവുമ്പോഴും വിളമ്പുമ്പോഴും അവ ഹൃദ്യമായ മണം പടർത്തും. ചോറിനും കഞ്ഞിക്കും ഒപ്പം ഉള്ളിയും കടുകും വറുത്തിട്ട പച്ചക്കറികൾ ധാരാളം കഴിക്കാനു

X Std Malayalam Reader.indb 102 5/22/2019 9:49:04 AM



ണ്ടാകും. ചിലപ്പോൾ അരിഭക്ഷണം കുറവായിരിക്കും. പകരം കറികൾ വേണ്ടത്ര യുണ്ടാകും.

കായ്കറികൾ പറിച്ചെടുക്കുന്നേരത്ത്, സ്വന്തമായി കൃഷി ചെയ്യാത്ത അയൽക്കാർക്കെല്ലാം സൗജന്യമായി നൽകും. വിഷുവിന് കണി വയ്ക്കാൻ പൊൻ വെള്ളരിക്കയും കൊടുക്കും.

മൂത്തു പഴുത്ത് നിറം വെച്ച് പൂതയിൽ ഒളിഞ്ഞുകിടക്കുന്ന കായ്കൾ കണ്ടെത്തി പറിച്ചെടുക്കൽ വളരെ കൗതുകകരമാണ്. അവ കുട്ടയിലാക്കി വീട്ടിൽ കൊണ്ടുപോ കാനും മച്ചിലും ഉത്തരത്തിലും കെട്ടിതൂക്കുവാനും ഞങ്ങൾ വളരെ ഉത്സാഹിക്കും. മത്തൻ ഉറികെട്ടി അതിലാണ് സൂക്ഷിക്കുക. വേനൽകായ്കറിയുണ്ടാക്കിയാൽ പിന്നെ മിഥുനം കർക്കടകത്തിലും ചിങ്ങത്തിലെ ഓണാഘോഷത്തിനും ആ പച്ചക്കറി മതിയാകും കറിയൊരുക്കുവാൻ.

കായ്കറിപ്പാടത്തേക്കു പോകുമ്പോഴെല്ലാം ഇളം വെള്ളരികൾ പൊട്ടിച്ചു കഴിക്കാറുണ്ട് ഞങ്ങൾ. വെള്ളം ദാഹം പെട്ടെന്ന് ശമിക്കും. നല്ല രുചിയുമുണ്ടാകും. ഇളം വെണ്ടക്കായും കഴിക്കാറുണ്ട്.

ഇടവപ്പാതി വന്ന് വെള്ളം കൂടിയാൽ കായ്കറി വെട്ടി വലിക്കും. കണ്ടം വൃത്തിയാക്കും. അതും ഒരാഘോഷം പോലെയാണ്. നാട്ടുകാരൊക്കെ കൂടും. 'കൊച്ചനും കോടനു'മായ അവസാനത്തെ കായ്കൾ എല്ലാവരും ചുമടുകൾ ആക്കി വീട്ടിൽ കൊണ്ടുപോകും.

വേനൽക്കായ്കറിയുണ്ടാക്കിയ കണ്ടത്തിൽ അടുത്ത പൂവലിന് നെല്ല് നല്ല പുഷ്ടിയോടെ വളരും. കണ്ടാലറിയാം അത് കായ്കറിക്കണ്ടമായിരുന്നെന്ന്.

X Std Malayalam Reader.indb 103 5/22/2019 9:49:04 AM

അഭ്യാസം

I. പദപരിചയം

പച്ചത്തുരുത്ത്, ഏത്തം, സമൃദ്ധി, പീശ്ശാങ്കത്തി, രാസവളം, കീടനാശിനി, ഹൃദ്യം, മച്ച്, ഉത്തരം, ഇടവപ്പാതി, കണ്ടം, പൂവൽ, പുഷ്ടി.

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഏതു മാസത്തിലാണ് പാടത്ത് പതിവായി പച്ചക്കറി കൃഷി ചെയ്തിരുന്നത്?

   അ) കന്നി
   ആ) മകരം
   ഇ) ധനു
   ഈ) മേടം

2. പച്ചക്കറി കൃഷി നനച്ചിരുന്നത് എന്തുകൊണ്ടായിരുന്നു?

   അ) ബക്കറ്റ്
   ആ) ഏത്തം
   ഇ) പാത്രം
   ഈ) പാള

3. വിഷുവിന് കണി വയ്ക്കുന്നത്

   അ) പൊൻ വെള്ളരിക്ക
   ആ) മത്തങ്ങ
   ഇ) കുമ്പളങ്ങ
   ഈ) പടവലങ്ങ

III. വാക്യത്തിൽ പ്രയോഗിക്കുക

പതിവ്, വരിവരിയായി, ഉത്സാഹം

IV.ഉത്തരമെഴുതുക

1. കുട്ടികൾ കായ്കറി കൃഷിയെക്കുറിച്ചുള്ള കൂടിയാലോചനകൾ നടത്തിയത് എപ്പോഴായിരുന്നു?
2. പച്ചക്കറി കൃഷിക്കായി സ്ഥലം ഒരുക്കുന്നത് എങ്ങനെ?
3. കൃഷിക്കായി വിത്ത് ഒരുക്കിയത് എങ്ങനെ?
4. കുട്ടികളുടെ മനസ്സിൽ സന്തോഷം നിറയ്ക്കുന്ന കാഴ്ച എന്തായിരുന്നു?
5. പച്ചക്കറിയുടെ ഹൃദ്യമായ മണം പടർന്നത് ഏതേത് സന്ദർഭങ്ങളിൽ ആയിരുന്നു?
6. വേനൽപ്പാടത്തെ പച്ചത്തുരുത്തുകളായി മാറിയ കായ്കറി കൃഷിയെ ഹൃദ്യമായ അനുഭവമാക്കിയത് എങ്ങനെയെന്ന് വിവരിക്കുക?

X Std Malayalam Reader.indb 104 5/22/2019 9:49:04 AM

ഉപപാഠം

അജഗജാന്തരം

-എസ്.വി വേണുഗോപൻ നായർ



എസ്.വി വേണുഗോപൻ നായർ 1945- ൽ തിരുവനന്തപുരം ജില്ലയിലെ കാരോട് ജനിച്ചു. ആദിശേഷൻ, ഗർഭശ്രീമാൻ, മൃതിതാളം, ഭൂമിപുത്രന്റെ വഴി എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യഅക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.

ഇതര ജീവിവർഗത്തിന്റെ സൂക്ഷ്മതലങ്ങൾ അവതരിപ്പിക്കുന്ന കഥാകാരനാണ് എസ്. വി വേണുഗോപൻ നായർ. ഇണങ്ങിയും പിണങ്ങിയും മനുഷ്യജീവിതത്തിൽ ഇടപെടുന്ന ആനയും ആടും കഥാകാരന്റെ ഫലിത പ്രയോഗത്തിന്റെ നിദർശനമായി വരുന്നു.

മഞ്ചാടിമനയ്ക്കലെ ആനക്കാരൻ നാണുക്കുട്ടിക്ക് ഒരാശ. ഒരേ ഒരാശ. ഒരു ആടു വാങ്ങണം, സ്റ്റൈലിലതിനെ മേയ്ച്ച് വിലസേണം.

ആനക്കൂട്ടിൽപ്പിറന്ന്, ആനപ്പുറത്തു നടന്ന്, ആനച്ചുവട്ടിലുറങ്ങി അങ്ങനെ ആനക്കൊട്ടിലിൽ വളർന്ന നാണുക്കുട്ടി! വമ്പന്മാരായ പാപ്പാന്മാരുടെ കുലത്തിലെ അവസാന കണ്ണി!

ഒരുനാൾ പൊടുന്നനേ പൊട്ടിപ്പൊന്തിയതാണീ മോഹം. എങ്കിലും അയാൾ വളരെ ദിനങ്ങൾ അതിനെ ഒളിച്ചുവച്ചു. പക്ഷേ, നാണുക്കുട്ടിയുടെ ക്നാവിലും നിനവിലും ആടിന്റെ അമർത്തിപ്പിടിച്ച കരച്ചിൽ പൊങ്ങി. ക്രമേണ അയാൾപോലുമറിയാതെ മനസ്സ് സദാപി ആ മോഹത്തെ ഉമ്മവച്ച് ഓമനിക്കാൻ തുടങ്ങി.

എന്തേ ഈ നാൽപ്പത്തിയാറാം വയസ്സിൽ ഇങ്ങനെ ഒരാഗ്രഹം? നാണുക്കുട്ടിക്കുതന്നെ വിസ്മയം. പക്ഷേ, വിസ്മയത്താലൊടുങ്ങുന്നതാണോ ആശ?

മോഹത്തിൽ നിലയറ്റ നാണുക്കുട്ടി രണ്ടും കല്പിച്ച് മഞ്ചാടിമനയ്ക്കലെ വലിയ തിരുമേനിയുടെ മുമ്പിൽ ചെന്ന് സ്വയം തളഞ്ഞുനിന്നു. ലേശം നാണത്തോടെ തോട്ടി അടിയറവുവച്ച് ഉണർത്തിച്ചു:

"തിരുമേനീ, ഇനി പാർവതിക്കുട്ടിക്ക് മറ്റൊരു പാപ്പാനെ വെക്കണം. ഞാൻ പോവാണ്."

X Std Malayalam Reader.indb 105 5/22/2019 9:49:06 AM



തിരുമേനി കഥയറിയാതെ മിഴിച്ചു:

“നീ എന്തിനാ പുറപ്പാട്?”

“ഞാൻ... ഞാൻ... ഒരാടിനെ വാങ്ങി മേയ്ക്കാൻ പോവാണ്.”

“വിഷ്ണോ ! എന്താ ഈ കേക്കണെ! ആടിന്യൊ! നീയ്യോ?... നെനക്ക് ഭ്രാന്തെളക്യോ...?”

തിരുമേനി ആസനംവിട്ട് ഒടിഞ്ഞുയർന്നു. നാണുക്കുട്ടി നവോഢാസമം നിന്നു. “അദ്ന്റെ ഒരാശയാണ്.”

തിരുമേനി പൂണൂൽ പിടിച്ച് തരിച്ചുനിൽക്കേ, നാണുക്കുട്ടി പിൻവാങ്ങി. കൊലകൊമ്പൻ പത്മനാഭന് മദം പൊട്ടിയപ്പോൾ തളച്ച നാണുക്കുട്ടി! ആർക്കും മെരുങ്ങാത്ത കല്യാണിയെ പശൂനെപ്പോലെ മെരുക്കി പൂരത്തിനു കൊണ്ടുപോയ നാണു! ഈ പാർവതി തന്നെ മറ്റൊരാളെ വകവയ്ക്കുന്ന ജനുസ്സാണോ?

മനയുടെ അന്തസ്സായിരുന്ന ആനകളിലൊന്നായിട്ടാണ് നാണുവിനെയും എണ്ണിയിരുന്നത്. മാതംഗലീല ഹൃദിസ്ഥമെന്നല്ല, പ്രയോഗസാമർഥ്യവും അതിശയം. നാണുക്കുട്ടിയെ പ്രതി ഇങ്ങനെ കുതിച്ചൊഴുകിയ ചിന്താപ്രവാഹത്തിൽനിന്ന് വല്ലപാടും പിടഞ്ഞെണീറ്റ തിരുമേനി ഈശ്വരന്റെ മായാവിലാസങ്ങളെപ്പറ്റി ഒരു ശ്ലോകം തോന്നിയത് ഉറക്കെച്ചൊല്ലി നെടുവീർപ്പിട്ടു.

കാണിനേരംകൊണ്ട് നാണുക്കുട്ടിയുടെ ആശ ഒരു വിശേഷവാർത്തയായി നാടാകെ പരന്നു. കേട്ടവർ കേട്ടവർ ചുവടു മറന്നു നിന്നു.

X Std Malayalam Reader.indb 106 5/22/2019 9:49:06 AM

അങ്ങാടിയിൽ വച്ച് കാര്യസ്ഥൻ കേശുനായർ ഇമവെട്ടാതെ ചോദിച്ചു:

"എന്താ നാണുക്കുട്ടി പുറപ്പാട്?"

"കറുത്ത മൃഗത്തെ നയിച്ചു നയിച്ചു മടുത്താശാനെ. ഒരു വെളുത്ത മൃഗത്തെ മേയ്ച്ചിട്ട് മരിക്കണംന്നൊരു പൂതി. ഐരാവതം ഭൂമിയിലല്ലല്ലോ. വയസ്സുകാലത്ത് നെറത്തേലൊരു ഭ്രമം എന്നു കൂട്ടിക്കോളൂ."

കാര്യസ്ഥൻ തുറന്ന വായ് കൂട്ടി കൊടുക്കാനൊരുങ്ങുമ്പോഴേക്കും നാണുക്കുട്ടി നടന്നു.

പിറ്റേന്നു കിഴക്ക് സൂര്യന്റെ ആലവട്ടം പൊന്തുമ്പോൾ നാണുക്കുട്ടി തന്റെ വീടിനു തെക്കുപുറത്തൊരു ആല ചമയ്ക്കാൻ തിരക്കിടുകയായിരുന്നു. വകേലൊരു മാതുലൻ രാമബാണമായി പാഞ്ഞുവന്നു, അന്നേരം.

അഷ്ടകലാശം ചവിട്ടിക്കൊണ്ടായിരുന്നു വൃദ്ധന്റെ തുടക്കം:

"നെനിക്കെന്താടാ, മദം പൊട്ട്യോ?"

നാണുക്കുട്ടി ശാന്തനായി ആദരപൂർവം ചിരിച്ചു.

"പാപ്പാൻ മെലിഞ്ഞാല്, ഇടയനാവോടാ?"

കാരണോർ കുരുന്നാലിലപോലെ ചുവന്നു.

നാണുക്കുട്ടി തന്റെ സദുദ്യമം നിറുത്തി, ഉമ്മറത്തേക്കു കയറി ഉപചരിച്ചു:

"അമ്മാവൻ ഇരിക്ക്."

വൃദ്ധൻ ഇരിക്കുവോളം അയാൾ ഒതുങ്ങിനിന്നു. പിന്നെ അധോമുഖനായി നിന്നു ചൊല്ലി:

"കഴിഞ്ഞ മാസത്തില് നിക്കൊരു നെഞ്ചുവേദന വന്നില്ലേ? അദ് കാസത്തിന്റെ ആരംഭമാന്നാ മൂസ്സ് പറഞ്ഞത്. കാസത്തിന് ആടിന്റെ പാലും ചൂരും ബഹുവിശേഷാത്രെ. വല്യ ആയാസമുള്ള ജോലിയൊന്നും ഇനി പാടില്ലേനും."

ഈ വിശദീകരണം കാരണോരുടെ പഴമനസ്സിനെ തൃപ്തമാക്കിയില്ല.

അദ്ദേഹം അടുക്കളയോളം തുളുമ്പി മകളായവളെ ശാസിച്ചു. അതുകൊണ്ടും തീരാത്ത അരിശം മുരണ്ടുമുരണ്ടു പടിതുള്ളിയിറങ്ങി. നാണുക്കുട്ടി മന്ദംമന്ദം ആലപ്പണിയിലേക്കും.

സന്ധ്യ ചരിയും നേരം കമ്പോളത്തിൽനിന്ന് നിറകണ്ണോടെ ഭാര്യ മടങ്ങി വരുന്നത് നാണുക്കുട്ടി കണ്ടു. അടുത്തു ചെന്നു കാരണം തിരക്കി.

ആ പാവം നിയന്ത്രണംപൊട്ടി ഏങ്ങലടിച്ചു: '

"ആ കവലയിലോട്ടൊന്നെറങ്ങിനോക്ക്. ആൾക്കാര് എന്തൊക്കെയാ പറയണ്! ഇതും കേൾക്കേണ്ടി വന്നൂലോ ഭഗവതീ!"

നാണുക്കുട്ടി ധർമ്മപത്നിയെ അനുനയം പറഞ്ഞ് സാന്ത്വനിപ്പിച്ചുകൊണ്ടു ചോദിച്ചു:

X Std Malayalam Reader.indb 107 5/22/2019 9:49:06 AM

"എടീ, വല്ലവന്റേം ആനയെ മേയ്ക്കണതിനേക്കാൾ നന്നല്ലേ തന്റേതായൊരു ആടിനെ മേയ്ക്കണത്! പിന്നെ കാട്ടിലും മലയിലും ആനക്കാൽച്ചുവട്ടിൽ ചുരുണ്ടുകൂടാണ്ട് നെന്റേം പിള്ളാരുടേം അടുത്ത് തന്നിഷ്ടംപോലെ ഒന്നിരിക്കീം ചെയ്യാലോ...."

അവസാനപ്രയോഗം കുറിക്കുകൊണ്ടു. കണ്ണീരടങ്ങി. അവിടെ തുരുമ്പിച്ചു മങ്ങിക്കിടന്ന ഏതോ മോഹം നാമ്പു നീട്ടിത്തിളങ്ങി. ആ ചുണ്ടുകളിലൊരു പുഞ്ചിരി വിതുമ്പി.

തന്റെ ഓമൽസ്വപ്നവും പേറി മുനയുള്ള നോട്ടങ്ങൾക്കും ചോദ്യങ്ങൾക്കും ന ടുവിലൂടെ തരിമ്പും കുലുങ്ങാതെ നാണുക്കുട്ടി നടന്നു.

നിത്യവും ലക്ഷണമൊത്ത ഒരു വെളുത്ത ആടു തേടി, കടമ്പകൾ പലതു കയറിയിറങ്ങി .

ഒടുവിൽ ആ അന്വേഷണവും കണ്ടെത്തലിൽത്തന്നെ ചെന്നുമുട്ടി. മഞ്ഞണിഞ്ഞ ഇളംവെയിൽ മേയാനെത്തവേ, നാട്ടുകാരുടെ കണ്ണിൽ മഞ്ഞപൂശിക്കൊണ്ട് ഒരു വെള്ളാടുമായി നാണുക്കുട്ടി കവലമുറിച്ചു വീട്ടിലേക്കു നടന്നു.

എല്ലാവരും അയാളെ നോക്കി. അയാൾ ആടിനെ മാത്രം കണ്ടു.

ആരും അയാളോടു മിണ്ടിയില്ല. അയാൾ ആടിനോടു മാത്രം ഒച്ചയിട്ടു.

കവലയിൽ പുകപോലെ പടർന്ന നിശ്ശബ്ദതയെ ഭേദിച്ചു രസിക്കും പോലെ, ആ അജസുന്ദരി ഒരു പ്രത്യേകരാഗത്തിൽ മന്ദ്രമധുരമായി പുലമ്പിക്കൊണ്ടിരുന്നു. അവളുടെ ഓമനപൃഷ്ഠം അയാൾക്കുമുമ്പേ തുള്ളിത്തുളുമ്പി മുന്നോട്ട്....

ചങ്ങല പിടിച്ച കൈകളിൽ കയറേന്തിയപ്പോൾ നാണുക്കുട്ടിക്ക് എന്തെന്നറിയാത്തൊരനുഭൂതി. ഒരു മൃദുലത, ഒരു ലഘിമ....

ഇവൾ തന്റെ, തന്റെ മാത്രം, എന്ന ബോധം അത്യാനന്ദം ചുരത്തി. നാണുക്കുട്ടിയുടെ ഭാര്യക്കും വിശിഷ്യാമക്കൾക്കും നവാഗതയെ അളവറ്റ് ഇഷ്ടമായി. അയാൾ അവൾക്ക്. ആനശൈലിയിൽ ഒരു പേരിട്ടു: 'നങ്ങേമ'

ആ മൂന്നക്ഷരം ഉച്ചരിച്ചുകൊണ്ട് അയാൾ മൂന്നുരു ആ മൃദുരോമചാരുവാം പുറം തലോടി. ആട് രോമാഞ്ചത്താലാകാം, ഓരോ വട്ടവും പുളഞ്ഞു. അനുസരണയോടെ കരഞ്ഞു.

നാണുക്കുട്ടിയുടെ ഇളയമകൻ ആടിന്റെ പിന്നിൽ പതുങ്ങിച്ചെന്ന് അതിന്റെ വാലിൽനിന്നൊരു രോമം പറിച്ചെടുത്ത്, മോതിരം ചമച്ച് വിരലിലണിഞ്ഞു.

മകന്റെ പ്രവൃത്തിയിൽ നാണുക്കുട്ടി ചിരിച്ചുപോയി. പയ്യന്റെ ചെവിക്കു പിടിച്ച് 'വങ്കൻ' എന്നു വിളിച്ചോമനിച്ചു. അന്തിച്ചുവപ്പിൽ തുടുത്തുനിൽക്കുന്ന നങ്ങേമയെ നോക്കിയിരിക്കെ ഒരചുംബിതാശയം നാണുക്കുട്ടിയെ ചുംബിച്ചു.

മനയ്ക്കലെ തട്ടാനെ ശട്ടംകെട്ടി ഒരു കൊച്ചു നെറ്റിപ്പട്ടമുണ്ടാക്കണം. കൊമ്പിന് ഒരു ജോടി കുഴലാഭരണവും. കഴുത്തിലൊരു കൊച്ചു പൊന്മണിയുമാകാം. ഇതെല്ലാമണിഞ്ഞ് ബഹുസുന്ദരിയായ നങ്ങേമയെ രാജപാതയിലൂടെ തെക്കുവടക്കു പലകുറി നടത്തണം. അക്കാഴ്ച കണ്ടുകണ്ട് നാട്ടുകാരുടെ നെടുവീർപ്പടങ്ങണം.

X Std Malayalam Reader.indb 108 5/22/2019 9:49:06 AM

അയാൾ ആ സ്വപ്നസ്പർശലഹരിയിൽ മയങ്ങിയിരിക്കെ രാത്രി പമ്മി വന്നു.

ആ പ്രഥമരാത്രി നിനച്ചിരിക്കാത്ത ഒരു ക്ലേശമുണ്ടായി. കനത്ത ഇരുളിൽ നങ്ങേമ ഇടയ്ക്കിടെ കരയുകയായി. ഓരോ വട്ടം അവൾ കരയുമ്പോഴും നാണുക്കുട്ടി പ്രാണൻ പിടഞ്ഞെണീറ്റു. അസൂയാലുക്കളായ നാട്ടുകാർ അവളെ ചതിച്ചു കൊല്ലാൻ പതുങ്ങി വന്നിരിക്കുമെന്ന ഭീതി.

പകൽനേരം വേലിക്കപ്പുറം നിന്ന് ഏന്തിവലിഞ്ഞു നോക്കിയിരുന്ന അയൽക്കാരുടെ ഓരോ മുഖവും മനസ്സിൽ പൊന്തി.

റാന്തൽ തെളിച്ച് ആലയിലും പരിസരത്തും ചുറ്റി നടന്നു. ചെവിയോർത്തു നിശ്ചലം നിന്നു കാത്തു. ഒടുവിൽ സമാധാനത്തോടെ മടങ്ങി.

പുലരുവോളം ഇതാവർത്തിച്ചു. ഉറക്കച്ചടവോടെ ചൂടുകാപ്പി മോന്തുമ്പോൾ ആനയും ആടും തമ്മിലുള്ള പ്രധാന വ്യത്യാസം, കാരണം കൂടാതെയുള്ള ഈ ചിണുങ്ങലാണെന്ന് നാണുക്കുട്ടി ബോധിച്ചു. ഇടവേളയില്ലാതെ, ആരോഹണാവരോഹണമില്ലാതെയുള്ള നങ്ങേമയുടെ ഈ കൊഞ്ചൽ അയാൾക്കത്ര രസിച്ചില്ല.

എങ്കിലും ചിന്തിച്ചപ്പോൾ ആശ്വാസമായി. ഏറെനാൾ മൗനമായിരുന്നിട്ട്, ആന നടത്തുന്ന കൊലവിളിയേക്കാൾ ഭേദമാണ് പാതി വിടരാത്ത ഈ ചിണുക്കം.

വെയിൽ മഞ്ഞു മാറ്റിയപ്പോൾ നാണുക്കുട്ടി നങ്ങേമയെയും തെളിച്ചു വയൽവരമ്പി ലൂടെ നടന്നു.

പാപ്പാൻ ആനയ്ക്കൊപ്പം ഗമയിൽ നടന്നാൽ മതി.

അജവിഷയത്തിൽ അതു പറ്റില്ല. പിറകോട്ടു പിടിച്ചു നിറുത്തിയാലും അവൾ മുമ്പേ കുതിച്ചുകയറും. താളത്തിൽ തുള്ളിത്തെന്നുന്ന അവൾക്കൊപ്പമെത്താൻ നാണുക്കുട്ടി പഴയ ആനനട ഉപേക്ഷിച്ച് പുതിയൊരു നടത്തം ശീലിക്കേണ്ടിവന്നു.

ആന മേഞ്ഞുകൊണ്ടു നടക്കുകയില്ല. ഓല വെട്ടി തുമ്പിക്കെയിലേറ്റിക്കൊടുത്താലേ കരിവായ് തുറക്കൂ.

ആടിന്റെ ശീലം വേറെ. നടപ്പും തീറ്റയും ഏകത. കണ്ണിൽപ്പെടുന്ന ഏതു പച്ചിലയും ബഹുപഥ്യം. ഒരു കടി; ഒരു നട. വായും കാലും ഒരേ താളത്തിൽ. മേയ്ക്കുന്നവന്റെ കണ്ണു തെറ്റിയോ, അയൽക്കാരൻ ശത്രു. ഏകാഗ്രചിത്തനായി നങ്ങേമയ്ക്കു പിറകേ നടക്കുമ്പോൾ നാണുക്കുട്ടിക്ക് ഒരു സത്യംകൂടി ബോധ്യം വന്നു ആന മേയ്ക്കുന്നതിനേക്കാൾ ക്ലേശമാണീ ആടുമേയ്പ്.

നടന്നു നടന്നു തോട്ടിൻകരയിലെത്തിയപ്പോൾ വല്ലാത്ത ദാഹം. അവിടൊരു മുറുക്കാൻ പീടികയുണ്ട്. ആടിനെ കടയ്ക്കു മുമ്പിലൊതുക്കി നിറുത്തി. കൈയിലിരുന്ന കോൽ അവളുടെ കാലിനു മുന്നിൽ വച്ചു പീടികയിലേക്കു നീങ്ങി.

"ഒരു ഗ്ലാസ് വെള്ളം താ."

വെള്ളം തൊണ്ടയിലെത്തിയ നിമിഷം കടക്കാരന്റെ ആക്രോശം! നാണുക്കുട്ടി ഞെട്ടി. നോക്കുമ്പോൾ എന്താ കഥ! പഴക്കുല നിന്നാടുന്നു. നങ്ങേമ പഴം തിന്നുന്നു. കോൽ ദൂരെ കിടക്കുന്നു!

X Std Malayalam Reader.indb 109 5/22/2019 9:49:06 AM

പഴത്തിന്റെ വില കൊടുത്ത് അന്തസ്സായി ഇടപാട് തീർത്തു. ഒപ്പം, കോൽ വച്ചാൽ ആടു നിൽക്കില്ലെന്ന ഗുണപാഠവും തേറി.

ആ രാത്രി മുഴുവൻ അയാൾ ആനയും ആടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു. എന്നാൽ, ഏതു മൃഗത്തിനാണു മേന്മ എന്നു തീർപ്പു കല്പിക്കാനായില്ല.

കിഴക്കു വെള്ളി ഉദിച്ചപ്പോൾ പരമമായ ആ ഘോരസത്യം അയാളുടെ ബോധമണ്ഡലത്തിൽ വെൺമ പൂശി. ആനയ്ക്കു ലേശം നീരസമുണ്ടായാൽ തീർന്നു പാപ്പാന്റെ ജന്മം. അത്തരം പ്രതികാരബുദ്ധി നല്ലവരായ കുഞ്ഞാടുകൾക്കില്ല. അകാലചരമഭയമില്ലാതെ ശേഷിച്ച് ആയുസ്സ് നീക്കാമെന്നതുതന്നെ വലിയൊരു നേട്ടമല്ലേ!

യുഗാന്തരങ്ങൾ തോറും സമാധാനത്തിന്റെ ദൂതന്മാർ പിറക്കാനും വളരാനും തൊഴുത്തു തേടിയതു വെറുതെയാണോ?

ഈ വെളിപാടിന്റെ ശീതളച്ഛായയിൽ അയാൾ സസുഖം മയങ്ങി.

X Std Malayalam Reader.indb 110 5/22/2019 9:49:06 AM

ഭാഗം
8

യാത്ര



പഠനലക്ഷ്യങ്ങൾ

- ജീവിതയാത്രയിൽ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചറിയൽ
- യാത്ര നൽകുന്ന സംസ്കാരവൈവിധ്യങ്ങൾ മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	പൈതലേ പതുക്കനെ	- പുതുശ്ശേരി രാമചന്ദ്രൻ
ഗദ്യം	:	മാനയിൽ, അവസാന ഗ്രാമത്തിന്റെ മടിയിൽ	- കെ.ആർ.അജയൻ
ഉപപാഠം	:	അഭയം	- എം. ഡി. രാധിക.

X Std Malayalam Reader.indb 111 5/22/2019 9:49:07 AM

കവിത

പൈതലേ പതുക്കനെ

– പുതുശ്ശേരി രാമചന്ദ്രൻ



പുതുശ്ശേരിരാമചന്ദ്രൻ: 1928-ൽ മാവേലിക്കരയിൽ വള്ളിക്കുന്നത്ത് ജനിച്ചു. പുരോഗമന സാഹിത്യ പ്രവർത്തനങ്ങളിലുമേർപ്പെട്ടിരുന്നു. കവിതയിൽ വിപ്ലവവും കാല്പനികതയും ഇണക്കിച്ചേർത്ത കവിയാണ് അദ്ദേഹം. ഒന്നാം ലോകമലയാള സമ്മേളനത്തിന്റെ പ്രധാന ശില്പിയും സംഘാടകനുമായിരുന്നു. ഗ്രാമീണഗായകൻ, ശക്തിപൂജ, എന്റെ സ്വാതന്ത്ര്യസമര കവിതകൾ, പുതിയ കൊല്ലനും പുതിയൊരാലയും, പുതുശ്ശേരികവിതകൾ എന്നിവയാണ് പ്രധാന കാവ്യസമാഹാരങ്ങൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, മഹാകവി ഉള്ളൂർ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

പൈതലിനോടുള്ള ഭാഷണമെന്നമട്ടിൽ എഴുതിയിട്ടുള്ള കവിത പുതിയ തലമുറയ്ക്ക് കവി നൽകുന്ന മുന്നറിയിപ്പുകളാണ്. ജീവിതത്തിന്റെ സുന്ദര മുഖങ്ങളോടുള്ള ഇഷ്ടം തോന്നുമ്പോൾത്തന്നെ പുറംമോടികൾക്കപ്പുറത്ത് മറഞ്ഞിരിക്കുന്ന ചതിക്കുഴികളെ തിരിച്ചറിയാനും കഴിയണമെന്ന് കവി പറയുന്നു.

പൈതലേ, പതുക്കനെ-

ക്കാലുകുത്തുകീ മണ്ണിൽ

കൈതവം പതിയിരി-

പ്പുണ്ടു നീയറിയാതെ,

കാവുകൾ നറും വെള്ള-

ച്ചിരിതൂകുമീ മണ്ണിൽ

X Std Malayalam Reader.indb 112 5/22/2019 9:49:07 AM



പാഴ്പ്പടർപ്പുകൾ ചൂഴും

കുഴിയെത്രയാണെന്നോ!

താവുമുൾത്വരയാലേ

നീ മുകരുവാൻ വെമ്പും

പൂവിതളിലും മുള്ളു-

ണ്ടായതു തേൻമുള്ളാവാം.

വെറുതേ നിരപ്പകി-

ട്ടാർന്ന പൂമ്പാരയ്ക്കു പിൻ-

പുഴറിക്കുതിച്ചോടി-

ക്കാൽമടമ്പുളുക്കൊല്ലേ

X Std Malayalam Reader.indb 113 5/22/2019 9:49:08 AM

പൊൻ പൂക്കൾ വിരിയിക്കും

വെണ്ണക്കൽപ്പടവിലും

നിൻതളിർപ്പദം തെന്നി

വഴുതാതിരിക്കട്ടെ

പാറകൾ പൊടിയാക്കി-

പ്പൊടികല്ലാക്കി, പൂഴി-

പ്പാഴ് മണൽത്തരികൂട്ടി-

ക്കണ്ണാടിച്ചില്ലുണ്ടാക്കി

സൂര്യന്റെ ചുറ്റമ്പല-

മതിലിൽ പുറം ചുറ്റി

സൂര്യനെ ചുറ്റാൻ പുത്തൻ

സൂര്യനായ്ത്താനേ മാറി

ഉണ്ണി, നീ ത്രിഭുവന -

വിക്രമനായ് ത്തീരുകെൻ

കണ്ണീർ നിൻ കിരീടത്തിൽ

വജ്രമായ്ത്തിളങ്ങട്ടെ.

X Std Malayalam Reader.indb 114 5/22/2019 9:49:08 AM

അഭ്യാസം

I. പദപരിചയം

കൈതവം, മുകരുക, ത്രിഭുവനം, വജ്രം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഉൾത്വരയാലേ പൈതൽ മുകരുവാൻ വെമ്പുന്നതെന്തൊക്കെയാണെന്നാണ് കവി പറയുന്നത്?

   അ. പൂവിതൾ

   ആ. മാതാവിന്റെ മുഖം

   ഇ. പൂമ്പാറ്റ

   ഈ. പൂച്ചക്കുട്ടി

2. ആരുടെ പുറകിൽ കുതിച്ചോടിയാണ് 'കാലുളുക്കല്ലേ' എന്ന് കവി പറയുന്നത്?

   അ. പൂക്കളുടെ

   ആ. പൂമ്പാറ്റയുടെ

   ഇ. കുട്ടികളുടെ

   ഈ. അമ്മയുടെ

3. സൂര്യനെ ചുറ്റാൻ പുത്തൻ സൂര്യനായിത്തന്നെ മാറണമെന്ന് കവി ആരോടാണ് പറയുന്നത്?

   അ. ഉണ്ണിയോട്

   ആ. പൂക്കളോട്

   ഇ. കിളിയോട്

   ഈ. പൂമ്പാറ്റയോട്

III. ഉത്തരമെഴുതുക.

1. ഏതുതരത്തിലുള്ള കൈതവം പതിയിരിപ്പുണ്ടെന്നാണ് കവി പറയുന്നത്?
2. എന്തുകൊണ്ടൊക്കെയാണ് കാൽ മടമ്പുളുക്കൊല്ലേയെന്നും തെന്നി വഴുതാതിരിക്കട്ടെയെന്നും കവി പറയുന്നത്?
3. എങ്ങനെയെല്ലാമായിത്തീരാനാണ് കവി ഉണ്ണിയോട് പറയുന്നത്?

X Std Malayalam Reader.indb 115 5/22/2019 9:49:08 AM

ഗദ്യം

മാനയിൽ, അവസാനഗ്രാമത്തിന്റെ മടിയിൽ

-കെ .ആർ .അജയൻ

കെ. ആർ. അജയൻ 1967 -ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ ജനിച്ചു. സഞ്ചാര സാഹിത്യകാരൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. പതിനഞ്ചോളം പുസ്തകങ്ങളുടെ രചയിതാവ്. അഗസ്ത്യകൂടത്തിലെ ആദിവാസികൾ, ഗോമുഖ് അനുഭൂതികളുടെ സ്ഫോടനങ്ങൾ, ചെഗുവേര (ജീവചരിത്രം), നന്ദാദേവി, മറ്റൊരു ഹിമാലയം എന്നിവയാണ് പ്രധാന കൃതികൾ.



എഴുത്തുകാരുടെ യാത്രാനുഭവങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കപ്പെട്ട 'ദേശാന്തര യാത്രകൾ' എന്ന കൃതിയിൽനിന്നെടുത്തതാണ് മാനയിൽ, അവസാന ഗ്രാമത്തിന്റെ മടിയിൽ എന്ന ലേഖനം.

അളകനന്ദയുടെ വളവും തിരിവുകളും പിന്നിട്ട് ഞങ്ങൾ മുകളിലേക്ക് കയറുകയാണ്. കാറ്റടിച്ചാൽ അടർന്ന് താഴേക്ക് പതിക്കുന്ന കുന്നുകളാണ് വലതുവശത്ത്. കഴിഞ്ഞ മഴക്കാലം പെയ്തുതോർന്നതിന്റെ അടയാളമെന്നോണം വഴിയിലേക്ക് മലകൾ ഇഴഞ്ഞുനീങ്ങി നിൽപ്പുണ്ട്. നീർച്ചാലുകളിൽ വാഹനമിറങ്ങി കയറുമ്പോൾ ചിന്നി തെറിക്കുന്ന തുള്ളികൾ മഞ്ഞിനൊപ്പം താഴ്വരയിലേക്ക് വീഴുന്നു. അഗാധമായ താഴ്വരയ്ക്ക് താഴെ അളകനന്ദയുടെ നേർത്ത കിലുക്കം മാത്രം. വൈകീട്ട് രണ്ടു മണി കഴിഞ്ഞതിനാൽ ഇതുവഴിയുള്ള വാഹനങ്ങൾക്ക് എല്ലാം നിയന്ത്രണമാണ്. അപകട സാധ്യത മുന്നിൽ കണ്ടാണ് അതിർത്തിസുരക്ഷാപോലീസിന്റെ ഈ നടപടി. കുറെനാളത്തെ ഹിമാലയൻ കാൽനടയാത്രയുടെ ക്ഷീണമകറ്റാനുള്ള യാത്രയാണ് ഞങ്ങളുടേത്. അളകനന്ദക്കരയിലൂടെ ഇൻഡോ ടിബറ്റൻ അതിർത്തിയിലുള്ള ബദരീനാഥിലേക്ക്.

ബദ്രിയിലേക്കുള്ള കുത്തുകയറ്റം കയറുമ്പോൾതന്നെ മനസ്സിൽ തീരുമാനമെടുത്തിരുന്നു ആദ്യം മാനയിലേക്ക്. പിന്നെ ബദ്രിയും. ഇന്ത്യയുടെ അവസാനത്തെ ഗ്രാമമാണ് മാന. അങ്ങകലെ കൊച്ചുകേരളത്തിന്റെ കാറ്റേറ്റു വളർന്ന എനിക്ക് ജന്മനാടിന്റെ അവസാനം കണ്ടേതീരൂ. ഇത്രയും അടുത്തെത്തിയിട്ട് അവസാനഗ്രാമം കാണാതെ മടക്കയാത്രയില്ല. വാഹനത്തിൽ ഇരിക്കുമ്പോൾതന്നെ അറിയുന്നവരോട് മാനയെക്കുറിച്ച് ചോദിച്ചു. ഒന്നിലധികം തവണ മാന കണ്ടിട്ടുള്ളവർ അതിലത്ര താല്പര്യം കാട്ടിയില്ല.

രാജ്യാതിർത്തി പലേടത്തും കണ്ടിട്ടുണ്ടെങ്കിലും മിക്കയിടത്തും പട്ടാള ബാരക്കുകളും കമ്പിവേലികളുമാണ് അതിർത്തിയിടുന്നത്. അമൃതസറിലെ വാഗാ അതിർത്തി

X Std Malayalam Reader.indb 116 5/22/2019 9:49:08 AM



ഇത്തിരിനേരത്തേക്ക് മനസ്സിൽ വന്നുപോയി. പക്ഷേ, മാന അങ്ങനെയല്ല, ഇന്ത്യയുടെ അവസാനത്തെ ഗ്രാമം, ടിബറ്റൻ പർവതങ്ങൾ ആകാശത്തേക്കുയർത്തിയ വേലിക്ക് താഴെ ഇൻഡോ-ടിബറ്റൻ മിശ്രസംസ്കാരം പേറുന്ന കൊച്ചുഗ്രാമം.

കിട്ടിയ സ്ഥലത്ത് വാഹനം പാർക്ക് ചെയ്തു. ബദ്രിയിലേക്ക് നടക്കാൻ തുടങ്ങിയ കൂട്ടുയത്രകാരോട് ഞാൻ നയം വ്യക്തമാക്കി. ഇരട്ടുംമുൻപ് എനിക്ക് മാനവരെ പോകണം. ശേഷം ബദ്രിനാഥ്. പലരും പലവഴിക്ക് പിരിഞ്ഞു, വൈകി ബദ്രിയിൽ കാണാമെന്നു മാത്രം പറഞ്ഞു.

ആകാശ കുന്നുകൾക്കിടയിലെ വിടവുകളിലൂടെ തെന്നിത്തെറിച്ചു ഒഴുകിയിറങ്ങുകയാണ് അളകനന്ദ. ടിബറ്റൻ പീഠഭൂമിയിലെവിടെയോ ആവണം അതിന്റെ തുടക്കം. സഞ്ചാരികൾക്ക് ശുഭസായാഹ്നം നേർന്നു മടങ്ങാൻ ഒരുങ്ങുകയാണ് പകലും വെയിലും. ഏതാണ്ട് ഒരു കിലോമീറ്റർ അകലെ കുന്നുകളോടൊട്ടിച്ചേർന്ന കടപ്പക്കുടിലുകൾ ശ്രദ്ധയിൽപ്പെട്ടത് അപ്പോഴാണ്. നേർത്തെ വെയിലിലും മഞ്ഞിൻ പുതപ്പണിഞ്ഞ് കിടക്കുകയാണ് മാന.

കൂടുതൽക്കൂടുതൽ നടന്നടക്കുമ്പോഴാണ് ഹിമാലയൻ കുന്നുകളുടെ രൗദ്രതയറിഞ്ഞത്. കഴിഞ്ഞ മഴക്കാലം മാനയെയും ഒരു പരിധിയോളം തകർത്തു കഴിഞ്ഞു. മുകളിൽനിന്ന് കുത്തിയൊലിച്ച നീർച്ചാലിനൊപ്പം ഉരുൾപൊട്ടി ഒഴുകിയത് അളകനന്ദാതീരത്തിരുന്ന നിരവധി കുടിലുകളാണ്. അവസാന ഗ്രാമത്തിന്റെ പ്രൗഢമായ ഓർമ്മകൾ പേറി അവയുടെ അവശിഷ്ടം അളകനന്ദയുടെ സ്വാന്തനമേറ്റ് കരയ്ക്കടിഞ്ഞു കിടപ്പുണ്ട്.

ഒരു പെയിന്റിംഗ് പോലെയാണ് ദൂരക്കാഴ്ചയിൽ മാന. കുന്നുകൾക്ക് താഴെ അടുക്കിവെച്ചപോലെ കുറെ കുടിലുകൾ. കുന്നുകളിൽ നിന്ന് മുടിപ്പിന്നൽ പോലെ താഴ് വരയിലേക്ക് ഇറങ്ങിവരുന്ന കാൽനടവഴികൾ. ഒന്നോ രണ്ടോ വഴികൾ വന്നിറങ്ങുന്നതും കയറിപ്പോകുന്നതും അളകനന്ദയിലേക്ക്. മുന്നിലേക്കുന്തിയ മലകളുടെ ഇരുട്ടിൽ

X Std Malayalam Reader.indb 117 5/22/2019 9:49:13 AM



വൈകുന്നേരവെയിൽ കൂടുതൽ നിഴൽ ചാർത്തുന്നു. പുഴയ്ക്കും മലകൾക്കുമിടയിൽ വിവിധ നിറത്തിലുള്ള കൊടിക്കൂറകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നു.

മാനയിലേക്ക് കടക്കുന്ന നേർത്ത കോൺക്രീറ്റ് റോഡിനിരുവശവും ചെറിയ ഷെഡ്ഡുകൾപോലെകെട്ടിടങ്ങൾഇടതിങ്ങിനിൽക്കുന്നു. എല്ലാവീടുകൾക്കുമുന്നിലേക്കും ഇറങ്ങി കയറിപ്പോകുന്ന കൽപ്പടവുകൾ മിക്ക വീടുകളും ഓരോ കച്ചവടകേന്ദ്രങ്ങൾ പോലെ തോന്നിച്ചു. പ്രായമുള്ളവരടക്കം ടിബറ്റൻരീതിയിൽ വസ്ത്രം ധരിച്ച് നിരവധി സ്ത്രീകൾ കൽപ്പടവുകളിൽ സൊറ പറഞ്ഞിരിപ്പാണ്. പറത്തിയിട്ട തലമുടിയുമായി ടിബറ്റൻമാരെന്നു തോന്നിക്കുന്ന യുവാക്കൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.

എവിടെയും സ്വാഗതബോർഡുകളാണ്. അവസാനഗ്രാമമെന്ന മേൽവിലാസത്തിന് പിന്നിലുള്ള കച്ചവടക്കണ്ണുകൾ എല്ലായിടവും തുറിച്ചുനോക്കുന്നു. കൊക്കക്കോള മുതൽ റിയലൻസ് വരെയുള്ള വമ്പൻ സ്രാവുകൾ സഞ്ചാരികളെ പിടിക്കുന്ന ചൂണ്ടയുമായി ഓരോ കുടിലിനു മുന്നിലുമുണ്ട്.

മഹാഭാരതത്തിൽ പാണ്ഡവർ സ്വർഗ്ഗാരോഹണം നടത്തിയത് മാനയിലൂടെയാണെന്ന് വിശ്വസിച്ചുപോരുന്നു. ഞാനും ആ സ്വർഗഭൂമിയിലാണല്ലോയെന്ന് വെറുതെ ഓർത്തു വേദവ്യാസ മുനി മഹാഭാരതം ഗണപതിക്കായി വ്യാഖ്യാനിച്ചതും ഈ തപോഭൂമിയിലത്രേ. വേദവ്യാസന്റെയും ഗണപതിയുടെയുമൊക്കെ ഗുഹകൾ തൊട്ടടുത്തുതന്നെയുണ്ട്. ഹിമാലയസാനുക്കൾ വിട്ട് ഭൂമിക്കടിയിലൊളിച്ച സരസ്വതീ നദി ബദ്രിക്കരികിൽ മാനയിലൂടെ ഒഴുകുന്നുവെന്നും സങ്കൽപ്പമുണ്ട്.

ബദ്രിയിൽ സുഹൃത്തുക്കൾ എന്നെ കാത്തിരുന്ന് വലഞ്ഞുകാണുമെന്ന് ഉറപ്പാണ്. കടുകെണ്ണയിൽ വറുത്തെടുത്ത മുട്ടയിൽ ഉരുളക്കിഴങ്ങും ഉള്ളിയും കൊത്തിനുറുക്കിച്ചേർത്ത് ഉരുട്ടിയെടുത്ത 'റോൾ ഓംലെറ്റ്' കഴിച്ച് ഞങ്ങൾ ഇരുന്നു. നിങ്ങൾ അതിർത്തി ലംഘിച്ച് ചൈനയിൽ കടക്കാറുണ്ടോ..., തമാശയ്ക്കാണ് ചോദിച്ചതെങ്കിലും അവൾ ഗൗരവമായാണ് ഉത്തരം പറഞ്ഞത്. ചൈനയോടുള്ള വെറുപ്പ്, ദലൈലാമയോടുള്ള മമത എല്ലാം ഉത്തരത്തിൽ തന്നെയുണ്ടായിരുന്നു.

എനിക്ക് പോകാൻ സമയമായി. 'അതിർത്തി കണ്ടില്ലേ, അവസാന ഗ്രാമവും, ഇനിയും വരണം'. ഒന്നും പറയാതെ ബദ്രിയിലേക്ക് നടക്കുമ്പോൾ മനസ്സിൽ പറഞ്ഞു, ഒന്നിനും അതിർത്തിയില്ല, ഒന്നും അവസാനവുമല്ല....

X Std Malayalam Reader.indb 118 5/22/2019 9:49:14 AM

അഭ്യാസം

I. പദപരിചയം

താഴ്വര, മിശ്രസംസ്കാരം, സായാഹ്നം, രൗദ്രത, പ്രൗഢം, അവശിഷ്ടം, സാന്ത്വനം, കൽപ്പടവ്, സ്വർഗ്ഗാരോഹണം, മമത, പീഠഭൂമി,

II. വിപരീതപദമെഴുതുക

നിയന്ത്രണം, ശുഭം, സായാഹ്നം, ആരോഹണം, വിശ്വാസം, സ്വർഗ്ഗം

III. വാക്യത്തിൽ പ്രയോഗിക്കുക.

അഗാധം, സംസ്കാരം, രൗദ്രത, പ്രൗഢം

IV.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഇന്ത്യയുടെ അവസാനത്തെ ഗ്രാമം ഏതാണ്?

   അ. മാന

   ആ. ബദ്രി

   ഇ. അമൃതസർ

   ഈ. കാശ്മീർ

2. വാഗാ അതിർത്തി സ്ഥിതി ചെയ്യുന്നത് എവിടെയാണ്?

   അ. അമൃത്സർ

   ആ. ബദ്രീനാഥ്

   ഇ. മാന

   ഈ. കാശ്മീർ

3. ടിബറ്റൻ പീഠഭൂമിയിൽ നിന്ന് ഒഴുകിവരുന്ന നദിയേത്?

   അ. ഗംഗ

   ആ. യമുന

   ഇ. അളകനന്ദ

   ഈ. കാവേരി

X Std Malayalam Reader.indb 119 5/22/2019 9:49:14 AM

4. മഹാഭാരതത്തിൽ പാണ്ഡവർ സ്വർഗ്ഗാരോഹണം നടത്തിയെന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലം ഏത്?

അ. ബദ്രിനാഥ്

ആ. മാന

ഇ. അമൃതസർ

ഈ. വാഗാ

V. ഉത്തരമെഴുതുക

1. മിശ്രസംസ്കാരം പേറുന്ന ഗ്രാമത്തെക്കുറിച്ച് ലേഖകൻ പറയുന്നതെന്ത്?

2. അളകനന്ദയെക്കുറിച്ച് കുറിപ്പെഴുതുക?

3. മാനയിൽ ലേഖകൻ കണ്ട കാഴ്ചകൾ ചുരുക്കിയെഴുതുക?

X Std Malayalam Reader.indb 120 5/22/2019 9:49:14 AM

ഉപപാഠം

അഭയം

-എം. ഡി. രാധിക.

എം. ഡി. രാധിക 1956-ൽ കോഴിക്കോട്ട് ജനിച്ചു. സ്ത്രീവാദസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മടക്കയാത്രകൾ, എം.ഡി രാധികയുടെ കഥകൾ എന്നിവയാണ് പ്രധാന കൃതികൾ. കുട്ടികളുടെ ഭാവനാവൈചിത്ര്യങ്ങളെയും മാനസികാവസ്ഥാഭേദങ്ങളെയും ചിത്രീകരിക്കുന്ന അഭയം എന്ന കഥ എം. ഡി. രാധികയുടെ കഥകൾ എന്ന സമാഹാരത്തിലുള്ളതാണ്.



അച്ഛൻ പഠിപ്പുള്ള ആളായിരുന്നു. എന്നിട്ടും അയാൾക്ക് അതെങ്ങനെ സംഭവിച്ചു എന്ന് മനസ്സിലായില്ല. ആറു വയസ്സുള്ള അയാളുടെ മകൻ ഒളിച്ചോടി.

ഉദ്യോഗസ്ഥയായ അമ്മയ്ക്കും അദ്ഭുതമായിരുന്നു. മകന് വീട്ടിൽ ഒന്നിനേറയും ഒരു കുറവുണ്ടായിരുന്നില്ല. സ്നേഹത്തിന് സ്നേഹം. സൗകര്യത്തിന് സൗകര്യം. കുറ്റങ്ങൾക്ക് ശിക്ഷ. നന്നായി വളർത്തപ്പെട്ട കുട്ടിയായിരുന്നു അവൻ.

തിരിച്ചുകൊണ്ടുവരുമ്പോൾ പക്ഷേ, അവരാരും അവനോട് ഒന്നും ചോദിച്ചില്ല. കുളിപ്പിച്ച് നല്ല ഭക്ഷണം കൊടുത്ത്, ഉറക്കി മെല്ലെ മെല്ലെ ഓരോന്നായി ചികഞ്ഞെടുക്കാം എന്ന് മുതിർന്നവർക്ക് സാധാരണമായ ഒരു ലൗകികബുദ്ധിയോടെ അവരാശിച്ചു.

കുട്ടി മൂകനായിരുന്നു. എങ്കിലും പോലീസ് സ്റ്റേഷനിൽ വെച്ചു രണ്ടു പകലുകൾക്കും രണ്ടു രാത്രികൾക്കും ശേഷം അച്ഛന്റെ മുഖം ആദ്യമായി കണ്ടപ്പോൾ അവൻ മിഴികൾകൊണ്ടും ചുണ്ടുകൾകൊണ്ടും ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ മന്ദഹസിച്ചു. അതച്ഛനെ കൂടുതൽ പരിഭ്രാന്തനാക്കി. കുട്ടികളുടെ മനഃശാസ്ത്രമറിയുന്ന ഏതെങ്കിലും വിദഗ്ധന്റെ അരികിൽ മകനെ കൊണ്ടുപോവേണ്ടിവരുമോ എന്ന പേടിയാണ് അയാളുടെ മനസ്സിലൂടെ അന്നേരം കടന്നുപോയത്.

അമ്മ അവനെ തിരിച്ചുകിട്ടിയെന്ന സന്തോഷവാർത്ത അറിഞ്ഞിട്ടും കരഞ്ഞുകൊണ്ടിരുന്നു. ഏതമ്മയ്ക്കും കാലക്രമത്തിൽ മനസ്സിലാക്കേണ്ടിവരുന്ന ഒരു സത്യം, തന്നിൽ വേരൂന്നി തന്നിൽ വളർന്നാലും പുറത്തെത്തിയാൽ ഓരോ കുഞ്ഞും അവൻ മാത്രമാണെന്ന ആ ക്രൂരസത്യം ഇത്രനേരത്തെ അറിയാനിടവന്ന ദുരന്തമോർത്തായിരുന്നു ആ കണ്ണുനീർ. കുട്ടി സ്വന്തം നിഗൂഢതയുമായി വീട്ടിൽ തിരിച്ചു വന്നു. അവർ കൊടുത്ത ഭക്ഷണം കഴിച്ചു. ശാന്തനായി കിടന്നുറങ്ങി. പാതിയുറക്കത്തിൽ മരച്ചില്ലകൾ തലയ്ക്കുമുകളിൽ തമ്മിലുരുമ്മുന്നതും ഏതോ കിളി പാടുന്നതും കേട്ടു. സന്തോഷത്തോടെ ഉറക്കത്തിലേക്കാണ്ടിറങ്ങി.

X Std Malayalam Reader.indb 121 5/22/2019 9:49:14 AM

കുട്ടി ഉണർന്നെണീറ്റപ്പോൾ ഉച്ചമയങ്ങിയിരുന്നു. അവൻ ടെറസ്സിൽ ചെന്നു നിന്ന് അടുത്ത വീട്ടിലെ മുറ്റത്തേക്കു നോക്കി. രണ്ടര വയസ്സുള്ള ഒരു കൊച്ചു കുട്ടി അവിടെ കാറ്റിനെപ്പിടിക്കാൻ ശ്രമിച്ചും ആരോ ഓമനിച്ചു വളർത്തുന്ന ചെടിയിലെ പൂക്കൾ വെറുതെ നുള്ളി നിലത്തിട്ടും തന്നോടുതന്നെ ആംഗ്യം കാട്ടി എന്തൊക്കെയോ പറഞ്ഞും പതിവുപോലെ ഓടിനടക്കുന്നുണ്ടായിരുന്നു. എന്നും വൈകുന്നേരം ഈ കാഴ്ച കാണാൻ കുട്ടി താത്പര്യത്തോടെ പോയി നിൽക്കും. ടെറസ്സിന്റെ ഒരു കോണിൽ നിന്ന് അന്ന് പഠിച്ച ഡാൻസ് സ്റ്റെപ്പുകൾ പരിശീലിക്കുന്ന അവന്റെ ചേച്ചി അദ്ഭുതത്തോടെ ചോദിക്കും "എന്നും ഇതിനെ കണ്ടാൽ നിനക്ക് ബോറടിക്കില്ലേ?" ഒരിക്കൽ മാത്രം കണ്ണിൽ എന്തോ ആലോചനയോടെ കുട്ടി തിരിച്ചു ചോദിച്ചു. "ഞാനെന്നാ ആ ഉണ്ണ്യേപ്പോലെയാവാ?" ചേച്ചി കിലുകിലെ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു "നീ ആ കാലൊക്കെ കഴിഞ്ഞിട്ടല്ലേ ഇങ്ങനൃായത്? മനുഷ്യൻ പിന്നോട്ട് വളരോ?" പിന്നെ കിലുകിലെ ചിരിച്ചുകൊണ്ടുതന്നെ ചേച്ചി എല്ലാവരോടും ആ കഥ പറഞ്ഞുനടന്നു.

അമ്മ നിന്നെ വഴക്കു പറഞ്ഞിരുന്നോ എന്ന് അച്ഛനും, അച്ഛൻ വല്ലതും പറഞ്ഞ് വേദനിപ്പിച്ചിരുന്നുവോ എന്ന് അമ്മയും രഹസ്യമായി വന്ന് അവനോട് ചോദിച്ചിട്ടു പോയി. ഇല്ല എന്നവൻ രണ്ടുപേരോടും പറഞ്ഞു. ചേച്ചി ഒരാഴ്ചമുൻപേ സ്കൂളിൽ നിന്നൊരു വിനോദയാത്രയ്ക്കു പോയിരുന്നു. അതിനാൽ അവൾ വല്ലതും ചെയ്തതോ എന്ന് ആരും ചോദിച്ചില്ല.

അമ്മ അവസാനമായി വഴക്കു പറഞ്ഞത് രണ്ട് മാസം മുൻപാണ്. അന്നവൻ തന്റെ ചായപ്പെട്ടി ക്ലാസ്സിലെ രമ്യ എന്ന കുട്ടി വീട്ടിൽ കൊണ്ടു പോവാൻ ചോദിച്ചപ്പോൾ കൊടുത്തു. മടിക്കാതെ. രമ്യയുടെ അനിയന്റെ പിറന്നാളിന് അവൾ ഒരു ചിത്രം വരച്ച് സമ്മാനിക്കാനാഗ്രഹിച്ചു. അതിനാണ് ചായപ്പെട്ടി. അവളുടെ പെട്ടിയിലെ പല ചായങ്ങളും തീർന്നിരിക്കുന്നു. കേട്ടപ്പോൾ അമ്മയ്ക്ക് സംശയമായി. "ആ കുട്ടി അതിനി തിരിച്ചു തരില്ലാ നോക്കിക്കോ. നീയൊരു വിഡ്ഢ്യാണ്ന്ന് എല്ലാവർക്കും അറിയാം. നിന്നെ പറ്റിച്ചതാണ് ആ സൂത്രക്കാരി പെണ്ണ്."

പിറ്റേന്ന് രാവിലെ തന്നെ രമ്യ ചായപ്പെട്ടിയുമായി വന്നു. അവൾ വരച്ച പച്ചപ്പുല്ലിൽ ഇരിക്കുന്ന മിക്കിമൗസിന്റെ ചിത്രം അവനെ കാണിക്കാൻ കൊണ്ടുവന്നിരുന്നു. മിക്കിമൗസിന്റെ നീട്ടിപ്പിടിച്ച കൈയിൽ ഒരു ചോക്ലേറ്റ് ഉണ്ടായിരുന്നു. കഴുത്തിൽ ഹാപ്പി ബർത്ത്ഡേ എന്നെഴുതിയ ഒരു കാർഡും. ഈ കാര്യങ്ങളൊന്നും പക്ഷേ, അവൻ അമ്മയോടു പറഞ്ഞില്ല. ചായപ്പെട്ടി അവർ കാണത്തക്കവിധം വെക്കുക മാത്രം ചെയ്തു.

സ്കൂളിൽ അവന് ഏറ്റവും ഇഷ്ടം മിസ് മേഴ്സിയെയായിരുന്നു. അത് കഴിഞ്ഞാൽ സിസ്റ്റർ റോസ്മേരിയെ. രണ്ടുപേരും രസമുള്ള കഥകൾ പറയും. മിസ് മേഴ്സിയെ കണ്ടപ്പോഴേ അവന് ഇഷ്ടപ്പെട്ടിരുന്നു. അവർക്ക് അമ്മയുടെ ഛായയുണ്ട്. അമ്മയും മെലിഞ്ഞു നീണ്ടിട്ടാണ്. ചുരുണ്ട മുടിയുമുണ്ട്. മിസ്സിനും സിസ്റ്റർക്കും അവനേയും വലിയ കാര്യമാണ്.

ഒരിക്കൽ അവൻ മിസ് മേഴ്സിയോട് പറഞ്ഞു. സിസ്റ്റർ റോസ്മേരിയെ എനിക്കിഷ്ടമാണ്. അവർ നന്നായി പാടും. നല്ല കഥകളും പറയും. ഒരിക്കൽ അവർ പാടി എന്റെ കുട്ടികളേ, നിങ്ങളോടൊപ്പം കഴിയുക എന്നാൽ ഒരു വസന്തകാലമത്രയും മൊത്തിക്കുടിക്കുക എന്നാണർത്ഥം. എത്ര നിറങ്ങൾ, എത്ര നാദങ്ങൾ, എത്രയെത്ര പൂമണങ്ങൾ! എന്റെ ദൈവമേ, നീ എത്ര കാരുണ്യവാനാകുന്നു! അവനാ പാട്ട് നന്നേ

X Std Malayalam Reader.indb 122 5/22/2019 9:49:14 AM



പിടിച്ചു. സിസ്റ്റർ പലതരം പൂക്കൾ വിടർന്നു തലയാട്ടുന്ന ഒരു തോട്ടത്തിലൂടെ നടന്ന് ആ പാട്ട് പാടുന്നത് അവൻ പലപ്പോഴും സ്വപ്നം കണ്ടു.

എല്ലാം പറഞ്ഞുതീർന്നപ്പോൾ പക്ഷേ, അവൻ ഒട്ടും പ്രതീക്ഷിക്കാത്ത ഒന്നു സംഭവിച്ചു. മിസ് മേഴ്സസിയുടെ മുഖം വല്ലാതെ ഇരുണ്ടു. അതിൽപ്പിന്നെ മിസ്സ് അവനോടു മിണ്ടാതായി. ചോക്കു കൊണ്ടുവരാൻ അവനെ ഓഫീസിലേക്കയയ്ക്കാതായി. ഇപ്പോൾ അതെല്ലാം ഗൗതം ആണ് ചെയ്യുന്നത്. കുട്ടിക്ക് ഒന്നും മനസ്സിലാവാറില്ല. ഇടയ്ക്ക് ക്ലാസ്സിൽ തന്റെ നേർക്ക് വരുമ്പോൾ എന്തിനോ ചിരിമങ്ങുന്ന മിസ്സിന്റെ മുഖം കാൺകെ അവന്റെ കണ്ണുകൾ നിറയും. അതു മറയ്ക്കാൻ അവൻ പുസ്ത കത്തിലേക്കു കുനിഞ്ഞിരിക്കും.

പുറത്ത് നല്ല മഴ പെയ്യുന്ന ഒരു രാത്രി കുട്ടി വീട്ടുകണക്ക് ചെയ്യുകയായിരുന്നു. പെട്ടെന്ന് ലൈറ്റണഞ്ഞു. വെറുതേ ജനലരികിൽ പോയി നിന്നപ്പോൾ കണ്ട കാഴ്ച അവനെ അദ്ഭുതപ്പെടുത്തി. കറുപ്പിലും ചാര നിറത്തിലും എഴുതിയ രൗദ്രമായ ഒരു ചിത്രം പോലെ പ്രകൃതി പുറത്ത് കാറ്റിലാഞ്ഞുലയുകയായിരുന്നു. മഴ ആകാശത്തു നിന്ന് അമ്പിളിയേയും നക്ഷത്രങ്ങളേയുമെല്ലാം കഴുകിക്കളഞ്ഞിരുന്നു.

പൊടുന്നനെ മുറിയിൽ വെളിച്ചം പരന്നു. അമ്മ സന്തോഷത്തോടെ വാരിക വായിക്കാൻ തുടങ്ങി. അച്ഛൻ കാസറ്റ് പ്ലെയർ ഓൺ ചെയ്തു. ചേച്ചി എഴുത്തു തുടർന്നു. കുട്ടിക്ക് സങ്കടം വന്നു. ഉള്ളിലെ വൈദ്യുതവെളിച്ചം പുറത്തെ ഒരദ്ഭുതലോകമത്രയും അണച്ചുകളഞ്ഞിരുന്നു. അവൻ ഓടിച്ചെന്ന് ലൈറ്റണച്ചു. എന്നിട്ട് ജനലോരത്ത് തപ്പിത്തടഞ്ഞ് വീണ്ടും വന്നുനിന്നു. പിന്നെ കൊടുങ്കാറ്റ് മുറിക്കുള്ളിലായിരുന്നു. ലൈറ്റ് വീണ്ടും തെളിഞ്ഞു. അച്ഛൻ ഗർജ്ജിച്ചു. അമ്മ നുള്ളി. ചേച്ചി കണ്ണുരുട്ടി. എന്നിട്ട് പൊടുന്നനെ ഒരു ക്രൂരതയിൽ ഒന്നായി, അന്യോന്യം കണ്ണിറുക്കി ഈ കുട്ടിക്ക് എന്ത് ഭ്രാന്തോ എന്തോ എന്ന് കൈമലർത്തി അവർ മൂവരും ആർത്തു ചിരിച്ചു.

രാത്രി, തിരിച്ചുകൊണ്ടുവരപ്പെട്ട കുട്ടി ഉറക്കം പിടിച്ചു. ക്രമേണ അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി പരന്നു. ഉറക്കത്തിലൂടെ ഒരു നീണ്ട പാത തെളിയുകയായിരുന്നു. അച്ഛന്റെ കൂടെ തിരിച്ചുവരുമ്പോൾ അതിലേക്ക് തിരിഞ്ഞുനോക്കി അവൻ സ്വകാര്യം പറഞ്ഞു ഞാനിനിയും വരും. എനിക്ക് തോന്നുമ്പോഴൊക്കെ. പാത നിലാവിൽ തെളിഞ്ഞ് ശരി എന്ന് പുഞ്ചിരിച്ചു. പാതവക്കിലെ ചെടികളും പൂക്കളും മരങ്ങളും ഒപ്പം തലയാട്ടി. കുട്ടി തന്റെ വാക്കില്ലാത്ത രഹസ്യങ്ങൾ മാറോടടുക്കി ഉറങ്ങി.

X Std Malayalam Reader.indb 123 5/22/2019 9:49:15 AM

ഭാഗം 9

സർഗ്ഗാത്മകത



പഠനലക്ഷ്യങ്ങൾ

- പ്രപഞ്ച ജീവിതപ്രതിഭാസങ്ങളെ തിരിച്ചറിയൽ
- ചലച്ചിത്രാസ്വാദനത്തിന്റെ മാനങ്ങളെ തിരിച്ചറിയൽ
- ബന്ധങ്ങളുടെ ഇഴയടുപ്പം മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	പാഠശാല	- വി.എം. ഗിരിജ
ഗദ്യം	:	പലതരം പ്രേക്ഷകർ	- വിജയകൃഷ്ണൻ
ഉപപാഠം	:	രൂപാന്തരം	- ധന്യാരാജ്

X Std Malayalam Reader.indb 124 5/22/2019 9:49:15 AM

കവിത

പാഠശാല

-വി .എം ഗിരിജ



വി. എം ഗിരിജ: 1961ൽ പാലക്കാട് ജില്ലയിലെ പരുത്തിപ്രയിൽ ജനിച്ചു. പ്രകൃതിബിംബങ്ങളെ മനുഷ്യന്റെ നൈസർഗികസ്വഭാവവുമായി ചേർത്തിണക്കി, പ്രത്യേകിച്ച്, സ്ത്രൈണതയുടെ മൂർത്തഭാവങ്ങളാക്കി മാറ്റി രചന നടത്തുന്ന ശ്രദ്ധേയയായ കവയിത്രിയാണ് വി. എം ഗിരിജ. പ്രണയംഒരാൽബം, ജീവജാലം, ഇരുപക്ഷംപെടുമിന്ദുവല്ലഞാൻ, പെണ്ണുങ്ങൾകാണാത്തപാതിരാനേരങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

പ്രകൃതിയെ മനുഷ്യനിൽനിന്ന് വേറിട്ടു നിൽക്കുന്ന ഒരു വസ്തുവായിട്ടല്ല കവി കാണുന്നത്. വഴിത്താരകളിലെ പ്രകൃതി വിശേഷങ്ങൾ സൂര്യൻ തീർത്ത പന്തലിനുതാഴെയിരുന്ന് പഠനത്തിലേർപ്പെടുന്നു. ആനന്ദം, പ്രേമം, അലിവ് തുടങ്ങിയ മാനുഷിക വികാരങ്ങൾ വഹിച്ചുകൊണ്ട് അണുക്കൾ തൊട്ട് നക്ഷത്രങ്ങൾ വരെ ആനന്ദിക്കുന്നു. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കവിത.

നിരന്നിരിക്കുന്നൂ നെൽവയലുകൾ

വള്ളികൾ കുറ്റിക്കാടും

മരങ്ങൾ പൂത്തവ, പൂക്കാത്തവ

ചെറുകാടുകൾ പുൽമേടുകളും

പച്ചക്കുടയൻ പനകൾ

തത്തയുറങ്ങും പൊത്തുകളോടെ

പ്ലാവുകൾ, പ്ലാശുകൾ, പാലമരങ്ങൾ

X Std Malayalam Reader.indb 125 5/22/2019 9:49:15 AM



പേരകൾ പാടും മുളകൾ
മാവുകൾ ഇത്തിക്കണ്ണികൾ ചൂടും
കൂടാരങ്ങൾ പോലെ
പായലുകൾ കുറുവെള്ള തണ്ടുകൾ
പാമ്പിഴയും തണുകാവും
ഇരിക്കയാണിവയെല്ലാം സൂര്യൻ
പടുത്ത പന്തലിനുള്ളിൽ.
ഇടയ്ക്ക് മിണ്ടാൻ നിൽക്കാതെന്തോ
പഠിക്കുവാൻ ചെവിയോർത്ത്
ഇരുട്ടിൽ, അമ്പിളി ഒഴുകുമ്പോഴും

X Std Malayalam Reader.indb 126 5/22/2019 9:49:16 AM

ഇരിക്കയാണവയെല്ലാം.

പലപല പച്ചനിറക്കാർ

ചില്ലകൾ, പല പേരുള്ള സുഗന്ധം

പല മഞ്ഞനിറം പാടലവർണ്ണം

മഴവിൽ മേഞ്ഞൊരു മാനം

പവിഴം ചിതറിയ പോലാം പൂവുകൾ

കടലാഴം കാണിപ്പൂ .....

അറിയാത്തോരു കയങ്ങളിൽ മുങ്ങീ –

ട്ടഴകിൻതുള്ളിച്ചാട്ടം

പഠിപ്പതെന്തീ പള്ളിക്കൂട –

പ്പഴമയിൽ ഇവയോരോന്നും?

കുനുന്തു പുല്ലിൻ പുഞ്ചിരി തൊട്ടീ –

ക്കാടിൻ പച്ചപ്പോളം ?

ചെറുമുക്കുറ്റിപ്പൂവിലുമൂറും

മധുവാണല്ലോ ജീവൻ .....

അതിന്റെ നൃത്തം, ഗീതം, ശ്വാസം

അതിന്റെ കുറവ് പെരുക്കം

അതിന്റെയത്ഭുത വിന്യാസങ്ങൾ

വരിഞ്ഞുപുൽകൽ, വെടിയൽ

അതിന്നു പേരാവാമാനന്ദം

അതിന്റെയുള്ളിൽ പ്രേമം

നിരന്നിരിക്കുകായാണലിവാലേ

ആരെല്ലാമിവിടെ?

അണുജീവിമുതൽനൃത്തം

വെക്കും നക്ഷത്രങ്ങൾവരേക്കും.

X Std Malayalam Reader.indb 127 5/22/2019 9:49:16 AM

അഭ്യാസം

I. പദ പരിചയം

പുൽമേട്, ഇത്തിക്കണ്ണികൾ, കൂടാരങ്ങൾ, ചില്ലകൾ, പാടലം, കയം, വിന്യാസം

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പ്രകൃതിക്ക് പന്തൽ പടുത്തുയർത്തിയതാര്?

   അ. സൂര്യൻ

   ആ. ചന്ദ്രൻ

   ഇ. നക്ഷത്രങ്ങൾ

   ഈ. കാറ്റ്

2. മുക്കുറ്റിപ്പൂവിലൂറുന്ന മധുവിനെ കവി എന്തായിട്ടാണ് വിശേഷിപ്പിക്കുന്നത്?

   അ. തേൻ

   ആ. ജീവൻ

   ഇ. സുഗന്ധം

   ഈ. അഴക്

III. ഉത്തരമെഴുതുക.

1. സൂര്യൻ പടുത്ത പന്തലിനുള്ളിൽ ഇരിക്കുന്നതെന്തൊക്കെയാണ്?
2. 'അതിന്നു പേരാവാമാനന്ദം' - എന്തിനെക്കുറിച്ചാണ് കവി ഇപ്രകാരം പറയുന്നത്?
3. അലിവോടെ നിരന്നിരിക്കുന്നു എന്ന് കവി വിശേഷിപ്പിക്കുന്നതെന്ത്? ആരൊക്കെയാണത്?
4. പാഠശാല എന്ന കവിതയ്ക്ക് ആസ്വാദനമെഴുതുക.

X Std Malayalam Reader.indb 128 5/22/2019 9:49:16 AM

ഗദ്യം

പലതരം പ്രേക്ഷകർ

-വിജയകൃഷ്ണൻ



വിജയകൃഷ്ണൻ 1952-ൽ തിരുവനന്തപുരത്ത് ജനിച്ചു. ചെറുകഥകൾ രചിച്ചുകൊണ്ടാണ് സാഹിത്യരംഗത്തേക്കു കടന്നുവന്നത്. പിന്നീട് ചലച്ചിത്രനിരൂപണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. 1982 -ൽ മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. ചലച്ചിത്ര സമീക്ഷ, കാലത്തിൽ കൊത്തിയശില്പങ്ങൾ, നേരിനുനേരെപിടിച്ച കണ്ണാടി, ചലച്ചിത്രത്തിന്റെ പൊരുൾ, തിരക്കഥയും സിനിമയും എന്നിവയാണ് പ്രധാന കൃതികൾ.

ചലച്ചിത്രം കലാരൂപമായും മാധ്യമമായും പ്രവർത്തിച്ചുകൊണ്ട് വ്യത്യസ്ത അഭിരുചിയുള്ള പ്രേക്ഷകരെ ആകർഷിക്കുന്നതെങ്ങനെയെന്ന് വിവരിക്കുന്ന പലതരംപ്രേക്ഷകർ 'ചലച്ചിത്രത്തിന്റെ പൊരുൾ' എന്ന കൃതിയിലുള്ളതാണ്.

കലാരചനയ്ക്കുള്ള തന്റെ ഉപകരണങ്ങൾ നിരന്തരം തേച്ചുമിനുക്കി തെളിവും മൂർച്ചയും നൽകുക ഓരോ കലാകാരന്റെയും ബാധ്യതയാണ്. ഈ ഉപകരണങ്ങൾ കൂടുതൽ കൂടുതൽ ഉപയോഗിക്കപ്പെടുന്തോറും കലാകാരന്റെ കർമം കൂടുതൽ കൂടുതൽ ശ്രമകരമായിത്തീരുന്നു. വാക്കുകൾ കലാരചനയുടെ ഉപകരണമാക്കിയ സാഹിത്യകാരനാണ് ഇക്കാര്യത്തിൽ ഏറ്റവുമധികം വിഷമത നേരിടുന്നത്. എന്തെന്നാൽ ഈ ഉപകരണം ജീവിതത്തിന്റെ എല്ലാ തുറകളിലും പെടുന്നവർ എടുത്തുപയോഗിക്കുന്ന ഒന്നത്രേ. മനുഷ്യന്റെ ആശയവിനിമയത്തിനുള്ള ഏറ്റവും ലളിതമായ ഉപകരണമാണല്ലോ ഭാഷ. നിരന്തരം ഉപയോഗിക്കപ്പെടുന്നതിനാൽ വാക്കുകൾക്ക് എളുപ്പത്തിൽ മൂല്യശോഷണം സംഭവിക്കാം; അർഥവ്യതിരേകമുണ്ടാവാം; വാക്കിനെ ച്ചൂഴുന്ന പരിവേഷങ്ങളും നഷ്ടപ്പെട്ടേക്കാം. തന്റെ കലാചോദനയുടെ സാക്ഷാത്കാരത്തിനായി വാക്കിന് ആശ്രയിക്കുന്ന സാഹിത്യകാരൻ അതിന് മൂല്യവും അർഥസൂക്ഷ്മതയും സൗന്ദര്യത്തിന്റെ പരിവേഷവും നൽകാൻ കിണഞ്ഞു ശ്രമിക്കുന്നു. ഈ പ്രക്രിയയിൽ വിജയിക്കുന്ന സാഹിത്യകാരനു മാത്രമേ അനുഭൂതികളുടെ പ്രപഞ്ചം അനുവാചകനു മുൻപിൽ തുറന്നിടാൻ കഴിയൂ. നിത്യപ്രയോഗംകൊണ്ട് തേഞ്ഞുപോയ പദങ്ങൾ കൂടിയും ഈ സാഹിത്യകാരന്റെ തൂലികയിൽ നിന്നുതിരുമ്പോൾ പുതിയ അർഥവും ശക്തിയും സൗന്ദര്യവും പ്രസരിപ്പിക്കുന്നു.

സാഹിത്യകാരൻ അനുഭവിക്കേണ്ടിവരുന്ന അധ്വാനത്തിന്റെയും വ്യഥയുടെയും വലിയൊരംശം അനുഭവിക്കാൻ ആധുനികകാലഘട്ടത്തിൽ മറ്റൊരു

X Std Malayalam Reader.indb 129 5/22/2019 9:49:16 AM



വിഭാഗം കലാകാരന്മാർ കൂടി വിധിക്കപ്പെട്ടിരിക്കുന്നു. തങ്ങൾ പ്രബോധനപരമായ ആവശ്യങ്ങൾക്കുപയുക്തമായ ഒരു മാധ്യമമെന്ന നിലയിൽ കൂടി പ്രയോഗിക്കപ്പെടുന്ന ചലച്ചിത്രാം കൈയാളുന്ന കലാകാരന്മാരാണിവർ. സാങ്കേതികവിദ്യയുടെ വികാസത്തിന്നനുസൃതമായി മാധ്യമമെന്നനിലയ്ക്കുള്ള അതിന്റെ പ്രസക്തി ഏറിവരികയാണ്. ചലച്ചിത്രമാധ്യമം എടുത്തു പ്രയോഗിക്കുന്നവർക്കിടയിലും അതിന്റെ അനുവാചകർക്കിടയിലും തരംതിരിവുകളും ഏറിവരുന്നുണ്ട്. സാഹിത്യത്തിന്നാധാരമായ ഭാഷ വിവിധതരം പ്രബോധനപരമായ ആവശ്യങ്ങൾക്കുപ യോഗിക്കുമ്പോൾ അതിന്റെ അനുവാചകർ വേറേ വേറേയായിരിക്കുമല്ലോ. സ്പോ ർട്സിനെക്കുറിച്ചും രസതന്ത്രത്തെക്കുറിച്ചും വൈദ്യശാസ്ത്രത്തെക്കുറിച്ചും എഴുതപ്പെടുന്ന ലേഖനങ്ങളുടെ ഭാഷ ഒന്നാണെങ്കിലും അവയുടെ വായനക്കാർ വെവ്വേറെയായിരിക്കും. ഭാഷയുടെ ഇതേ പ്രയോജനങ്ങൾ ഇപ്പോൾ ചലച്ചിത്രത്തിലൂടെയും സാധ്യമാവുന്നുണ്ട്. അതിനാൽ, ചലച്ചിത്രത്തെ ചലച്ചിത്രത്തിനു വേണ്ടിയല്ലാതെ സമീപിക്കുന്ന പ്രേക്ഷകരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു. അതായത്, ഒരു ക്രിക്കറ്റ് ടെസ്റ്റിനെക്കുറിച്ചുള്ള ചലച്ചിത്രം കാണാൻ പോകുന്ന പ്രേക്ഷകന്റെ ലക്ഷ്യം ചലച്ചിത്രമല്ല; ക്രിക്കറ്റാണ്. വൈദ്യശാസ്ത്രപരമായ ഒരു ചലച്ചിത്രം ചലച്ചിത്രപരമായ താൽപ്പര്യങ്ങളൊന്നുമില്ലാത്ത ഒരു വൈദ്യശാസ്ത്രവിദ്യാർഥിയെ ആകർഷിക്കുന്നു. ഈ ഉദാഹരണങ്ങളിലൊക്കെ ചലച്ചിത്രം കലാരൂപം എന്ന നിലയ്ക്കല്ല പ്രവർത്തിക്കുന്നത്; മാധ്യമം എന്ന നില യ്ക്കാണ്.

സാഹിത്യഭാഷയ്ക്കില്ലാത്ത മറ്റൊരു പ്രയോജനപരമായ നിയോഗം കൂടി ചലച്ചിത്രമാധ്യമത്തിനുണ്ട്. ഇതരകലാരൂപങ്ങളുടെ യാന്ത്രികപകർപ്പുകളെടുക്കാൻ അതിനു കഴിയുന്നു എന്നതാണിത്. പെയിന്റിംഗോ നൃത്തമോ ഗാനാലാപമോ നാടകാവതരണമോ ഒക്കെ സിനിമയിലൂടെ പകർത്തിക്കാട്ടാൻ കഴിയും. ഈ

X Std Malayalam Reader.indb 130 5/22/2019 9:49:17 AM



പകർപ്പിന് നിയോഗിക്കപ്പെടുന്ന സംവിധായകന്റെ പ്രാഥമികമായ ഉത്തരവാദിത്വം പകർത്തപ്പെടേണ്ട കലാസൃഷ്ടിയോടായിരിക്കും, ചലച്ചിത്രകലയോടുള്ള അയാളുടെ ബാധ്യത അതിനു പിന്നിലേ വരികയുള്ളു. ഇവയുടെ ആസ്വാദകന്റെയും പ്രാഥമികമായ താൽപ്പര്യം പകർത്തപ്പെട്ട കലാസൃഷ്ടിയോടായിരിക്കും; ചലച്ചിത്രകലയോടായിരിക്കുകയില്ല. ബെർലിനർ എൻസെംബിളിന്റെ 'മദർകറേജ്' അവതരണം ചലച്ചിത്രത്തിലേക്കു പകർത്തിയെടുക്കപ്പെടുമ്പോൾ ചലച്ചിത്രകലയുടെ മൗലികതയെ ഒരാസ്വാദകനും അതിൽ തേടുന്നില്ല. നാടക സ്വഭാവം മുഴുവൻ അതിനു പിടിച്ചെടുക്കാൻ കഴിഞ്ഞുവോ എന്ന നാടകവിദ്യാർഥികളുടെ താൽപര്യത്തിനാണവിടെ പ്രസക്തി. റെംബ്രിന്റിന്റെ പെയിന്റിംഗുകൾ ഉൾക്കൊള്ളിച്ചുള്ള ഒരു ചലച്ചിത്രത്തിന്റെ പ്രേക്ഷർ ചിത്രകലാസ്വാദകരായിരിക്കും. ചലച്ചിത്രത്തിന്റെ പ്രേക്ഷകർ ചലച്ചിത്രാസ്വാദകർ മാത്രമല്ലെന്നും ഇതരകലകളുടെ അനുവാചകരും അതിലുൾപ്പെടുമെന്നും സ്ഥാപിക്കാൻ ശ്രമിക്കുകയാണ് ഞാൻ.

ഒരു കലാരൂപം പൊതുവിൽ മൂന്നു തരം ധർമങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്ന് മുൻപു പറഞ്ഞുവല്ലോ കലാജന്യമായ അനുഭൂതി, കേവല വിനോദം, പ്രബോധനാംശം, ചലച്ചിത്രകലയ്ക്കാധാരമായ ഭാഷ ഒരു മാധ്യമത്തിന്റെ ധർമങ്ങൾ കൂടി അനുഷ്ഠിക്കുന്നതുകൊണ്ട് ഈ കലയിൽ പ്രബോധനപരമായ ഉപയോഗക്രമം ഏറിയതോതിലുണ്ട്. മറുവശത്ത്, കേവലവിനോദാംശത്തിനും ചലച്ചിത്രകലയിൽ കവിഞ്ഞ പ്രാമുഖ്യം കൈവന്നിരിക്കുന്നു. വസ്തുതയെ അതായി പകർത്താനുള്ള

X Std Malayalam Reader.indb 131 5/22/2019 9:49:18 AM

സാമർഥ്യം, എഡിറ്റിങ്ങും ക്യാമറയുടെ ചലനങ്ങളും ക്രിയകൾക്ക് വേഗം വർധിപ്പിക്കാനുള്ള കഴിവ്, വിഭിന്നകലാരൂപങ്ങളുടെ ധർമങ്ങൾ വഴി സമന്വയിപ്പിക്കാനുള്ള ശേഷി തുടങ്ങിയവയാണ് ചലച്ചിത്രകലയിൽ വിനോദാംശത്തിനു പ്രാമുഖ്യം ലഭിക്കാനുള്ള കാരണങ്ങൾ. ഒരു കവർച്ചയും അതിനെത്തുടർന്നുള്ള ചെയ്സും സംഘട്ടനവും സിനിമയിൽ അവതരിപ്പിക്കപ്പെടുമ്പോൾ ഇതരകലാരൂപങ്ങളിൽ നിന്നു ഭിന്നമായ അനുഭവം പ്രേക്ഷകനു ലഭിക്കുന്നു. ഒന്നാമതായി, ഈ സംഭവങ്ങൾ നടക്കുന്നതിന് യഥാർഥത്തിൽ ആവശ്യമായ സ്ഥലങ്ങൾ അതേപേലെ ദർശിപ്പിക്കാനും അതു വഴി സംഭവത്തിന് ഒരു യാഥാർഥ്യച്ഛായ പകരാനും സിനിമയ്ക്ക് കഴിയുന്നു. ഈ യാഥാർഥ്യച്ഛായ സംഭവത്തെ ഉത്കണ്ഠയോടെ അനുധാവനം ചെയ്യാൻ പ്രേക്ഷകന് പ്രേരണ നൽകുന്നു. രണ്ടാമതായി, ഇതേ യാഥാർഥ്യപ്രതീതി സമയത്തിന്റെ കാര്യത്തിലും സിനിമയ്ക്ക് പാലിക്കാൻ കഴിയുന്നു. അതുവഴി കവർച്ചയുടെയും ചെയ്സിന്റെയും നിമിഷങ്ങളിൽ പ്രേക്ഷകനെ ത്രസിപ്പിക്കാൻ സിനിമയ്ക്ക് കഴിയുന്നു. സംഘട്ടനരംഗത്താവട്ടെ, ഒരു ബോക്സിംഗിൽ നിന്നു ലഭിക്കാവുന്ന ഹരമാണ് സിനിമ പ്രേക്ഷകനെ അനുഭവിപ്പിക്കുന്നത്. കാലബോധമുള്ള ഒരു ചലച്ചിത്രകാരന് ഇപ്പറഞ്ഞ സംഭവങ്ങൾക്കു മുഴുവൻ സിനിമയുടെ സ്വഭാവം പകർന്നേകാൻ കഴിയും. അങ്ങനെ, യഥാർഥത്തിൽ ചലച്ചിത്രകലയ്ക്ക് നല്കാൻ കഴിയുന്ന അനുഭൂതിവിശേഷത്തിലേക്ക് അയാൾ ഏകനായി നയിക്കുന്നു. എന്നാൽ അത്തരത്തിലുള്ള മറ്റ് ചലച്ചിത്രബോധമോ കലാബോധമോ സിദ്ധിച്ചിട്ടില്ലാത്ത സംവിധായകനും സംഭവചിത്രീകരണത്തിലൂടെ ഒരു വിഭാഗം പ്രേക്ഷകരെ രസിപ്പിക്കാൻ സാധിക്കുന്നു എന്നിടത്താണ് സിനിമയുടെ കേവല വിനോദാംശത്തിനു പ്രാമുഖ്യം നേടുന്നത്. ഈ രണ്ടാമത്തെ സംവിധായകന്റെ പ്രേക്ഷകർ ആസ്വദിക്കുന്നത് നിശ്ചയമായും കലാജന്യമായ അനുഭൂതിയല്ല. കവർച്ചയുടെ ഉത്കണ്ഠയും ചെയ്സിന്റെ ത്രസനവും ബോക്സിംഗിന്റെ ഹരവുമാണ്. ഇവയൊക്കെ സിനിമയിലൂടെ സമന്വയിച്ചു കിട്ടി എന്നുമാത്രം. ലൈംഗികത, നൃത്തം, പാട്ട് തുടങ്ങി പ്രേക്ഷകനെ ചലച്ചിത്രലേക്കാകർഷിക്കുന്ന ചലച്ചിതബാഹ്യവും കലാബാഹ്യവുമായ ഘടകങ്ങൾ എത്ര വേണമെങ്കിലുമുണ്ട്.

ചലച്ചിത്രത്തിന് മൂന്നു തരം ധർമങ്ങളുണ്ട് എന്നു പറയുന്നതോടൊപ്പം അതിന് മൂന്നു തരം പ്രേക്ഷകരുമുണ്ട് എന്നു കൂട്ടി ചേർത്തുപറയേണ്ടിയിരിക്കുന്നു. പ്രബോധനാംശത്തിനു വേണ്ടിയും വിനോദാംശത്തിനു വേണ്ടിയും സിനിമയെ സമീപിക്കുന്ന പ്രേക്ഷകനല്ല സിനിമ എന്ന കലാരൂപത്തിന്റെ യഥാർഥ അനുവാചകൻ. ഈ യഥാർഥ അനുവാചകനേക്കാൾ അംഗസംഖ്യ മുൻചൊന്ന രണ്ടു കൂട്ടർക്കും വിനോദാംശം തേടുന്നവർക്കു പ്രത്യേകിച്ചും ഉണ്ടാവും. ലോകത്തെവിടെയും സ്ഥിതി ഇതു തന്നെ, നമ്മുടെ നാട്ടിലാവട്ടെ, പ്രത്യേകമായ സാമൂഹ്യ പരിത:സ്ഥിതികൾ കാരണം സിനിമയെ നേരമ്പോക്കായി കാണുന്ന പ്രേക്ഷകരുടെ അംഗസംഖ്യ വളരെ കൂടുതലാണ്. പുറംനാടുകളിൽ സിനിമ കൂടാത പല വിനോദങ്ങളും ആസ്വദിക്കാനുള്ള അവസരം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇന്ത്യയിൽ ഒരു സാധാരണക്കാരനെ സംബന്ധിച്ചേടത്തോളം ഇതരവിനോദങ്ങളിൽ പങ്കെടുക്കുക ദുർവഹമായ സാമ്പത്തികബാധ്യതയുണ്ടാക്കുന്നു. അവന് കുറഞ്ഞ ചെലവിൽ സമീപിക്കാവുന്ന ഒരേയൊരു കലാമാധ്യമം സിനിമയാണ്. അതിൽത്തന്നെ തനിക്കു നിഷേധിക്കപ്പെട്ടിരിക്കുന്ന മറ്റെല്ലാ വിനോദാംശങ്ങളും ഒരുമിച്ചു കാണാമെന്നുവരുമ്പോൾ അവനുണ്ടാവുന്ന മാധുര്യം മനസ്സിലാക്കാവുന്നതേയുള്ളു.

X Std Malayalam Reader.indb 132 5/22/2019 9:49:18 AM



സാഹിത്യം തുടങ്ങിയ അഭിജാതകലകളുടെ ആരാധകരിലൊരു വിഭാഗം ഈ സാധാരണ പ്രേക്ഷകന്റെ അഭിരുചിയെ പിന്തുടർന്നാണ് സിനിമാതിയേറ്ററുകളിലേക്കു കടന്നത്. ഈ പ്രേക്ഷകൻ രസിച്ച ഘടകങ്ങളൊക്കെയാണ് സിനിമയുടെ രസനീയാംശങ്ങളെന്ന് ഇവർ തെറ്റിദ്ധരിച്ചു. അങ്ങനെയാണ് സിനിമ കലയുടെ രാജാങ്കണത്തിലേക്ക് പ്രവേശനമർഹിക്കാത്ത ഒരു നേരമ്പോക്ക് മാത്രമാണെന്ന ധാരണ ഇവർക്കിടയിൽ പ്രബലമായത്. എന്നാൽ, ചലച്ചിത്രചരിത്രത്തിന്റെ തുടക്കത്തിൽത്തന്നെ 'വിലകെട്ടതും വൃത്തിശൂന്യവുമായ നേരമ്പോക്കി'നെ സുന്ദരവും കലാപരവുമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു എന്നതാണു നേര്. ഒരു കവി വാക്കുപയോഗിക്കുന്ന സൂക്ഷ്മതയോടും ധ്വന്യാത്മകതയോടും കൂടി ഷോട്ടുപയോഗിക്കാൻ ശീലിച്ച ചില സംവിധായകരാണ് സിനിമയെ കലയുടെ മണ്ഡലത്തിലേക്കുയർത്തിയത്. രസാത്മകമായ ഷോട്ടുകളുടെ സംഘാതമാണ് ഇന്നിപ്പോൾ സിനിമ. ധ്വനിയും ഔചിത്യവും അനുമിതിയുമടക്കമുള്ള കാവ്യശാസ്ത്രപ്രശ്നങ്ങളെല്ലാം ഇന്ന് ചലച്ചിത്രത്തിന്റെയും പ്രശ്നങ്ങളാണ്. ബാഹ്യമായ കേവല വിനോദാംശങ്ങളിൽ മന:സ്തോഭം സൃഷ്ടിക്കലല്ല ചലച്ചിത്രാസ്വാദനം. ഷോട്ടുകളിലും അവയുടെ സന്നിവേശത്തിലും ചലച്ചിത്രകാരൻ വിനിവേശിപ്പിച്ചിട്ടുള്ള അർഥങ്ങളും ധ്വനിഭംഗികളും കണ്ടെടുക്കുകയും ചലച്ചിത്രസൃഷ്ടിയിലൂടെ കൈവരുന്ന സമഗ്രദർശനം അനുഭവിക്കുകയുമാണ് യഥാർഥ ചലച്ചിത്രാസ്വാദകൻ ചെയ്യുന്നത്. ഈ അനുഭവത്തിലേക്ക് ഒരിക്കലെങ്കിലും ചെന്നെത്താൻ കഴിയുന്ന പ്രേക്ഷകന് ചലച്ചിത്രം കലയാണന്ന് വിളിച്ചോതാൻ രണ്ടു വട്ടം ആലോചിക്കേണ്ടി വരില്ല.

X Std Malayalam Reader.indb 133 5/22/2019 9:49:18 AM

അഭ്യാസം

I. പദ പരിചയം

മൂല്യശോഷണം, അർഥവ്യതിരേകം, ശ്രമകരം, അനുവാചകൻ, വ്യഥ, ഉപയുക്തം, പ്രേക്ഷകൻ, പ്രാഥമികം, പ്രേബോധനം, വിഭിന്നം, അനുധാവനം, കലാജന്യം, മനഃസ്തോഭം, സമഗ്രദർശനം

II. വിപരീതപദമെഴുതുക

വികാസം, ഭിന്നം, ഔചിത്യം

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഏതു കൃതിയിൽ നിന്നെടുത്ത ലേഖനമാണ് പലതരം പ്രേക്ഷകർ ?

   അ. ചലച്ചിത്ര സമീക്ഷ ആ. ചലച്ചിത്രത്തിന്റെ പൊരുൾ

   ഇ. തിരക്കഥയും സിനിമയും ഈ. കാലത്തിൽ കൊത്തിയ ശില്പങ്ങൾ

2. സാഹിത്യകാരൻ കലാരചനക്ക് ഉപകരണമാക്കുന്നതെന്താണ്?

   അ. വാക്കുകൾ ആ. ചിത്രങ്ങൾ

   ഇ. സിനിമ ഈ. അഭിനയം

3. രസാത്മകമായ ഷോട്ടുകളുടെ സംഘാതമാണ്.

   അ. സാഹിത്യം ആ. സിനിമ

   ഇ. നാടകം ഈ. ചിത്രങ്ങൾ

IV. ഉത്തരമെഴുതുക.

1. വാക്കുകൾക്ക് മൂല്യശോഷണം സംഭവിക്കുന്നതെങ്ങനെ?
2. സാഹിത്യകാരന് അനുഭൂതികളുടെ പ്രപഞ്ചം തുറന്നിടാൻ കഴിയുന്നതെങ്ങനെ?
3. ചലച്ചിത്രം മാധ്യമം എന്ന നിലയ്ക്ക് പ്രവർത്തിക്കുന്നതെങ്ങനെയെന്ന് ഉദാഹരണ സഹിതം എഴുതുക.
4. സാഹിത്യഭാഷയ്ക്കില്ലാത്ത എന്തു പ്രയോജനമാണ് ചലച്ചിത്ര മാധ്യമത്തിനുള്ളത്?
5. കലാരൂപം ഉൾക്കൊള്ളുന്ന മൂന്നുതരം ധർമങ്ങളേവ?
6. ചലച്ചിത്രകലയിൽ വിനോദംശത്തിന് പ്രാമുഖ്യം ലഭിക്കാനുള്ള കാരണങ്ങൾ ഏവ?
7. സിനിമയെ കലയുടെ മണ്ഡലത്തിലേക്ക് ഉയർത്തിയതാര്?
8. യഥാർത്ഥ ചലച്ചിത്രാസ്വാദകൻ ചെയ്യുന്നതെന്താണ്?

X Std Malayalam Reader.indb 134 5/22/2019 9:49:18 AM

ഉപപാഠം

രൂപാന്തരം

- ധന്യാരാജ്

ധന്യാരാജ് 1981-ൽ കൊല്ലം ജില്ലയിലെ പത്തനാപുരത്ത് ജനിച്ചു. ന്യൂ വുമൺ ബ്യൂട്ടിപാർലർ, വാരാന്ത്യ ജീവിതം, പച്ചയുടെആൽബം, എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെൻറ്, മുട്ടത്തുവർക്കി കലാലയ കഥാഅവാർഡ്, കെ. എ. കൊടുങ്ങല്ലൂർ കഥാ അവാർഡ് എന്നിവ ലഭിച്ചു. ധന്യാരാജിന്റെ പദപ്രശ്നം കഥാസമാഹാരത്തിൽ നിന്നെടുത്തതാണ് രൂപാന്തരം എന്ന കഥ.



ശങ്കുവിന്റെ കൂട്ടുകാരി, തൊട്ടടുത്ത ഫ്ളാറ്റിലെ റോമി നാലാം തവണയും ശങ്കുവിനെത്തേടി മുറിയിലെത്തിയത് വിവേക് ശ്രദ്ധിച്ചു. ഇനിയവൾ അക്ഷരങ്ങളെ, കട്ടിയുള്ള ഒരു ഖരവസ്തുവിനെ എന്നവണ്ണം കടിച്ചു മുറിച്ചുകൊണ്ട് ചോദിക്കും:

"ശങ്കു ഇതുവരെ എത്തിയില്ലേ അങ്കിൾ?"

"ഇല്ല. അവൻ വന്നിട്ടില്ല." റോമി ചോദിക്കുന്നതിനു മുമ്പായി വിവേക് തിടുക്കത്തിൽ പറഞ്ഞു. ഒരു നിമിഷം സംശയിച്ചുനിന്നിട്ട് റോമി എല്ലാ മുറികളിലും ഒരന്വേഷണം നടത്തിയതിനുശേഷം തിരിച്ചുപോകുന്നത് വിവേക് കണ്ടു. അയാൾ പത്രവായനയിലേക്കു മടങ്ങി. ഇന്ന് മൂന്നാം തവണയാണ് റോമി കാരണം വായന തടസ്സപ്പെടുന്നതെന്ന് വിവേക് ഈർഷ്യയോടെ ഓർത്തു.

മുറിയിലാകെ ശങ്കുവിന്റെ പുസ്തകങ്ങളും കളിപ്പാട്ടങ്ങളും ചിതറി കിടക്കുന്നത് അയാൾ ശ്രദ്ധിച്ചു. കൂറ്റൻ ജെ.സി.ബി.കളുടെ കുഞ്ഞുമാതൃകകൾ, അദൃശ്യമായ റെയിൽപാളത്തിലൂടെയോടുന്ന ഒരു ചുവന്ന തീവണ്ടി, യാത്രക്കാർ തിങ്ങിനിറഞ്ഞ ഇരുനില ബസ്, ഇനിയും കണ്ടെത്താത്ത വൻകരകളിലേക്ക് ഒഴുകിനീങ്ങുന്ന ഒരു വമ്പൻ പായ്ക്കപ്പൽ, ട്രാഫിക് സിഗ്നലുകളെ തെറ്റിച്ച് ഓടുന്ന നാനോ കാറുകൾ... കൂടുതലും മോട്ടോർ വാഹനങ്ങൾ. ശൈശവത്തിൽനിന്നും യുവത്വത്തിലേക്ക് ചീറിപ്പാഞ്ഞുപോകുന്നവ... അവയോടൊപ്പം തലങ്ങും വിലങ്ങും ചിതറി കിടപ്പുണ്ട് റോമിയുടെ ബാർബിപ്പാവകളും. പുതിയ ഡിസൈനർ വേഷങ്ങളും സൺഗ്ലാസുകളും അണിഞ്ഞവ. ഒരുപക്ഷേ, മുതിർന്നവർക്കു മാത്രം ആസ്വദിക്കാൻ കഴിയുന്ന സൗന്ദര്യമുള്ളവ. മോട്ടോർ വാഹനങ്ങളുടെയും പാവകളുടെയും കിടപ്പിലെ ക്രമരാഹിത്യം വിവേകിനെ

X Std Malayalam Reader.indb 135 5/22/2019 9:49:18 AM

ആദ്യമായി അലോസരപ്പെടുത്തി. അതിൽ ഗൂഢമായ ഏതോഅർത്ഥങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടോയെന്ന് വിവേക് സംശയിച്ചു. "സമയം പന്ത്രണ്ടരയാകുന്നു. അവൻ ഇതുവരെ വന്നില്ല." ഒരു മുറത്തിൽവെച്ച് പച്ചക്കറി അരിഞ്ഞുകൊണ്ട് അഞ്ജലി കുറ്റപ്പെടുത്തലിന്റെ മുനയുള്ള ശബ്ദത്തിൽ പറഞ്ഞു.

"അതെങ്ങനെ, നിങ്ങളുടെ അമ്മയുടെ കൂടെയല്ലേ അവൻ പോയിരിക്കുന്നേ ...?"

"ശങ്കുവിന്റെ നിർബന്ധം കൊണ്ടല്ലേ അമ്മ അവന്റെ കൂടെ പോയത്." വിവേക് പ്രതിരോധിച്ചു. അഞ്ജലി മുഖം കടുപ്പിച്ചുകൊണ്ട് കാരറ്റ് അരിയാൻ തുടങ്ങിയപ്പോൾ വിവേക് പത്രവായനയിലേക്കു മടങ്ങി. പതിവുപോലെ തെരഞ്ഞെടുപ്പിന്റെ കോലാഹലങ്ങളും അഴിമതിയും വിലക്കയറ്റവും അയാളെ ബാധിച്ചില്ല. പത്തു മിനിറ്റിനുശേഷം പച്ചക്കറികൾ കഴുകി അടുപ്പത്തിട്ടിട്ട് അഞ്ജലി തിരിച്ചുവന്നു.

"ശങ്കു ഇതുവരെ എത്തിയില്ലല്ലോ." ചുരിദാറിൽ കൈതുടച്ചുകൊണ്ട് അഞ്ജലി പറഞ്ഞു. ഇത്തവണ അവൾ സംസാരത്തിൽനിന്ന് അമ്മയെ മനഃപൂർവം ഒഴിവാക്കിയതായി വിവേകിന് തോന്നി.

"അവർ ഓരോ കടയിലും കയറിയിറങ്ങി നടക്കുന്നുണ്ടാവും." വിവേക് പറഞ്ഞു.

"അതിന് ശങ്കുവിന്റെ ഫാൻസിഡ്രസ്സിനുള്ള മേക്കപ്പ് സാധനങ്ങൾ കിട്ടുന്ന നാല് കടകളല്ലേ ടൗണിലുള്ളൂ." അഞ്ജലി കൊച്ചുകുട്ടികളെപ്പോലെ കൈവിരലുകൾ നിവർത്തി എണ്ണിത്തുടങ്ങി.

"ബേക്കറി ജങ്ഷനിൽ ഒന്ന്, കോളജ് റോഡിനു മുന്നിൽ ഒന്ന്, എസ്.ബി.ടി.യുടെ അടുത്ത് ഒരെണ്ണം, പിന്നെ നാസ് ബ്യൂട്ടി പാർലറിന്റെ അപ്സ്റ്റയറിൽ ഒന്ന്." നാലാമത്തെ കടയുടെ കാര്യം പറയുമ്പോൾ ത്രെഡ് ചെയ്യാത്ത പുരികങ്ങളുടെ അസ്വസ്ഥതയിൽ അഞ്ജലിയുടെ നെറ്റി ചുളിഞ്ഞു.

"ഇനി വേറെ ഏതെങ്കിലും ഷോപ്പ് കാണുമോ?" അഞ്ജലി ഇടതു കൈ നിവർത്തി വീണ്ടും എണ്ണിത്തുടങ്ങി.

"നാസ് ബ്യൂട്ടി പാർലറിന്റെ മുകളിൽ ഒരെണ്ണം..."

"തിരിച്ചെണ്ണിയാലും നാലു കടയേ കിട്ടൂ." വിവേക് അവളെ കളി യാക്കുന്ന മട്ടിൽ പറഞ്ഞു. അഞ്ജലി അത് ഇഷ്ടപ്പെടാത്ത മട്ടിൽ വിവേകിനെ നോക്കി.

"ശങ്കുവിനെ ആ സലിംസാർ മേക്കപ്പ് ചെയ്യിക്കുമായിരുന്നു." അഞ്ജലി അല്പം കുശുമ്പോടെ കൂട്ടിച്ചേർത്തു: "അമ്മ ഒരുക്കുന്നതിലും നന്നായിത്തന്നെ.

"സലിംസാറോ?" വിവേക് ചോദിച്ചു:

"ഏത് സലിംസാർ?"

"അവന്റെ മേക്കപ്പ് സാർ." അഞ്ജലി സംശയമില്ലാതെ പറഞ്ഞു.

"മേക്കപ്പ് സാർ!" വിവേക് ചിരിച്ചു. "ശരിക്കും അവന്റെ സ്കൂളിൽ അങ്ങനെ യൊരു സാർ ഉണ്ടോ?"

"ശങ്കുവിന്റെ ഡാൻസ്സാർ." അഞ്ജലി സ്വരം കടുപ്പിച്ചു പറഞ്ഞു. "അയാളല്ലേ കഴിഞ്ഞവർഷം അവനെ സ്കൂൾ ആനിവേഴ്സറിക്ക് ഒരുക്കിയത്?

X Std Malayalam Reader.indb 136 5/22/2019 9:49:18 AM

ഇപ്രാവശ്യം സലിംസാറിന് തിരക്കായതുകൊണ്ട് നമുക്കു കിട്ടിയില്ല." അഞ്ജലി എന്തോ ആലോചിച്ചുകൊണ്ടു തുടർന്നു: "സലിം സാർ മേക്കപ്പ് ചെയ്തപ്പോൾ ശങ്കുവിനെ കണ്ടിട്ട് ഞാൻപോലും തിരിച്ചറിഞ്ഞില്ല. അതിന്റെ നാലയലത്തെത്തുമോ അമ്മ?"

"അതയാളുടെ ജോലിയാണ് അഞ്ജലി." വിവേക് ഒരു നിമിഷത്തിനു ശേഷം പറഞ്ഞു.

"അമ്മയ്ക്കാണെങ്കിൽ ഇത്തരം കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലല്ലോ." എന്നിട്ടും ഒരു മായാജാലംപോലെയാണ് അമ്മ ശങ്കുവിന്റെ രൂപം മാറ്റിയെടുത്തത്. വിവേക് ഓർത്തു. പഴയ കമ്പിളിയുടുപ്പും കാലുറകളും പഞ്ഞിക്കഷണങ്ങളും ചായക്കൂട്ടുകളുംകൊണ്ട് ഒരു ക്രിസ്മസ് അപ്പൂപ്പൻ, നൈലോൺതുണിയിൽ അമ്മതന്നെ തയ്ച്ചെടുത്ത വെള്ളയുടുപ്പും തിളങ്ങുന്ന പ്ലാസ്റ്റിക് ചിറകുകളുമായി ഒരു കുഞ്ഞു മാലാഖ, കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ഊന്നുവടിയും ചുളിവുകൾ വീണ മുഖഭാവവുമായി ഒരു ഭിക്ഷക്കാരൻ. ഒരു ശങ്കുവിൽത്തന്നെ പല രൂപഭാവങ്ങളിലുള്ള അനവധി ശങ്കുമാർ ഒളിഞ്ഞിരിപ്പുണ്ടെന്നത് ഒരു പുതിയ അറിവായിരുന്നു.

"അമ്മയ്ക്ക് ഇതൊക്കെ എങ്ങനെ അറിയാം?" വിവേകിന് ചോദിക്കാതിരിക്കാനായില്ല.

"ഞങ്ങളുടെ കുട്ടിക്കാലത്തൊന്നും അമ്മ ഞങ്ങളെ ഇങ്ങനെ ഒരുക്കിയിട്ടില്ലല്ലോ."

അമ്മ മറുപടി പറയാതെ അയാളെ ഉറ്റുനോക്കിനിന്നു.

"ഹായ്... എന്തു രസമായിരിക്കുന്നു!" മാലാഖയായി മാറിയ ശങ്കുവിനെ കണ്ട് അവന്റെ കൂട്ടുകാരി റോമി തുള്ളിച്ചാടി. ശങ്കു അവന്റെ വെള്ളച്ചിറകുകൾ വീശി, ഒരു കാൽ അല്പം ഉയർത്തി ആകാശത്തേക്ക് പറക്കാനൊരുങ്ങുന്ന ഭാവത്തിൽ നിന്നു.

"കഴിഞ്ഞവർഷം ഫാൻസിഡ്രസിന് എന്റെ മമ്മി ഒരുക്കിയത് ഒരു നോക്കുകുത്തിയെപ്പോലെയുണ്ടായിരുന്നു." റോമി ചിരിച്ചുകൊണ്ടു പറഞ്ഞു. "പാടത്തു കൊണ്ടുനിർത്തിയാൽ കണ്ണുതട്ടില്ല."

"അതിന് നീ നെൽപാടം കണ്ടിട്ടുണ്ടോ? " വിവേക് അതിശയത്തോടെ ചോദിച്ചു.

"യെസ്." പാവക്കുട്ടിയുടേതുപോലുള്ള കണ്ണുകൾ ഒരുനിമിഷം തുറന്നടച്ചതിനുശേഷം റോമി പറഞ്ഞു.

"കഴിഞ്ഞവർഷം സമ്മർ ഹോളിഡേയ്സിനു ഞങ്ങൾ മമ്മിയുടെ വീട്ടിൽ പോയപ്പോൾ."

പച്ചപ്പുനിറഞ്ഞ പാടത്തിന്റെയും വരമ്പിൽനിന്ന് ചരിഞ്ഞുപറക്കുന്ന കൊറ്റികളുടെയും ഓർമ്മയിൽ റോമിയുടെ മുഖം ഒരു നിമിഷം തിളങ്ങി. ആ സമയം അമ്മയുടെ മനസ്സിൽ വയൽവരമ്പത്തേക്ക് ചാഞ്ഞുനില്ക്കുന്ന പഴയൊരു വീട് പുരാതനമായൊരു ഓർമ്മയായി കടന്നുവരുന്നത് വിവേക് അറിഞ്ഞു.

നഗരത്തിൽ വിവേകിന്റെ ജോലിസ്ഥലത്തിനടുത്തായി അയാൾ വാങ്ങിയ മൂന്നു മുറി ഫ്ളാറ്റിലേക്ക് അമ്മ താമസം മാറ്റിയത് ആയിടെയായിരുന്നു. പ്രതീക്ഷിച്ചതിന് വിപരീതമായി അമ്മ പുതിയ സാഹചര്യങ്ങളുമായി വേഗത്തിൽ ഇണങ്ങി. ഉപേക്ഷിച്ചുപോന്ന പഴയ വീടും നാട്ടിൻപുറവും പിന്നീട് അവരുടെ സംസാരത്തിൽ അപൂർവമായേ

X Std Malayalam Reader.indb 137 5/22/2019 9:49:18 AM

കടന്നുവന്നുള്ളൂ. ഭൂതവും ഭാവിയുമില്ലാതെ, അസാമാന്യമായ മെയ്‌വഴക്കത്തോടെ വർത്തമാനത്തിൽ മാത്രം ചുവടുറപ്പിച്ചു നിർത്താൻ അമ്മ ശീലിച്ചതുപോലെയുണ്ടായിരുന്നു. ദുർബലമായിരുന്നെങ്കിലും അവരുടെ ചുവടുവെപ്പുകൾ അപ്പോൾ അല്പവും ഇടറിയില്ലെന്ന് വിവേക് ഓർമ്മിച്ചു. അമ്മയുടെ ജീവിതത്തിൽനിന്നും വേർപിരിഞ്ഞുപോയവരെപ്പറ്റി നിർമ്മമതയോടെ മാത്രം അവർ സംസാരിച്ചു. എന്നാൽ, രാത്രിയിൽ ടെറസിൽനിന്ന് നോക്കിയാൽ കാണുന്ന ഇരുണ്ട ആകാശത്തേക്ക് ദൃഷ്ടി പായിച്ചുകൊണ്ടു നിന്നപ്പോൾ മാത്രം അമ്മയുടെ മനസ്സ് എന്തൊക്കെയോ ചിന്തകളാൽ കലുഷിതമായി. അവർ ദിവസം മുഴുവനുമണിയുന്ന പ്രസരിപ്പിന്റെ നേർത്ത മുഖാവരണം അഴിച്ചു കഴിഞ്ഞപ്പോൾ ഇരുണ്ട, അശാന്തമായ മറ്റൊരു ആകാശം അവരുടെ കണ്ണുകളിൽ തെളിഞ്ഞു. പഴയ ഓർമ്മകളുടെ നക്ഷത്രപ്പൊട്ടുകളും മഞ്ഞ നിറമാർന്ന ചാന്ദ്രവെളിച്ചവും ഇനിയൊരിക്കലും തിരിച്ചുവരാത്തവിധം കനത്ത മേഘപാളികളിൽ മറഞ്ഞുപോയി.

"അമ്മ നമ്മുടെ കൂടെ താമസിക്കാൻ വരുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ. എനിക്കൊരു കൂട്ടുമാവുമല്ലോ." അമ്മ അവിടേക്ക് വരുന്നതിന്റെ തലേദിവസം അഞ്ജലി ആവർത്തിച്ചു.

"പക്ഷേ, അമ്മ സിറ്റീലൈഫുമായി പൊരുത്തപ്പെടുമോന്ന് എനിക്കു സംശയമുണ്ട്."

എന്തൊക്കെപ്പറഞ്ഞാലും വയസ്സായവർക്ക് അവരുടേതായ സ്വഭാവവും രീതികളുമുണ്ടാകും." തൊട്ടടുത്ത ഫ്ലളാറ്റിലെ മെറീന പറഞ്ഞു.

"...അനാവശ്യമായ പിടിവാശികളും. എന്റെ മദർ ഇൻ ലോയുടെ കാര്യം തന്നെയെടുക്കാം. എന്തിനും കുറ്റം കണ്ടുപിടിക്കും. നമുക്കൊരു സ്വാതന്ത്ര്യവും തന്നു എന്നു വരില്ല."

മെറീനയുടെയും അഞ്ജലിയുടെയും ഇരിപ്പിടത്തിന്റെ പിറകിൽ നിന്ന് മെറീനയുടെ മകൾ റോമി അവളുടെ മെഷീൻ ഗണ്ണിൽനിന്ന് തുരുതുരാ വെടിപായിച്ചു. "ടിക് ടിക്... ഠേ ഠേ..."

"റോമീ, നീ അടങ്ങിയിരിക്കുന്നുണ്ടോ?" മെറീന അവളെ ശാസിച്ചു.

"റോമീ, വെടിനിർത്തണ്ടാ... ദാ കള്ളൻ അക്ഷയ് ബാൽക്കണിയിലൂടെയോടുന്നു." റോമിയുടെ ക്ലാസ്മേറ്റ് ശങ്കു അവളെ പ്രോത്സാഹിപ്പിച്ചു. അവരുടെ ക്ലാസ്സായ 2. ബി യിലെ അക്ഷയ് എന്ന കുട്ടി കള്ളൻ എന്ന കഥാപാത്രമായി വരാന്തയിലൂടെ ഓടുന്നുണ്ടെന്ന് ഇരുവരും സങ്കല്പിച്ചു.

"...അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ അമ്മയെ ഫ്ളാറ്റിലേക്ക് കൊണ്ടുവരാതിരിക്കുന്നതാണ് അമ്മയ്ക്കും നിങ്ങൾക്കും നല്ലത്." മെറീന മടികൂടാതെ ഉപസംഹരിച്ചു.

മെറീന ഏതാനും വർഷങ്ങൾക്കു മുമ്പുവരെ ലാവണ്യ എന്ന പേരിൽ ടി.വി. സീരിയലുകളിൽ അഭിനയിച്ചിരുന്നു. മിക്ക മെഗാപരമ്പരകളിലും അമ്മായിയമ്മയുടെ പീഡനമേൽക്കുന്ന മരുമകളുടെ വേഷമായിരുന്നു മെറീനയ്ക്കെന്ന് വിവേക് ഓർത്തു. പിന്നീടവൾ ഒരു ബിസിനസ്സുകാരനെ കല്യാണം കഴിക്കുകയും അഭിനയത്തോട് വിട പറയുകയും ചെയ്തു. എന്നിട്ടും അമ്മായിയമ്മമാരെപ്പറ്റി പറയുമ്പോൾ മെറീനയുടെ മനസ്സിൽ ഇപ്പോഴും രഹസ്യമായൊരു പക എരിയുന്നുണ്ടെന്നു തോന്നി.

X Std Malayalam Reader.indb 138 5/22/2019 9:49:18 AM

വിവേക് എല്ലാ ആലോചനകളും അവസാനിപ്പിച്ചിട്ട് പത്രവായനയിലേക്ക് മടങ്ങി.

"കേൾക്കുന്നുണ്ടോ?" അഞ്ജലി പരിഭ്രമവും വിഷമവും കലർന്ന ശബ്ദത്തിൽ പറഞ്ഞു.

"ശങ്കുവും അമ്മയും ഇതുവരെ വന്നില്ല. സമയം നാലാകാറായി. രാവിലെ ഒമ്പതുമണിക്കു പോയതാ."

വിവേക് അസ്വസ്ഥതയോടെ എഴുന്നേറ്റു.

"എവിടെപ്പോയതായിരിക്കും?" അഞ്ജലി വീണ്ടും ചോദിച്ചു. വിശ്വാസ്യതയുള്ള ഒരു മറുപടിക്കുവേണ്ടി വിവേക് മനസ്സിൽ പരതി. ഊഹങ്ങൾക്കു പിന്നാലെ പോകുന്നതാണ് ഏറ്റവും പ്രയാസമേറിയ കാര്യം. അയാൾ ഓർത്തു. ഒരുപക്ഷേ, യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നതിനെക്കാളും ബുദ്ധിമുട്ടേറിയത്.

"അമ്മയ്ക്ക് പരിചയമില്ലാത്ത സ്ഥലമല്ലേ?" അഞ്ജലി എന്തോ ഓർമ്മിച്ചിട്ടെന്നവണ്ണം പറഞ്ഞു.

"ഇനി വഴിതെറ്റിയതോ മറ്റോ ആകുമോ?"

"ഏയ്.." വിവേക് പറഞ്ഞു: "ശങ്കുവിനറിഞ്ഞുകൂടെ വഴിയൊക്കെ?"

"ശങ്കുവിനെന്തറിയാം?" അഞ്ജലി ശബ്ദമുയർത്തി. "കൊച്ചുകുട്ടിയല്ലേ അവൻ?"

അഞ്ജലി ജനലിലൂടെ നിരത്തിലേക്ക് എത്തിവലിഞ്ഞുനോക്കിക്കൊണ്ടിരുന്നു. റോഡിലൂടെ ഇരമ്പിപ്പായുന്ന വാഹനങ്ങളുടെ പതിവു ദൃശ്യം അവൾ വ്യഗ്രതയോടെ വീക്ഷിച്ചു. തറയിൽ നിരത്തിയിട്ടിരിക്കുന്ന ശങ്കുവിന്റെ കളിവണ്ടികൾ പെട്ടെന്നു വലിപ്പം വർദ്ധിച്ച് റോഡിലൂടെ ഓടുകയാണെന്ന് വിവേകിന് തോന്നി. കുറെ സമയത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. ഇതിനിടയിൽ മെറീനയും റോമിയും മുറിയിലേക്കു കടന്നുവന്നു. റോമി എല്ലായിടത്തും കയറിയിറങ്ങി അവളുടെ പതിവന്വേഷണങ്ങൾ ആവർത്തിച്ചു.

"ആലോചിച്ചിട്ട് ഒരെത്തും പിടിയും കിട്ടുന്നില്ല." മെറീന പറഞ്ഞു.

"അമ്മയുടെയോ ശങ്കുവിന്റെയോ കൈയിൽ മൊബൈൽ ഉണ്ടായിരുന്നെങ്കിൽ വിളിച്ചു ചോദിക്കാമായിരുന്നു. ഇതിപ്പോൾ..."

"ഇനി വല്ല അപകടവും... ആലോചിച്ചിട്ട് എനിക്ക് പേടിയാകുന്നു."

അഞ്ജലി കരച്ചിലിന്റെ ശബ്ദത്തിൽ പറഞ്ഞു.

"അഞ്ജലീ..." വിവേക് സ്വയം സമാധാനിപ്പിക്കാനെന്നോണം പറഞ്ഞു: "അങ്ങനെയൊന്നും സംഭവിക്കില്ല."

"തിരക്കുള്ള റോഡല്ലേ." അഞ്ജലി വീണ്ടും പറഞ്ഞു.

"എന്തു സംഭവിച്ചാലും ആരറിയാനാണ്? എന്റെ മോൻ..."

അഞ്ജലി രണ്ടു കൈകൊണ്ടും മുഖം മറച്ചുകൊണ്ട് സോഫയിൽ ഇരുന്നു. പിന്നെ വീണ്ടും ജനാലയിലൂടെ റോഡിലേക്ക് എത്തിവലിഞ്ഞു നോക്കാൻ തുടങ്ങി.

X Std Malayalam Reader.indb 139 5/22/2019 9:49:19 AM

വലിയ കെട്ടിടങ്ങൾ മറയ്ക്കാത്ത ജനാലയുടെ പഴുതിലൂടെ പല വലുപ്പത്തിലും നിറത്തിലുമുള്ള വാഹനങ്ങൾ മത്സരിച്ചോടുന്നതു കണ്ടു. ഇപ്പോൾ നിരത്തിലൂടെയുള്ള ആൾസഞ്ചാരം കുറഞ്ഞിരുന്നു. ഞായറാഴ്ചയിലെ ട്യൂഷൻ കഴിഞ്ഞുവരുന്ന കൊച്ചുപെൺകുട്ടികൾ സ്വപ്നാടനത്തിലെന്നണ്ണം നടന്നുനീങ്ങുന്നുണ്ടായിരുന്നു.

"അഞ്ജലീ..." മെറീന അവളുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: "വെറുതെ അപ്സെറ്റാകണ്ട. ശങ്കു ഇപ്പോഴിങ്ങുവരും."

റോമി ഒരു ബാർബിപ്പാവയുടെ ചെമ്പൻമുടി കത്രികകൊണ്ട് മുറിക്കുന്നതി നിടയിൽ ഇരുവരെയും മാറി മാറി നോക്കി.

"ശങ്കുവിനെ വല്ല ബസും ഇടിച്ചുകാണുമോ മമ്മീ? അപ്പോൾ നാളത്തെ ഫാൻസി ഡ്രസിൽ അവൻ പാർട്ടിസിപ്പേറ്റ് ചെയ്യൂല്ലേ?" റോമി ചോദിച്ചു.

"റോമീ നീ അടിമേടിക്കും. മിണ്ടാതിരിയെടീ." മെറീന റോമിയുടെ ചെവിക്കു പിടിച്ചുകൊണ്ട് പറഞ്ഞു. റോമി ഒരു വലിയ കരച്ചിലിനുള്ള തയ്യാറെടുപ്പുകൾ നടത്തി.

വിവേക് എന്തോ തീരുമാനിച്ചതുപോലെ എഴുന്നേറ്റു. "ഞാനൊന്ന് പുറത്തിറങ്ങിയിട്ടുവരാം." അയാൾ പറഞ്ഞു.

"അവർ പോകാൻ സാദ്ധ്യതയുള്ള കടകളിലൊക്കെ ഒന്നന്വേഷിക്കണം ."

"അതു ശരിയാ." മെറീന പറഞ്ഞു.

"അവർ രാവിലെ കടയിൽ ചെന്നിട്ടുണ്ടെങ്കിൽ ചിലപ്പോൾ സെയിൽസ്മാന് ഓർമ്മകാണും." അഞ്ജലി നിസ്സംഗതയോടെ വിവേകിനെ നോക്കി. വിവേക് റോഡിലേക്കിറങ്ങി. വെയിൽ അപ്പോഴും താണിട്ടുണ്ടായിരുന്നില്ല. നടന്നുതുടങ്ങിയപ്പോൾ ചൂട് കൂർത്ത ചീളുകൾപോലെ അയാളുടെ മുഖത്ത് പതിച്ചു. നടപ്പാതയ്ക്കടുത്തുള്ള മരത്തണലിൽ അയാൾ കുറച്ചുസമയം നിന്നു. വാഹനങ്ങളുടെ പുകയും പെട്ടെന്നുയർന്ന പൊടിക്കാറ്റും വിവേകിന്റെ കാഴ്ചയെ മറച്ചു. അമ്മയും ശങ്കുവും നടന്നുപോയേക്കാവുന്ന വഴികളിലൊക്കെ അന്വേഷണത്തിന്റെ വ്യഗ്രതയോടെ അയാൾ സഞ്ചരിച്ചു.

രാവിലെ കടയിലെത്തിയ പ്രായമായ സ്ത്രീയെയും കൊച്ചുകുട്ടിയെയും ബേക്കറിജങ്ഷനിലുള്ള കടയിലെ സെയിൽസ്മാൻ ഓർത്തെടുത്തു. എന്നാൽ, അതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമുണ്ടായില്ല. ടൗൺ മുഴുവനും രണ്ടോ മൂന്നോ തവണ ചുറ്റിക്കറങ്ങിയതിനുശേഷം അന്വേഷണം വഴിമുട്ടി വിവേക് വീട്ടിലേക്കു മടങ്ങി. അമ്മയും ശങ്കുവും രാവിലെ യാത്രചോദിച്ചുപോയ രംഗത്തിൽ അസ്വാഭാവികമായി എന്തെങ്കിലുമുണ്ടായിരുന്നോ എന്ന് വിവേക് മനസ്സിൽ പരതി. അവർ ഉച്ചരിച്ച ഓരോ വാക്കും അശരീരിപോലെ അയാളുടെ കാതുകളിൽ മുഴങ്ങി. വിവേകിന്റെ മനസ്സ് ഒരു വമ്പൻ സ്ക്രീൻ പോലെ ഓരോ മുറിയൻ ദൃശ്യത്തെയും അയാളുടെ മുന്നിലവതരിപ്പിച്ചു. എവിടെയാണ്, ഏതു ചെറുചലനത്തിലാണ് ദുസൂചന കൾ ഒളിഞ്ഞിരിക്കുന്നത്? ജാഗ്രതയോടെ അയാൾ പരിശോധിച്ചു.

ഭാരമേറിയ കാൽവെപ്പുകളോടെ വിവേക് വീട്ടിലേക്കുള്ള സ്റ്റെപ്പുകൾ കയറി. അയാളെ അതിശയിപ്പിച്ചുകൊണ്ട് വരാന്തയിൽ പ്രസരിപ്പാർന്ന മുഖവുമായി അഞ്ജലിയും മെറീനയും നില്പുണ്ടായിരുന്നു. വീട്ടിനകത്തേക്കു കാലെടുത്തുവെച്ചപ്പോൾ ക്ഷീണിച്ച പുഞ്ചിരിയോടെ അമ്മ അയാളെ എതിരേറ്റു.

X Std Malayalam Reader.indb 140 5/22/2019 9:49:19 AM



നിലത്ത് ചമ്രംപടിഞ്ഞിരിക്കുകയായിരുന്ന ശങ്കുവും റോമിയും വാശിയേറിയ ഒരു കാർ റേസിങ്ങിനുള്ള ഒരുക്കം തുടങ്ങി. ശങ്കുവിനെ നിലത്തുനിന്നും വാരിയെടുത്ത നിമിഷത്തിൽ അവന്റെ തിരോധാനമേല്പിച്ച ശൂന്യതയെന്തെന്ന് വിവേകിന് പൂർണ്ണമായും മനസ്സിലായി. "രാവിലെ കടേന്ന് ഇറങ്ങിയപ്പോ എനിക്കൊരു തലചുറ്റല്. ദേഹം തളരണപോലെ തോന്നി. അന്നേരം ഞങ്ങള് എസ്.കെ. ആശുത്രീടെ മുമ്പിലായിരുന്നു. നേരേ അങ്ങോട്ട് കയറി." അമ്മ കുറ്റബോധം നിറഞ്ഞ മുഖത്തോടെ വിശദീകരിച്ചു.

"എന്നാലും അമ്മയ്ക്കൊന്ന് അറിയിക്കാൻ വയ്യാരുന്നോ?" വിവേക് ഒച്ചയുയർത്തി.

"എനിക്ക് നിന്റെ നമ്പറൊന്നും ഓർമ്മയില്ലായിരുന്നു. ആശുത്രീല് ചെന്നപ്പം അവടെ ഒരുദിവസം കിടക്കണംന്ന് ഡോക്ടർ കട്ടായം പറഞ്ഞു. ഒരു സൂചീംവച്ചു. ഉച്ചകഴിഞ്ഞ് ഒരുവിധം സുഖമായപ്പോൾ ഞാനിങ്ങ് പോന്നു."

വിവേക് ഒന്നും മിണ്ടിയില്ല. ശങ്കുവും റോമിയും കാറോട്ടമത്സരത്തിന്റെ ആവേശത്തിലേക്ക് കടന്നു. അമ്മ വീണ്ടും എന്തോ പറയാൻ വന്നത് ശ്രദ്ധിക്കാതെ വിവേക് മുറിയിലേക്ക് ഡ്രസ് മാറ്റാൻ പോയി.

"അമ്മ ഓരോ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കും. ഇന്നത്തെ കാര്യം തന്നെ നോക്ക്." കുറെ സമയത്തിനുശേഷം അലമാരയിലെ തുണികളോരോന്നായി മടക്കുന്നതിനിടയിൽ അഞ്ജലി പറഞ്ഞു.

"രാവിലെ അമ്മയും ശങ്കുവും പോയതിനുശേഷം നമ്മളെത്ര തീതിന്നു. ഇപ്പോ തോന്നുകയാ..." ഒരു നിമിഷം നിർത്തിയതിനുശേഷം അഞ്ജലി ക്രൂരമായൊരു സംതൃപ്തിയോടെ മുഴുമിപ്പിച്ചു.

"അമ്മ ഇങ്ങോട്ട് തിരിച്ചുവരണ്ടായിരുന്നുവെന്ന്.

"അഞ്ജലീ..." വിവേക് ശബ്ദമുയർത്തി.

X Std Malayalam Reader.indb 141 5/22/2019 9:49:19 AM

"ഇനിയിപ്പോൾ ഒന്നും പറഞ്ഞിട്ടു കാര്യമില്ല. എന്തുചെയ്യാനാണ്? അമ്മയെ എവിടെയെങ്കിലും ഉപേക്ഷിക്കാൻ പറ്റുമോ?"

അഞ്ജലി കേൾക്കാത്തമട്ടിൽ തുണികൾ മടക്കുന്നത് തുടർന്നു. അവളുടെ മറുപടിക്കുവേണ്ടി ഒരു നിമിഷം കാത്തുനിന്നതിനുശേഷം വിവേക് മുറിയിൽനിന്നും പുറത്തിറങ്ങി. വാതിൽക്കൽ ശൂന്യമായ കണ്ണുകളോടെ അമ്മ നില്പുണ്ടായിരുന്നു. വിവേക് ഒരുനിമിഷം സ്തബ്ധനായി. അമ്മ പെട്ടെന്ന് തിരിഞ്ഞുനടന്നപ്പോൾ താൻ വലിയൊരു തെറ്റു ചെയ്തുകഴിഞ്ഞെന്ന് വിവേകിനു ബോദ്ധ്യമായി.

സന്ധ്യകഴിഞ്ഞപ്പോൾ വിവേക് ശങ്കുവിനെയുംകൊണ്ട് ടെറസിലേക്കു കയറി. നേരത്തെ ചോറുകഴിച്ച് ശങ്കു ഉറങ്ങാനുള്ള വട്ടംകൂട്ടി. പതിവുപോലെ ഇരുണ്ടുതുടങ്ങിയ ആകാശത്തിലെ വിചിത്രരൂപികളായ മേഘങ്ങളെയും ഒളിച്ചുകളിക്കുന്ന നക്ഷത്രങ്ങളെയും തെരുവുവിളക്കു പോലുള്ള ചന്ദ്രനെയും കഥാപാത്രങ്ങളാക്കി കൃത്രിമത്വം കലരാത്ത ഒരു കഥ പറയാൻ വിവേക് ശ്രമിച്ചു. അയാൾ കുട്ടിക്കാലത്തിന്റെ ചിത്രകഥാപുസ്തകം തുറന്ന് കഥയ്ക്കായി പരതിക്കൊണ്ട് നിശ്ശബ്ദനായി നിന്നു. ഇതിനിടയിൽ ശങ്കു അയാളുടെ ചുമലിൽ തലചായ്ച്ച് ഉറക്കമായി. വിവേക് ഇരുട്ടുമൂടിയ ആകാശത്തേക്കുനോക്കി. പണ്ട് അമ്മ പറഞ്ഞു തരാറുള്ള കഥകളിൽ ഐരാവതമായും മാന്ത്രിക കുതിരയായും ഒരു പ്രച്ഛന്നവേഷമത്സരത്തിലെന്നവണ്ണം രൂപംമാറി വരാറുള്ള മേഘങ്ങളെ അയാൾ ഓർമ്മിച്ചു.

ആ സമയത്ത് അഞ്ജലി അങ്ങോട്ടു വന്നു. അവളുടെ മുഖത്തെ പരിഭ്രമം വിവേക് ശ്രദ്ധിച്ചു.

"എന്താ?" വിവേക് അവളെ സംശയത്തോടെ നോക്കി.

"അമ്മ... അമ്മയെ എവിടെയും കാണാനില്ല."

"അമ്മ..." പെട്ടെന്ന് ഹൃദയത്തിനുള്ളിൽ എന്തൊക്കെയോ പൊട്ടിത്തകർന്നതുപോലെ വിവേകിനു തോന്നി. "ഞാനെല്ലായിടത്തും നോക്കി. ഇനിയിപ്പോൾ..." അഞ്ജലി പെട്ടെന്ന് സ്റ്റെപ്പുകളിറങ്ങിപ്പോയി. വിവേക് നിശ്ചലമായ മനസ്സോടെ അവളെ പിന്തുടർന്നു. കോണിപ്പടികളിറങ്ങവേ പെട്ടെന്ന് വാർദ്ധക്യത്തിലെത്തിയതുപോലെ വിവേക് കിതച്ചു. ഒരടിപോലും മുന്നോട്ടുവെയ്ക്കാൻ കഴിയാതെ തളർച്ചയോടെ അയാൾ അവിടെ ഇരുന്നു. അമ്മയുടെ മാന്ത്രികവിരലുകൾ എക്കാലത്തേക്കുമായി തന്നെ ഒരു വൃദ്ധനാക്കി മാറ്റിയെന്ന് ആ നിമിഷത്തിൽ വിവേക് നടുക്കത്തോടെയറിഞ്ഞു.

X Std Malayalam Reader.indb 142 5/22/2019 9:49:19 AM

ഭാഗം 10

സ്വാതന്ത്ര്യവും സംസ്കാരവും



പഠനലക്ഷ്യങ്ങൾ

- സ്വാതന്ത്ര്യത്തിന്റെ മഹിമ തിരിച്ചറിയൽ
- സംഗീതത്തിലെ സാംസ്കാരിക സൗന്ദര്യമൂല്യങ്ങളെ തിരിച്ചറിയൽ
- നോവൽഭാഗത്തിലൂടെ വ്യക്തമാകുന്ന പ്രവാസ ജീവിതദൈന്യത മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	പാഠം ഒന്ന് സ്വാതന്ത്ര്യം	- വീരാൻകുട്ടി
ഗദ്യം	:	സാംസ്കാരികലയം സംഗീതത്തിൽ	- പെരുമ്പുഴ ഗോപാലകൃഷ്ണൻ
ഉപപാഠം	:	ആടുജീവിതം	- ബെന്യാമിൻ

X Std Malayalam Reader.indb 143 5/22/2019 9:49:19 AM

കവിത

പാഠം ഒന്ന് സ്വാതന്ത്ര്യം

– വീരാൻകുട്ടി



കോഴിക്കോട് ജില്ലയിലെ നരയംകുളത്ത് ജനിച്ചു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യബന്ധം ലളിതശൈലിയിൽ ആവിഷ്കരിക്കുകയും അവയിൽ ജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന കവി മലയാളത്തിലെ പുതുകാവ്യരംഗത്ത് സജീവമാണ്.

ജലഭൂപടം, മാന്ത്രികൻ, തൊട്ടുതൊട്ടുനടക്കുമ്പോൾ, മിണ്ടാപ്രാണി എന്നിവയാണ് പ്രധാന കൃതികൾ.മിണ്ടാപ്രാണി എന്ന കവിതക്ക് 2017 ലെ കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.

മൃഗശാല സന്ദർശിക്കുന്നവർ കണ്ടിരിക്കാൻ സാധ്യതയുള്ള ചില ദൃശ്യങ്ങൾ സരളമായി അവതരിപ്പിച്ച് നമ്മെ ചിന്തിപ്പിക്കുകയാണ് കവി. ആരുടെയും പരിചരണമില്ലാതെ യാതൊരു ബന്ധനത്തിലും പെടാതെ കഴിയുന്ന ജീവജാലങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ മഹിമ കാണുന്ന ഈ കവിത 'പ്രകൃതി പ്രണയം പ്രതിരോധം' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

തെളിച്ചമുള്ള ഒരുമുഖമെങ്കിലും കാണണേ

ഉശിരുള്ള ഒരു ചലനമെങ്കിലും ഉണ്ടാവണേ

എന്നു കരുതിയാണ്

ഓരോ വട്ടവും മൃഗശാലകാണാൻ പോവുക

എങ്കിലും

അതേ മന്ദിച്ച കിടപ്പുകൾ

എവിടേക്കുമല്ലാത്ത ചില കുറുകിയ നടത്തകൾ,

X Std Malayalam Reader.indb 144 5/22/2019 9:49:19 AM



മിക്കവാറും നിലച്ച ചില ഇഴച്ചിലുകൾ
ഉയരംകുറഞ്ഞ പറക്കങ്ങൾ
പഴക്കം വന്ന വീർപ്പുകൾ,
ചത്ത നോട്ടങ്ങൾ
കണ്ട് തിരിച്ചുപോരും.
ഇത്തവണയാണ് ശ്രദ്ധിച്ചത്
മൃഗശാലയിൽ
മറ്റുചിലർകൂടിയുണ്ട്
അവിടത്തെ രജിസ്റ്ററിൽ
ഇല്ലാത്തവ:
കൊമ്പിൽനിന്നും
കൊമ്പിലേക്കു കുതിക്കുന്ന
അണ്ണാൻ
ആകാശത്തോളം ചെല്ലുന്ന
കാക്ക
പാട്ടെറിഞ്ഞുപോകും

X Std Malayalam Reader.indb 145 5/22/2019 9:49:20 AM



കുയിൽ

ഊയലാടുന്ന

പച്ചിലപ്പാമ്പുകൾ.....

അവർ

കൂട്ടിലെ സിംഹത്തിനും

കമ്പിവേലിക്കകത്തെ കിളികൾക്കും

പാഠം ഒന്ന്-സ്വാതന്ത്ര്യം എന്നു

സോദാഹരണം

ക്ലാസെടുക്കുന്നത്

കണ്ടുനിന്നു.



X Std Malayalam Reader.indb 146 5/22/2019 9:49:21 AM

അഭ്യാസം

I. പദപരിചയം

മന്ദിച്ച

ഇഴച്ചിലുകൾ

വാർപ്പുകൾ

ഊയലാടുന്ന

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വീരാൻകുട്ടിക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കവിത

അ. ജലഭൂപടം

ആ. മിണ്ടാപ്രാണി

ഇ. പാഠം ഒന്ന്-സ്വാതന്ത്ര്യം

ഈ. തൊട്ടുതൊട്ടുനടക്കുമ്പോൾ

2. മൃഗശാലയിലെ കൊമ്പിൽനിന്ന് കൊമ്പിലേക്ക് കുതിക്കുന്നത് എന്താണ്?

അ. കുയിൽ

ആ. കാക്ക

ഇ. അണ്ണാൻ

ഈ. പച്ചിലപ്പാമ്പുകൾ

3. മൃഗശാലയിൽ പാട്ടെറിഞ്ഞു പോകുന്നത് എന്താണ്?

അ. കുയിൽ

ആ. കാക്ക

ഇ. അണ്ണാൻ

ഈ. പച്ചിലപ്പാമ്പുകൾ

X Std Malayalam Reader.indb 147 5/22/2019 9:49:21 AM

III. ഉത്തരമെഴുതുക

1. എന്തുകാണണമെന്നു കരുതിയാണ് കവി മൃഗശാല സന്ദർശിച്ചത്?
2. കവികണ്ട കാഴ്ച എന്തായിരുന്നു?
3. മൃഗശാലയിൽ കവി ശ്രദ്ധിച്ച കാഴ്ച എന്തായിരുന്നു?
4. പാഠം ഒന്ന് -സ്വാതന്ത്ര്യം എന്ന കവിതയിലെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

X Std Malayalam Reader.indb 148 5/22/2019 9:49:21 AM

ഗദ്യം

സാംസ്കാരികലയം സംഗീതത്തിൽ

-പെരുമ്പുഴ ഗോപാലകൃഷ്ണൻ

പെരുമ്പുഴ ഗോപാലകൃഷ്ണൻ 1931 -ൽ കൊല്ലം ജില്ലയിലെ പെരുമ്പുഴഗ്രാമത്തിൽ ജനിച്ചു. വിദ്യാഭ്യാസശേഷം സർക്കാർ സർവീസിൽ ചേർന്നു. സർവീസ് സംഘടനകളിൽ പ്രവർത്തിച്ചു. ചലച്ചിത്ര വികസനകോർപ്പറേഷനിലെ ഉദ്യോഗസ്ഥനായിരുന്നു. പ്രതിരൂപങ്ങളുടെസംഗീതം, സംഗീതത്തിന്റെനാട്ടുവഴി, ജി. ദേവരാജൻ, സംഗീതത്തിന്റെ രാജശില്പി എന്നിവയാണ് പ്രധാന കൃതികൾ.



സമൂഹവും സംസ്കാരവും സംഗീതവും തമ്മിലുള്ള ബന്ധത്തിന്റെ പ്രസക്തിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ ലേഖനം 'സംഗീതത്തിന്റെ നാട്ടുവഴി' എന്ന കൃതിയിൽ നിന്നെടുത്തതാണ്.

ശബ്ദം സംഗീതമായി പരിണമിക്കുന്നതിന് മുൻപുതന്നെ സംസ്കാരം ശബ്ദത്തെ പിൻതുടർന്നിരുന്നു. അല്ലെങ്കിൽ ശബ്ദത്തോടൊപ്പം കൈകോർത്തു പിടിച്ചു സഞ്ചരിച്ചിരുന്നു. ഏതു ശബ്ദത്തിനും സംവേദനസ്വഭാവമുണ്ടായിരുന്നല്ലോ. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ശബ്ദം ഒരു ആശയവിനിമയോപാധി!

ആംഗ്യഭാഷയുടെ കാലഘട്ടം കഴിഞ്ഞാൽ പരിണാമത്തിന്റെ അടുത്ത പടി ശബ്ദവിന്യാസത്തിലൂടെയുള്ള ആശയവിനിമയത്തിന്റേതായ അവസ്ഥയാണ്. പ്രകൃതിയുമായി സ്വരസമ്മേളനത്തിലായിരുന്ന മനുഷ്യൻ, തന്റെ ഗുരുസദൃശമായ പ്രകൃതിയിൽ നിന്നുമാണ് എല്ലാം തിരിച്ചറിഞ്ഞതും സ്വീകരിച്ചതും. അവൻ, പ്രകൃതിയിലെ ശബ്ദത്തിൽനിന്നും സൗന്ദര്യാംശം ഉൾക്കൊള്ളുകകൂടിചെയ്തപ്പോൾ ശബ്ദം വികാരത്തെയും ആഹ്ലാദത്തേയും പ്രകാശിപ്പിക്കാനുള്ള ചിഹ്നമായി മാറി.

മനുഷ്യജീവിതപരിണാമദശയിലെ മറ്റൊരു ഘട്ടത്തെ നമുക്കോർക്കാം. തനിക്ക് കാലക്രമത്തിൽ ജനിച്ച കുഞ്ഞിനെ മടിയിൽ കിടത്തിയ അമ്മയ്ക്കു ഉണ്ടായ ആഹ്ലാദം, കുഞ്ഞിന്റെ പുഞ്ചിരിയും ഇളംകണ്ണുകളിലെ തിളക്കവും അവൾക്കു നൽകിയ അനിർവചനീയാനന്ദാനുഭൂതി, ഏതോ ശബ്ദമായി പുറത്തു വന്നിട്ടുണ്ടാവും. കുഞ്ഞിന്റെ നിദ്രാസൗകുമാര്യത്തെ തടയാൻ എത്തുന്ന കാറ്റ്, ഇതരജീവികൾ തുടങ്ങിയവയെ അകറ്റിയോടിക്കാൻ മാതാവ് ശബ്ദം ഉപയോഗപ്പെടുത്തിയിട്ടുണ്ടാവും. അവിടെ, വിക്ഷോഭത്തിന്റെ ശാസനയുടെ, ശാന്തമായ ഉപദേശത്തിന്റെ അനുനയത്തിന്റെ ഒക്കെ വിഭിന്ന വികാരത്തെ സ്ഫുരിക്കുന്ന ശബ്ദം ഉതിർന്നുവീണിട്ടുണ്ടാകും. കുഞ്ഞിനെ മടിയിൽക്കിടത്തി താലോലിക്കുമ്പോഴുണ്ടായ അവ്യക്തശബ്ദത്തിന്റെ തുടർച്ചയെ

X Std Malayalam Reader.indb 149 5/22/2019 9:49:21 AM



പരിഷ്കൃതലോകം പിന്നെ താരാട്ടെന്നുവിളിച്ചു സ്നേഹിച്ചു. അത് സംഗീതത്തിന്റെ ആദ്യരൂപമായി സംഗീതചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

കാലം നമ്മുടെ കൈയിൽതന്ന കഴിഞ്ഞകാല പാരമ്പര്യചൈതന്യമാണല്ലോ സംസ്കാരം! ശബ്ദത്തിന്റെ പരിണാമത്തിലൂടെ മനുഷ്യന് കിട്ടിയ സംഗീതം, സംസ്കാരത്തിന്റെ പ്രാഗ്രൂപങ്ങളിലൊന്നാണ്. പ്രകൃതിയിൽ നിന്നും അവൻ സ്വീകരിച്ച സ്വരതാളങ്ങൾ കൂടി സംഗീതത്തിന് കൂട്ടായി വന്നപ്പോൾ അത് മനുഷ്യസംസ്കാരത്തിന്റെ പ്രതിഫലനമായി പ്രതിധ്വനിയായി. അതിൽ ജീവിതശൈലിയുടെ, വികാസത്തിന്റെ, കാലാവസ്ഥയുടെ, ആചാരാനുഷ്ഠാനങ്ങളുടെ ഒക്കെ അംശങ്ങൾ അനുസന്ധാനം ചെയ്യപ്പെട്ടിട്ടുള്ളത് കാണാം.

ഒരു കുട്ടിയെ, ആ നാടിന്റെ മുഖദർശനമായി കരുതുന്നതുപോലെതന്നെ സംഗീതത്തെ ഒരു നാടിന്റെ സാംസ്കാരിക സൗന്ദര്യത്തിന്റെ അളവുകോലായും കാണാവുന്നതാണ്. കാലത്തിന്റെ കൈയിൽ തൂങ്ങിക്കളിച്ചുവളർന്ന സംഗീതം, വേല ചെയ്യുന്നവന്റെയും വരേണ്യവർഗത്തിന്റെയും ഹൃദയാനന്ദമായി. സാങ്കേതികതയുടെ സർവ്വാഭരണങ്ങളുമണിഞ്ഞ അവൾ വരേണ്യവർഗത്തിന്റെ പൂമുഖങ്ങളിൽ വളർന്നു. നിസ്വരുടെ നിശ്വാസഗീതങ്ങളായും ജീവിച്ചു. എവിടെയും ഇതിന്റെ ധർമ്മം മനസ്സുകളെ അഭിരമിപ്പിക്കുക എന്നതുതന്നെയായിരുന്നു. സംഗീതം, അങ്ങനെ ഒരു പരമോന്നത കലയായി, സാർവലൗകിക വികാരമായി, മനുഷ്യ സംസ്കാരത്തിന്റെ മുഖമായി.

ഭൂമിശാസ്ത്രപരമായ കിടപ്പും ജനജീവിതശൈലിയും സംഗീതത്തിന് ഓരോ പ്രത്യേകതകൾ സംഭാവന ചെയ്തിട്ടുണ്ട്. എന്നാൽ സംഗീതത്തിന്റെ ആത്മാവ് എല്ലായിടത്തും ഒന്നുതന്നെ. ലോകത്തിലെ രണ്ടു മുഖ്യധാരകളെന്ന് ഗവേഷകരും ചരിത്രകാരമാരും വിശേഷിപ്പിക്കുന്ന പാശ്ചാത്യ ശാസ്ത്രീയസംഗീതത്തിലും ഇന്ത്യൻ ശാസ്ത്രീയ സംഗീതത്തിലും സംഗീതത്തിലെ അടിസ്ഥാന ശ്രുതിയായി ഷഡ്ജത്തെയും ആലാപനത്തിനും ശില്പത്തിനും ആധാരസ്വരമായി ഷഡ്ജപഞ്ചമങ്ങളെയുമാണ് സ്വീകരിച്ചിട്ടുള്ളത്. സംഗീതത്തിന്റെ സാർവലൗകിക സമാനതകളെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഇന്ത്യൻ സംഗീതത്തിന് പൊതുവിൽ സമാനമായ ചില തത്വങ്ങൾ ആണുള്ളതെങ്കിലും പ്രാദേശികമായ പ്രയോഗത്തിൽ അല്പം വ്യത്യാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. അതാതു പ്രദേശത്തിന്റെ സാംസ്കാരിക ഭാവങ്ങളുടെ പ്രതിഫലനമാണ് അവയിൽ കാണുന്നത്. ബംഗാളി സംഗീതത്തിൽ ആ സംഗീതം ജനിച്ചു വളർന്ന സാഹചര്യവും

X Std Malayalam Reader.indb 150 5/22/2019 9:49:22 AM

ആ നാടിന്റെ ശീതോഷ്ണാവസ്ഥയും ജനഹൃദയങ്ങളുടെ മിടിപ്പും കാണാം. ബാബുൾ സംഗീതം പോലെയുള്ള അനന്യദൃശ്യമായ നാടോടിഗാനങ്ങളും അതിന്റെ അഴക് വർധിപ്പിച്ചിട്ടുണ്ട്. രവീന്ദ്രനാഥ ടാഗോറും രബീന്ദ്രസംഗീതവും ആധുനിക ബംഗാളി സംഗീതത്തെ ധന്യമാക്കുന്നതിൽ മഹത്തായ സംഭാവനകളാണ് നല്കിയിട്ടുള്ളത്.

മുഖ്യധാരാസംഗീതശൈലിയിൽ സുപ്രധാനസ്ഥാനമുള്ള ഒന്നാണ് കർണാടകസംഗീതം എന്ന തെക്കേഇന്ത്യൻ സംഗീതം. കർണാടകം, കേരളം, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ നാടുകൾക്കായുള്ള സംഗീതമാണിത്. ഇവയെല്ലാം ചേർന്ന സംഗീതം ദക്ഷിണേന്ത്യൻ (South Indian Music) സംഗീതം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇതിനെ പൊതുവായി കർണാടക മ്യൂസിക് (Carnatic Music) എന്ന് വിളിക്കുന്നു. ഉത്തരേന്ത്യക്കാർ ഇതിനെ കർണാട്ടിക് മ്യൂസിക് എന്നും വിളിക്കുന്നു എന്തായാലും ദീർഘകാല പഴക്കമുള്ളതാണ് ഈ ദക്ഷിണേന്ത്യൻ സംഗീതം. 17, 18, 19 നൂറ്റാണ്ടുകാലഘട്ടത്തിൽ അതിന്റെ ബഹുമുഖ വളർച്ചയ്ക്ക് നമ്മുടെ സംഗീത ഗുരുക്കൻമാർ നൽകിയ സംഭാവന വിസ്മരിക്കാനാവില്ല. കർണാടകസംഗീതത്തിലെ തത്വദർശനങ്ങൾക്ക് ഇന്നും ആധാരം ഈ മഹാഗുരുക്കൻമാരുടെ സംഭാവനകൾ തന്നെയാണല്ലോ.

പേഴ്സ്യൻ സങ്കരമായ ഹിന്ദുസ്ഥാനിസംഗീതം നമ്മുടെ മറ്റൊരു സംഗീത സമ്പത്താണ്. ആലാപനസൗഖ്യം നൽകുന്ന ഗസലും എല്ലാംകൂടിചേർന്നു ഈ ഹിന്ദുസ്ഥാനി സംഗീതലോകം വേറിട്ടൊരുനുഭൂതി ഇന്ത്യൻ ജനതയ്ക്കു നൽകുന്നു. ഇവയെല്ലാം കൂടിച്ചേർന്ന ഒരു സംഗീത മഹാഖനിയാണ് നമുക്കുള്ളത്.

ഇന്ത്യൻ സംഗീതത്തിലെ സാഹിത്യത്തിലും തനതായ ഒരു നാട്ടുസംസ്കാരത്തിന്റെ പ്രതിഫലനമുണ്ട്. ബംഗാളി, ഹിന്ദി, ഉറുദു, തമിഴ്, തെലുങ്ക്, മലയാളം എന്നീ ഇന്ത്യൻ ഭാഷകളുടെ തനതുസൗന്ദര്യമാണ് ഈ സംഗീതം ഉൾക്കൊള്ളുന്നത്. പക്ഷേ വരേണ്യവർഗത്തിന്റെ ഭാഷയായ സംസ്കൃതത്തെ ഈശ്വരനുമായി സംവദിക്കാനുള്ള ഭാഷയായി കരുതിയിരുന്ന ഭക്തിപ്രസ്ഥാന കാലഘട്ടം ഈ സംഗീതത്തെ ഒരു ക്ലാസിക്കൽ വരേണ്യകലയിലേക്കാണ് നയിച്ചത്. ഗീതഗോവിന്ദത്തിലെയും



X Std Malayalam Reader.indb 151 5/22/2019 9:49:22 AM

ത്യാഗരാജാദിസംഗീത ഋഷിവര്യൻമാരുടെയും സ്വാതിതിരുനാളിന്റെയുമൊക്കെ സംഗീതരചനകളിലെയും സാഹിത്യം ഭക്തി - പ്രണയ വികാരങ്ങളുടെതാണല്ലോ.

ഈ ക്ലാസിക് ഭാഷാസൗന്ദര്യത്തെയും ആലാപനരീതിയിലെ ഗഹനതയെയും അനിതരസിദ്ധമായ സാങ്കേതികത്വത്തേയും നമുക്കു തള്ളിപ്പറയാനാവില്ല. അതിന്റേതായ അതുല്യ പ്രഭാവവും ശ്രേഷ്ഠതയും അതിൽ നിക്ഷിപ്തമാണ്. എന്നാൽ ഇതിന്റെയൊക്കെ അടിസ്ഥാന സൗന്ദര്യഘടകമായ നാടൻ രൂപത്തെ കവിത തുടങ്ങിയ മറ്റെല്ലാ മേഖലകളിലുമെന്നപോലെ നാം കാണേണ്ടതുണ്ട്.

ലോകമെങ്ങും കലകളിൽ നവീകരണപ്രവണത വളർന്നുവരുന്ന കാലഘട്ടമാണിത്. കാലാനുസൃതമാറ്റങ്ങൾ കഥകളിയിൽപ്പോലും സംഭവിച്ചു കൊണ്ടിരിക്കുന്നു.

ക്ലാസിക്കൽ സ്വഭാവത്തെ നമ്മുടെ നാടൻ സംഗീതഭാവങ്ങളുമായി സംക്രമിപ്പിച്ചു കൊണ്ടുള്ള ഒരു നൂതന സംഗീതസംസ്കാരത്തിനു വഴിയൊരുക്കുക എന്ന നിലയിലുള്ള ആധുനിക സംഗീതചിന്തകൾക്കു പ്രസക്തിയുള്ള ഒരു കാലഘട്ടമാണിത്.

സമൂഹത്തിലെ സമസ്ത മേഖലകളിലും സംഗീതത്തെ പ്രോത്സാഹിപ്പിക്കുക ജനങ്ങളുടെയിടയിൽ എത്തിക്കുക മാനവസൗഹൃദംവളർത്തുക, ലോകസമാധാനം പരിരക്ഷിക്കുക, സംഗീതത്തിലെ സാംസ്കാരികസൗന്ദര്യ മൂല്യങ്ങളെ പരസ്പരം അറിയുക തുടങ്ങിയവയാണ് ഒരു ലോകസംഗീതദിനത്തിൽ യുണെസ്കോ നൽകിയ സന്ദേശം. സംഗീതവും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ പ്രസക്തി ഇവിടെ കൂടുതൽ പ്രകടമാകുന്നു. സൗന്ദര്യസംശോഭിതമായ ഒരു മുഖ്യാധിഷ്ഠിത സംസ്കാരത്തിലേക്ക് ഇന്ത്യൻ ജനതയെ നയിക്കാൻ നമ്മുടെ സംഗീതത്തിന് സാധ്യമാവേണ്ടതാണ്.



X Std Malayalam Reader.indb 152 5/22/2019 9:49:22 AM

അഭ്യാസം

I. പദപരിചയം

സംവേദനം, ആശയവിനിമയോപാധി, ശബ്ദവിന്യാസം, ഗുരുസദൃശം,

നിദ്രാസൗകുമാര്യം, ഇതരജീവികൾ, വിക്ഷോഭം, അനുനയം, സ്ഫുരിക്കുക,

ഉതിർന്നുവീഴുക, പരിണാമം, പ്രാഗ്രൂപം, പ്രതിധ്വനി, മുഖദർശനം,

വരേണ്യവർഗ്ഗം, നിസ്വർ, അഭിരമിപ്പിക്കുക, ഖനി, ഗഹനത, നിക്ഷിപ്തം, നൂതനം.

II. വാക്യത്തിൽ പ്രയോഗിക്കുക

ആശയവിനിമയോപാധി

അകറ്റിയോടിക്കുക

അനുനയിപ്പിക്കുക

പ്രതിഫലിക്കുക.

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കുഞ്ഞിനെ മടിയിൽ കിടത്തി താലോലിക്കുമ്പോൾ ഉണ്ടായ അവ്യക്ത ശബ്ദത്തിന്റെ തുടർച്ചയെ പരിഷ്കൃതലോകം വിശേഷിപ്പിച്ചതെന്ത്.

   അ. താരാട്ട്

   ആ. സംഗീതം

   ഇ. ഗാനം

   ഈ. നൃത്തം

2. കാലം നമ്മുടെ കൈയിൽത്തന്നെ കഴിഞ്ഞകാല പാരമ്പര്യചൈതന്യമാണ്.

   അ. സംഗീതം

   ആ. സംസ്കാരം

   ഇ. ആചാരാനുഷ്ഠാനങ്ങൾ

   ഈ. വിശ്വാസം

X Std Malayalam Reader.indb 153 5/22/2019 9:49:22 AM

3. ആധുനിക ബംഗാളിസംഗീതത്തെ ധന്യമാക്കുന്നതിൽ പങ്കുവഹിച്ചത്?

അ. കർണാടകസംഗീതം

ആ. രബീന്ദ്രസംഗീതം

ഇ. ഹിന്ദുസ്ഥാനിസംഗീതം

ഈ. പാശ്ചാത്യസംഗീതം

IV. ഉത്തരമെഴുതുക

1 എപ്പോഴാണ് ശബ്ദം വികാരത്തെയും ആഹ്ലാദത്തെയും പ്രകാശിപ്പിക്കാനുള്ള ചിഹ്നമായി മാറിയത്?

2. താരാട്ടിന്റെ ഉദ്ഭവം എങ്ങനെയായിരുന്നു?

3. സംഗീതം മനുഷ്യസംസ്കാരത്തിന്റെ പ്രതിഫലനമായതെങ്ങനെ?

4. സംഗീതത്തിന്റെ സാർവ്വലൗകികസമാനതകളെ സൂചിപ്പിക്കുന്ന അടിസ്ഥാന ധർമ്മങ്ങളേവ?

5. കർണാട്ടിക് മ്യൂസിക് എന്ന് വിളിക്കുന്ന സംഗീതശാഖയെക്കുറിച്ചെഴുതുക?

6. ലോകസംഗീതദിനത്തിൽ യുണെസ്കോ നൽകിയ സന്ദേശമെന്ത്?

7. സംഗീതത്തെ ഒരു നാടിന്റെ സാംസ്കാരികസൗന്ദര്യത്തിന്റെ അളവുകോലായി കാണാവുന്നതാണെന്നു പറയാൻ കാരണമെന്ത്?

8. വിവിധതരം സംഗീത ശൈലികളെക്കുറിച്ചെഴുതുക?

X Std Malayalam Reader.indb 154 5/22/2019 9:49:22 AM

ഉപപാഠം

ആടുജീവിതം

-ബെന്യാമിൻ



ബെന്യാമിൻ: പത്തനംതിട്ട ജില്ലയിലെ കുളനടയിൽ ജനിച്ചു. ചെറുകഥാകൃത്തും നോവലിസ്റ്റുമാണ്. ആടുജീവിതം, പ്രവാചകന്മാരുടെ രണ്ടാംപുസ്തകം, മുല്ലപ്പൂനിറമുള്ളപകലുകൾ, മരീചിക എന്നിവ ശ്രദ്ധേയങ്ങളായ കൃതികളാണ്. കേരള സാഹിത്യഅക്കാദമി അവാർഡ്, പദ്മപ്രഭാപുരസ്കാരം, കെ. എ. കൊടുങ്ങല്ലൂർ കഥാപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ഗൾഫിൽ പ്രവാസജീവിതം നയിക്കുന്ന മലയാളിയുടെ നരകതുല്യമായ ജീവിതാവസ്ഥ പ്രമേയമാക്കിയെഴുതിയ നോവലായ ആടുജീവിതത്തിന്റെ അവസാന ഭാഗമാണിത്.

ഓരോരോ മുഖങ്ങളിലൂടെയും സഞ്ചരിച്ചു സഞ്ചരിച്ച് അർബാബ് മുന്നോട്ടു നടന്നു വരികയാണ്! അയാൾ ഓരോ ചുവടു മുന്നോട്ടു വയ്ക്കുമ്പോഴും എന്റെ നെഞ്ച് അത്യുച്ചത്തിൽ മിടിച്ചു. മസറയിലേക്ക് ഇനി ഒരു തിരിച്ചുപോക്ക് സങ്കല്പിക്കുവാൻ എനിക്കാവില്ലായിരുന്നു. അള്ളാ ഇനിയും..? വയ്യ. എന്നോടു കരുണ കാട്ടണേ... എന്റെ മനസ്സ് നീറിക്കരഞ്ഞു. എന്നാൽ ഹമീദിനെപ്പോലെ നിലവിളിക്കുവാൻ എനിക്കു തോന്നിയില്ല. ഞാൻ എന്റെ ധൈര്യത്തിൽ പിടിച്ചു നിന്നു. ഒരു യുഗം നീണ്ട നില്പായിരുന്നു അതെന്ന് എനിക്കിപ്പോൾ തോന്നുന്നു. അവസാനം അർബാബ് എന്റെ മുന്നിലെത്തി നിന്നു. എന്നെ തുറിച്ചു നോക്കി. അയാളുടെ കണ്ണിൽ ഒരു മരുഭൂമി അലയടിക്കുന്നതു ഞാൻ കണ്ടു. അതിന്റെ ഭീകരത എന്നെ ഭയപ്പെടുത്തി. എന്നാൽ ഞാൻ കുലുങ്ങിയില്ല. ഞാൻ ഒരു പരിചിതഭാവവും കാട്ടിയില്ല. എന്റെ മുഖത്ത് ഒരു പരിഭ്രമവും പിടഞ്ഞില്ല. എന്നെ പുറത്തേക്കു വലിച്ചിഴയ്ക്കുന്ന നിമിഷം പ്രതീക്ഷിച്ചു ഞാൻ കാത്തു നിന്നു. എന്നാൽ കുറേ നേരം എന്റെ മുഖത്തേക്കു നോക്കി നിന്നശേഷം അർബാബ് എന്റെ തോളിൽ ഒന്നു തട്ടി. പിന്നെ എന്നെ അറിയാത്തതുപോലെ അടുത്ത ആളിലേക്കു നടന്നു നീങ്ങി. എന്നെ പിടികൂടാനായി വന്ന അർബാബിന് പെട്ടെന്ന് അങ്ങനെയൊരു മനം മാറ്റം ഉണ്ടായതിനു പിന്നിൽ ഒരു കാരണവും ഞാൻ കാണുന്നില്ല. അദ്ഭുതം. മഹാദ്ഭുതം. അല്ലാതെ മറ്റെന്താണത്..?

എന്നാൽ എന്റെ മനസ്സിൽ സംശയത്തിന്റെ ഒന്നുരണ്ടു വലിയ കനലുകൾ കോരിയിട്ടിട്ടാണ് അന്ന് അർബാബ് മടങ്ങിയത്.

അന്നത്തെ അറബിപ്പരേഡു കഴിഞ്ഞ് എനിക്കു പരിചയമുള്ള ഒരു പോലീസുകാരനോട് സംസാരിക്കുമ്പോൾ ആ വന്നത് എന്റെ അർബാബായിരുന്നു

X Std Malayalam Reader.indb 155 5/22/2019 9:49:23 AM



എന്നും അദ്ദേഹം എന്നെ പിടികൂടാതെ പോയത് അള്ളാഹുവിന്റെ കൃപ ഒന്നുകൊണ്ടുമാത്രമാണെന്നും ഞാൻ പറഞ്ഞു. എന്നാൽ അതിനു പോലീസുകാരൻ പറഞ്ഞ മറുപടി 'അവനെന്റെ വിസക്കാരനല്ലാതെ പോയി. അല്ലെങ്കിൽ ഞാനവനെ മസറ വരെ വലിച്ചിഴയ്ക്കുമായിരുന്നു' എന്നു പറഞ്ഞിട്ടാണല്ലോ അയാൾ പോയത് എന്നായിരുന്നു. എനിക്കതിശയം തോന്നി. ഒന്നുകിൽ പിടികൂടാൻ വന്ന ആളിനെ കണ്ടിട്ടും പിടിക്കാതെ പോകുന്നതിന്റെ ജാള്യം മറയ്ക്കാൻ അർബാബ് അന്നേരം ഒരു കള്ളം പറഞ്ഞു. അല്ലെങ്കിൽ അർബാബ് പൊള്ളുന്ന ഒരു സത്യം വെളിപ്പെടുത്തി. എങ്കിൽ...

ഞാൻ അയാളുടെ വിസക്കാരനായിരുന്നില്ലേ..? മറ്റാരുടെയോ വിസയിൽ വന്ന എന്നെ അയാളന്ന് എയർപോർട്ടിൽനിന്നു ശരിക്കും തട്ടിക്കൊണ്ടുപോകുകയായിരുന്നോ..?!! എങ്കിൽ അള്ളാ.. മറ്റാരുടേയോ വിധിയിലേക്കു നീ എന്നെ മനഃപൂർവ്വം പറഞ്ഞയയ്ക്കുകയായിരുന്നോ..?!!

അതിനെ സാധൂകരിക്കുന്ന തരത്തിൽ പിന്നെ കരുവാറ്റക്കാരൻ അളിയൻ ആണയിട്ടു പറഞ്ഞിട്ടുണ്ട്. ഞാനൊരിക്കലും ആടുമേയ്ക്കാനുള്ള വിസയല്ല അയച്ചു തന്നത്. അതൊരു കൺസ്ട്രക്ഷൻ കമ്പനിയിലെ ഹെൽപ്പറുടെ വിസയായിരുന്നു എന്ന്. ആർക്കറിയാം ആരു പറയുന്നതാണ് ശരിയെന്ന്. ആരു ചെയ്തതാണ് ശരിയെന്ന്. അതിനെപ്പറ്റി കൂടുതൽ ചിന്തിച്ചു. തല പുണ്ണാക്കാൻ ഞാൻ മെനക്കെടുന്നില്ല. ആ ജീവിതത്തിലേക്കു നടന്നു പോകേണ്ടത് എന്റെ വിധിയായിരുന്നു. ഞാനതിനെ

X Std Malayalam Reader.indb 156 5/22/2019 9:49:24 AM

മറികടന്നുപോന്നു. അത്രയുമേ ഞാൻ വിചാരിക്കുന്നുള്ളൂ. അതിനപ്പുറം എന്തെങ്കിലും ഇനി ചിന്തിച്ചാൽ സത്യമായും എനിക്കു ഭ്രാന്തുപിടിക്കും.

മൂന്നാഴ്ചകൾകൂടി പിന്നെയും കഴിഞ്ഞു. എന്തെങ്കിലും കള്ളപേപ്പറുമായി അർബാബ് എന്നെ വീണ്ടും തേടിവരുമോ എന്ന പേടിയിലാണ് ഞാൻ അത്രയും ദിവസവും കഴിച്ചുകൂട്ടിയത്. എന്നാൽ അർബാബ് പിന്നെ വന്നില്ല. മറ്റാരെയെങ്കിലും അയാൾക്കു ലഭിച്ചുകാണണം. അള്ളാഹുവിന്റെ സ്നേഹം ആ നിസ്സഹായ നൊപ്പമിരിക്കട്ടെ.

പതിവുപോലെ ഒരു അറബിപ്പരേഡിന്റെ പിറ്റേന്ന് എംബസി ജീവനക്കാർ വന്നു. ഞങ്ങളെല്ലാവരും വരിയായി നിരന്നു. അവർ ഓരോരുത്തരുടേയും പേരുകൾ വിളിച്ചു. ഞാൻ ഒരു പ്രതീക്ഷയുമില്ലാതെ അലസമായി നില്ക്കുകയായിരുന്നു. പെട്ടെന്ന് എന്റെ പേരു കേട്ടതുപോലെ ഒരു തോന്നൽ. ഒരു നിമിഷം ഞാൻ ശങ്കിച്ചു. എന്നെയാണോ വിളിച്ചത്..? എനിക്കു തോന്നിയതായിരിക്കുമോ..? അതെന്റെ പേരുതന്നെയാണോ..? എന്നാൽ അവർ വീണ്ടും വിളിച്ചു. നജീബ് മുഹമ്മദ്. അപ്പോൾ ഞാൻ വ്യക്തമായും കേട്ടു. അതെന്റെ പേരുതന്നെ. വിങ്ങുന്ന ഹൃദയത്തോടെ ഞാൻ മുന്നോട്ടു കടന്നു നിന്നു. അതു കേട്ട് എന്റെ കൂടെയുണ്ടായിരുന്നവരിൽനിന്ന് ഒരു ആഹ്ലാദത്തിന്റെ ശബ്ദമുയർന്നു. ജയിൽവാസത്തിന്റെ കാര്യത്തിൽ അക്കൂട്ടത്തിൽ ഏറ്റവും 'സീനിയോറിറ്റി' എനിക്കായിരുന്നു.

അന്നു ഞങ്ങൾ എൺപതുപേർക്കാണ് ഇന്ത്യയിലേക്ക് 'ഫ്രീ ഔട്ട് പാസ്' ലഭിച്ചത്. അനധികൃത താമസക്കാരെ സർക്കാർ ചെലവിൽ സ്വദേശങ്ങളിലേക്കു കയറ്റി വിടുന്ന ഒരു പദ്ധതിയുടെ ഭാഗമായിരുന്നു അത്. അതുകൊണ്ട് എനിക്കുവേണ്ടി ടിക്കറ്റെടുക്കേണ്ട ബുദ്ധിമുട്ട് കുഞ്ഞിക്കായ്ക്ക് ഉണ്ടായില്ല. വേണമായിരുന്നെങ്കിൽ അതും അദ്ദേഹം ചെയ്യുമായിരുന്നു എന്ന് എനിക്കുറപ്പുണ്ട്. അതായിരുന്നു കുഞ്ഞിക്ക.

എംബസിക്കാർ വിടുതൽ പേപ്പർ ശരിയാക്കുന്നതിനിടയിൽ കിട്ടിയ ഇത്തിരിനേരത്തു ഞാൻ കൂടെ ഉണ്ടായിരുന്ന എല്ലാവരോടും യാത്രപറഞ്ഞു. എല്ലാവരേയും സമാധാനിപ്പിച്ചു. പോലീസുകാരെ കണ്ടു. അവരോടും യാത്ര പറഞ്ഞു.

വാർഡന്റെ മുറിയിൽ വച്ച് ഞങ്ങളെക്കൊണ്ട് എന്തൊക്കെയോ പേപ്പറുകളിൽ ഒപ്പിടുവിച്ചു. പിന്നെ ഞങ്ങളുടെ കയ്യിൽ വിലങ്ങണിയിച്ചു. പിന്നെ ഒരു മൂലയ്ക്കു കൊണ്ടുപോയി നിരത്തി നിർത്തി. ഉച്ചയോടെ ഒരു ബസ്സ് വന്നു. ആ ബസ്സു നേരെ പോയത് എയർപോർട്ടിലേക്കായിരുന്നു. അതും പ്രത്യേക വാതിലിലൂടെ നേരെ ഉള്ളിലേക്ക്. അതുകൊണ്ടു കുഞ്ഞിക്കായെ ഒന്നു വിളിച്ചു പറയാൻ പോലും എനിക്കു സാധിച്ചില്ല. ആരെങ്കിലും പറഞ്ഞ് അറിഞ്ഞുകാണണം. എന്നാലും നേരിട്ട് ഒരു നന്ദിവാക്കു പറയാൻ കഴിയാതെ പോയതിന്റെ ദുഃഖം എനിക്കിപ്പോഴുമുണ്ട്. ലോകത്തിന്റെ ഏതെങ്കിലും കോണിലിരുന്ന് അദ്ദേഹം ഇതു വായിക്കുകയാണെങ്കിൽ ആ അപരാധത്തിന് അങ്ങ് എന്നോടു പൊറുക്കുമെന്നു ഞാൻ ആശിക്കട്ടെ.

രാത്രിയോടെ വിമാനമെത്തി. എംബസി ജീവനക്കാർ ബോർഡിംഗ് പാസ് വിതരണം ചെയ്തു. ഞങ്ങളെ കൂട്ടത്തോടെ വിമാനത്തിലേക്കു നടത്തി. വിലങ്ങണിഞ്ഞ എൺപത് ആടുകളെ ഒരു മസറയിലേക്ക് ആട്ടിത്തെളിച്ചു കയറ്റുന്നതായിട്ടാണ് എനിക്കപ്പോൾ തോന്നിയത്. അതിൽ ഒരാട് ഞാനായിരുന്നു! ആടുജീവിതം!!

X Std Malayalam Reader.indb 157 5/22/2019 9:49:24 AM

അനുബന്ധം

വ്യാകരണം	:	നാമം, ക്രിയ, ലിംഗം, വചനം, വിഭക്തി, സന്ധി, സമാസം പ്രയോഗം, കാലം
അലങ്കാരം	:	ഉപമ, ഉൽപ്രേക്ഷ, രൂപകം, ദീപകം, ഉല്ലേഖം, കാവ്യലിംഗം
വൃത്തം	:	കാകളി, മഞ്ജരി, കേക, കളകാഞ്ചി, തരംഗിണി, വസന്തതിലകം
രചന	:	ഉപന്യാസം, കത്ത്, ആശയവിപുലനം, നിവേദനം, ആസ്വാദനക്കുറിപ്പ്

X Std Malayalam Reader.indb 158 5/22/2019 9:49:24 AM

Malayalam – Class X
List of Authors and Reviewer

Academic Advisor

Dr. P. KUMAR
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

Reviewer

Dr. SUHASINI AMBALI CHOLAYIL
P.G. Asst. in Malayalam
Kerala Vidyalayam H.S.S
Chennai

Authors

K.VIJAYA KUMAR
P.G. Asst. in Malayalam
P.P.M.H.S.S. Anducode
Kanya kumari District

Dr. K.J. AJAYA KUMAR
Malayalam Teacher,
Kerala Vidyalayam H.S.S.
Chennai

M.R SHAJI
P.G. Asst. in Malayalam
St. Thomas H.S.S,
K.K.Pudur
Coimbatore

C. RAVI KUMARAN
B.T. Asst. in Malayalam,
G.H.S.S. Sreemadhurai
Nilgiri Dist

Art and Design Team

Typing

A.Sajina, Chennai

Layout

M.Asker Ali, Chennai

Co-ordinators

Ramesh Munuswamy

Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

This book has been printed on 80 G.S.M. Elegant Maplitho paper.

Printed by offset at:

X Std Malayalam Reader.indb 159 5/22/2019 9:49:24 AM

NOTES

X Std Malayalam Reader.indb 160 5/22/2019 9:49:24 AM